١٤٢٢

جلَّ وَغابَ إلى جنَّةِ النَّعيمِ

മർഹൂം കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ

കാലത്തിന്റെ കണ്ണാടി

Scanned with CamScanner

കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ
(1922–2001)

കാലത്തിന്റെ കണ്ണാടി

പ്രസാധനം
തഖ്‌വിയതുസ്സുന്ന സംഘം, കുറ്റിപ്പുറം

Malayalam
KUTTIPPURAM ABDULLA MUSLIYAR
KALATHINTE KANNADI

Editor:
ZAINUDHEEN SHAMIL IRFANI MANOOR

Published by:
THAQVIYATHUSSUNNA SAMGHAM
KUTTIPPURAM, KUTTIPPURAM (P.O)
MALAPPURAM (Dt), 679571

Layout:
A. ASHIK THIRINJAKKODE

Cover
ASP KOOFA

Printed at:
HOPUZ PRINTERS

First Edition:
2003

second Edition:
2018 MARCH

Copyright Reserved to the Publishers

അകത്തളം

പ്രസാധകക്കുറിപ്പ്

യു.ടി.എ ജലീൽ ബാഖവി വളാഞ്ചേരി 7

മുഖവുര

സൈനുദ്ദീൻ ശാമിൽ ഇർഫാനി മാണൂർ 8

ആശീർവ്വാദം

സയ്യിദ് അബ്ദുറഹ്മാൻ അൽബുഖാരി ഉള്ളാൾ 11

കാലവും ചരിത്രവും

യഹ്‌യ ബാഖവി എടയൂർ 15

സമ്പർക്കവും സമീപനവും

ഒ.കെ. സൈനുദ്ദീൻ കുട്ടി മുസ്‌ലിയാർ 55

കാന്തപുരം എ.പി. അബൂബക്കർ മുസ്‌ലിയാർ 57

സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ 64

ഇ. സുലൈമാൻ മുസ്‌ലിയാർ 66

എം.എ. അബ്ദുൽ ഖാദിർ മുസ്‌ലിയാർ 68

വൈലത്തൂർ ബാവ മുസ്‌ലിയാർ 70

നെല്ലിക്കുത്ത് ഇസ്മാഈൽ മുസ്‌ലിയാർ 72

സയ്യിദ് ഇബ്റാഹീം ഖലീലുൽ ബുഖാരി 75

പൊന്മള അബ്ദുൽ ഖാദിർ മുസ്‌ലിയാർ 78

പേരോട് അബ്ദുറഹ്മാൻ സഖാഫി 84

കമാലുദ്ദീൻ ഹസ്‌റത്ത് ബാഖിയാത്ത് 90
ഡോ.ഹുസൈൻ രണ്ടത്താണി 92
ബാവ മുസ്‌ലിയാർ കാസർഗോഡ് 95
അബ്ദുല്ല ഹാജി കവ്വായി 97
നെല്ലിക്കുത്ത് മുഹമ്മദലി മുസ്‌ലിയാർ 99
കുഞ്ഞി മുഹമ്മദ് മുസ്‌ലിയാർ പൂക്കയിൽ 101
കെ.എം.എം റഹീം 104
കെ ഹംസ ഹാജി കവ്വായി 106
ആനക്കര മുഹമ്മദ് കുട്ടി മുസ്‌ലിയാർ 108
പി മുഹമ്മദ് മുസ്‌ലിയാർ വൈ എം നഗർ 110
ഇമ്പിച്ചിക്കോയ തങ്ങൾ കടലുണ്ടി നഗരം 112
എം. ആലികുഞ്ഞി മുസ്‌ലിയാർ ഷിറിയ 114
പി.പി.എം കബീർ മുസ്‌ലിയാർ കുറ്റിപ്പുറം 117
പി.എസ്.കെ മൊയ്തു ബാഖവി 122
കെ.കെ മുഹമ്മദ് മുസ്‌ലിയാർ 124
എം. അബൂബക്കർ മുസ്‌ലിയാർ വിളത്തൂർ 127
ഒ.കെ. ബാപ്പു മുസ്‌ലിയാർ 129
കെ.പി. അലി മുസ്‌ലിയാർ വളപുരം 132
ആനക്കര കോയക്കുട്ടി മുസ്‌ലിയാർ 135
കൈത്തക്കര അഹമ്മദുണ്ണി മുസ്‌ലിയാർ 137
ബാപ്പു മുസ്‌ലിയാർ പാനായിക്കുളം 139
താനാളൂർ അബ്ദു മുസ്‌ലിയാർ 141
പി.എസ്.കെ ദാരിമി 142
ബാവാ ഗുരിക്കൾ 145
പാലക്കൽ മുഹമ്മദ് മുല്ല 147
പൂക്കാട്ടീരി ഹസൻ മുസ്‌ലിയാർ 150
അലവി സഖാഫി കൊളത്തൂർ 152

നിലാവും നിഴലും

മാളിയേക്കൽ സുലൈമാൻ സഖാഫി 159
പി.പി.എ കുട്ടി ദാരിമി 162
മരക്കാർ ഫൈസി നിറമരതൂർ 165
കെ.കെ അബൂബക്കർ മുസ്‌ലിയാർ താഴക്കോട് 167
പൊന്നാനി കെ.സി മുഹമ്മദ് കുട്ടി 169
ബാവ ഹാജി മംഗലാപുരം 172
ഉഞ്ഞു ഹാജി മംഗലാപുരം 177
അബ്ദുൽ അസീസ് ഹാജി മംഗലാപുരം 178
ഡോ.അബൂസ്വാലിഹ് പയ്യന്നൂർ 179
കുഞ്ഞാലൻ കുട്ടി ഹാജി പരപ്പനങ്ങാടി 181
സൈദു മുഹമ്മദ് കോയ മുസ്‌ലിയാർ അമീനി ദ്വീപ് 183
അബൂമുഫീദ ബാഖവി 184
ഡോ.തോമസ് മാത്യൂ 186
ഡോ.മുജീബുറഹ്മാൻ 189
പാലക്കൽ മുഹമ്മദ് മൊല്ല 191

വഴിയും വിളക്കും

കെ.എസ്. മുഹമ്മദ് മുസ്‌ലിയാർ 197
പടിക്കൽ കെ.വി. അബ്ദുറഹ്മാൻ മുസ്‌ലിയാർ 199
കക്കിടിപ്പുറം മുഹമ്മദ് മുസ്‌ലിയാർ 205
കുഞ്ഞി മുഹമ്മദ് മുസ്‌ലിയാർ നിറമരതൂർ 208
ഓമച്ചപ്പുഴ ഹൈദ്രോസ് ഹാജി 210
ആലിക്കുട്ടി കാളാച്ചാൽ 212
അബുൽ ഫള്ൽ മുസ്‌ലിയാർ മൊഗ്രാൽ 214
കോക്കിലാൻ മുഹമ്മദ് ഹാജി പരതക്കാട് 217
നൈനാൻ മുഹമ്മദ് മുസ്‌ലിയാർ 219
എം.അബ്ദുറഹ്മാൻ മുസ്‌ലിയാർ കക്കിടിപ്പുറം 221

മൊയ്തീൻ കുട്ടി ഫൈസി കൊപ്പം 224

തണലും തുണയും

റശീദ് ബാഖവി കുറ്റിപ്പുറം 229
അബ്ദുൽ വഹ്ഹാബ് ബാഖവി കുറ്റിപ്പുറം 237
അബ്ദുൽ വാസിഅ് ബാഖവി കുറ്റിപ്പുറം 242
കുഞ്ഞാലൻകുട്ടി മുസ്‌ലിയാർ കാട്ടിപ്പരത്തി 250
മുഹമ്മദ്കുട്ടി ബാഖവി ചേകനൂർ 252
കെ. അബ്ദുസ്വമദ് മുസ്‌ലിയാർ വെളിമുക്ക് 254
മുഹമ്മദ് അബ്ദുല്ല അൻവർ ബാഖവി 257
നൂർ ഫൈസൽ 260
അബ്ദുന്നൂർ ബാഖവി അസ്ഹരി കുറ്റിപ്പുറം 262

ഓർമക്കുറിപ്പ്

കുറ്റിപ്പുറത്തിന്റെ സ്വന്തം ഉസ്താദ് 265

വാമൊഴിയും വരമൊഴിയും

കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ 273

അവസാനപുറം

ഹസൈനാർ സഖാഫി കിഴക്കേമല 287

പ്രസാധകക്കുറിപ്പ്

മഹനീയ ജീവിതം കൊണ്ടും ആദർശ നിഷ്ഠ കൊണ്ടും സമൂഹത്തിൽ വ്യക്തി മുദ്ര പതിപ്പിച്ച മഹാ പണ്ഡിതനായിരുന്നു കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ. അറിവും കർമവും ഒരു പോലെ ജീവിതത്തിൽ പ്രതിഫലിച്ച അത്യപൂർവ്വം പണ്ഡിതരിലൊരാൾ കൂടിയാണ് അദ്ദേഹം. അറിവിന്റെ അനശ്വര വഴികൾ തീർത്ത് വരും തലമുറക്ക് അനുധാവനത്തിന്റെ അനവധി വാതായനങ്ങൾ തുറന്നിട്ടാണ് മഹാനവർകൾ യാത്രയായത്. ആ വിശുദ്ധ ജീവിതത്തിന്റെ അകക്കാമ്പു തുറക്കുന്ന 'കാലത്തിന്റെ കണ്ണാടി' യുടെ പരിഷ്കരിച്ച പതിപ്പാണ് അനുവാചക കരങ്ങളിലുള്ളത്. പുസ്തകത്തിന്റെ ഒന്നാം പതിപ്പിനു കിട്ടിയ സ്വീകാര്യത തന്നെയാണ് ഈ പതിപ്പിനുള്ള ഞങ്ങളുടെ പ്രേരണയും. പാരത്രിക പണ്ഡിതരെ ഇഷ്ടപ്പെടുന്നവർ മുഴുവൻ അനിവാര്യമായി വായിച്ചിരിക്കേണ്ട ഒരു കൃതി തന്നെയാണിത്. വിശ്വാസികൾ ഇരുകരവും നീട്ടി ഇതിനെയും സ്വീകരിക്കുമെന്ന വിശ്വാസത്തോടെ,

യു.ടി.എ ജലീൽ ബാഖവി വളാഞ്ചേരി
(ജനറൽ സെക്രട്ടറി, തഖ്‌വിയതുസ്സുന്ന സംഘം)

മുഖവുര

മത പണ്ഡിതർ മതത്തിന്റെ സൂക്ഷിപ്പുകാരാണ്. മറ്റേതു വിഭാഗത്തിന്റെ സുരക്ഷയേക്കാൾ മതത്തിനു സുരക്ഷ ലഭിക്കുന്നത് പണ്ഡിതരിലൂടെത്തന്നെയാണ്. മതപണ്ഡിതരെ ഇമാം ഗസ്സാലി(റ) രണ്ടായി വിഭജിച്ചിട്ടുണ്ട്. ഐഹിക പണ്ഡിതരും പാരത്രിക പണ്ഡിതരും. അറിവ് രണ്ട് തരത്തിലുണ്ടെന്നാണ് മഹാനവർകൾ പറയുന്നത്. ഒന്ന്, ചുണ്ടുകളിൽ മാത്രം തത്തിക്കളിക്കുന്നത്. രണ്ട്, മനസ്സിൽ വേരൂന്നിയത്. ഹതഭാഗ്യനായ പണ്ഡിതന്റെ ജ്ഞാനം അവന്റെ ചുണ്ടുകളിൽ മാത്രമായിരിക്കും. സൗഭാഗ്യവാനായ പണ്ഡിതന്റെ ജ്ഞാനം ഹൃദയത്തിലും.

പാണ്ഡിത്യത്തെ ഭൗതിക നേട്ടങ്ങൾക്കും സ്ഥാനമാനങ്ങൾക്കും വേണ്ടി ഉപയോഗിക്കുന്ന ദുഷിച്ച പണ്ഡിതരെ വേദം ചുമക്കുന്ന കഴുതകളോട് ഖുർആൻ ഉപമിക്കുമ്പോൾ ജനങ്ങളെ സേവിക്കുന്ന പണ്ഡിതർക്കു വേണ്ടി ആകാശത്തിലെ പറവകളും സമുദ്രത്തിലെ മത്സ്യങ്ങളും ഭൂമിയിലെ ജീവജാലങ്ങളും അല്ലാഹുവിന്റെ മാലാഖമാരും പ്രാർത്ഥിക്കുമെന്നാണ് മതം പറയുന്നത്. നിസ്വാർത്ഥ സേവനം ചെയ്യുന്നവർ അല്ലാഹുവിന്റെ അനുഗ്രഹത്തിനു വിധേയരാവുകയും ഭാഗ്യവാന്മാരുടെ കൂട്ടത്തിൽ ഉൾപ്പെടുകയും ചെയ്യുന്നു.

പാരത്രിക പണ്ഡിതർ ഇലാഹീ പ്രീതിക്കു വേണ്ടി മാത്രം ജീവിക്കുന്നവരാണ്. അതുകൊണ്ടു തന്നെ അവരുടെ ജീവിതം സമ്പൂർണ്ണമായും സംശുദ്ധമായിരിക്കും. ആ ജീവിതത്തിൽ കാപട്യങ്ങൾ പ്രകടമാവില്ല. വാക്കും

പ്രവർത്തിയും തമ്മിൽ അന്തരമുണ്ടാകില്ല. ജ്ഞാനം കൂടുന്തോറും വ്യക്തിജീവിതം വിനയാന്വിതമായിത്തീരുകയും ചെയ്യും. ഇലാഹീ ഭയം, സദ്സ്വഭാവം, ഐഹിക വിരക്തി എന്നിവയായിരിക്കും അവരുടെ മുഖമുദ്ര. അവരുടെ ജീവിതം മുഴുവൻ മറ്റുള്ളവർക്ക് തുറന്ന പുസ്തകമായിരിക്കും. പരലോക ചിന്തയെ ഊതിക്കാച്ചുന്ന ഗ്രന്ഥങ്ങൾ നിരന്തരം പാരായണം ചെയ്യുകയും പാരത്രിക മോക്ഷത്തിനുള്ള മാർഗങ്ങൾ ജനങ്ങളെ ഉപദേശിച്ചു കൊണ്ടിരിക്കുകയും ചെയ്യും. സുഖലോലുപതയിലോ ആഡംബരങ്ങളിലോ അവർ അഭിരമിക്കില്ല. ഭക്ഷണം, വസ്ത്രം, പാർപ്പിടം മുതലായവയിലെല്ലാം മിതത്വം പുലർത്തുകയും ഉള്ളതു കൊണ്ട് തൃപ്തിപ്പെടുകയും ചെയ്യും. അല്ലാഹുവിലുള്ള അചഞ്ചല വിശ്വാസം മൂലം ദൃഢമായ ജ്ഞാനം കരഗതമാക്കുകയും അവയിൽ മായം കലർത്താതെ പ്രചാരണം നടത്തുകയും ചെയ്യും. അവർ മാത്രമാണ് പ്രവാചകന്മാരുടെ അനന്തരവന്മാർ.

പാരത്രിക പണ്ഡിതരെക്കുറിച്ച് മതം പരിചയപ്പെടുത്തിയ സർവ്വ ഗുണങ്ങളുമൊത്തിണങ്ങിയ പണ്ഡിത പ്രതിഭയായിരുന്നു ശൈഖുനാ കുറ്റിപ്പുറം അബ്ദുല്ല മുസ്ലിയാർ. വിജ്ഞാനം കൊണ്ടു ബുദ്ധിയെയും ബുദ്ധി കൊണ്ടു വിജ്ഞാനത്തേയും അനുഗമിച്ച് അദ്ദേഹം ജീവിച്ചു. സമയം പാഴാക്കാതെ ശ്രേഷ്ഠകർമങ്ങളിൽ താൽപര്യം കാണിച്ചു. ആദരിക്കപ്പെടുമ്പോഴും അഹങ്കരിക്കാതെ മനസ്സിനെ പിടിച്ചു നിർത്തി. നന്മ തിന്മകളെ വേർതിരിച്ച് സത്യപാതയിലേക്ക് സമൂഹത്തെ കൈ പിടിച്ചുയർത്തി. സമ്പാദിച്ച അറിവിലൂടെ പാരത്രിക മോക്ഷത്തിനായി പ്രവർത്തിച്ചു. താനും അല്ലാഹുവിന്റെ നിരീക്ഷണത്തിനു പുറത്തല്ലെന്ന വിചാരം സദാ വെച്ചു പുലർത്തി. പൂർവ്വികർ സംരക്ഷിച്ചതു പോലെ വിജ്ഞാനത്തെ സംരക്ഷിച്ചു. പണ്ഡിതർക്കുണ്ടാവേണ്ട ഐഹിക വിരക്തിയിൽ ഉന്നത സ്ഥാനം കൈവരിച്ചു. ഇസ്ലാമിക ചിഹ്നങ്ങളെ സൂക്ഷിച്ച് ജീവിച്ചു. മത കാര്യങ്ങൾ നടപ്പാക്കുന്നതിൽ ആക്ഷേപം ഭയപ്പെട്ടില്ല. സത്യം ആരുടെ മുന്നിലും തുറന്നു പറഞ്ഞു. രോഗിയുടെ രോഗം നിർണ്ണയിച്ചു ചികിത്സ നൽകേ

ണ്ട ഉത്തരവാദിത്വം വൈദ്യന്റേതായതു പോലെ പൊതു സമൂഹത്തെ ധാർമികമായി ചികിത്സിക്കേണ്ട ഉത്തരവാദിത്വം പണ്ഡിതന്റേതാണെന്നു തിരിച്ചറിയുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തു. സമൂഹത്തിലനുഭവപ്പെടുന്ന ഓരോ മിടിപ്പും സസൂക്ഷ്മം നിരീക്ഷിക്കുകയും തുറന്ന മനസ്സുമായി ആവശ്യമായ സമയങ്ങളിൽ ക്രിയാത്മക ഇടപെടലുകൾ നടത്തുകയും ചെയ്തു. മുഴുവൻ സമയവും ദീനി വിജ്ഞാനത്തിനു വേണ്ടിയും പ്രസംഗം, എഴുത്ത്, അധ്യാപനം തുടങ്ങിയ എല്ലാ കഴിവുകളും ഇലാഹീ പ്രീതിക്കു വേണ്ടി മാത്രവുമായി വിനിയോഗിക്കുകയും ചെയ്തു.

പൊതു സമൂഹത്തിന് അവരുടെ ജീവിതത്തെ സൗന്ദര്യാത്മകമാക്കാൻ തുറന്നു പിടിച്ച ദർപ്പണമായിത്തന്നെയാണ് കുറ്റിപ്പുറം അബ്ദുല്ല മുസ്ലിയാർ വർത്തിച്ചത്. അറിവ് അധരങ്ങളിൽ മാത്രം തത്തിക്കളിക്കുന്നവരുടെ ജീവിതമൊരിക്കലും തെളിഞ്ഞ ദർപ്പണമാവില്ലല്ലോ. ജീവിതത്തിന്റെ നിഖില മേഖലകളിലും മുഖം മിനുക്കാനുള്ള അവസരമായി ആബാല വൃദ്ധം ജനങ്ങളും ബഹുമാന പുരസ്സരം കണ്ട ഒരു മഹാമനീഷിയുടെ ധന്യ ജീവിതത്തെ വരമൊഴിയാക്കാനുള്ള എളിയ ശ്രമമാണിത്. ഈ വിനീതൻ മത പഠനത്തിന്റെ മധു നുണയുന്നതിനു മുമ്പ് തന്നെ ശൈഖുന വഫാത്തായതു കൊണ്ട് അവരുമായി നേരിട്ടു ബന്ധം പുലർത്താൻ കഴിഞ്ഞിട്ടില്ല. എങ്കിലും അനുഭവസ്ഥരും ശിഷ്യന്മാരും സ്നേഹ ജനങ്ങളും ബന്ധുമിത്രാദികളും ചേർന്നൊരുക്കിയ ഈ മഹദ് ജീവിത പ്രകാശനത്തിൽ ഭാഗഭാക്കാവാനെങ്കിലും സാധിച്ചതു ജീവിതത്തിലെ മഹാ സൗഭാഗ്യമായാണ് ഞാൻ കാണുന്നത്. വന്ദ്യ ഗുരുവിന്റെ ത്യാഗോജ്വലമായ ഓർമകൾക്കു മുന്നിൽ വിനയപൂർവ്വം പ്രാർത്ഥനയോടെ,

15/03/2018 **സൈനുദ്ദീൻ ശാമിൽ ഇർഫാനി**

ഉമരിയ്യഃ വള്ളിവട്ടം **മാണൂർ**

ആശീർവ്വാദം

സുന്നി ആദർശ രംഗത്ത് സമുന്നത പോരാളിയായിരുന്ന മർഹൂം കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ സുന്നത്ത് ജമാഅത്തിനു വേണ്ടി ജീവാർപ്പണം നടത്തിയ മഹാനായിരുന്നു.

1955-58 കാലയളവിൽ അദ്ദേഹം മംഗലാപുരത്ത് ജോലി ചെയ്യുന്ന സമയത്ത് തുടങ്ങിയതാണ് ഞങ്ങൾ തമ്മിലുള്ള ബന്ധം. അതു മരണം വരെ നല്ല നിലയിൽ തുടർന്നു പോന്നു. സുന്നി ആദർശം ഒരുത്തന്റെ മുമ്പിലും അടിയറ വെക്കാത്ത വ്യക്തിയായിരുന്നു അദ്ദേഹം. അദ്ദേഹത്തെപ്പോലുള്ളവരുടെ മാതൃക പണ്ഡിത സമൂഹം പകർത്തിയെടുക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ മാതൃകാപരമായ സദ്ഗുണങ്ങളെ സുന്നി കേരളത്തിന്റെ കരങ്ങളിലെത്തിക്കാൻ നാം ശ്രമിക്കണം. അല്ലാഹു അവരെയും നമ്മെയും അവന്റെ ജന്നാത്തുൽ ഫിർദൗസിൽ ഒരുമിച്ചുകൂട്ടട്ടെ. ആമീൻ.

സയ്യിദ് അബ്ദുറഹ്മാൻ അൽ ബുഖാരി ഉള്ളാൾ

തഖ്‌വിയതുസ്സുന്ന സംഘം

ഉപദേശക സമിതി	:	അൽ ഉസ്താദ് റശീദ് ബാഖവി
		ഹസൈനാർ സഖാഫി
		അബ്ദുറഹ്മാൻ മുസ്‌ലിയാർ
		ഹസൻ ബാഖവി
പ്രസിഡണ്ട്	:	ബശീർ ബാഖവി
വൈ.പ്രസിഡണ്ട്	:	സൈതലവി അഹ്സനി
		ജലീൽ അഹ്സനി
ജനറൽ സെക്രട്ടറി	:	ജലീൽ ബാഖവി
ജോ.സെക്രട്ടറി	:	ആലിക്കോയ അഹ്സനി
		ഉമർ സഅദി
ഫൈ. സെക്രട്ടറി	:	യൂനുസ് അഹ്സനി
പ്രവർത്തക സമിതി	:	മുസ്തഫ ബാഖവി
		സാദിഖ് അഹ്സനി
		റഫീഖ് അഹ്സനി
		ഹകീം അഹ്സനി
		വാഹിദ് അഹ്സനി

കാലവും ചരിത്രവും

പാണ്ഡിത്യത്തിന്റെ
സൗന്ദര്യവും
വിശുദ്ധിയുടെ
സൗരഭ്യവും
സമന്വയിപ്പിച്ച്
കാലത്തോട് കഥിച്ചും
പ്രപഞ്ചത്തോട് കിന്നരിച്ചും
വിദ്യയുടെ നറുനിലാവായി
പരിലസിച്ച പണ്ഡിത
ശ്രേഷ്ഠൻ മർഹൂം
കുറ്റിപ്പുറം അബ്ദുല്ല
മുസ്‌ലിയാരുടെ ധന്യ
ജീവിതത്തിലൂടെ.

കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ
ധന്യമാണീ ജീവിതം

യഹ്‌യ ബാഖവി എടയൂർ

മൂന്നു ഭാഗവും നിളാനദിയാൽ ചുറ്റപ്പെട്ട പ്രകൃതി രമണീയമായ ഉപദ്വീപാണ് കുറ്റിപ്പുറം. മുസ്‌ലിം പള്ളിയും ഹൈന്ദവ ദേവാലയവും ക്രിസ്ത്യൻ ചർച്ചും വിളിപ്പാടക ലങ്ങളിൽ സ്ഥിതി ചെയ്യുന്ന പ്രദേശം. കാലത്തിന്റെ കുതിപ്പിലും കിതപ്പിലും മതസൗഹാർദ്ദത്തിന്റെ ഈറ്റില്ലമാണ് കുറ്റിപ്പുറം.

നിളയുടെ ഈ തീര പ്രദേശത്തിന് കുറ്റിപ്പുറമെന്ന പേര് സിദ്ധിക്കാൻ ഇടയായതിന്റെ പിന്നിലെ ചരിത്രം ഇങ്ങനെ രേഖപ്പെട്ടു കിടക്കുന്നു. നൂറ്റാണ്ടുകൾക്കുമുമ്പ് ജലപാതയ ല്ലാതെ ഗതാഗതത്തിനു മറ്റ് മാർഗങ്ങളൊന്നുമുണ്ടായിരു ന്നില്ല. നിളയുടെ ഇരു കരകളിലും പടർന്നു പന്തലിച്ച പടുകൂ റ്റൻ വൃക്ഷങ്ങളായിരുന്നു. മധ്യത്തിലൂടെ വളഞ്ഞു പുളഞ്ഞ് ഒഴുകുന്ന നിളാനദി. അതിലനേകം വഞ്ചികൾ. അവയിലധി കവും ചരക്കുകൾ കയറ്റിയവ. അന്തിമയങ്ങും മുമ്പ് തമ്പടിക്കാനുള്ള സുരക്ഷാസങ്കേതം വഞ്ചിക്കാർക്ക് കണ്ടെത്തണം. തുറമുഖ നഗരി വിട്ടാൽ പിന്നെ സുരക്ഷിത സ്ഥലമായി അവർ കണ്ടെത്തിയത് ഇവിടെയായിരുന്നു. അങ്ങനെയാണ് നിളയുടെ മാറിടത്തിലൂടെ കൂട്ടമായി കടന്നു പോയിരുന്ന വഞ്ചികൾ ഇരു പാർശ്വങ്ങളിലും കുറ്റിയടിച്ച്

തമ്പടിച്ചത്. ആ ‘കുറ്റിപ്പുറ’ങ്ങളിൽ ഭക്ഷണം പാകം ചെയ്ത് അവർ നിർഭയം അന്തിയുറങ്ങുകയും ചെയ്തു. നേരം പുലരുന്നതോടെ പ്രഭാതകൃത്യങ്ങൾ നിർവ്വഹിച്ച് യാത്ര തുടരുകയും ചെയ്യും. വഞ്ചിക്കാർ വഞ്ചിയണച്ചു കുറ്റിയടിച്ചു താമസിച്ചു വന്ന ഈ ദേശമാണ് പിന്നീട് കുറ്റിപ്പുറമായത്. (അവലംബം: കുറ്റിപ്പുറം ഡയറക്ടറി 1997)

ഉസ്താദ് ജനിക്കുന്നു

മാമലകൾ വലയം ചുറ്റിനിൽക്കുന്ന മലപ്പുറം ജില്ലയിലെ പ്രകൃതി ധന്യമായ കുറ്റിപ്പുറത്ത് ഭാരതപ്പുഴയുടെ ഓരം ചേർന്ന പ്രശസ്തമായ കമ്പാല തറവാട്. വൈജ്ഞാനിക രംഗത്ത് പുകൾപെറ്റ പണ്ഡിതന്മാരെ സംഭാവന ചെയ്യാൻ ഭാഗ്യം സിദ്ധിക്കാത്ത ആ തറവാട്ടിൽ ഒരു മത്സ്യക്കച്ചവടക്കാരനായ മുഹ്‌യിദ്ദീൻ സാഹിബിന്റെയും മാടത്തിൽ ഫാത്തിമക്കുട്ടിയുടെയും പുത്രനായി 1922 ൽ (ഹിജ്റ 1340) ഒരാൺകുഞ്ഞ് പിറന്നു. ‘അബ്ദുല്ല’ അവർ ആ കുഞ്ഞിന് പേര് വിളിച്ചു. അതൊരു വാഗ്ദാനത്തിന്റെ ചരിത്ര നാമമായിരുന്നു. ‘കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ’ എന്ന വിശ്രുതനാമത്തിലാണ് പിന്നീട് ആ കുഞ്ഞ് അറിയപ്പെട്ടത്.

പൊന്നാനി മഖ്ദൂം കുടുംബവുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന മാടത്തിൽ അബ്ദുല്ല മുസ്‌ലിയാരുടെ മകൾ കൂടിയാണ് മഹാനവർകളുടെ മാതാവ്. അവർ ഒരാൺകുട്ടിയെ പ്രസവിച്ചു. കുഞ്ഞിനെ കാണാൻ വന്ന പിതാവിനോട് അവർ ചോദിച്ചു.

‘എന്റെ ഈ കുട്ടിക്ക് ഞാൻ നിങ്ങളുടെ പേരിട്ടോട്ടെ?’

വല്ല്യുപ്പയുടെ പ്രതികരണം ഇങ്ങനെയായിരുന്നു.

‘എന്റെ പേരിടുന്നതിനു വിരോധമില്ല. പക്ഷെ ഒരു നിബന്ധനയുണ്ട്. അവനെ ഒരു പണ്ഡിതനാക്കണം. അതിന് തയ്യാറാണെങ്കിൽ എന്റെ പേരിട്ടോളൂ’.

പിതാവിന് കൊടുത്ത വാഗ്ദാനം പൂർത്തീകരിക്കാൻ കൂടിയായിരുന്നു മകനെ ആ മാതാവ് വിദ്യയുടെ തീരത്തേക്കു നയിച്ചത്. അതിലവർ വിജയിക്കുകയും ചെയ്തു.

കനത്ത വറുതിയുടെ കാലത്തായിരുന്നു മുഹ്‌യിദ്ദീൻ-

ഫാതിമ ദമ്പതികളുടെ വിവാഹം. മലബാറിലെ പട്ടാള ഭരണം കൊടുമ്പിരി കൊണ്ട കാലമായിരുന്നു അത്. സ്വന്തത്തിൽപ്പെട്ട പലരും അപരാധിത്വം ചുമത്തപ്പെട്ട് ജയിലുകളിൽ തളക്കപ്പെട്ടു. കലാപം സൃഷ്ടിച്ച മുറിവുണങ്ങുന്നതിനു മുമ്പ് മറ്റൊരു പരീക്ഷണവും മലബാറിനെ ദുരിതക്കയത്തിലാക്കി. കോളറ!. ഈ പ്രതികൂല സാഹചര്യത്തിലായിരുന്നു വന്ദ്യരായ ഉസ്താദിന്റെ ജനനം. അതു കൊണ്ടു തന്നെ ഓർമവെച്ച നാളുകളെല്ലാം ദുരിതം നിറഞ്ഞതാണ് അബ്ദുല്ല മുസ്ലിയാർക്ക്. കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതി വളരെ മോശമായിരുന്നു. അരപ്പട്ടിണിയും മുഴുപ്പട്ടിണിയുമായാണ് ജീവിതം തള്ളിനീക്കിയത്. ചെറ്റക്കുടിലിലായിരുന്നു താമസം. തറയുടെ മുകളിൽ ഒരു ഓലക്കുടിൽ കൊട്ടാരം. വർഷങ്ങൾക്കു ശേഷം കല്ലുകൊണ്ട് പടുത്തു. വീണ്ടും വർഷങ്ങൾ പിന്നിട്ടാണ് ഓട് മേഞ്ഞത്.

വിജ്ഞാന സമ്പാദനം

മതപഠനവും സ്കൂൾ പഠനവും ഒന്നിച്ചുള്ള പഴയ ഓത്തുപള്ളിയിലായിരുന്നു ഉസ്താദിന്റെ വിദ്യയുടെ തുടക്കം. മൂസമൊല്ലയായിരുന്നു പ്രഥമ ഗുരു. രാജാജിയുടെ മദ്രാസ് സർക്കാർ പിൽക്കാലത്ത് ഈ മിശ്രവിദ്യാഭ്യാസ രീതി അവസാനിപ്പിക്കുകയാണുണ്ടായത്. പലകയിൽ എഴുതിയാണ് അന്ന് പഠിച്ചിരുന്നത്. അഹ്മദ് മാസ്റ്ററുടെ സ്കൂളിൽ നിന്നായിരുന്നു ഭൗതിക വിദ്യാഭ്യാസം. മൂന്നാം ക്ലാസ് വരെയായിരുന്നു ഭൗതിക മേഖല. എങ്കിലും നല്ല ഭംഗിയുള്ള കൈയ്യക്ഷരമായിരുന്നു അബ്ദുല്ല മുസ്ലിയാരുടേത്. പത്താം വയസ്സിൽ അബ്ദുല്ല മുസ്ലിയാർ നാട്ടിലെ പള്ളിദർസിൽ ചേർന്നു. മുപ്പത്തിയാറു വർഷം കുറ്റിപ്പുറം മുദരിസായിരുന്ന പകര മുഹമ്മദ് മുസ്ലിയാരായിരുന്നു അവിടുത്തെ ഉസ്താദ്. രണ്ടുവർഷത്തിലേറെ അവിടെ പഠിച്ചു. ഇക്കാലയളവിൽ അദ്ദേഹം തന്റെ ഉസ്താദിനു വേണ്ടി വീടുകളിൽ നിന്നു ഭക്ഷണം കൊണ്ട് വന്ന് കൊടുത്തിരുന്ന കാര്യം അഭിമാനത്തോടെ അയവിറക്കുമായിരുന്നു. നാട്ടിലെ പഠനം മതിയാക്കിയ അദ്ദേഹം പിന്നീട് തിരുനാവായക്കടുത്ത രാങ്ങാട്ടൂരിൽ

രണ്ട് വർഷം ഓതി. പ്രശസ്ത സൂഫീവര്യൻ അറക്കൽ മൂപ്പരുടെ ശിഷ്യനായ പടിഞ്ഞാറങ്ങാടി രായിൻകുട്ടി മുസ്‌ലിയാരായിരുന്നു ഉസ്താദ്. കക്കിടിപ്പുറം അബൂബക്കർ മുസ്‌ലിയാരുടെ ശൈഖായിരുന്നു അറക്കൽ മൂപ്പർ. ഈ കാലയളവിൽ നഹ്‌വ് കിതാബ് കുറ്റിപ്പുറം ദർസിൽ വെച്ചും ഇർശാദ് ബൈത്ത് കിതാബ്, അൽഫിയ (ഭാഗികം) എന്നിവ രാങ്ങാട്ടൂർ ദർസിൽ വെച്ചും പഠിച്ചു. അൽഫിയ പൂർത്തിയാക്കിയത് കാട്ടിപ്പരുത്തി ദർസിൽ വെച്ചായിരുന്നു. അബ്ദുല്ല മുസ്‌ലിയാരുടെ ദീർഘകാല ദർസ് പഠനം നടന്നത് വളാഞ്ചേരിക്കടുത്ത കാട്ടിപ്പരുത്തി ജുമുഅത്ത് പള്ളിയിലായിരുന്നു. പതിനാറു വർഷത്തെ പഠനം. രണ്ടത്താണി കിഴക്കേപുറം മൊയ്തീൻ കുട്ടി മുസ്‌ലിയാരായിരുന്നു അവിടുത്തെ പ്രധാന ഉസ്താദ്. പിന്നീട് മതപഠന രംഗത്ത് പ്രസിദ്ധമായ പരപ്പനങ്ങാടി പനയത്തിൽ പള്ളിയിൽ പ്രതിഭാധനനായ കാടേരി അബുൽ കമാൽ മുഹമ്മദ് മുസ്‌ലിയാരുടെ ശിക്ഷണത്തിൽ ഒരു വർഷവും ഓതിയിട്ടുണ്ട്. പ്രശസ്ത പണ്ഡിതൻ പാങ്ങിൽ അബ്ദുല്ല മുസ്‌ലിയാർ, പരപ്പനങ്ങാടി പനയത്തിൽ പള്ളിയിൽ നാൽപത് വർഷം മുദരിസായിരുന്ന അബ്ദുൽ അലി എന്ന കോമു മുസ്‌ലിയാരുടെ ശിഷ്യൻ കൂട്ടിലങ്ങാടി മുഹമ്മദ് മുസ്‌ലിയാർ എന്നിവർ അവിടുത്തെ ഉസ്താദുമാരായിരുന്നു.

ഉസ്താദുമാരായി വളരെ അടുത്ത ബന്ധം കുറ്റിപ്പുറം ഉസ്താദ് പുലർത്തിയിരുന്നു. കാടേരി ഉസ്താദ് ഇടയ്ക്കിടെ പനയത്തിൽ തന്റെ ദർസിൽ സന്ദർശനം നടത്താറുണ്ടായിരുന്നെന്ന് അദ്ദേഹം കൃതജ്ഞതയോടെ അനുസ്മരിക്കുന്നുണ്ട്.

ബാഖിയാത്തിലെ ഉസ്താദുമാർ

വിശ്രുത പണ്ഡിതൻ ശൈഖ് ആദം ഹസ്റത്ത്, ശൈഖ് ഹസൻ ഹസ്റത്ത്, ശൈഖ് അബ്ദുറഹീം ഹസ്റത്ത്, ശൈഖ് അബൂബക്കർ ഹസ്റത്ത് തുടങ്ങിയ പ്രതിഭാധനരായിരുന്നു ബാഖിയാതിലെ അദ്ദേഹത്തിന്റെ ഉസ്താദുമാർ.

ഖുത്വുബിയുമായുള്ള ബന്ധം

മഹാനായ ഖുത്വുബി മുഹമ്മദ് മുസ്‌ലിയാർ

പരപ്പനങ്ങാടിയിലെ തന്റെ ഭാര്യവീട്ടിൽ ഇടക്കിടെ വരാറുള്ള വിവരം കുറ്റിപ്പുറം ഉസ്താദ് മനസ്സിലാക്കിയിരുന്നു. അന്ന് തന്റെ ഹൃദയത്തിൽ മുളപൊട്ടിയ ഒരാഗ്രഹമായിരുന്നു ഖുത്വുബിയെ കാണൽ. ആ ആഗ്രഹം മാസങ്ങളോളം മനസ്സിൽ കൊണ്ടു നടന്നു.

ഒരു ദിവസം പനയത്തിൽ പള്ളിയിലെ മുകൾ തട്ടിൽ കിതാബ് ഓതികൊണ്ടിരിക്കെ ഖുത്വുബി അവർകൾ ഉസ്താദുമായി സംസാരിച്ചുകൊണ്ടിരിക്കുന്നുണ്ടെന്ന് വിവരം ലഭിച്ചു. ഉടനെ താഴെയെത്തി. മഹാനായ ഖുത്വുബി പള്ളിയുടെ മിഹ്റാബിനോട് ചേർന്നും, കാടേരി ഉസ്താദ് (ഖുത്വുബിയുടെ ശിഷ്യൻ) കിഴക്കെ ചുമരിന്നടുത്തും ഇരുന്നാണ് സംസാരിച്ചിരുന്നത്. രണ്ടാൾക്കുമിടയിൽ നല്ല അകലം. കാടേരി തന്റെ ഉസ്താദിനെ ബഹുമാനിച്ചാണ് ഇത്രയും വിട്ട് ഇരിക്കുന്നതെന്നു മനസ്സിലാക്കിയ അബ്ദുല്ല മുസ്‌ലിയാർ ഖുത്വുബിയെ കാണാനുള്ള തന്റെ ആഗ്രഹം തൽക്കാലം ഉപേക്ഷിച്ച് മുകളിലേക്ക് കയറി. കിതാബ് ഓതുന്നതിൽ വ്യാപൃതനായി. പിന്നീട് ഖുത്വുബിയുമായി വളരെ അടുത്ത ബന്ധം സ്ഥാപിക്കുകയും ആ ബന്ധം വളരെ സുദൃഢമാവുകയും ജീവിതാവസാനം വരെ തുടരുകയും ചെയ്തിട്ടുണ്ട്.

ഉസ്താദിനോടുള്ള സ്നേഹം

തന്റെ ആദ്യ ഗുരുവായ കുറ്റിപ്പുറം മൂസ മൊല്ലയുടെ മകൻ ഹംസക്ക് മാനസിക രോഗമായിരുന്നു. മഗ്‌രിബിന്റെ സമയത്ത് ആർക്കും കുറ്റിപ്പുറം ഉസ്താദവർകൾ സന്ദർശനാനുമതി നൽകാറില്ല. ആ സമയം ദിക്റിലും, സ്വലാത്തിനുമായി ചെലവഴിക്കും. പക്ഷെ തന്റെ ഉസ്താദിന്റെ മകനായ ഹംസയാണ് വരുന്നതെങ്കിൽ സ്വീകരിക്കുകയും വെള്ളം മന്ത്രിച്ച് കൊടുക്കുകയും ചെയ്യും. ഉസ്താദിനോടുള്ള അദമ്യമായ സ്നേഹമായിരുന്നു ഈ ബന്ധത്തിനു കാരണം

പഠന കാല ഓർമകൾ

മുതഅല്ലിമായിരിക്കുമ്പോൾ അനുഭവിച്ച കഷ്ടപ്പാടുകൾ അബ്ദുല്ല മുസ്‌ലിയാർ പലപ്പോഴും അയവിറക്കുമാ

യിരുന്നു. നാഴികകൾ നടന്നാണ് ഭക്ഷണത്തിന് പോവുക. കുണ്ടും കുഴിയും താണ്ടി കഷ്ടപ്പെട്ടു ചെന്നാൽ കിട്ടുന്നത് കഞ്ഞിയാണ്. കഞ്ഞിക്കൊപ്പം പൂള കിട്ടിയാൽ അന്ന് വലിയ സന്തോഷമായിരിക്കും. വയർ നിറയെ എന്തെങ്കിലും കിട്ടുന്നത് അപൂർവമായിരുന്നു. പൊതുവെ നാട്ടിലെ സ്ഥിതി അങ്ങനെ യായിരുന്നു. ചില വീടുകളിൽ പണിപ്പെട്ടു ചെല്ലുമ്പോഴായിരിക്കും വീട് പൂട്ടികിടക്കുന്നത് കാണുക. സ്വന്തം വീട്ടിൽ നിന്ന് കാര്യമായ സഹായം കിട്ടാൻ വകയൊന്നുമുണ്ടായിരുന്നില്ല. കോളേജിൽ പഠിക്കുന്ന കാലത്തും സ്ഥിതി മെച്ചമായിരുന്നില്ല. രണ്ട് നേരമാണ് ചോറ്. രാവിലെ ചായക്ക് രണ്ടണ കിട്ടും. ഫാനില്ല, കക്കൂസില്ല മറ്റ് അത്യാവശ്യ സൗകര്യങ്ങളൊന്നുമില്ല. പഠിക്കുകയെന്ന ഏക ലക്ഷ്യം അതു കൊണ്ടു മാത്രം പിടിച്ചു നിന്നു. ഉറുദി പറഞ്ഞാൽ കിട്ടുന്നത് പരമാവധി രണ്ട് മുക്കാൽ. ഒരേ സമയം രണ്ടാളുണ്ടെങ്കിൽ കാശ് വിഹിതം വെക്കും. ചില അവസരങ്ങളിൽ രണ്ടാമനായി വരുന്നവന് നിരാശനായി മടങ്ങേണ്ടി വരുകയും ചെയ്യും. കിതാബ് വാങ്ങാനും അത്യാവശ്യ കാര്യങ്ങൾക്കുമുള്ള ഏകവരുമാന മാർഗ്ഗം വെള്ളിയാഴ്ചകളിലെ ഉറുദി മാത്രമായിരുന്നു.

ബാഖിയാത്തിലേക്ക്

വിജ്ഞാനാന്വേഷണം ചെറുപ്പം മുതൽ തന്നെ ഉസ്താദിന്റെ കൂടെപ്പിറപ്പായിരുന്നു. പഠിക്കുന്ന കിതാബുകളെല്ലാം ആവർത്തിച്ചു പഠിക്കുകയും കിതാബുകളിലെ തെറ്റുകൾ തിരുത്തി വെക്കുകയും ചെയ്യുക എന്നതായിരുന്നു പ്രധാന ഹോബി. വർഷങ്ങളായുള്ള ദർസ് പഠനത്തിനു ശേഷം 1952-ൽ ഉസ്താദ് കാടേരി മുഹമ്മദ് മുസ്‌ലിയാരുടെ നിർദ്ദേശാനുസൃതം വെല്ലൂർ ബാഖിയാതുസ്സ്വാലിഹാത് അറബിക് കോളേജിൽ ചേർന്നു. ഉസ്താദുമാരുടെയും സഹപാഠികളുടെയും സ്നേഹാദരവുകൾ ഏറ്റുവാങ്ങി 1954-ൽ ഫസ്റ്റ് റാങ്കോടുകൂടി മൗലവി ഫാളിൽ ബാഖവി ബിരുദം നേടി.

സഹപാഠികൾ

മർഹൂം ചെറുശ്ശോല കുഞ്ഞഹമ്മദ് മുസ്‌ലിയാർ,

കാസർഗോഡ് ഖാളി ബാവ മുസ്‌ലിയാർ, മർഹൂം കെ.കെ. അബൂബക്കർ ഹസ്റത്, പുത്തൻപള്ളി അശ്‌റഫിയാ പ്രിൻസിപ്പ്ൽ കെ.കെ മുഹമ്മദ് മുസ്‌ലിയാർ അണ്ടത്തോട്, മർഹൂം മൂന്നിയൂർ ഹസൻകുട്ടി മുസ്‌ലിയാർ തുടങ്ങിയ പ്രഗത്ഭരായ പണ്ഡിതർ ബാഖിയാത്തിലെ സഹപാഠികളായിരുന്നു.

അംഗീകാരം

ദർസ് രംഗത്ത് ആത്മാർത്ഥതയോടെ അധ്വാനിക്കുകയും ദൃഢ വിജ്ഞാനത്തിനു വേണ്ടി പരിശ്രമിക്കുകയും ചെയ്തിരുന്ന മഹാനവർകൾ ജീവിതത്തിൽ ഒരു തികഞ്ഞ മുദരിസായിരുന്നു. കാട്ടിപ്പരുത്തിയിലെ ദർസ് ജീവിതത്തിനിടയിൽ സമ്പാദിച്ച പ്രധാന ശിഷ്യനാണ് പ്രശസ്ത പണ്ഡിതൻ മർഹൂം കുട്ടശ്ശേരി സഈദ് മുസ്‌ലിയാർ. ബാഖിയാതുസ്സ്വാലിഹാത്തിൽ വെച്ചും ഒരുപാട് കിതാബുകൾ ദർസ് നടത്തിയിട്ടുണ്ട്. ബാഖിയാതിലെ തന്റെ പഠനത്തിലും അധ്വാനത്തിലും മതിപ്പ് തോന്നുകയും റാങ്ക് നേടുകയും ചെയ്തതിൽ അഭിനന്ദിച്ച് ബാഖിയാതിലെ ഉസ്താദ് ശൈഖ് ഹസൻ ഹസ്റത്ത് 'കുറ്റിപ്പുറത്തിന്' ഒരു പേന സമ്മാനമായി നൽകുകയുണ്ടായി.

അബ്ദുല്ല മുസ്‌ലിയാർക്ക് സഹോദരങ്ങളായി എട്ടു പേരുണ്ടായിരുന്നെങ്കിലും ഒരു സഹോദരിയും സഹോദരനും മാത്രമേ ജീവിച്ചിരിപ്പുള്ളൂ. സഹോദരിയെ വിവാഹം ചെയ്തത് കാട്ടിപ്പരുത്തി സ്വദേശി കുഞ്ഞാലൻകുട്ടി മുസ്‌ലിയാർ ബാഖവിയാണ്. സഹോദരങ്ങളിൽ രണ്ട് പേർ ചെറുപ്പത്തിൽ തന്നെ കോളറ ബാധിച്ച് മരിക്കുകയുണ്ടായി. മക്കളും മരുമക്കളും പേരമക്കളുമടങ്ങുന്ന അബ്ദുല്ല മുസ്‌ലിയാരുടെ കുടുംബം ഒരു പണ്ഡിതസഭയാണ്. മക്കളും മരുമക്കളുമെല്ലാം പണ്ഡിതന്മാരും ബിരുദധാരികളും മതാധ്യാപനവുമായി കഴിയുന്നവരായിരുന്നെങ്കിലും എല്ലാവരും അബ്ദുല്ല മുസ്‌ലിയാരുടെ കർശന ശിക്ഷണത്തിലായിരുന്നു. സുന്നത്ത് ജമാഅത്തിന്റെ വിഷയത്തിൽ യാതൊരു വിട്ട്‌വീഴ്ചക്കും തയ്യാറല്ലാത്ത അബ്ദുല്ല മുസ്‌ലിയാർ ഇക്കാര്യം ആദ്യം ഊട്ടിയുറപ്പിച്ചത് തന്റെ വീട്ടിലും കുടുംബത്തിലുമാണ്. സുന്നിവിരുദ്ധ നിലപാ

ടുകൾ എവിടെ തലപൊക്കിയാലും അതിനെതിരെ ആദ്യം ഉയരുക ഈ പണ്ഡിത കാരണവരുടെ ശബ്ദമായിരുന്നു. ആരോഗ്യമുള്ള കാലത്ത് ആരെയും കാത്ത് നിൽക്കാതെ അദ്ദേഹം പോരാട്ടത്തിനിറങ്ങുമായിരുന്നു.

അധ്യാപനം

വെല്ലൂർ ബാഖിയാതുസ്സ്വാലിഹാത്തിൽ നിന്ന് ഉപരി പഠനം കഴിഞ്ഞ് വന്ന ഉടനെ കൊണ്ടോട്ടിക്കടുത്ത പരതക്കാടാണ് ആദ്യം ദർസ് നടത്തിയത്. പിന്നീട് മംഗലാപുരത്ത് അൽ മദ്റസത്തുൽ അസ്ഹരിയ്യയിൽ മൂന്നു വർഷം സേവനം നടത്തി. പ്രസ്തുത മദ്റസയുടെ സ്ഥാപകൻ കൂടിയാണ് അബ്ദുല്ല മുസ്‌ലിയാർ. മംഗലാപുരത്തുകാരുടെ ചിരകാല സ്വപ്നമായിരുന്നു ഒരു ദീനീ സ്ഥാപനം. എന്നാൽ എത്ര ശ്രമിച്ചിട്ടും അവരുടെ അഭിലാഷം പൂവണിയാതെ കിടക്കുമ്പോഴാണ് കുറ്റിപ്പുറം ഉസ്താദ് മംഗലാപുരത്ത് ദർസ് ആരംഭിക്കുന്നത്. ആഗ്രഹം ഉസ്താദിനെ അറിയിച്ച ഉടനെ അദ്ദേഹം അതേറ്റെടുത്തു. തുടർച്ചയായ നാൽപത് ദിവസത്തെ നിശാ പ്രഭാഷണത്തിലൂടെയും മറ്റും അതിനുള്ള ആസ്തി കണ്ടെത്തുകയും ചെയ്തു. ഇന്നും അൽ അസ്ഹരിയ്യ എന്ന് കേൾക്കുമ്പോൾ മംഗലാപുരത്തുകാരുടെ മനോമുകരത്തിലേക്ക് കുറ്റിപ്പുറം ഉസ്താദ് ഓടിയെത്തുന്നു. അദ്ദേഹത്തിന്റെ അധ്യാപനത്തിന്റെയും അർപ്പണ ബോധത്തിന്റെയും അനന്തരഫലമാണ് മംഗലാപുരത്തിന്റെ തിരുനെറ്റിയിൽ തല ഉയർത്തി നിൽക്കുന്ന അൽ മദ്റസത്തുൽ അസ്ഹരിയ്യ.

മംഗലാപുരത്ത് നിന്നും പിരിഞ്ഞ ശേഷം രാമന്തളിയിൽ മൂന്ന് വർഷം ദർസ് നടത്തി. ശേഷം തൃക്കരിപ്പൂരിനടുത്ത ബീരിച്ചേരിയിൽ രണ്ട് വർഷവും സേവനമനുഷ്ഠിച്ചു. ശേഷം പാപ്പിനിശ്ശേരിയിൽ ഒരു വർഷം ദർസ് നടത്തി. അബ്ദുല്ല മുസ്‌ലിയാരുടെ ഏറ്റവും പ്രശസ്തമായ ദർസ് നടന്നത് നിരവധി മഹാപ്രതിഭകൾക്ക് ജന്മം നൽകിയ പരപ്പനങ്ങാടി പനയത്തിൽ പള്ളിയിലാണ്. പതിനെട്ട് വർഷമാണ് ഇവിടെ മുദരിസായി സേവനമനുഷ്ഠിച്ചത്. പനയത്തിൽ നിന്ന് വിട്ട ശേഷം ഒരു വർഷം പൊന്നാനി വലിയ ജുമുഅത്ത് പള്ളി

യിലും സേവനം ചെയ്തു. 1954-മുതൽ 1984 വരെയായിരുന്നു മഹാനവർകളുടെ ഔദ്യോഗിക ദർസുകാലം. ശേഷം രോഗവും പ്രയാസവും കാരണം വീട്ടിൽ വിശ്രമ ജീവിതമായിരുന്നു. എങ്കിലും ദർസ് നിർത്തിയ കാലം മുതൽ മരണം വരെയും ഗ്രന്ഥപാരായണം മുഖ്യ ദിനചര്യയായിരുന്നു. കിടപ്പുമുറിയിൽ കട്ടിലിലും കസേരയിലും മേശയിലും അലമാരയിലുമായി നിറയെ കിതാബുകളായിരുന്നു. രാപ്പകലില്ലാതെ അദ്ദേഹം ഗ്രന്ഥപാരായണത്തിലേർപ്പെട്ടു. കയ്യിൽ പേനയുമായി സൂക്ഷ്മ പാരായണത്തിൽ കഴിയുന്ന രംഗമാണ് അബ്ദുല്ല മുസ്ലിയാരുടെ ഭവനത്തിലെത്തുന്ന സന്ദർശകരെ എതിരേറ്റിരുന്നത്. നോക്കിത്തീർത്ത ഗ്രന്ഥങ്ങളിലെല്ലാം അനേകം കുറിപ്പുകളും വിശദീകരണങ്ങളും രേഖപ്പെടുത്തിയത് കാണാൻ കഴിയും. അനന്തമായ വായനയും ഇബാദത്തുമായിരുന്നു മഹാനവർകളുടെ മുതൽക്കൂട്ട്. വിശ്രമജീവിതം പോലും അദ്ദേഹം സമ്പന്നമാക്കി. അഭ്യസ്തവിദ്യരും അല്ലാത്തവരുമായ നിരവധി പേർക്ക് ഈ വിശ്രമ ജീവിതം അനുഗ്രഹമായിരുന്നു.

പരിവർത്തനങ്ങൾ

ജോലിചെയ്ത മഹല്ലുകളിൽ കേവലം ഒരു മുദരിസായി ഒതുങ്ങികൂടുന്ന പ്രകൃതമായിരുന്നില്ല അബ്ദുല്ല മുസ്ലിയാരുടേത്. നാടിന്റെയും നാട്ടുകാരുടെയും നാനോന്മുഖമായ പ്രശ്നങ്ങൾ മനസ്സിലാക്കുകയും അവ പരിഹരിക്കാനുള്ള മാർഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. ജോലി ചെയ്ത ഓരോ മഹല്ലിലെയും കാരണവന്മാരുമായി സംസാരിച്ചപ്പോൾ ആയിരം നാക്കായിരുന്നു അബ്ദുല്ല മുസ്ലിയാരെക്കുറിച്ച് അവർക്കെല്ലാം പറയാൻ.

കേരളത്തിലെ തഴക്കവും പഴക്കവും ചെന്ന പ്രശസ്തരും പ്രഗത്ഭരുമായ നിരവധി പണ്ഡിതന്മാർ സേവനം ചെയ്ത പൊന്നാനി വലിയ ജുമുഅത്ത് പള്ളിയിലും അനുബന്ധമായി നിലകൊള്ളുന്ന മഖ്ദൂമിന്റെ മഖ്ബറയിലും അബ്ദുല്ല മുസ്ലിയാർ ശ്രദ്ധേയമായ പരിവർത്തനങ്ങൾ വരുത്തി.

ഒരു ദിവസം നിസ്കാരം കഴിഞ്ഞ് പതിവു പോലെ

ദിക്റുകളും ഔറാദുകളുമായി പള്ളി വരാന്തയിലൂടെ ഉലാത്തുന്നതിനിടയിൽ അദ്ദേഹത്തിന്റെ ദൃഷ്ടികൾ മഖ്ദൂമിന്റെ മഖ്ബറയിലേക്ക് നീണ്ടു. അപ്പോൾ കണ്ട കാഴ്ച അദ്ദേഹത്തെ രോഷാകുലനാക്കി. സിയാറത്തിനായി സ്ത്രീകൾ മഹാനായ മഖ്ദൂമിന്റെ തൊട്ടരികിൽ നിൽക്കുന്നു. ഉടനെ അദ്ദേഹം കമ്മറ്റിയുമായി ബന്ധപ്പെട്ടു. ഇത്തരം അലസ സമീപനം ഒരിക്കലും അനുവദിച്ചുകൂടാ. അന്യസ്ത്രീകൾ മഖ്ബറയുടെ തൊട്ടരികിൽ വന്ന് നിൽക്കുന്നത് മഹാനവർകൾക്ക് ഒരിക്കലും ഇഷ്ടമുണ്ടാകില്ലല്ലോ. നിർബന്ധമായും ഈ നിമിഷം മുതൽ ഇത് നിർത്തലാക്കണം. അദ്ദേഹം ഭരണസാരഥികളെ ഉപദേശിച്ചു. അവർ അക്ഷരംപ്രതി ആ ആജ്ഞ നടപ്പിലാക്കുകയും ചെയ്തു. അന്ന് മുതൽ സ്ത്രീകൾക്ക് വിശ്രമിക്കാനും സിയാറത്ത് ചെയ്യാനും പള്ളിയുടെ ഗേറ്റിനു പുറത്ത് പ്രത്യേക സംവിധാനം ഒരുക്കി.

ബീരിച്ചേരിയിൽ സേവനം ചെയ്യുന്ന കാലം ‘കിരീടം വെക്കാത്ത രാജാക്കന്മാർ’ എന്നറിയപ്പെട്ടിരുന്ന പട്ടേൽ കുടുംബമാണ് മഹല്ല് ഭരണം നടത്തിയിരുന്നത്. മഹാനവർകൾ അവിടെ ജോലി ചെയ്യുന്ന കാലത്ത് പള്ളിവക കക്കൂസ് ഉണ്ടായിരുന്നില്ല. മുനിസിപ്പാലിറ്റിയുടെ കക്കൂസായിരുന്നു ഉസ്താദും കുട്ടികളും ഉപയോഗിച്ചിരുന്നത്. അബ്ദുല്ല മുസ്‌ലിയാർ പട്ടേലിനോട് പല പ്രാവശ്യം കക്കൂസിന്റെ കാര്യം ഉണർത്തി. ‘ശരിയാക്കാം’ എന്ന നിസ്സംഗ മറുപടിയായിരുന്നു അദ്ദേഹം നൽകിയിരുന്നത്. അവസാനം ഉസ്താദ് പട്ടേലിനോട് ശക്തമായ ഭാഷയിൽ സംസാരിക്കുകയും ഇനി ഇവിടെ ജോലി ചെയ്യുന്നില്ലെന്ന് പറഞ്ഞ് അവിടെ നിന്നും പിരിയുകയും ചെയ്തു.

ശിഷ്യന്മാർ

നീണ്ട മുപ്പത് വർഷത്തെ ദീനീ സേവനത്തിനിടയിൽ പ്രഗത്ഭരും പ്രശസ്തരുമായ അനേകം ശിഷ്യഗണങ്ങളെ അദ്ദേഹം വാർത്തെടുത്തു. മൊഗ്രാൽ അബുൽ ഫള്ൽ മുസ്‌ലിയാർ, വെളിമുക്ക് കെ.വി. അബ്ദുറഹ്മാൻ മുസ്‌ലിയാർ, മർകസുസ്സഖാഫതിസ്സുന്നിയ്യയിലെ ഉസ്താദുമാരായ കെ.എസ്.

മുഹമ്മദ് മുസ്‌ലിയാർ, കട്ടിപ്പാറ അഹ്മദ് കുട്ടി മുസ്‌ലിയാർ, മർഹൂം കുട്ടശ്ശേരി സഈദ് മുസ്‌ലിയാർ, യു.എം. അബ്ദുറഹ്മാൻ മുസ്‌ലിയാർ, ആനക്കര മുഹമ്മദ് മുസ്‌ലിയാർ, കക്കിടിപ്പുറം അബ്ദുറഹ്മാൻ മുസ്‌ലിയാർ, തന്റെ മക്കളായ അബ്ദുൽ വഹ്ഹാബ് ബാഖവി, റശീദ് ബാഖവി, വാസിഅ് ബാഖവി, മരുമക്കളായ ചേകനൂർ മുഹമ്മദ് കുട്ടി മുസ്‌ലിയാർ, വെളിമുക്ക് അബ്ദുസ്വമദ് മുസ്‌ലിയാർ തുടങ്ങിയവരെല്ലാം തന്റെ ശിഷ്യസമ്പത്തിലെ ചിലർ മാത്രമാണ്.

സംഘടനാ സാമീപ്യം

കേരളത്തിൽ നിലവിലുള്ള ഇരു വിഭാഗം സമസ്തയിലോ സംഘടനയിലോ മഹാനവർകൾ അംഗമായിരുന്നില്ല. സുന്നത്ത് ജമാഅത്തിന്റെ മുഴുവൻ പണ്ഡിതരെയും സാദാത്തുക്കളെയും ഒരുപോലെ അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്തു. ഇരു വിഭാഗം പണ്ഡിതർക്കിടയിലും കാണുന്ന വീഴ്ചകൾ ചൂണ്ടിക്കാട്ടാനും മഹാനവർകൾ വിമുഖത കാണിച്ചില്ല. സുന്നത്ത് ജമാഅത്തിന്റെ പണ്ഡിതന്മാർക്കിടയിലുണ്ടായ ദൗർഭാഗ്യകരമായ ചേരിത്തിരുവിൽ വളരെയധികം വിഷമിക്കുകയും യോജിപ്പിന് വേണ്ടി സദാസമയവും പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു.

തന്റെ അഭിവന്ദ്യഗുരു ശൈഖ് ഹസൻ ഹസ്റത്തിന്റെ നിർബന്ധത്തിനു വഴങ്ങി അഖില കേരളയിൽ അൽപകാലം പ്രവർത്തിച്ചു. തന്റെ ആദർശ തീക്ഷ്ണതക്ക് വിഘ്നമാകുന്ന ചില പ്രവർത്തനങ്ങൾ സംഘടനയിൽ തലപൊക്കിയപ്പോൾ അതിൽ നിന്ന് രാജിവെക്കുകയും ചെയ്തു.

വളപുരം ത്വലാഖ്

ഇരു സമസ്തയിലും പ്രത്യേകം അംഗമല്ലെങ്കിലും ഇരുഭാഗത്തുമുള്ള നല്ലവശങ്ങൾ അംഗീകരിക്കുകയും തെറ്റുകൾ ചൂണ്ടിക്കാണിക്കുകയും ചെയ്യും. ഏതൊരു വിഷയത്തിലും അതിന്റെ യഥാർത്ഥ വശം വിശദീകരിക്കും. ഈ തീരുമാനങ്ങൾ ഏതെങ്കിലും ഒരു വിഭാഗത്തിന് അനുകൂലമാണോ എന്ന് പലപ്പോഴും തോന്നാറുണ്ട്. ഉദാഹരണമായി

വളപുരം ത്വലാഖ് സംഭവം. യഥാർത്ഥത്തിൽ ഈ സംഭവം ഇരു വിഭാഗം ഏറ്റെടുക്കുകയും ജനമധ്യത്തിൽ വിവാദമാവുകയും ചെയ്യുന്നതിന് മാസങ്ങൾക്കു മുമ്പുതന്നെ വളപുരം ഖാളി ആലിപ്പു മുസ്‌ലിയാർ അദ്ദേഹത്തിന്റെ അടുക്കൽ വന്ന് സംഭവം വിശദീകരിച്ചിരുന്നു. സുദീർഘമായ ചർച്ചക്കൊടുവിൽ ദീർഘദൃഷ്ടിയോടെ കാര്യങ്ങൾ മനസ്സിലാക്കിയ മഹാനവർകൾ അദ്ദേഹത്തോട് പറഞ്ഞത് 'ഈ വിഷയത്തിൽ ഹഖ് (സത്യം) നിങ്ങളെടുത്ത തീരുമാനമാണ്. ഒരു പക്ഷെ ഈ വിഷയം ഒരു വിവാദമായേക്കാം. എന്തു പ്രശ്നങ്ങളുണ്ടായാലും നിങ്ങളുടെ തീരുമാനത്തിൽ നിന്ന് ഒരിക്കലും പിൻമാറരുത്'. പ്രമാണികവും നീതിയുക്തവുമായ തീരുമാനമായിരുന്നു അത്.

രാഷ്ട്രീയം

1947-ന് ശേഷം ഒരു രാഷ്ട്രീയ പാർട്ടിയോടും പ്രത്യേക വിധേയത്വമോ വിരോധമോ ഉണ്ടായിരുന്നില്ല. ഒരു പാർട്ടിക്ക് വേണ്ടിയും തന്റെ സമ്മതിദാനാവകാശം വിനിയോഗിച്ചിട്ടുമില്ല. ബാബരി മസ്ജിദ് പോലോത്ത വിഷയങ്ങളിൽ സുന്നി നേതാക്കളുടെ നിലപാടിനോട് യോജിച്ചു നിന്നു. മുസ്‌ലിം സമുദായത്തിന്റെ നാനോന്മുഖമായ പ്രശ്നപരിഹാരത്തിനു വേണ്ടി ഇജാബത്തിന്റെ സമയങ്ങളിൽ പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു.

സാമുദായികം

ഇതര സമുദായങ്ങളിൽപ്പെട്ടവരോടെല്ലാം നല്ല സൗഹാർദ്ദത്തിലായിരുന്നു. അവർക്കും ഉസ്താദിനെ സംബന്ധിച്ച് നല്ല അഭിപ്രായമായിരുന്നു. മതവുമായി ബന്ധപ്പെട്ട വിഷയങ്ങളിലും മറ്റും അവരെ ക്ഷണിക്കുകയോ, അവരുടെ ക്ഷണം സ്വീകരിച്ച് പരിപാടികളിൽ പങ്കെടുക്കുകയോ ചെയ്യുമായിരുന്നില്ല. ഈ സമീപനം ആരിലും നീരസമോ ഈർഷ്യതയോ സൃഷ്ടിച്ചില്ല. ചെറിയ മകൻ അബ്ദുന്നൂറിന്റെ വിവാഹ സൽക്കാരത്തിന് ഡൈനിംഗ് ഹാൾ തയ്യാറാക്കിയത് അയൽവാസിയായ ഒരു വാരിയരുടെ പറമ്പിലായിരുന്നു. ഉസ്താദിന്റെ എല്ലാ സമീപനത്തിലും അവരെല്ലാം സംതൃപ്തരായി

രുന്നു.

കുസൃതിനിറഞ്ഞ സ്വഭാവമായിരുന്നു ചെറുപ്പത്തിൽ മഹാനവർകളുടേത്. ഇടക്കിടെ ഇക്കാര്യം അദ്ദേഹം തന്നെ അയവിറക്കാറുണ്ടായിരുന്നു. നിറഞ്ഞുനിൽക്കുന്ന പുഴയി ലേക്കെടുത്തു ചാടിയും മറ്റും കളിച്ചുല്ലസിച്ചു നടന്നിരുന്ന സമയത്താണ് കാട്ടിപ്പരുത്തിയിലേക്ക് ഓതാൻ പോകുന്നത്. തന്റെ ഈ വികൃതി ഇടക്കിടെ അവിടെയും പ്രകടിപ്പിക്കും. പക്ഷെ ഉസ്താദിന്റെ കർശനമായ നിയന്ത്രണവും ഉപദേ ശവും മൂലം അതിൽ നിന്ന് പിന്തിരിയുകയും ചെയ്തു. രണ്ടുവർഷത്തിന് ശേഷം ഒരിക്കൽ മഹാനവർകളെ വിളിച്ച് ഉസ്താദ് പറഞ്ഞു: 'എടോ അബ്ദുല്ലാ, നിന്റെ വികൃതി കണ്ട പ്പോൾ നിന്നെ ഒരു വർഷം പോലും ഇവിടെ പൊറുപ്പിക്കാൻ കഴിയുമെന്ന് ഞാൻ വിചാരിച്ചില്ല. പക്ഷെ ഞാൻ പറയുന്ന തെല്ലാം നീ അനുസരിച്ചു. അതിനാൽ നിന്നെ ഞാൻ എന്റെ യടുക്കൽ തന്നെ നിർത്താൻ തീരുമാനിച്ചിരിക്കുന്നു'. ഈ സംഭവം അനുസ്മരിക്കുമ്പോൾ ഉസ്താദ് സരസമായി ഇങ്ങനെ പറയും, 'കണ്ടോ, ഇതാണ് എന്റെ സർട്ടിഫിക്കറ്റ്'.

ശ്രദ്ധേയമായ പ്രഭാഷണങ്ങൾ

ആയിരങ്ങൾ പങ്കെടുക്കുന്ന വലിയ വലിയ സമ്മേളന ങ്ങളിലൊന്നും ഉസ്താദ് പങ്കെടുക്കാറില്ലായിരുന്നു. എങ്കിലും ഉള്ളാൾ സയ്യിദ് മദനി തങ്ങളുടെയും കാസർഗോഡ് മാലിക് ദീനാർ തങ്ങളുടെയും മറ്റും ഉറൂസുകളിൽ പങ്കെടുത്ത് ഉജ്വല പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്.

പരതക്കാട് ദർസ് നടത്തുന്ന കാലം. പരതക്കാടി നടുത്ത മുണ്ടക്കുളത്ത് ഒരു വഅള് നടക്കുന്നു. സരളമായ ശൈലികൊണ്ട് ശ്രോതാക്കളുടെ ശ്രദ്ധ പിടിച്ചുപറ്റിയ ഉജ്വല വാഗ്മി മലയിൽ ബീരാൻകുട്ടി മുസ്ലിയാരാണ് പ്രസംഗകൻ. കുറ്റിപ്പുറം ഉസ്താദ് ഏതാനും മുതഅല്ലിമുകളോടു കൂടെ വഅള് കേൾക്കാൻ പുറപ്പെട്ടു. സദസ്സിലെത്തിയ അബ്ദുല്ല മുസ്ലിയാരെ ബീരാൻ മുസ്ലിയാർ സ്റ്റേജിലേക്ക് ക്ഷണിച്ചു. എന്നിട്ട് പറഞ്ഞു. 'എനിക്ക് തീരെ സുഖമില്ല. ഇന്ന് നിങ്ങൾ പ്രസംഗിക്കണം'. മഹാനവർകൾ ഒരുപാട് ഒഴിഞ്ഞുമാറി

യെങ്കിലും അദ്ദേഹത്തിന്റെ നിർബന്ധത്തിനു മുന്നിൽ അബ്ദുല്ല മുസ്‌ലിയാർ വഴങ്ങി. ബീരാൻ കുട്ടി മുസ്‌ലിയാർ പ്രസംഗിച്ച അതേ വിഷയം പറഞ്ഞവസാനിപ്പിച്ചിടത്തു നിന്ന് തുടങ്ങി വിഷയം പരിപൂർണ്ണമായും അവതരിപ്പിച്ചു. സദസ്യർക്ക് വളരെ മതിപ്പുളവാക്കിയ പ്രസംഗമായിരുന്നു അത്.

നാൽപത് ദിവസം ഒറ്റ ഹദീസ് മാത്രം ആസ്പദമാക്കി മംഗലാപുരത്ത് നടത്തിയ പ്രസംഗവും ശ്രദ്ധേയമായിരുന്നു. അൽ അസ്ഹരിയ്യ മദ്റസയുടെ നിർമ്മാണത്തോടനുബന്ധിച്ചായിരുന്നു പ്രസ്തുത പരിപാടി. ഇതിലൂടെ മംഗലാപുരത്തുകാരുടെ ഹൃദയത്തിൽ എക്കാലവും നിറഞ്ഞുനിൽക്കുന്ന ഒരു ചിത്രമായി അബ്ദുല്ല മുസ്‌ലിയാർ സ്ഥിരപ്രതിഷ്ഠനേടി.

പരപ്പനങ്ങാടിയിൽ നടന്ന ഒരു പ്രസംഗവേദി. മസ്അലകളായിരുന്നു ചർച്ച ചെയ്തിരുന്നത്. രണ്ടാമത്തെ ദിവസം സ്റ്റേജിലേക്ക് ഒരെഴുത്ത് ലഭിച്ചു. മഹാനായ ഖുത്വുബിയുടെ ഭാര്യയായിരുന്നു കുറിപ്പുകാരി. 'ഇന്നലെ നിങ്ങൾ മസ്അല വിശദീകരിച്ചപ്പോൾ കടല വിൽക്കുന്ന കുട്ടികൾ ശബ്ദമുണ്ടാക്കിയത് കാരണം നജസ് ശുദ്ധീകരിക്കുന്ന ഭാഗം മനസ്സിലായിട്ടില്ല. ആ ഭാഗം വിശദീകരിക്കണം' ഇതായിരുന്നു എഴുത്തിലെ ഉള്ളടക്കം. മഹാനവർകളുടെ വിഷയാവതരണം മുഴുവൻ കാലികവും അനിവാര്യവുമായതായിരുന്നു.

രചന

പ്രഭാഷണ രംഗത്ത് തന്റേതായ വ്യക്തി മുദ്ര പതിപ്പിച്ച അബ്ദുല്ല മുസ്‌ലിയാർ എഴുത്തു രംഗത്തും ജ്വലിച്ചു നിന്നു. പ്രബോധനത്തിന്റെ അഭിവാജ്യ ഘടകങ്ങളായ ഈ രണ്ടു മേഖലകളിലും മഹാനവർകൾ പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നു. 'ദീനീ വിദ്യാഭ്യാസത്തിന്റെ ആവശ്യകത' എന്ന വിഷയത്തിൽ അൽബയാനിലും 'ഇഖ്‌ലാസ്' എന്ന വിഷയത്തെ സംബന്ധിച്ച് അൽ ജംഇയ്യത്തിലും തുടർ ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. സുന്നത്തു ജമാഅത്തിനു കടകവിരുദ്ധമായ ആശയങ്ങൾ ആരു പറഞ്ഞാലും അവർക്കെതിരെ മഹാനവർകൾ സ്റ്റേജും പേജും ഉപയോ

ഗപ്പെടുത്തിയിരുന്നു. വ്യാജ ആത്മീയ വാദികൾക്കെതിരെ അദ്ദേഹം തൂലിക ചലിപ്പിച്ചപ്പോൾ സമൂഹമൊന്നടങ്കം അതിനെ ഇരു കരവും നീട്ടി സ്വീകരിക്കുകയുണ്ടായി.

നിരൂപണം

കേൾക്കുന്ന കാര്യങ്ങളെല്ലാം അണ്ണാക്കു തൊടാതെ വിഴുങ്ങുന്ന രീതിക്കു പകരം എല്ലാ വിഷയങ്ങളിലും നിരൂപണം നടത്തുക അദ്ദേഹത്തിന്റെ ശൈലിയായിരുന്നു. ഉസ്താദിന്റെ കിതാബുകൾക്കിടയിലും പുസ്തകങ്ങൾക്കിടയിലുമുള്ള കുറിപ്പുകൾ ഇതിനുദാഹരണമാണ്.

പ്രത്യേക വിഷയങ്ങൾ

എല്ലാ വിഷയങ്ങളിലും ഒരുപോലെ പ്രാഗത്ഭ്യവും പാണ്ഡിത്യവും ഉണ്ടായിരുന്നുവെങ്കിലും ഫിഖ്ഹ്, ഹദീസ്, തസവ്വുഫ് എന്നീ വിഷയങ്ങളിൽ പ്രത്യേക താൽപര്യമായിരുന്നു. പ്രശസ്ത ഹദീസ് ഗ്രന്ഥമായ സ്വഹീഹുൽ ബുഖാരി ക്ലാസ് നടത്തുമ്പോൾ വുളൂഅ് ചെയ്ത് സുഗന്ധം പൂശി താടി ചീകി പ്രത്യേക രൂപത്തിലായിരുന്നു ക്ലാസിന് ഇരുന്നിരുന്നത്. ഫറാഇളിലും മൻത്വിഖിലും പ്രത്യേക പ്രാഗത്ഭ്യമായിരുന്നു. പരപ്പനങ്ങാടിയിലെ അഡ്വക്കേറ്റ് മുഹമ്മദ് നഹ ഫറാഇളിന്റെ ചില മസ്അലകൾ ചർച്ച ചെയ്യാൻ ഇടക്കിടെ ഉസ്താദിന്റെ അടുക്കൽ വരും. കിതാബ് നോക്കാതെ ഉസ്താദ് ഉടനെ മറുപടിയും കൊടുക്കും. ഇത് കേൾക്കുമ്പോൾ നഹ പറയും 'നിങ്ങൾ വളരെ പെട്ടെന്ന് ഉത്തരം പറയുന്നല്ലോ. ഫറാഇളിൽ നിങ്ങളുടെ കഴിവ് ഒന്ന് വേറെ തന്നെ'.

മർഹൂം ചെറുശ്ശോല കുഞ്ഞഹമ്മദ് മുസ്‌ലിയാർ, പൊന്മള അബ്ദുൽ ഖാദിർ മുസ്‌ലിയാർ, വൈലത്തൂർ ബാവ മുസ്‌ലിയാർ, തുടങ്ങിയ പ്രമുഖരെല്ലാം മസ്അലകൾ ചർച്ച ചെയ്യാൻ ഇടക്കിടെ കുറ്റിപ്പുറം ഉസ്താദിന്റെ അടുക്കൽ വരാറുണ്ടായിരുന്നു.

ത്വരീഖത്ത് ബന്ധം

ദലാഇലുൽ ഖൈറാത്ത്, ഹദ്ദാദ് റാതീബ്, ഇജാസത്തുസ്സുമ്മ്, ഖാദിരിയ്യ ത്വരീഖത്ത് തുടങ്ങിയവയിലെല്ലാം മഹാനവർകൾ തന്നെ സന്ദർശിക്കാൻ വരുന്ന മുതഅല്ലിംക

ളും പണ്ഡിതരുമടങ്ങുന്ന ധാരാളം പേർക്ക് ഇജാസത്ത് നൽകിയിട്ടുണ്ട്. ഇജാസത്തുകൾ സ്വീകരിക്കാൻ പല പ്രമുഖ പണ്ഡിതരും മഹാനവർകളെ തേടിയെത്താറുണ്ടായിരുന്നു. അദ്ദേഹം വഫാത്താകുന്നതിന്റെ ആറുമാസം മുമ്പാണ് കുണ്ടൂർ അബ്ദുൽ ഖാദിർ മുസ്‌ലിയാർ ദലാഇലുൽ ഖൈറാത്തിന്റെ ഇജാസത്ത് സ്വീകരിച്ചത്.

ശൈഖുമാർ

മതാധ്യായനവും അധ്യാപനവും ഒന്നിച്ചു കൊണ്ടുപോകുന്നതോടൊപ്പം ആത്മീയതയുടെ അത്യുന്നത സോപാനത്തിലെത്താനായിരുന്നു മഹാനവർകളുടെ ശ്രമം. അതിനുവേണ്ടി ആ കാലഘട്ടത്തിലെ വിശ്രുതരായ സൂഫീവര്യന്മാരെ മഹാനവർകൾ നിരന്തരം സന്ദർശിക്കാറുണ്ടായിരുന്നു. പുതിയാപ്പിള അബ്ദുറഹ്മാൻ മുസ്‌ലിയാർ, കക്കിടിപ്പുറം അബൂബക്കർ മുസ്‌ലിയാർ, ശൈഖ് ഹസൻ ഹസ്റത്ത്, മുത്തുക്കോയ തങ്ങൾ ബുഖാരി ചാവക്കാട്, ഹബീബ് കോയ തങ്ങൾ ചാവക്കാട് തുടങ്ങിയ പ്രശസ്തരായ സൂഫികളെല്ലാം മഹാനവർകളുടെ ആത്മീയ ശൈഖുമാരായിരുന്നു.

ആദർശ തീവ്രത

ആദർശ രംഗത്ത് വ്യത്യസ്ത സമീപനവും ശൈലിയുമാണ് മഹാനവർകൾ സ്വീകരിച്ചിരുന്നത്. 1998 അൽ ഇർഫാദ് മാസികയിലെ മുഖദർപ്പണത്തിൽ ‘ആദർശത്തിന്റെ തീപ്പന്തവുമായി അബ്ദുല്ല മുസ്‌ലിയാർ’ എന്ന തലക്കെട്ട് തന്നെ മഹാനവർകളുടെ ആദർശതീവ്രതയുടെ മകുടോദാഹരണമാണ്. സുന്നത്ത് ജമാഅത്ത് മഹാനവർകൾക്ക് ജീവനേക്കാൾ വലുതായിരുന്നു. വിവിധങ്ങളായ ആവശ്യങ്ങൾക്ക് വേണ്ടി മഹാനവർകളുടെ അടുക്കൽ വന്നിരുന്ന പണ്ഡിതരും പാമരരും പണക്കാരുമടങ്ങുന്ന സന്ദർശകവ്യൂഹത്തോട് മുഴുവനും അദ്ദേഹം സുന്നത്ത് ജമാഅത്തിനെ സംബന്ധിച്ച് വാതോരാതെ സംസാരിക്കുമായിരുന്നു. മുതഅല്ലിമായിരിക്കുമ്പോൾ തുടങ്ങിയ ഈ ബിദഈ വിരോധം മരണം വരെയും തുടർന്നു.

“ജമാഅത്തുൽ മുസ്തർശിദീൻ” എന്ന പേരിൽ വളാ

ഞ്ചേരിയിലായിരുന്നല്ലോ ജമാഅത്തെ ഇസ്‌ലാമിയുടെ കേരളോദയം. അന്ന് മഹാനവർകൾ കാട്ടിപ്പരുത്തിയിൽ മുതഅല്ലിമായിരുന്നു. അന്ന് തുടങ്ങിയതാണ് ജമാഅത്തെ ഇസ്‌ലാമിക്കെതിരായ അദ്ദേഹത്തിന്റെ ഉപരോധം. 'കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ' ഈ പേര് അദ്ദേഹത്തിന് അന്വർത്ഥമായിരുന്നു. കുറ്റിപ്പുറവും പരിസരപ്രദേശങ്ങളും ദീനി ദഅ്‌വത്തിന്റെ വിഷയത്തിൽ അബ്ദുല്ല മുസ്‌ലിയാരോട് കടപ്പെട്ടിരിക്കുന്നു. ഈ പ്രദേശങ്ങളിൽ തലപൊക്കുന്ന ബിദ്അത്ത് നാമ്പുകളെയൊന്നും അബ്ദുല്ല മുസ്‌ലിയാർ തകർക്കാതെ വിട്ടിട്ടില്ല. ജമാഅത്തും തബ്‌ലീഗും വഹാബിസവും വ്യാജ ത്വരീഖത്തും കള്ളശൈഖുമാരും പത്തിമടക്കിയ സംഭവങ്ങൾ ധാരാളമാണ്. കുറ്റിപ്പുറത്ത് അനൈക്യത്തിന്റെ വിത്തുമായി ഇറങ്ങിയ ഒരു വ്യാജ ശൈഖിനെ കെട്ടുകെട്ടിക്കാൻ അബ്ദുല്ല മുസ്‌ലിയാർ നടത്തിയ മുന്നേറ്റം കുറ്റിപ്പുറത്തുകാർ ഇന്നും ആവേശത്തോടെ ഓർക്കുന്നു. പ്രഭാഷണങ്ങളും ക്ലാസുകളും ലഘുലേഖകളും കൊണ്ട് പൊറുതിമുട്ടിയപ്പോൾ കുറുക്കുവഴിയിൽ സ്വർഗം നൽകാൻ വന്ന ശൈഖ് വളരെ വേഗം മുങ്ങിക്കളഞ്ഞു.

ചില സംഭവങ്ങൾ

പിലാത്തറയിൽ നടന്ന വഹാബി സമ്മേളനത്തിന്റെ പ്രചാരണാർത്ഥം കവലകൾ തോറും അവർ നടത്തിയിരുന്ന അഖണ്ഡ യജ്ഞത്തിന്റെ ഭാഗമായി കുറ്റിപ്പുറത്തും അവർ പ്രസംഗം സംഘടിപ്പിച്ചു. പ്രസംഗം കത്തികയറുന്നതിനിടയിൽ പ്രസംഗകൻ പറഞ്ഞു, 'നബിയുടെ മേലിൽ ഉറക്കെ സ്വലാത്ത് ചൊല്ലാൻ പാടില്ല. അങ്ങനെ ചെയ്യുന്നവർ ആരായാലും അവരെ ചെരുപ്പൂരി അടിക്കണം'. ഈ പ്രസംഗം ശ്രവിച്ച ചിലർ സംഭവം മഹാനവർകളെ അറിയിച്ചപ്പോൾ രോഷാകുലനായി അദ്ദേഹം പറഞ്ഞു "ആ പ്രസംഗം നടക്കുന്ന സമയത്ത് അവിടെ ആൺകുട്ടികളാരും ഉണ്ടായിരുന്നില്ലേ. എനിക്ക് ആരോഗ്യമുള്ള സമയത്താണ് അവനത് പ്രസംഗിച്ചതെങ്കിൽ ചെരുപ്പൂരി ഞാനവനെ അടിക്കുമായിരുന്നു".

പരപ്പനങ്ങാടി പനയത്തിൽ പള്ളിയിൽ മുദരിസായി

ജോലിചെയ്യുന്ന സമയം. പ്രസ്തുത മഹല്ലിലെ പ്രശസ്ത തറവാടായ നഹ കുടുംബത്തിൽ ഒരു വഹാബി മരിച്ചു. മയ്യിത്ത് പള്ളിയിലേക്കു കൊണ്ടുവന്നു. നിസ്‌കരിക്കാൻ ഉസ്താദിനെ കാണുന്നില്ല. കുട്ടികളും മുകളിൽ നിന്ന് ഇറങ്ങിയിട്ടില്ല. ഉസ്താദിനെ പല തവണ വിളിച്ചപ്പോൾ അദ്ദേഹം പറഞ്ഞു.
'വഹാബികളുടെ മയ്യിത്തിന് ഞാൻ നിസ്‌കരിക്കില്ല'.
'നിങ്ങളെ മന്ത്രി വിളിക്കുന്നു. നിസ്‌കരിക്കാൻ വരാൻ പറഞ്ഞു'.
(ആ മന്ത്രിയുടെ ജേഷ്ഠന്റേതായിരുന്നു പ്രസ്തുത മയ്യിത്ത്) ഉസ്താദ് പറഞ്ഞു. 'മന്ത്രിയല്ല, ആരു പറഞ്ഞാലും മുബ്തദി ഇന്റെ മേൽ ഞാൻ മയ്യിത്ത് നിസ്‌കരിക്കില്ല. നിങ്ങൾക്ക് വേണമെങ്കിൽ നിസ്‌കരിക്കാം'.

തന്റെ വീട്ടിൽ കല്യാണം പറയാൻ വരുന്നവരോട് പുത്തൻവാദികളെ കല്യാണത്തിനു ക്ഷണിക്കരുതെന്ന് പ്രത്യേകം ഉപദേശിക്കാറുണ്ടായിരുന്നു. ഒരിക്കൽ തന്റെ കുടുംബത്തിൽപ്പെട്ട ഒരു വ്യക്തി കല്യാണം പറയാൻ വന്നു. പതിവുപോലെ അദ്ദേഹം വഹാബികളോട് കല്യാണം പറയരുതെന്ന് ഉപദേശിച്ചു.
അദ്ദേഹം പറഞ്ഞു:
'ഞാൻ ആരെയും വെറുപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല. എല്ലാവരോടും കല്യാണം പറഞ്ഞിട്ടുണ്ട്'.
മഹാനവർകൾ പറഞ്ഞു:
'എങ്കിൽ ഇവിടെ നിന്നാരും നിന്റെ കല്യാണത്തിനു വരികയില്ല. ഇത്തരം പരിപാടികൾ പറയാനും ക്ഷണിക്കാനും മേലിൽ ഇങ്ങോട്ടു വരികയും ചെയ്യരുത്'.
തുടർന്ന് ഒരു മണിക്കുറോളം സുന്നത്ത് ജമാഅത്തിന്റെ ആശയങ്ങളെ ബോധ്യപ്പെടുത്തുന്ന രൂപത്തിൽ ആ വ്യക്തിയെ ഗുണദോഷിച്ചു. അവസാനം അയാൾ പരിപാടിയുടെ വിജയത്തിനും ബറക്കത്തിനും വേണ്ടി ദുആ ചെയ്യണമെന്ന് പറഞ്ഞപ്പോൾ മഹാനവർകൾ പറഞ്ഞു:
'പുത്തനാശയക്കാർ പങ്കെടുക്കുന്ന പരിപാടിയിൽ ബറക്ക

ത്തുണ്ടാവുകയില്ല. അവിടെ അല്ലാഹുവിന്റെ ശാപമാണ് ഇറങ്ങുക. അതുകൊണ്ട് മനസ്സിനിഷ്ടമില്ലാതെ വാക്കു കൊണ്ട് ദുആ ചെയ്യാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല'.

മഹല്ല് സംസ്കരണം

കുറ്റിപ്പുറം മഹല്ല് സംഘടനയായ നജാതുൽ ഇസ്‌ലാം സഭയുടെ അദ്ധ്യക്ഷനും മഹല്ല് ഖാളിയുമായിരുന്നു അബ്ദുല്ല മുസ്‌ലിയാർ. തന്റെ നാടിന് ധാർമികമായ അപജയം വന്നു പെടാതിരിക്കാൻ അതീവ ശ്രദ്ധാലുവായിരുന്നു മഹാനവർ കൾ. നാടിന്റെ ഓരോ സ്പന്ദനവും അദ്ദേഹം അന്വേഷിച്ചറി ഞ്ഞ് അപ്പോൾ തന്നെ പ്രതികരിക്കുമായിരുന്നു. മഹല്ലിന്റെ ഏതെങ്കിലും ഒരു മൂലയിൽ അനാചാരത്തിന്റെയോ അധാർ മികതയുടെയോ നാമ്പ് മുളപൊട്ടിയാൽ മഹല്ലിൽ വ്യാപക മായി പഠന ക്ലാസുകളും പ്രഭാഷണങ്ങളും നടത്തി പ്രശ്ന ങ്ങളുടെ ഇസ്‌ലാമിക വീക്ഷണം വിശദീകരിക്കുകയും അതു മുളയിൽ തന്നെ നുള്ളിക്കളയുകയും ചെയ്യുമായിരുന്നു. മഹല്ലിൽ തലപൊക്കുന്ന അനാചാരങ്ങളെയും അദ്ദേഹം നിശിതമായി വിമർശിക്കുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്തു. വിവാഹങ്ങളിലും മറ്റും വ്യാപകമായി നടക്കുന്ന വീഡിയോ റെക്കോർഡിംഗ്, കലാപരിപാടികൾ തുടങ്ങിയ അനാചാരങ്ങളും ധൂർത്തുകളും തന്റെ മഹല്ലിൽ നിരോധിച്ചിരുന്നു. തന്നെ സന്ദർശിക്കാൻ വരുന്ന മഹല്ലുകളുടെ ചുക്കാൻ പിടിക്കുന്ന ഖത്വീബുമാരോടും മുദരിസുമാരോടും മറ്റും ഇതിനെതിരിൽ ശബ്ദിക്കാൻ നിരന്തരം പ്രോത്സാഹിപ്പിക്കുകയും വേണ്ട ഏർപ്പാടുകൾ ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുമായിരുന്നു.

മഹല്ലിലെ ദീനീ വിരുദ്ധ കാര്യങ്ങളെക്കുറിച്ച് പണ്ഡിതന്മാർ ശബ്ദിച്ചാൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ സാധിക്കും. ജനങ്ങൾ നമ്മയെ അനുസരിക്കും. പക്ഷെ പറയാ ൻ ആളില്ല. എല്ലാവർക്കും വലിയ തിരക്കാണ്. ജനങ്ങൾ ക്കിടയിൽ വ്യാപിക്കുന്ന തിന്മയും ബിദ്അത്തും തടയാൻ ആർക്കും നേരമില്ല. നമ്മുടെ പ്രസംഗങ്ങൾക്ക് പുറമെ പ്രവർത്തനവും ഇത്തരം തിന്മകൾക്കെതിരെ കാര്യമായി

ഉണ്ടാകണം. സാധാരണ ജനങ്ങൾ മത മൂല്യങ്ങളിൽ നിന്ന് വ്യതിചലിക്കുന്നത് തടയാൻ ശ്രമം വേണം. സാമൂഹിക തിന്മകൾ വ്യാപിക്കുന്നത് ഇല്ലാതാക്കണം. ജനങ്ങൾക്ക് ആത്മസംസ്ക്കരണം ലഭിക്കണം. വ്യക്തി വിശുദ്ധികൊണ്ടു മാത്രമേ നല്ല സമൂഹം ഉണ്ടാവുകയുള്ളൂ. പണ്ഡിതന്മാർ പ്രയാസങ്ങൾ സഹിക്കാൻ തയ്യാറാകണം. പക്ഷെ ഇന്ന് ആരും അതിനൊരുക്കമല്ല. എല്ലാവർക്കും സൗകര്യങ്ങളാണ് വേണ്ടത്. പഠിക്കുന്ന കുട്ടികൾ തന്നെ സൗകര്യങ്ങൾ കൂടുതൽ നോക്കിയാണ് മതപഠന രംഗത്തേക്ക് പ്രവേശിക്കുന്നത്. ത്യാഗം സഹിക്കാൻ ചെറുപ്പത്തിലെ ശീലിക്കേണ്ടതാണ്. ഇരുപത് വർഷം കഷ്ടപ്പാടുകൾ സഹിച്ച് ഓതിപ്പഠിച്ച മഹാനവർകൾ തന്റെ മുമ്പിലെത്തുന്ന പണ്ഡിതരോട് പറഞ്ഞിരുന്ന ഉപദേശങ്ങളാണിത്.

അനാചാരങ്ങൾക്കെതിരെ കടുത്ത തീരുമാനങ്ങൾ എടുത്തിരുന്ന മഹാനവർകൾ മഹല്ലിലെ മുബ്തദിഉകളെ എല്ലാനിലക്കും ഒറ്റപ്പെടുത്തിയിരുന്നു. മുബ്തദിഉകൾ മരണപ്പെട്ടാൽ മഹല്ലിന്റെ മയ്യിത്ത് കട്ടിൽ കൊടുക്കില്ല. പള്ളിയിലെ മുഅദ്ദിൻ, മുദരിസ് തുടങ്ങിയ ജീവനക്കാർ പങ്കെടുക്കില്ല, മഹല്ല് ജീവനക്കാരൻ ഖബറ് കുഴിക്കില്ല തുടങ്ങിയ തീരുമാനങ്ങൾ ബിദഇകൾക്കെതിരെ സ്വീകരിക്കുകയും അവ നടപ്പിലാക്കുകയും ചെയ്തിരുന്നു. വഹാബികൾ പങ്കെടുക്കുന്ന സുന്നികളുടെ കല്യാണത്തിനു പോകരുതെന്നും, അവർ പങ്കെടുക്കുന്നത് കണ്ടാൽ ഉടനെ ഇറങ്ങിപ്പോരണമെന്നും മക്കളെ ഉപദേശിച്ചു. പിതാവിന്റെ ഈ വാക്കുകൾ ശിരസാവഹിക്കാൻ വേണ്ടി പല കല്യാണ സദസ്സുകളിൽ നിന്നും ഇറങ്ങിപ്പോരേണ്ടി വന്നിട്ടുണ്ടെന്നും മകൻ റശീദ് ബാഖവി പറയുകയുണ്ടായി.

ഫോട്ടോ സമ്പ്രദായം

ജീവിതത്തിലൊരിക്കലും മനഃപൂർവ്വം ഫേട്ടോ എടുക്കാൻ വേണ്ടി ക്യാമറക്ക് മുമ്പിൽ പോസ് ചെയ്തിട്ടില്ല. പരിശുദ്ധ ഹജ്ജ് കർമാവശ്യാർത്ഥം പാസ്പോർട്ടിന് വേണ്ടി മാത്രം ഫോട്ടോ എടുത്തിട്ടുണ്ട്. വ്യാപകമായ ഫോട്ടോ സമ്പ്രദാ

യത്തെ ശക്തിയായി എതിർത്തിരുന്ന അബ്ദുല്ല മുസ്‌ലിയാർ വർഷങ്ങൾക്ക് മുമ്പ് ഫോട്ടോ എടുക്കാൻ വേണ്ടി വന്ന ഒരാളുടെ മുമ്പിൽ നിന്ന് ഒഴിഞ്ഞുമാറി കതകടച്ച് ഉള്ളിലിരുന്ന സംഭവം അദ്ദേഹത്തിന്റെ ആദർശ പ്രതിബദ്ധതയാണ് വ്യക്തമാകുന്നത്.

മാസപ്പിറവി

പരിശുദ്ധമായ റമളാൻ, ശവ്വാൽ മറ്റു പുണ്യദിവസങ്ങളിലെല്ലാം കുറ്റിപ്പുറം ഖാളിക്ക് മാസമുറപ്പിക്കാൻ റേഡിയോ സംവിധാനമോ, ടെലിഫോൺ കോളോ സ്വീകാര്യമായിരുന്നില്ല. എവിടെയാണോ മാസം കണ്ടത് ആ സ്ഥലത്തേക്ക് തന്റെ മക്കളെയും മഹല്ല് കമ്മിറ്റിക്കാരെയും പ്രതിനിധികളാക്കി അയച്ച് മാസം കണ്ടവരിൽ നിന്ന് നേരിട്ട് സാക്ഷ്യം സ്വീകരിച്ച് പരിപൂർണ്ണമായി ബോധ്യം വന്നതിന് ശേഷമേ മഹാനവർകൾ പ്രഖ്യാപിക്കുമായിരുന്നുള്ളൂ. ഒരിക്കൽ ഒരു വിധി പ്രഖ്യാപിച്ചാൽ ആരെതിർത്താലും അതിൽ നിന്ന് പിന്മാറുന്ന സ്വഭാവക്കാരനുമായിരുന്നില്ല അദ്ദേഹം.

1997ലെ ഒരു ചെറിയ പെരുന്നാളിന് കൂട്ടായി, കുറ്റിപ്പുറം, താനൂർ എന്നിവിടങ്ങളിലെ ഖാളിമാർ ശവ്വാൽ മാസമുറപ്പിക്കുകയും ചില 'വലിയ' ഖാളിമാർ മാസമുറപ്പിക്കാതിരിക്കുകയും ചെയ്തപ്പോൾ അതൊരു സംസാര വിഷയമായി. ചില സ്ഥലങ്ങളിൽ പെരുന്നാൾ ആഘോഷിക്കുമ്പോൾ മറ്റ് ചില സ്ഥലങ്ങളിൽ റമളാൻ വ്രതവുമായി കഴിഞ്ഞ് കൂടുന്ന അവസ്ഥ. കുറ്റിപ്പുറം മഹല്ലിലും പ്രസ്തുത ദിവസം പെരുന്നാൾ ആഘോഷിച്ചു. ചെറിയ പെരുന്നാൾ ആഘോഷിച്ചതിനനുസൃതമായി അബ്ദുല്ല മുസ്‌ലിയാർ വലിയ പെരുന്നാളിനും ദിവസം ഉറപ്പിച്ചു. ഈ സമയം മഹല്ല് പ്രതിനിധികൾ ഖാളിയെ സമീപിച്ച് നമ്മൾ ചില മഹല്ലുകളിൽ മാത്രം പെരുന്നാൾ ആഘോഷിച്ചത് ശരിയല്ലല്ലോ. നമ്മളും മറ്റ് ഖാളിമാരുടെ കൂടെ കൂടുന്നതല്ലേ നല്ലത് എന്നു പറഞ്ഞ് തീരുമാനത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ ശ്രമിച്ചു. അബ്ദുല്ല മുസ്‌ലിയാർ പറഞ്ഞു. 'ശവ്വാലിൽ നിങ്ങൾ എട്ടു പത്ത് പേർ വന്നിട്ടല്ലേ എന്റെ അടുക്കൽ സാക്ഷി നിന്നത്. അതടിസ്ഥാന

ത്തിലാണല്ലോ ഞാൻ ശവ്വാൽ മാസമുറപ്പിച്ചതും. അതേ കണക്കനുസരിച്ചാണ് ഇപ്പോഴും ഞാൻ മാസമുറപ്പിച്ചിരിക്കുന്നത്. എനിക്കെന്റെ തീരുമാനത്തിൽ മാറ്റം വരുത്താൻ സാധിക്കില്ല. ആര് പെരുന്നാൾ കഴിച്ചാലും ഇല്ലെങ്കിലും എന്റെ വീട്ടിൽ ഞാൻ പെരുന്നാൾ കഴിക്കും'. ആദർശ ബോധത്തിന്റെ ഇടറാത്ത ശബ്ദം തന്നെയായിരുന്നു മഹാനവർകളുടേത്.

വ്യാജ ശൈഖുകൾക്കെതിരെ

പാവപ്പെട്ട വിശ്വാസിയുടെ ഈമാൻ പോക്കറ്റടിക്കാൻ ആധുനിക തട്ടിപ്പുകാർ കണ്ടെത്തിയ പുതിയ മാർഗമാണല്ലോ ശൈഖു ചമയൽ. ഇസ്‌ലാമുമായി വൈജ്ഞാനിക ബന്ധമില്ലാത്ത പലരും ശൈഖ് വേലയുമായി രംഗപ്രവേശനം നടത്തിയിട്ടുണ്ട്. പുലാമന്തോൾ ശൈഖ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന വള്ളിമാട്കുന്നിലെ ഇറച്ചി കച്ചവടക്കാരനായ മുഹമ്മദ് കോയ ഇതിലെ മുഖ്യ കഥാപാത്രമായിരുന്നു. കുറച്ച് കാലം മക്കയിൽ പോയി താമസിച്ച് ഒരു സുപ്രഭാതത്തിൽ വലിയ ശൈഖായി ചമഞ്ഞ് പുലാമന്തോളിൽ പരസ്ത്രീകളുടെ ഉഴിച്ചിലും പിഴിച്ചിലുമായി കഴിഞ്ഞു കൂടുകയായിരുന്നു. തന്റെ അടുക്കൽ ചികിത്സക്കും മറ്റും വരുന്നവരുടെ വീടുകളിൽ ദിക്റിന്റേയും സ്വലാത്തിന്റേയും മജ്‌ലിസുകൾ സംഘടിപ്പിക്കുകയും വീട്ടുകാർ പല ഉന്നത ആലിമീങ്ങളേയും സാദാത്തീങ്ങളേയും ദിക്റിലേക്ക് ക്ഷണിക്കുകയും പ്രസ്തുത ആലിമീങ്ങളുടെ മറവിൽ വ്യാജൻ നിർലോഭം വിലസുകയും ചെയ്യുന്നതിനിടയിൽ കുറ്റിപ്പുറത്തുകാരിൽ ചിലരും അദ്ദേഹവുമായി ബന്ധപ്പെടാനിടയായി. ഒരിക്കൽ കുറ്റിപ്പുറത്തെ ഒരാളുടെ വീട്ടിൽ വന്നു. വീട്ടിലെയും പരിസര വീടുകളിലെയും പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനിടയിൽ ഒരു വീട്ടിൽ ഏർവാടിയുമായി ബന്ധമുള്ള എഴുന്നൂറു വർഷം പഴക്കമുള്ള ശുഹദാക്കളുടെ മഖ്ബറകളുണ്ടെന്നും അതു മുഴുവൻ കെട്ടിപ്പൊക്കി കൊടി നാട്ടുകയും നേർച്ചകഴിക്കുകയും വേണമെന്നും അയാൾ നിർദ്ദേശിച്ചു. പാമരരായ സാധാരണക്കാർ എന്തും വിശ്വസിക്കുമെന്നതിന്റെ അടിസ്ഥാനത്തിൽ, തനിക്ക് ഈ

വിവരം ലഭിച്ചത് വഹ്യ് മൂലമാണെന്നു തട്ടിവിടാനും കോയ മടിച്ചില്ല. പ്രശ്നം ഉസ്താദിന്റെ ചെവിയിലുമെത്തി. ഖാളി കൂടിയായ അബ്ദുല്ല മുസ്‌ലിയാർ ശൈഖിനെതിരെ നോട്ടീസുകളും ലഘുലേഖകളും ഇറക്കി. അദ്ദേഹത്തിന്റെ തട്ടിപ്പ് സാധാരണക്കാരെ ശരിക്കും ബോധ്യപ്പെടുത്തി. ഇതിന്റെ പേരിൽ ഖാളിക്കും കമ്മിറ്റിക്കുമെതിരെ കോടതിയിൽ കേസ് ഫയൽ ചെയ്യലുമുണ്ടായി. എതിർപ്പുകൾ കൂരമ്പുകൾ പോലെ പല ഭാഗത്തുനിന്നും വന്നു. എല്ലാം മനക്കരുത്തോടെ നേരിട്ടു. വ്യാജനെതിരെ ശക്തമായ രീതിയിൽ ആഞ്ഞടിച്ചു. ഒടുവിൽ വ്യാജനും സംഘവും പത്തിമടക്കി.

ഹിമ്മത്ത്: ഒരു ഉദാഹരണം

സങ്കീർണ്ണമായ പ്രശ്നങ്ങൾക്കെതിരെ സധൈര്യം ഉറച്ചു നിൽക്കുകയും അവ മനക്കരുത്തോടെ നേരിടുകയും ചെയ്യുക എന്നത് അദ്ദേഹത്തിന്റെ സവിശേഷ പ്രകൃതമായിരുന്നു. മാരകമായ കാൻസർ പിടിപെട്ട് ശക്തമായ വേദനയുമായി കഴിയുമ്പോഴും അദ്ദേഹം ക്ഷമ കൈവെടിഞ്ഞില്ല. വാക്കിലോ പ്രവൃത്തിയിലോ പൊറുതികേടു പോലും കാണിച്ചില്ല. കടുത്ത വേദന മൂലം വിഷമിച്ചിരിക്കുന്ന സമയത്ത് പോലും തന്റെ മുമ്പിലെത്തുന്ന സ്നേഹഭാജനങ്ങളെ അയ്യൂബ് നബി(അ)യുടെയും മറ്റും ചരിത്രങ്ങൾ പറഞ്ഞ് സമാധാനിപ്പിക്കും. എന്തും വ്യക്തമായ തെളിവിന്റെ അടിസ്ഥാനത്തിൽ മാത്രം സ്വീകരിക്കുന്ന മഹാനവർകൾക്ക് തന്റെ ചികിത്സപോലും അത്തരത്തിലായിരുന്നു. ഏതെങ്കിലും ഡോക്ടറെയോ മുറിവൈദ്യനെയോ സമീപിക്കുകയോ എന്തെങ്കിലും മരുന്നോ മറ്റോ കഴിക്കുകയോ ചെയ്യുമായിരുന്നില്ല. താൻ ചികിത്സിക്കാനുദ്ദേശിക്കുന്ന ഡോക്ടറെ സംബന്ധിച്ച് പരിപൂർണ്ണമായും ചോദിച്ചറിഞ്ഞ് ബോധ്യപ്പെട്ടതിനു ശേഷമേ ചികിത്സക്കു വിധേയനായിരുന്നുള്ളൂ.

ഒരിക്കൽ വളാഞ്ചേരി ഹോസ്പിറ്റലിൽ ചികിത്സയിൽ കഴിയുന്ന സന്ദർഭത്തിൽ തന്റെ വായയിലുണ്ടായ മുറിവിലൂടെ വളരെയധികം രക്തം പുറത്തു പോവുകയും ക്ഷീണം വർധിക്കുകയും ചെയ്തപ്പോൾ ചികിത്സിച്ചിരുന്ന ഡോക്ടർ

പറഞ്ഞു:
'രക്തം കുത്തിവെക്കണം'.
'ളറൂരിയ്യ്'(അനിവാര്യം) ആണെങ്കിൽ കയറ്റാം. അല്ലെങ്കിൽ വേണ്ട'. ഉസ്താദു പറഞ്ഞു.
'ളറൂരി'യ്യെന്ന പദം ഡോക്ടർമാർക്ക് മനസ്സിലാവാത്തതിനാൽ കൂടെയുണ്ടായിരുന്ന മക്കളോട് ഡോക്ടർ ചോദിച്ചു.
'എന്താണ് പറഞ്ഞത്?'
'രക്തം നജസല്ലേ, നിർബന്ധ സാഹചര്യമാണെങ്കിൽ മാത്രം കയറ്റിയാൽ മതിയെന്നാണ് ബാപ്പ പറയുന്നത്' മക്കൾ വിശദീകരിച്ചു.
അപ്പോൾ ഡോക്ടർ പറഞ്ഞു:
'അത്ര നിർബന്ധ സാഹചര്യം എത്തിയിട്ടില്ല'. ഇതായിരുന്നു മഹാനവർകളുടെ സൂക്ഷ്മത.

ജീവിത്തിൽ ശറഇന് വിരുദ്ധമായ കാര്യങ്ങൾ ചെയ്യുന്ന വ്യക്തിയെ അത്ഭുത സിദ്ധികളുടെ പേരിൽ ജനങ്ങൾ മഹാത്മാവായി വാഴ്ത്തിയാലും കുറ്റിപ്പുറം ഉസ്താദ് അംഗീകരിച്ചിരുന്നില്ല. ഒരു ദിവസം തന്റെ വായയിലെ മാരക മുറിവിൽ നിന്നുണ്ടായ വേദന കാരണം മഹാനവർകൾ വിഷമിക്കുന്നതു കണ്ടപ്പോൾ പ്രയാസം തോന്നിയ വീട്ടുകാർ ഈ ഗണത്തിൽപ്പെട്ട ഒരു ശൈഖിന്റെ പേരിൽ ഫാതിഹ ഓതി ഹദ്‌യ ചെയ്യാൻ പറഞ്ഞു. ഇതു കേട്ടപ്പോൾ തന്റെ എല്ലാ വേദനകളും മറന്ന് അദ്ദേഹം പൊട്ടിത്തെറിച്ചു. 'എന്താണ് നിങ്ങൾ പറയുന്നത്? എന്റെ ഈമാൻ തെറ്റിക്കാനാണോ ശ്രമിക്കുന്നത്. എത്ര വലിയ മഹാന്മാരും ഔലിയാക്കളുമായിരുന്നു സ്വഹാബാക്കളും മദ്ഹബിന്റെ ഇമാമീങ്ങളുമെല്ലാം. അവർക്കൊന്നുമില്ലാത്ത ഒരു പ്രത്യേക ഹാല്(അവസ്ഥ) ഇവർക്കെവിടുന്ന് കിട്ടി. അതും ഭൗതിക കാര്യങ്ങളിലൊന്നുമില്ല വെറും ദീനി കാര്യങ്ങളിൽ മാത്രം. എന്റെ വിശ്വാസം നഷ്ടപ്പെടുത്താതെ പോകുന്നതാണ് നിങ്ങൾക്കു നല്ലത്'. മഹാനവർകൾ പറഞ്ഞു. ഇതായിരുന്നു അദ്ദേഹത്തിന്റെ ഹിമ്മത്തും ആദർശ തീവ്രതയും. ഏത് പ്രതിസന്ധി ഘട്ടത്തിലും താൻ കണ്ടെത്തിയ സത്യത്തിൽ നിന്ന്

ഒരിക്കലും വ്യതിചലിക്കുമായിരുന്നില്ല.

മയ്യിത്ത് പൊതുദർശനത്തിനെതിരെ

മയ്യിത്ത് പൊതു ദർശനത്തിനു വെക്കുന്ന സമ്പ്രദായം അദ്ദേഹം കർശനമായി എതിർത്തിരുന്നു. തിരുനബി(സ) യുടെ ജനാസ പോലും സിദ്ദീഖ്(റ), ഉമർ(റ), മുഖൈറത്ത് ബുനു ശുഅ്ബ(റ) തുടങ്ങി അംഗുലീപരിമിതരായ സ്വഹാബികൾ മാത്രമേ കണ്ടിട്ടുള്ളൂ. പഴയ കാലങ്ങളിൽ വളരെ അടുത്ത ആളുകൾ മാത്രമേ മയ്യിത്തിന്റെ മുഖം കാണുമായിരുന്നുള്ളൂ. ഇന്ന് അതും ഒരു ആചാരമായി മാറിയിരിക്കുകയാണ്. രാഷ്ട്രീയക്കാരിൽ നിന്ന് കടമെടുത്താണ് ഈ ആചാരം ജനങ്ങൾക്കിടയിൽ ഉടലെടുത്തിരിക്കുന്നത്. ഉസ്താദ് വഫാത്തായ ശേഷം തന്റെ ഭാര്യയോട് പ്രത്യേകം വല്ലതും പറഞ്ഞിട്ടുണ്ടോ എന്ന് അന്വേഷിച്ചപ്പോൾ അവർ പറഞ്ഞത് 'പ്രത്യേകം ഒന്നും പറഞ്ഞിട്ടില്ല. തന്റെ മയ്യിത്ത് പൊതു ദർശനത്തിന് വെക്കരുത്' എന്നു പറഞ്ഞിട്ടുണ്ട്.

ജീവിതത്തിൽ പുത്തനാശയക്കാരോട് വളരെ ഈർഷ്യത പുലർത്തിയിരുന്ന മഹാനവർകളുടെ ജനാസ പോലും ദർശിക്കാൻ അവർക്ക് അവസരം നൽകിയിരുന്നില്ല. അദ്ദേഹം രോഗിയായി ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന സമയത്ത് ഏതെങ്കിലും വഹാബികൾ റൂമിൽ പ്രവേശിച്ചതറിഞ്ഞാലുടൻ കൈകൊണ്ട് പുറത്ത് പോകാൻ ആംഗ്യം കാണിക്കുമായിരുന്നു. തന്റെ മക്കളും ഇക്കാര്യം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഒരിക്കൽ വഹാബികൾ റൂമിൽ കയറിയപ്പോൾ ഉടനെത്തന്നെ വളരെ കർശനമായ രീതിയിൽ അവരോട് പുറത്ത് പോകാൻ പറയുകയും ചെയ്തു.

അമുസ്ലിംകളോടെല്ലാം നല്ല ബന്ധം തന്നെയാണ് അബ്ദുല്ല മുസ്ലിയാർ പുലർത്തിയിരുന്നത്. മതകാര്യങ്ങളിൽ മാത്രമാണ് അദ്ദേഹം കണിശത കാണിച്ചിരുന്നത്. ജനാസ കാണാൻ വന്ന അമുസ്ലിംകളെല്ലാം ജനലിലൂടെ അദ്ദേഹത്തെ നോക്കികണ്ടു. അബ്ദുല്ല മുസ്ലിയാരെ വളരെയധികം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്ന കച്ചവടക്കാരനായ സേതുമാധവൻ നായർ മഹാനവർകളുടെ

ജനാസ കിടത്തിയിരുന്ന റൂമിന്റെ വാതിൽക്കൽ വന്ന് വളരെ ഭവ്യതയോടെ നിന്നു. ശേഷം നായർ പറഞ്ഞു:
'എനിക്കറിയാം ഞാൻ വന്ന് കാണുന്നത് ബാപ്പക്ക് ഇഷ്ടപ്പെടില്ലെന്ന്. എനിക്കദ്ദേഹത്തെ ശരിക്കറിയാം. മതാചാര പ്രകാരമുള്ള കാര്യങ്ങൾ നടക്കുന്നതിനാൽ ഞാൻ അങ്ങോട്ട് കയറാൻ ഉദ്ദേശിച്ചിട്ടില്ല'. ഇങ്ങനെയായിരുന്നു ഇതര സമുദായക്കാർ പോലും അദ്ദേഹത്തെ സംബന്ധിച്ച് മനസ്സിലാക്കിയിരുന്നത്.

പലിശക്കെതിരെ

പലിശ ഹലാലാണെന്ന സ്വരത്തിൽ സമുദായത്തിലെ ഒരുന്നത പണ്ഡിതൻ പ്രസ്താവനകളും ലേഖനങ്ങളുമായി രംഗത്ത് വന്നപ്പോൾ അതിനെതിരെ ശക്തമായ നിലപാടാണ് മഹാനവർകൾ സ്വീകരിച്ചത്. പേരോട് സഖാഫി എഴുതിയ 'പലിശക്കെതിരെ'എന്ന പുസ്തകത്തിൽ കുറേ ഉദ്ധരണികളും മഹാനവർകൾ എഴുതിച്ചേർത്തു. ഇതറിഞ്ഞ ടിയാൻ പേരോട് സഖാഫി ഒ.കെ. ഉസ്താദിനെയും കുറ്റിപ്പുറം ഉസ്താദിനെയും തെറ്റിദ്ധരിപ്പിക്കുകയായിരുന്നുവെന്ന് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: 'ഞാൻ പരിപൂർണമായും അതു വായിച്ച് മനസ്സിലാക്കിയ ശേഷമാണ് അവതാരിക എഴുതിക്കൊടുത്തത്'. ഇഹ്‌യാഉസ്സുന്നയിൽ നിന്ന് തന്റെയടുക്കൽ വരുന്ന വിദ്യാർത്ഥികളോട് ഒ.കെ. ഉസ്താദിനോട് അതിനെതിരെ പറയാൻ ഉണർത്തണമെന്നും പറയുമായിരുന്നു.

മാപ്പിളപ്പൂരം

മഹാന്മാരും, ഔലിയാക്കളും അന്ത്യവിശ്രമം കൊള്ളുന്ന മഖ്ബറകളിൽ നടക്കുന്ന നേർച്ചകളുടെ പേരിലുള്ള അനാചാരങ്ങളെ കുറ്റിപ്പുറം ഉസ്താദ് ശക്തമായി എതിർത്തിരുന്നു. പുതിയങ്ങാടിയിൽ നേർച്ചയോടനുബന്ധിച്ച് അരങ്ങേറിയിരുന്ന അനാചാരങ്ങൾ നിർത്തലാക്കിയതിൽ മുഖ്യ പങ്ക് അദ്ദേഹത്തിനുണ്ട്. നേർച്ച കഴിഞ്ഞതിനു ശേഷം ഒരു വഅള് സംഘടിപ്പിക്കാറുണ്ട്. ഒരിക്കൽ പ്രസംഗകൻ കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാരായിരുന്നു.

അദ്ദേഹം നേർച്ചയുടെ പേരിൽ നടക്കുന്ന പേക്കൂത്തുകളെ ശക്തിയായി വിമർശിച്ചു. അവസാനം കമ്മറ്റിക്കാർ നേർച്ചക്കെതിരെ പ്രസംഗിക്കരുതെന്ന് വരെ പറഞ്ഞു. 'തെറ്റുകൾ കണ്ടാൽ ഞാൻ പറയും. അതിന് പറ്റില്ലെങ്കിൽ നിങ്ങളെന്നെ ക്ഷണിക്കേണ്ടാ'. ഒരിക്കൽ പുതിയങ്ങാടിക്കാർ ഏതോ ഒരു വിവരദോഷി ഇറക്കിയ ലഘുലേഖനവുമായി കുറ്റിപ്പുറത്തിന്റെ അടുക്കൽ വന്നു. നേർച്ചയുടെ പേരിൽ നടക്കുന്ന പേക്കൂത്തുകൾക്ക് അംഗീകാരം നൽകുന്നതായിരുന്നു പ്രസ്തുത നോട്ടീസിലെ ഉള്ളടക്കം. മഹാനവർകൾ അവർക്ക് അതിന്റെ യഥാർത്ഥ വശം വിശദീകരിച്ചു കൊടുത്തു. അതിനു ശേഷം നേർച്ചയിലെ അനാചാരങ്ങൾക്ക് വിരാമമായി. കഴുത്തല്ലൂർ ഉറൂസിൽ നിന്നും അനാചാരങ്ങൾ ഒഴിവാക്കി. അതിനെ ഇസ്ലാമിക രൂപത്തിലാക്കിയതിലും നല്ലൊരു പങ്ക് അബ്ദുല്ല മുസ്‌ലിയാരുടേതായിരുന്നു.

ഒരിക്കൽ തിരൂരിനടുത്ത് നടുവിലങ്ങാടിയിലെ വഅള് പരിപാടിയിൽ അബ്ദുള്ള മുസ്‌ലിയാർ പ്രസംഗിച്ചു. ആനുകാലിക സംഭവങ്ങളും വിഷയങ്ങളും ചർച്ച ചെയ്യുന്നതിനിടയിൽ അന്നത്തെ ഒരു പ്രമുഖ മുസ്‌ലിം രാഷ്ട്രീയ നേതാവ് പാശ്ചാത്യൻ രാജ്യങ്ങൾ സന്ദർശിച്ചപ്പോൾ നിശാ ക്ലബ് സന്ദർശിച്ച വിവരം പത്രത്തിലുണ്ടെന്ന് ഉദ്ധരിച്ച് അതിനെതിരിൽ പ്രസംഗിച്ചു. സംഘടനക്കാർ ഇടപെട്ടു: 'ഞങ്ങൾ സംഘടിപ്പിച്ച വഅളിൽ ഞങ്ങളുടെ നേതാവിനെ വിമർശിക്കുന്നു. ഞങ്ങൾക്കത് സഹിക്കാൻ കഴിയുന്നില്ല. അതിനാൽ ഈ വിമർശനം നിർത്തണം'. മഹാനവർകൾ പറഞ്ഞു: 'ഇല്ല, തെറ്റുകൾ ആരിലായാലും ചൂണ്ടിക്കാണിക്കും. നിങ്ങൾക്ക് പറ്റില്ലെങ്കിൽ എന്നെ ക്ഷണിക്കേണ്ടാ'.

തറപ്രസംഗം

ജുമുഅയുടെ മുമ്പുള്ള മലയാള പ്രസംഗവും അദ്ദേഹത്തിന് അരോചകമായിരുന്നു. 'സലഫു സ്വാലിഹീങ്ങളെയാണ് നാം മാതൃകയാക്കേണ്ടത്. അവരാരും ചെയ്യാത്ത ഈ പരിപാടി തനിച്ച ബിദ്അത്താണ്. നിരുത്സാഹപ്പെടുത്തേണ്ടതുമാകുന്നു'വെന്ന് മഹാനവർകൾ തറപ്പിച്ചു പറയുമാ

യിരുന്നു.

തിരൂരുമായി അഭേദ്യമായ ബന്ധമുള്ള അദ്ദേഹം ഒരിക്കൽ ജുമുഅക്ക് തിരൂർ താഴെപാലം പള്ളിയിൽ സംബന്ധിച്ചു. അറിയപ്പെട്ടൊരു പണ്ഡിതനായിരുന്നു ഖത്വീബ്. എല്ലാ വെള്ളിയാഴ്ച്ചയും ജുമുഅക്കു മുമ്പ് അദ്ദേഹം പ്രസംഗിക്കും 'കുറ്റിപ്പുറത്തെ' കണ്ട ഉടനെ അദ്ദേഹം പറഞ്ഞു: ഇന്നു ജുമുഅക്കു മുമ്പ് ഞാൻ സംസാരിക്കുന്നില്ല. ഇൻശാഅല്ലാഹ് ജുമുഅക്കു ശേഷം കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ നിങ്ങളോടു സംസാരിക്കുന്നതായിരിക്കും. പറഞ്ഞതുപോലെ ജുമുഅക്കു ശേഷം അബ്ദുല്ല മുസ്‌ലിയാർ പ്രസംഗം ആരംഭിച്ചു. ജുമുഅക്കു മുമ്പുള്ള തറ പ്രസംഗത്തിനെതിരെയായിരുന്നു അന്നത്തെ പ്രസംഗം.

ഫത്‌വകൾ

ശ്രദ്ധേയമായ ഫത്‌വകൾ നൽകിയിട്ടില്ലെങ്കിലും പല പ്രശ്നങ്ങളിലും മസ്‌ലഹത്തിനു വേണ്ടി ശ്രമിച്ചിട്ടുണ്ട്. കഴുത്തല്ലൂർ പ്രശ്നം ഒരു ഉദാഹരണം. സുപ്രസിദ്ധ സൂഫീവര്യൻ അച്ചിപ്ര തങ്ങളുടെ ജാറത്തിലെ വരുമാനത്തെ സംബന്ധിച്ച് ശംസുൽ ഉലമ ഇ.കെ.യുടെയും മഹാനായ കണ്ണിയത്തിന്റെയും ഫത്‌വകൾ പരസ്പര വിരുദ്ധമായി. ജനങ്ങൾക്കിടയിൽ ഇതു ചർച്ചയായപ്പോൾ രഞ്ജിപ്പിനു ശ്രമിച്ചത് അബ്ദുല്ല മുസ്‌ലിയാരായിരുന്നു. പരിസര പ്രദേശങ്ങളിലും മറ്റുമുള്ള പ്രമുഖ പണ്ഡിതരും മസ്അലകൾ ചർച്ചചെയ്യാൻ ഇടക്കിടെ മഹാനവർകളുടെ വസതി സന്ദർശിച്ചിരുന്നു. മർഹൂം ചെറുശ്ശോല കുഞ്ഞഹമ്മദ് മുസ്‌ലിയാർ, പൊന്മള അബ്ദുൽ ഖാദിർ മുസ്‌ലിയാർ, പേരോട് അബ്ദുറഹ്മാൻ സഖാഫി തുടങ്ങിയവർ അവരിൽ ചിലർ മാത്രം.

ജീവിത രീതി

ഇബാദത്തുകൾ കൊണ്ടു ധന്യമാക്കി ലാളിത്യം നിറഞ്ഞ ജീവിതമായിരുന്നു മഹാനവർകളുടേത്. സുന്നത്തുകൾ ഒരിക്കലും ഒഴിവാക്കിയിരുന്നില്ല. തഹജ്ജുദ്, ഖുർആൻ പരായണം, വിത്റ്, ളുഹാ, സ്വലാത്തുൽ അവ്വാബീൻ,

സ്വലാത്തുത്തസ്ബീഹ് തുടങ്ങിയവ ദിനചര്യകളായിരുന്നു. മരിക്കുന്നതിനു ദിവസങ്ങൾക്കു മുമ്പു വരെയും തഹജ്ജുദ് നിസ്കരിച്ചിരുന്നു. ഇശാ മഗ്രിബിനിടയിൽ ആരുമായും സംസാരിക്കാൻ ഇഷ്ടപ്പെട്ടിരുന്നില്ല. ആ സമയം മുഴുവൻ സ്വലാത്തിനും തസ്ബീഹിനും വേണ്ടി ചെലവഴിച്ചു. ഒരു കറാഹത്തു പോലും ആ ജീവിതത്തിൽ നിഴലിച്ചില്ല. വാക്കിലും പ്രവർത്തിയിലും ലാളിത്യം പുലർത്തിയ മഹാനവർകൾ വൃത്തിയുടെയും ശുചിത്വത്തിന്റെയും വിഷയത്തിലും കണിശത പുലർത്തി. ശക്തമായ വേദന കടിച്ചിറക്കി ഹോസ്പ്പിറ്റലിൽ ചികിത്സയിൽ കഴിയുന്ന സമയത്ത് തന്റെ വായിലെ മുറിവിലൂടെ ഒലിക്കുന്ന രക്തം അതേനിമിഷം തന്നെ സ്വന്തം കൈ കൊണ്ട് തുടച്ചു വൃത്തിയാക്കിയിരുന്നു.

കൃത്യനിഷ്ഠയും മഹാനവർകളുടെ ജീവിതത്തിന്റെ അവിഭാജ്യ ഘടകമായിരുന്നു. വിശിഷ്യ ഇബാദത്തിന്റെ വിഷയങ്ങളിൽ. നിസ്കാരത്തിന്റെ സമയമാകുന്നതിനു മുമ്പ് തന്നെ വുളൂഅ് എടുത്ത് ഭാര്യയെയും മക്കളെയും കൂട്ടി ആദ്യ സമയത്തു തന്നെ നിസ്കരിച്ചിരുന്നു.

ഖുർആനിന്റെ സാരാംശം പരിപൂർണ്ണമായും ഉൾക്കൊണ്ടതായിരുന്നു അദ്ദേഹത്തിന്റെ ജീവിത രീതി. ആദ്യം സ്വന്തം വ്യക്തി ജീവിതം നന്നാക്കുകയും ശേഷം തന്റെ കുടുംബക്കാരേയും അവസാനം സമൂഹത്തേയും നന്നാക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ ശൈലി. ഫറാളിന്റെയും നിക്കാഹിന്റെയും മറ്റും മസ്അലകൾ ഭാര്യയെയും പെൺമക്കളെയും അദ്ദേഹം പഠിപ്പിച്ചിരുന്നു. അതിനു പുറമെ മഹത്തുക്കളായ പ്രവാചകന്മാരുടെയും സ്വഹാബാക്കളുടെയും ഔലിയാക്കളുടെയും മറ്റു ചരിത്ര പുസ്തകങ്ങളും വിവിധ വിഷയങ്ങളുടെ വിവർത്തനങ്ങളും കുടുംബത്തിനു വായിക്കാൻ എത്തിച്ചു കൊടുക്കുമായിരുന്നു. നിസ്കാരങ്ങളെല്ലാം ജമാഅത്തായി തന്നെ എല്ലാവരും നിർവ്വഹിക്കണമെന്നത് കർശനമായിരുന്നു. ജമാഅത്തിനെത്താത്തവർക്ക് ഭക്ഷണം കൊടുക്കരുതെന്ന് അദ്ദേഹം ഭാര്യയോട് പറയാറു

ണ്ടായിരുന്നു. ഭക്ഷണത്തിലും തികഞ്ഞ ലാളിത്യമായിരുന്നു അദ്ദേഹത്തിന്.

മഹല്ല് സംസ്കരണം

നാൽപതിലധികം വർഷം കുറ്റിപ്പുറം മഹല്ലിന്റെ അധ്യക്ഷ പദവിയും നാൽപതു വർഷം ഖാളി സ്ഥാനം വഹിച്ചതും യാതൊരു പ്രതിഫലവുമില്ലാതെയായിരുന്നു. ഇത് ഇതര ഖാളിമാരിൽ നിന്ന് അബ്ദുല്ല മുസ്‌ലിയാരെ വ്യതിരിക്തനാക്കുന്നതാണ്. മഹല്ലിന്റെ എല്ലാ കാര്യങ്ങളും പരിപൂർണ്ണമായും നിയന്ത്രിക്കുകയും മഹല്ലിലെയും സമൂഹത്തിലെയും അനാചാരങ്ങളും മാമൂലുകളും തുടച്ചു നീക്കാൻ പരമാവധി ശ്രമിക്കുകയും ചെയ്തിരുന്നു. മാമൂലുകൾക്ക് തന്റെ വീട്ടിൽ തീരെ സ്ഥാനമുണ്ടായിരുന്നില്ല. സ്ഥാനമാനങ്ങളും പദവികളും തീരെ ഇഷ്ടപ്പെടാത്ത മഹാനവർകൾ പരിസര പ്രദേശങ്ങളിൽ നിന്നെല്ലാം ഖാളിസ്ഥാനമേറ്റെടുക്കാൻ നിർബന്ധം ചെലുത്തിയിട്ടും എല്ലാം നിരസിക്കുകയായിരുന്നു. വിദ്യാഭ്യാസത്തിന്റെ വിഷയത്തിൽ ഭൗതികതക്ക് തീരെ പ്രാമുഖ്യം നൽകാതെ ദീനി വിജ്ഞാനങ്ങൾക്കായിരുന്നു പ്രാധാന്യം നൽകിയിരുന്നത്.

കണിശമായ നിയമം

ഹിജാബിന്റെ വിഷയത്തിൽ കർശന നിയന്ത്രണമായിരുന്നു. ശരീര ഭാഗങ്ങൾ പരിപൂർണമായും മറച്ചു മഹ്റമിന്റെയോ ഭർത്താവിന്റെയോ കൂടെ മാത്രമേ പുറത്തിറങ്ങാൻ സ്ത്രീകളെ അനുവദിച്ചിരുന്നുള്ളൂ. വീട്ടിൽ പോലും കർശന നിയന്ത്രണമായിരുന്നു നടപ്പാക്കിയിരുന്നത്. അകത്തും അടുക്കളയിലും കളിച്ചുല്ലസിച്ചിരുന്ന കുട്ടികൾക്ക് പ്രായപൂർത്തിയായാൽ അകത്തേക്കു പ്രവേശനം നിഷേധിക്കുമായിരുന്നു. സ്വന്തം മക്കൾ പോലും കർശന നിയന്ത്രണത്തിലായിരുന്നു കഴിഞ്ഞിരുന്നത്. സ്വന്തം വീടിന്റെ അടുക്കള പോലും കണ്ടിട്ട് വർഷങ്ങളായെന്ന് മകൻ റശീദ് ബാഖവി അനുസ്മരിക്കുകയുണ്ടായി. സ്ത്രീകൾ ഡോക്ടറെ സമീപിക്കുമ്പോഴും ഇസ്‌ലാമിക ചിട്ട സ്വീകരിക്കും. ആദ്യം

മുസ്‌ലിം വനിതാ ഡോക്ടർ പിന്നെ അമുസ്‌ലിം വനിത, ശേഷം സ്വന്തം കുടുംബത്തിലെ പുരുഷ ഡോക്ടർ, ഇവരിൽ ആരെയും ലഭിച്ചില്ലെങ്കിൽ മാത്രമേ അന്യരായ പുരുഷ ഡോക്ടറെ സമീപിക്കുമായിരുന്നുള്ളൂ.

പെണ്ണിന്റെ മഹ്‌റമോ ഭർത്താവോ കൂടെയില്ലാതെ പെൺമക്കളെയോ മരുമക്കളെയോ പുറത്തിറങ്ങാൻ അനുവദിച്ചിരുന്നില്ല. വിശ്വസ്തയായ സ്ത്രീയുടെ കൂടെ പുറത്തിറങ്ങാൻ നിർബന്ധമായ ഹജ്ജിനു മാത്രമേ ശറഇൽ അനുവാദമുള്ളൂ എന്ന കർക്കശ നിലപാടായിരുന്നു മഹാനവർകളുടേത്. ഒരിക്കൽ മകൻ വഹാബ് ബാഖവിയുടെ ഭാര്യക്ക് ഡോക്ടറെ കാണേണ്ടി വന്നു. അവർ ഭർത്താവൊന്നിച്ച് ഡോക്ടറുടെ അടുത്തേക്ക് പുറപ്പെടാൻ നിന്നപ്പോൾ സഹോദരൻ റശീദ് ബാഖവിയുടെ രോഗിയായ ഭാര്യയും കൂടെ പുറപ്പെടാനൊരുങ്ങി. പരിപൂർണ്ണമായും ഹിജാബിലൂടെയുള്ള യാത്ര. റശീദ് ബാഖവിയുടെ ഭാര്യ ബാപ്പയോട് സമ്മതം ചോദിക്കാൻ ചെന്നപ്പോൾ തിരിച്ചൊരു ചോദ്യം.

'ആരുടെ കൂടെയാ നീ പോകുന്നത്?'

അവർ പറഞ്ഞു: 'ഇക്കാക്കയും താത്തയും ഉണ്ട്'.

ബാപ്പ പറഞ്ഞു:

'പറ്റില്ല. അവരുടെ കൂടെ എങ്ങനെയാ നീ പോകുന്നത്. അവർ നിന്റെ മഹ്‌റമോ ഭർത്താവോ അല്ലല്ലോ. പോകാൻ പറ്റില്ല'.

അപ്പോൾ കുടുംബം ഒന്നടങ്കം പറഞ്ഞു:

'നമ്മൾ ഇതുവരെ അങ്ങനെയായിരുന്നല്ലോ ചെയ്തിരുന്നത്'.

അപ്പോൾ ഉസ്താദു പറഞ്ഞു:

'അത് എന്റെയടുക്കൽ തെറ്റുപറ്റി. ഞാനതിൽ ഖേദിക്കുന്നു. പെണ്ണിനു പുറത്തു പോകണമെങ്കിൽ മഹ്‌റമോ ഭർത്താവോ കൂടെ വേണം. വിശ്വസ്തയായ സ്ത്രീയുടെ കൂടെ പുറപ്പെടാൻ ശറഅ് അനുവദിക്കുന്നത് നിർബന്ധമായ ഹജ്ജിനു മാത്രമേയുള്ളൂ'.

തെറ്റു ബോധ്യപ്പെട്ടാൽ തിരുത്തുന്നതിൽ ഒട്ടും വിമുഖത കാണിച്ചില്ലെന്നു ചുരുക്കം. പിന്നെ റശീദ് ബാഖവി

ജോലി സ്ഥലത്തു നിന്ന് വന്ന ശേഷമാണ് ഭാര്യയെ ഡോക്ടറെ കാണിച്ചത്. ഇന്നും ഇതേ കർശന നിയന്ത്രണത്തിൽ തന്നെയാണ് മഹാനവർകളുടെ കുടുംബത്തിലെ ജീവിത രീതി. ചില കർശന നിയന്ത്രണങ്ങൾ വീട്ടിൽ ഏർപ്പെടുത്തുമ്പോൾ മക്കൾ പോലും ചോദിക്കാറുണ്ട് 'ഇതൊക്കെ നടക്കുന്ന കാര്യമാണോ?' ഗൗരവം സ്ഫുരിക്കുന്ന ഭാഷയിൽ മഹാനവർകൾ പറയും 'നടക്കാത്തതായി ശറഇൽ ഒന്നുമില്ല'.

അനുഭവങ്ങൾ

കുറ്റിപ്പുറത്തും പരിസര പ്രദേശത്തുമുള്ള ആലംബഹീനരായ പരശ്ശതം ആളുകൾക്ക് ആശ്വാസമായിരുന്നു മഹാനുഭാവൻ. പണ്ഡിത പാമര വ്യത്യാസമന്യേ എല്ലാവരും അവരുടെ പ്രശ്ന പരിഹാരങ്ങൾക്കും ആത്മീയ ഉപദേശങ്ങൾക്കും ഓടിവന്നിരുന്ന ഒരത്താണിയായിരുന്നു അബ്ദുല്ല മുസ്‌ലിയാർ. വിവാഹം കഴിഞ്ഞ് വർഷങ്ങൾ കഴിഞ്ഞിട്ടും ഒരു കുഞ്ഞിക്കാൽ കാണാൻ ഭാഗ്യമില്ലാതെ വിഷമിക്കുന്ന ദമ്പതികൾ, വിവാഹ പ്രായം കഴിഞ്ഞ് പുര നിറഞ്ഞു നിൽക്കുന്ന പെൺകുട്ടികളെ നോക്കി കണ്ണീർ വാർക്കുന്ന മാതാപിതാക്കൾ, പ്രസവ വേദനയിൽ പുളഞ്ഞ് ഓപ്പറേഷൻ വരെ വിധിച്ച് കാത്തിരിക്കുന്ന യുവതികൾ, പല മാരക രോഗങ്ങളെ കൊണ്ടും വിഷമിക്കുന്ന ആളുകൾ എല്ലാവർക്കും ആശ്വാസമായിരുന്നു മഹാനവർകൾ. എന്തെങ്കിലും ദിക്റോ മറ്റോ ചൊല്ലാൻ പറയുകയും അല്ലെങ്കിൽ വെള്ളമോ നൂലോ മന്ത്രിച്ചു കൊടുക്കുകയും ചെയ്യുമായിരുന്നു. ഏത് നീറുന്ന പ്രശ്നങ്ങൾക്കും പരിഹാരമായിരുന്നു ഈ നൂലും വെള്ളവും. പുറമെ എല്ലാം അല്ലാഹു ശിഫയാക്കിക്കൊള്ളും എന്ന ആശ്വാസ വചനവും. കാസർഗോഡ്, തളിപ്പറമ്പ്, പയ്യന്നൂർ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നു പോലും നൂലും വെള്ളവും മന്ത്രിക്കാൻ മഹാനവർകളെ തേടി ആളുകൾ എത്തുമായിരുന്നു.

വിവാഹം കഴിഞ്ഞ് പതിനഞ്ചു വർഷം പിന്നിട്ടിട്ടും എടക്കഴിയൂർ സ്വദേശികളായ അബ്ദുൽ മജീദ് ഹാജിക്കും

ഭാര്യക്കും ഒരു കുഞ്ഞിക്കാൽ കാണാനോ താലോലിക്കാനോ ഭാഗ്യം ഉണ്ടായില്ല. പല ഡോക്ടർമാരുടെയും ചികിത്സ മാറിമാറി നടത്തിയെങ്കിലും നിരാശയായിരുന്നു ഫലം. അതിനിടയിലാണ് അദ്ദേഹം ഒരിക്കൽ കുറ്റിപ്പുറം ഉസ്താദിനോട് വിഷമാവസ്ഥ അറിയിച്ചത്. മഹാനവർകൾ അദ്ദേഹത്തെ സമാധാനിപ്പിച്ചു.

'വിഷമിക്കേണ്ട, ജീവിതത്തിന്റെ സായംസന്ധ്യയിൽ പോലും ഖലീലുല്ലാഹി ഇബ്റാഹീം നബി(അ)ക്ക് സന്താനങ്ങളെ നൽകി അനുഗ്രഹിച്ചവനാണല്ലോ അല്ലാഹു തആല. നിങ്ങളുടെ പ്രശ്നവും അവൻ പരിഹരിച്ചു തരും'. ശേഷം 'ഈ ദിക്റുകൾ പതിവാക്കുക' എന്നു പറഞ്ഞ് മഹാനവർകൾ ഒരു ദിക്റ് പറഞ്ഞു കൊടുത്തു. ഒപ്പം ഒരു ചെറിയ ചികിത്സയും. ഇന്ന് ആ കുടുംബം അരുമ സന്താനങ്ങളോടൊപ്പം നാഥന് നന്ദി രേഖപ്പെടുത്തി റാഹത്തോടെ ജീവിക്കുന്നു.

മഹാനവർകളുടെ വഫാത്തിനു ശേഷം വീട്ടിലേക്കു പാരിതോഷികങ്ങൾ കൊടുത്തയച്ച ഒരു വീടുണ്ട് പരപ്പനങ്ങാടിയിൽ. ഉസ്താദിന്റെ പ്രാർത്ഥന മൂലം മകളുടെ വിവാഹം ശരിയായതിലുള്ള സന്തോഷ പ്രകടനമായിരുന്നു പ്രസ്തുത ഹദ്യയുടെ ഹേതു. പരപ്പനങ്ങാടിയിലെ തന്നെ മറ്റൊരു ഹജ്ജുമ്മയുടെ വാക്കുകൾ കാണൂ.

'മൊയ്ല്യാര് പരപ്പനങ്ങാടിയിൽ ദർസ് നടത്തിയിരുന്ന കാലത്ത്, ഞങ്ങളുടെ വീടുകളിലെല്ലാം വലിയ റാഹത്തായിരുന്നു. ഉസ്താദിനെ ഇടക്കൊന്ന് വിളിപ്പിച്ച് ദുആ ചെയ്യിപ്പിക്കും. പിന്നെ ആ വർഷത്തിൽ വിഷമങ്ങളൊന്നും സംഭവിക്കാറില്ല. എല്ലാം നല്ല റാഹത്തിലായിരിക്കും'. ഹജ്ജുമ്മ ഗതകാല സ്മരണകൾ അയവിറക്കി.

വിവാഹവും സന്താനങ്ങളും

വിശ്രുത പണ്ഡിതനായ കെ.കെ സ്വദഖത്തുല്ല മുസ്ലിയാരുടെ പിതാവ് പോക്കർ മുസ്ലിയാരുടെ ശിഷ്യൻ സീതി മുസ്ലിയാരുടെ മകൾ ഫാത്തിമയാണ് ഭാര്യ. നാല് ആണും മൂന്ന് പെണ്ണുമായി ഏഴ് മക്കൾ.

അബ്ദുൽ വഹാബ് മഹ്മൂദ്, ഹസൻ ബാഖവി, റശീദ് മുഹ്‌യിദ്ദീൻ ശീസ് ബാഖവി, മുഹമ്മദ് അബ്ദുൽ വാസിഅ് ബാഖവി, മുഹമ്മദ് അബ്ദുന്നൂർ ബാഖവി അൽ അസ്ഹരി.

ഉമ്മു സൽമ W/o പി.വി. മുഹമ്മദ് കുട്ടി ബാഖവി ചേകനൂർ, ഉമ്മു സുലൈം W/o മുഹമ്മദ് സമദ് ബാഖവി വെളിമുക്ക്, ഉമ്മു ഹബീബ: W/o മുഹമ്മദ് ബശീർ ഫൈസി.

വിശുദ്ധ പാരമ്പര്യം

അന്ത്യപ്രവാചകരിൽ ചെന്നെത്തുന്ന മർഹൂം കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാരുടെ ഗുരുവര്യന്മാരുടെ മഹത്തായ പരമ്പര:

1. കെ. അബ്ദുല്ല മുസ്‌ലിയാർ കുറ്റിപ്പുറം
2. മുഹമ്മദ് മുസ്‌ലിയാർ കടൂപ്പുറം
3. അബ്ദുൽ അലി എന്ന കോമു മുസ്‌ലിയാർ കൂട്ടിലങ്ങാടി
4. അഹ്മദ് കുട്ടി മുസ്‌ലിയാർ കൊല്ലോളി
5. ശൈഖ് അലിയ്യുബ്നു മുഹ്‌യിദ്ദീൻ ശാലിയാത്തി
6. ശൈഖ് മുഹ്‌യിദ്ദീൻ കോഴിക്കോട്
7. ശൈഖ് അഹ്മദ് എന്ന കുഞ്ഞാമുട്ടി ഹാജി കോഴിക്കോട്
8. ശൈഖ് അഹ്മദ് മഖ്ദൂം രണ്ടാമൻ
9. ശൈഖ് മമ്മികുട്ടി ഖാളി
10. ശൈഖ് അലി ഹസൻ മഖ്ദൂം
11. ശൈഖ് അഹ്മദ് മഖ്ദൂം ഒന്നാമൻ
12. ശൈഖ് ഖാജാ അഹ്മദ് മഖ്ദൂം
13. ശൈഖ് നൂറുദ്ദീൻ മഖ്ദൂം
14. ശൈഖ് അബ്ദുൽ അസീസ് മഖ്ദൂം
15. ശൈഖ് അബ്ദുറഹ്മാൻ മഖ്ദൂം
16. ശൈഖ് അഹ്മദ് സൈനുദ്ദീൻ സഗീർ മഖ്ദൂം (ഫത്ഹുൽ മുഈൻ രചയിതാവ്)
17. ശൈഖ് അഹ്മദ് ബ്നു ഹജർ
18. ശൈഖുൽ ഇസ്‌ലാം സകരിയ്യൽ അൻസാരി
19. ശൈഖ് ജലാലുദ്ദീൻ മുഹമ്മദ് ബ്നു അഹ്മദൽ മഹല്ലി
20. ശൈഖ് അബ്ദുറഹീമുൽ ഇറാഖി
21. ശൈഖ് സിറാജുദ്ദീനുൽ ബുൻയയ്നി

22. ശൈഖ് അലാവുദ്ദീനുൽ അത്താർ
23. ശൈഖുൽ മദ്ഹബ് ഇമാം നവവി
24. ശൈഖ് കമാൽ സലാറുൽ അർബലി
25. ശൈഖ് മുഹമ്മദ് സഗീർ ('ശാമിൽ' രചയിതാവ്)
26. ശൈഖ് അബ്ദുൽ ഗഫാർ കസ്വീനി
27. ഇമാം അബ്ദുൽ കരീം റാഫിഈ
28. ഇമാം മുഹമ്മദ് ഇബ്നു യഹ്യൽ ബഗ്ദാദി
29. ഇമാം ഹുജത്തുൽ ഇസ്ലാം അബൂഹാമിദിൽ ഗസ്സാലി
30. ഇമാമുൽ ഹറമൈനി
31. ഇമാം മുഹമ്മദുൽ ജുവൈനി
32. ഇമാം അബൂബക്രിൽ ഖഫ്ഫാലൽ മർവസീ
33. ശൈഖ് അബൂയസീദുൽ മർവസീ
34. ഇമാം മുഹമ്മദ് ബ്നു സുറൈജ്
35. ഇമാം അബൂസഈദ് അൽമാഥി
36. ഇമാം ഇസ്മാഈലുൽ മുസ്നി
37. ഇമാമുൽ മദ്ഹബ് മുഹമ്മദു ബ്നു ഇദ്രീസു ശാഫിഈ
38. ഇമാം മുസ്ലിമു ബ്നു ഖാലിദി സ്സൻജി
39. ശൈഖുൽ ഇമാം ഇബ്നു ജുറൈജ്
40. ഇമാം അത്വാഉബ്നു അബീ റബാഹി താബിഈ
41. ഇമാം അബ്ദുല്ലാഹിബ്നു അബ്ബാസിസ്സ്വഹാബി
42. നബിയ്യുനാ മുഹമ്മദ് റസൂലുല്ലാഹി(സ).

അന്ത്യയാത്ര

വായയിലെ വ്രണമായിരുന്നു മരണ കാരണം. ഗുരുതരമായ രോഗമാണെന്നു സംശയം തോന്നിയപ്പോൾ തന്നെ വിദഗ്ധ ചികിത്സയും ആരംഭിച്ചിരുന്നു. കോഴിക്കോട്, തൃശൂർ, കോട്ടയം, മദ്രാസിലെ അടയാർ എന്നിവിടങ്ങളി ലെല്ലാം മഹാനവർകളെ ചികിത്സിച്ചു. സ്ഥിരം ഡോക്ടറായ കോഴിക്കോട്ടെ നെഫ്രോളജിസ്റ്റ് ഡോക്ടർ തോമസ് മാത്യുവിന്റെയും അടയാറിലെ ഡോക്ടറുടെയും അഭിപ്രായാടിസ്ഥാനത്തിൽ ചികിത്സ പിന്നീട് കോഴിക്കോ ട്ടേക്ക് മാറ്റി. കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോക്ടർ സ്വലാഹുദ്ദീനാണ് ചികിത്സിച്ചിരുന്നത്. ഒരു വർഷത്തോളം

കീമോ തെറാപ്പി നടത്തി. ഈ ചികിത്സ കൊണ്ട് തുടക്കം നല്ല ഫലം അനുഭവപ്പെട്ടിരുന്നുവെങ്കിലും ക്രമേണ ഫലം കുറഞ്ഞു വന്നു. വേദന ശക്തമാകുമ്പോൾ ഇടക്കിടെ ഡോക്ടറെ വിവരം അറിയിക്കും. വേദനയെ സംബന്ധിച്ചു പറയുമ്പോഴെല്ലാം ഇനി റേഡിയേഷനാണ് നല്ലതെന്ന് അഭിപ്രായപ്പെട്ടിരുന്നെങ്കിലും ആദ്യമൊന്നും ഉസ്താദ് സമ്മതിച്ചിരുന്നില്ല. അതെല്ലാം മറ്റു ചികിത്സകൾ ഫലിക്കാതെ വരുമ്പോൾ അന്തിമ ഘട്ടത്തിലേ പാടുള്ളൂ എന്ന നിലപാടായിരുന്നു അദ്ദേഹത്തിന്റേത്. നിരന്തരമായ കീമോ തെറാപ്പി ചികിത്സ ഫലമില്ലാതെ വരികയും വേദന ശക്തിയാവുകയും ചെയ്തപ്പോൾ ഡോക്ടറുടെ നിരന്തരമായ അഭിപ്രായം മാനിച്ച് റേഡിയേഷന് സമ്മതം മൂളി. 2001 ഫെബ്രുവരി 10-ാം തിയ്യതി കോഴിക്കോട് മെഡിക്കൽ കോളേജിൽ വെച്ച് ഒരു ചെറിയ അളവിൽ റേഡിയേഷൻ ചെയ്തു. ഈ ചികിത്സ തീരെ ഫലം ചെയ്തില്ല എന്നല്ല, പാർശ്വഫലങ്ങൾ കൂടുതലാവുകയും വളരെയധികം പ്രയാസപ്പെടുകയും ചെയ്തു. മാർച്ച് 15ന് വ്യാഴാഴ്ച ഒരിക്കൽ കൂടി കീമോ തെറാപ്പി നടത്തി. ഇപ്രാവശ്യവും രക്ത പരിശോധനയിൽ രക്തം കുറവാണെന്നു കണ്ടെത്തുകയും രക്തം കയറ്റുന്നതാണ് നല്ലതെന്ന് വളാഞ്ചേരിയിലെ ഡോക്ടർ അഭിപ്രായപ്പെടുകയും ചെയ്തു. നിർബന്ധഘട്ടമാണെങ്കിൽ സമ്മതം തരാം എന്നു പറഞ്ഞ ഉസ്താദിനോട് യോജിച്ച് അത്തരമൊരവസ്ഥ ആയിട്ടില്ല എന്ന് ഡോക്ടർ പറഞ്ഞപ്പോൾ രക്തം കയറ്റുക എന്ന ശ്രമം തൽക്കാലം ഉപേക്ഷിച്ചു.

കീമോ തെറാപ്പി, റേഡിയേഷൻ എന്നിവക്കു പുറമെ പ്രാണിക്ക് ഹീലിംഗ് ചികിത്സയും നടത്തിയിരുന്നു. കുന്ദംകുളം മഹാത്മാഗാന്ധി പ്രകൃതി ചികിത്സാലയത്തിൽ വെച്ച് ഡോക്ടർ കുഞ്ഞി തങ്ങളാണ് ചികിത്സ നടത്തിയിരുന്നത്. ഈ ചികിത്സക്കിടയിൽ മാർച്ച് 21ന് ബുധനാഴ്ച ശക്തിയായി രക്തസ്രാവം ഉണ്ടായി. ക്ഷീണം വർദ്ധിച്ചു. ഇതേത്തുടർന്ന് പന്നിത്തടം അൽ അമീൻ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തു. രക്തം കയറ്റൽ അനിവാര്യമാണെന്ന്

ഡോക്ടർ നിർദ്ദേശിച്ചതിനാൽ മാർച്ച് 22ന് രക്തം കയറ്റി. എന്നാൽ ആ ചികിത്സ കൊണ്ട് പ്രത്യേക ആശ്വാസം ലഭിക്കാതെ വന്നപ്പോൾ, മാർച്ച് 23ന് ഹോസ്പ്പിറ്റലിൽ നിന്ന് ഡിസ്ചാർജ് ചെയ്ത് വീട്ടിലേക്കു തിരിച്ചു. വളാഞ്ചേരി നിസാർ ഹോസ്പ്പിറ്റലിലെ ഡോക്ടർ മുജീബ് വീട്ടിൽ വന്ന് പരിശോധിക്കുകയും 24ന് വളാഞ്ചേരിയിലെ പ്രസ്തുത ഹോസ്പ്പിറ്റലിൽ അഡ്മിറ്റ് ചെയ്യുകയും ചെയ്തു. 26-ാം തിയ്യതി വീണ്ടും രക്തസ്രാവം ഉണ്ടായി. 28-ാം തിയ്യതി ശക്തിയായി. പുലർച്ചെ 3 മണി വരെ ഈ നില തുടർന്നു. പിന്നെ രക്തസ്രാവം ശക്തമായതോടൊപ്പം ഷുഗറിന്റെ അളവ് അനിയന്ത്രിതമായി വർധിച്ചു. ഇതോടെ അവസ്ഥ വളരെ ഗുരുതരമായി. രാത്രി ഒമ്പതു മണിയോടെ ശക്തിയായ ശ്വാസ തടസ്സം കൂടി അനുഭവപ്പെട്ടപ്പോൾ ഡോക്ടർമാരുടെ നിരന്തര ശ്രമം പാഴാവുകയായിരുന്നു.

2001 മാർച്ച് 30 (1422 മുഹർറം 4) വെള്ളിയാഴ്ച കാലത്ത് 7 മണിക്ക് വളാഞ്ചേരി നിസാർ ഹോസ്പ്പിറ്റലിലെ 213-ാം നമ്പർ മുറിയിൽ ബുർദ്ദയുടെയും യാസീനിന്റെയും ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ നാല് ആൺമക്കളുടെയും മൂന്നു ജാമാതാക്കളുടെയും പൗത്രന്മാരുടേയും സാന്നിധ്യ ത്തിൽ സംസം വെള്ളം കുടിച്ച് കലിമ ഉരുവിട്ട് പുഞ്ചിരിക്കുന്ന വദനവുമായി അനന്തമായ സ്വർഗീയ ലോകത്തേക്ക് ആ മഹാനുഭാവൻ പറന്നകന്നു. ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ....!

മഹാപണ്ഡിതന്റെ രോഗ വിവരങ്ങൾ അറിഞ്ഞ ഹൈദരലി ശിഹാബ് തങ്ങൾ, ജമലുല്ലൈലി തങ്ങൾ, അസ്ഹ രി തങ്ങൾ, കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ, തൊഴിയൂർ കുഞ്ഞിമുഹമ്മദ് മുസ്‌ലിയാർ, പേരോട് അബ്ദു റഹ്മാൻ സഖാഫി തുടങ്ങിയ പല പണ്ഡിതന്മാരും സാദാത്തീ ങ്ങളും ആശുപത്രിയിൽ ചെന്ന് മഹാനവർകളെ സന്ദർശി ച്ചിരുന്നു.

മരണ വാർത്തയറിഞ്ഞതു മുതൽ ഉന്നത പണ്ഡിത ന്മാരും സാദാത്തീങ്ങളും സാധാരണക്കാരുമടങ്ങുന്ന വൻ

ജനാവലി കുറ്റിപ്പുറം നൂർ മൻസിലിൽ ഒരുമിച്ചു കൂടുകയും വിശാലമായ ഭാരതപ്പുഴയുടെ മണൽപ്പരപ്പിൽ പ്രത്യേകം സജ്ജമാക്കിയ പന്തലിൽ മകൻ റശീദ് ബാഖവിയുടെ നേതൃത്വത്തിൽ നടന്ന ജനാസ നിസ്കാരത്തിലും അനന്തര കർമങ്ങളിലും പങ്കെടുക്കുകയും ചെയ്തു. അരനൂറ്റാണ്ട് കാലം താൻ സേവന ഗോദയായി തെരഞ്ഞെടുത്ത കുറ്റിപ്പുറം മഹല്ല് ഖബർ സ്ഥാനിലെ ആറടി മണ്ണിൽ ആ മഹാനുഭാവൻ അന്ത്യവിശ്രമം കൊള്ളുന്നു. അല്ലാഹു അവരെയും നമ്മെയും സ്വർഗീയോദ്യാനത്തിൽ ഒരുമിച്ചു കൂട്ടട്ടെ, ആമീൻ.

സമ്പർക്കവും സമീപനവും

വൈജ്ഞാനിക ലോകത്ത്
അനശ്വര പ്രതിഭയായി
പ്രഭ ചൊരിച്ച ആ
ഹൃദയത്തിൽ
പണ്ഡിതന്മാരും, പാമരന്മാരും
ഇടം പിടിച്ചു. എല്ലാവരെയും
ആ വിശാല ഹൃദയം
ഹൃദ്യമായി സ്വീകരിച്ചു.
ചരിത്ര പ്രസിദ്ധമായ
നിളയുടെ കുഞ്ഞോള
ങ്ങളെപ്പോലെ അത്
വിജ്ഞാന ഭൂമികയിലൂടെ
ശാന്തമായി പരന്നൊഴുകി.
അറിവിനുമപ്പുറത്തേക്കുള്ള
അനശ്വര അടയാളങ്ങളായി.

എപ്പോഴും എനിക്ക് മുമ്പേ

ഒ.കെ സൈനുദ്ദീൻ കുട്ടി മുസ്‌ലിയാർ

'മൗതുൽ ആലിമി മൗതുൽ ആലം' എന്ന മഹദ് വചനം യാഥാർത്ഥ്യമാവുകയാണ് കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാരുടെ മരണത്തിലൂടെ. ഇൽമിന്റെ എല്ലാ മേഖലകളിലും തഹ്ഖീഖുള്ള ഒരു പണ്ഡിതനെയാണ് അദ്ദേഹത്തിന്റെ വേർപാടോടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

നാൽപതു വർഷങ്ങൾക്ക് മുമ്പേ എനിക്ക് അദ്ദേഹവുമായി അടുത്ത പരിചയമുണ്ട്. ഞാൻ ചാലിയത്ത് ദർസ് നടത്തുമ്പോൾ അദ്ദേഹം പരപ്പനങ്ങാടിയിലാണ് ദർസ് നടത്തിയിരുന്നത്. ഈ സന്ദർഭത്തിൽ ചാലിയത്തു നിന്ന് നാട്ടിലേക്കു വരുമ്പോൾ ഇടക്കിടെ പരപ്പനങ്ങാടിയിൽ ഇറങ്ങി ഞങ്ങൾ പല കാര്യങ്ങളും ചർച്ച ചെയ്തു പരിചയം പുതുക്കുക പതിവായിരുന്നു.

ഏത് വിഷയത്തിലും തികഞ്ഞ സൂക്ഷ്മതയോടെയാണ് കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നത്. ഒരിക്കൽ പരപ്പനങ്ങാടി പാലത്തിങ്ങലിൽ ഒരു പള്ളിയുടെ ഖിബ്‌ല പ്രശ്നം ഉൽഭവിച്ചു. എന്റെ അടുത്ത് വന്നവർ ഒരു 'മോയ്‌ലേരുട്ടി' ഖിബ്‌ലക്ക് കുറ്റി അടിച്ചതാണന്നും അത് ശരിയായിട്ടില്ലെന്നും നിങ്ങൾ വന്ന് അത് ശരിയാക്കിത്തരണമെന്നും പറഞ്ഞു. പള്ളിയുടെ പ്രശ്നമല്ലേ എന്ന് മനസ്സിലാക്കി ഞാൻ ചെന്നു നോക്കിയപ്പോൾ അടിച്ച കുറ്റി പറിച്ച് മാറ്റേണ്ടയാതൊരു പ്രശ്നവും ഉണ്ടായിരുന്നില്ല. അതിനു ശേഷമാണ് ഞാൻ അറിയുന്നത് ആദ്യം കുറ്റിയടിച്ചത് കുറ്റിപ്പുറം അബ്ദുല്ല

മുസ്‌ലിയാരായിരുന്നുവെന്ന്. ആദ്യമേ അത് അറിഞ്ഞിരുന്നെങ്കിൽ ഞാൻ പോയി നോക്കുക പോലും ചെയ്യുമായിരുന്നില്ല.

ഒരിക്കൽ കുറ്റിപ്പുറത്തകാരെന്ന് സ്വയം പരിചയപ്പെടുത്തി കുറച്ചു ആളുകൾ എന്റെ അടുക്കൽ വന്നു. ഒരു മാസമുറപ്പിച്ചതിന്റെ പ്രശ്നവുമായാണ് അവർ വന്നത്. അവർ ചോദിച്ചു:

'ഞങ്ങളുടെ ഖാളി- അബ്ദുല്ല മുസ്‌ലിയാർ- പെരുന്നാളിന് മാസമുറപ്പിച്ചിരിക്കുന്നു. മറ്റു പല വലിയ ഖാളിമാരും പെരുന്നാൾ ഉറപ്പിച്ചിട്ടില്ല. അതിനാൽ അത് അംഗീകരിക്കാൻ ഞങ്ങൾക്ക് പ്രയാസമുണ്ട്. ഈ ഖാളിയെ അംഗീകരിക്കാതിരിക്കാൻ ഞങ്ങൾക്ക് വല്ല മാർഗ്ഗവുമുണ്ടോ?'.

ഞാൻ ഒറ്റവാക്കിൽ തന്നെ മറുപടി കൊടുത്തു.

'ഉണ്ടല്ലോ'.

ആകാംക്ഷഭരിതരായ അവർ എന്റെ മുഖത്തേക്ക് തന്നെ നോക്കി അത്ഭുതത്തോടെ ചോദിച്ചു:

'എങ്ങിനെ?'

ഞാൻ പറഞ്ഞു:

'നിങ്ങൾ മഹല്ല് മാറി താമസിക്കുക'.

ഈ മറുപടി കേട്ടപ്പോൾ പിന്നെ കൂടുതല്ലൊന്നും സംസാരിക്കാതെ അവർ പെട്ടെന്ന് സ്ഥലം വിട്ടു. അല്ലാഹു അവരെയും നമ്മെയും അവന്റെ ജന്നാത്തുൽ ഫിർദൗസിൽ ഒരുമിച്ച് കൂട്ടട്ടെ. ആമീൻ.

ഒരു സംവാദത്തിന്റെ കഥ

കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ

1963 ഡിസംബർ 30ന് ബാഖിയാതുസ്സ്വാലിഹാതിൽ നിന്ന് സനദ് വാങ്ങിയ ശേഷം മങ്ങാട് ജുമുഅത്ത് പള്ളിയിൽ ഞാൻ ദർസ് ആരംഭിച്ചു. വഅളിന് ഇടക്കിടെ പോകും. ഒരിക്കൽ പരപ്പനങ്ങാടി പനയത്തിനടുത്ത് ജുമാ മസ്ജിദിനോടനുബന്ധിച്ച് ഒരു പ്രസംഗത്തിന് ക്ഷണിച്ചു. വർഷം ഓർമയില്ല. പനയത്തിൽ അന്ന് മർഹൂം കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ മുദരിസായിരുന്നു. ഞാൻ പകൽ പൊന്നാനിയിൽ സിയാറത്തിന് പോയി തിരിച്ച് അസ്വറിനു തന്നെ പനയത്തിലെത്തി. കോഴിക്കോട് പോയിവരാൻ സമയമില്ലാത്തത് കൊണ്ട് അസ്വറ് നിസ്ക്കരിച്ച ഉടനെ പനയത്ത് പള്ളിയുടെ മുകളിലെ ചരുവിലുള്ള അബ്ദുല്ല മുസ്‌ലിയാരുടെ റൂമിലേക്ക് ഞാൻ കടന്നു. സലാം ചൊല്ലി. മഹാനവർകൾ സലാം മടക്കി. എവിടെയാണെന്ന് ചോദിച്ചു. ഞാൻ പേരും നാടും ജോലിയുമെല്ലാം പറഞ്ഞു കൊടുത്തു. സൗമ്യതയോടെ ഇരിക്കാൻ പറഞ്ഞു. ഞാനതനുസരിച്ചു. മർഹൂം ഇ.കെ. ഹസ്സൻ മുസ്‌ലിയാരും ഞാനും എപ്പോൾ എവിടെ വെച്ച് കണ്ടാലും പിരിയുന്നതിനു മുമ്പ് തർക്കത്തി ലിരിക്കുന്ന ഏതെങ്കിലും വിഷയത്തെക്കുറിച്ച് ചർച്ച ചെയ്യുകയും പരസ്പരം വളരെ വിശദമായി വിഷയങ്ങൾ പ്രതിപാദിക്കുകയും ചെയ്യുന്നത് ഞങ്ങളുടെ പതിവായി രുന്നു. അപ്രകാരം അബ്ദുല്ല മുസ്‌ലിയാർ വലിയൊരു പണ്ഡിതനാണെന്ന് കേട്ടതിന്റെ അടിസ്ഥാനത്തിൽ

അദ്ദേഹത്തോട് ചില കാര്യങ്ങൾ ചോദിച്ച് മനസ്സിലാക്കണ മെന്ന് ഞാൻ കരുതി. സംസാരം തുടങ്ങി. പല കാര്യങ്ങളും പറഞ്ഞ കൂട്ടത്തിൽ ജുമുഅ: ഖുതുബ അറബിയല്ലാത്ത ഭാഷയിൽ നിർവഹിക്കുന്നതിനെക്കുറിച്ചും ചർച്ചയുണ്ടായി. അബ്ദുല്ല മുസ്‌ലിയാർ എന്നോട് ചോദിച്ചു.

'ജുമുഅ ഖുതുബ അറബിയല്ലാത്ത ഭാഷയിൽ നിർവഹിക്കൽ ഹറാമാണോ കറാഹത്താണോ ഖിലാഫുൽ ഔലയാണോ? എന്താണ് നിങ്ങളുടെ അഭിപ്രായം?'

ഞാൻ പറഞ്ഞു: 'തികച്ചും ഹറാം തന്നെ'.

ഉടനെ അദ്ദേഹം എന്നെ പരിശോധിക്കുന്ന നിലയിൽ അല്ലെങ്കിൽ എനിക്ക് പഠിപ്പിച്ചു തരാൻ വേണ്ടി ഇങ്ങനെ ചോദിച്ചു.

'അത് ഹറാമാകാൻ നിർവ്വാഹമില്ല. കറാഹത്തിൽ കവിഞ്ഞ് ഹറാമിലേക്ക് കടക്കുന്നത് ഏതടിസ്ഥാനത്തിലാണ്?

ഞാൻ പറഞ്ഞു:

'കറാഹത്താകാൻ യാതൊരു വഴിയുമില്ല. ഹറാം തന്നെ. ഹറാം അല്ലെങ്കിൽ മുബാഹാകണം. അത് എന്തായാലും അല്ല. ഹറാമിന്റെയും മുബാഹിന്റെയുമിടയിൽ ജുമുഅ ഖുതുബ അറബി അല്ലാത്ത ഭാഷയിൽ നിർവഹിക്കൽ കറാഹത്തെന്നു പറയാൻ 'ഉസ്വൂലുൽ ഫിഖ്ഹിന്റെ' അടിസ്ഥാനത്തിലോ ഫിഖ്ഹിന്റെ അടിസ്ഥാനത്തിലോ യാതൊരു ന്യായവും കാണുന്നില്ല. എന്തുകൊണ്ടെന്നാൽ ശറഇന്റെ വിധിവിലക്കു കൾ അഞ്ചെണ്ണമാണ്. അതിൽ നിരോധിതമായത് ഹറാമും കറാഹത്തുമാണ്. ഹറാം എന്നാൽ നിരോധനാജ്ഞ വന്നിട്ടു ള്ളത് എന്നർത്ഥം. അല്ലാതെ, പ്രത്യേകമായ (മഖ്സ്വൂസ്) നിരോധനമെന്നോ പ്രത്യേകമല്ലാത്ത (ഗയ്റു മഖ്സൂസ്) നിരോധനമെന്നോ അവിടെയില്ല. അതേസമയം കറാഹത്ത് എന്നാൽ പ്രത്യേകമായ (മഖ്സ്വൂസ്) നിരോധനം വരികയും അത് സുദൃഢ(ജാസിം)മാവാതിരിക്കുകയും വേണം. ഇവിടെ ജുമുഅ ഖുതുബ അറബിയല്ലാത്ത ഭാഷയിൽ നിർവഹി ക്കാൻ പാടില്ലെന്നും ജുമുഅ ഖുതുബ അറബി ഭാഷയിലാ കണമെന്നും പറഞ്ഞതിന് 'ഞാൻ നിസ്കരിക്കുന്നതു കണ്ടതു പോലെ നിങ്ങളും നിസ്കരിക്കുക' എന്ന ഹദീസാണ് കർമശാസ്ത്ര പണ്ഡിതന്മാർ ഉദ്ധരിച്ച തെളിവ്. ഈ

ഹദീസിന്റെ വാചകാർത്ഥത്തിൽ (മൻത്വൂഖിൽ) ഖുതുബയെ സംബന്ധിച്ച് ഒന്നുമില്ലെന്നും അതിൽ നിന്ന് ഗ്രഹിക്കപ്പെടുന്നതിൽ (മഫ്ഹൂമിൽ) നബി(സ) അറബി ഭാഷയിലുള്ള ഖുതുബ മാത്രമാണ് നിർവ്വഹിച്ചതെന്നു മനസ്സിലാകുന്നു. അതുകൊണ്ട് തന്നെ ജുമുഅ നിസ്കാരത്തിന്റെ മുമ്പ് ഖുതുബ വേണമെന്നും അത് അറബിയിൽ തന്നെയാകണമെന്നുമാണ് കർമശാസ്ത്ര പണ്ഡിതരുടെ അഭിപ്രായം. ഇമാം നവവി(റ) പറയുന്നു:

'രണ്ടു ഖുതുബകൾക്കു ശേഷമല്ലാതെ ജുമുഅ സാധുവാകുകയില്ല. കാരണം നബി(സ) രണ്ടു ഖുതുബകൾക്കു ശേഷമല്ലാതെ ജുമുഅ നിസ്കരിച്ചിട്ടില്ല. അവിടുന്ന് ഇപ്രകാരം പറയുകയും ചെയ്തിട്ടുണ്ട്. 'ഞാൻ നിസ്കരിക്കുന്നതു പോലെ നിങ്ങളും നിസ്കരിക്കുക' (ശറഹുൽ മുഹദ്ദബ്).

നബി(സ) രണ്ട് ഖുതുബ നിർവ്വഹിച്ചതിന്റെ ശേഷമേ ജുമുഅ നിസ്കരിച്ചിട്ടുള്ളൂവെന്നും അവിടുന്ന് നിസ്കരിച്ചതു പോലെ നിസ്കരിക്കണമെന്നുമുള്ള ഈ ഹദീസിൽ നിന്നാണ് ഖുതുബയിൽ അറബി ഭാഷ നിർബന്ധമാണെന്ന് കർമശാസ്ത്ര പണ്ഡിതന്മാർ കണ്ടെത്തിയത്. ഇത് പ്രത്യേകമായ (മഖ്സ്വൂസ്) നിരോധനമല്ല. മറിച്ച് പ്രത്യേകമല്ലാത്ത(ഗയ്റു മഖ്സ്വൂസ്) നിരോധനമാണ്.

കറാഹത്താകാൻ പ്രത്യേകമായ (മഖ്സ്വൂസ്) നിരോധനം വരികയും അതു സുദൃഢമല്ലാതിരിക്കുകയും (ഗയ്റു ജാസിം) വേണം. നിങ്ങൾ അറബിയല്ലാത്ത ഭാഷയിൽ ഖുത്വുബ നിർവ്വഹിക്കരുതെന്നത് പ്രത്യേകമല്ലാത്ത (ഗയ്റ് മഖ്സ്വൂസ്) നിരോധനം തന്നെയാണ്. എന്നാൽ അത് സുദൃഢ(ജാസിം)മല്ലാത്ത നിരോധനമാണെന്ന് വ്യക്തമാക്കുന്ന യാതൊരു തെളിവുമില്ല. അതേസമയം, ഹറാമിനു പ്രത്യേകമെന്നോ പ്രത്യേകമല്ലാത്തതെന്നോ വ്യത്യാസമില്ലാതെ ഏതൊരു കൽപ്പനയിൽ നിന്നും അതിന്റെ ആശയമായി (മഫ്ഹൂം) കിട്ടുന്ന നിരോധനം, കൽപന നിർബന്ധത്തിനായതു കൊണ്ട് ആ നിർബന്ധത്തിനപ്പുറമുള്ളത് ഹറാമാണെന്നാണ് ഉസ്വൂലിന്റെ ഗ്രന്ഥങ്ങളിൽ പറയുന്നത്. അതിൽ നിന്ന് കർമ്മശാസ്ത്രജ്ഞർ ഇവ്വിധം കാര്യം മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് കറാഹത്ത്

എന്ന വാദത്തിന് ഒരു വഴിയുമില്ല' അപ്പോൾ പുഞ്ചിരിച്ചു കൊണ്ട് എന്നോട് വീണ്ടും ചോദിച്ചു:
'അങ്ങനെയാണെങ്കിൽ നബി(സ) ചെയ്തതു പോലെ ചെയ്യണമെന്ന് നമ്മോട് കൽപിച്ചതെല്ലാം ചെയ്യൽ നമുക്ക് നിർബന്ധമാകും. പിന്നെ സുന്നത്ത് എന്ന കാര്യം തന്നെ ഉണ്ടാവുകയില്ലല്ലോ? അവിടുന്ന് ശറഇൽ കൊണ്ടു വന്നതൊക്കെ ചെയ്യണമെന്നും നിരോധിച്ചതൊക്കെ വെടിയണമെന്നുമാണല്ലോ ഖുർആനിൽ പറഞ്ഞത്. അപ്പോൾ നബി(സ) കൊണ്ട് വന്നതെല്ലാം വുജൂബാണെന്ന് വരില്ലേ'.
അപ്പോൾ ഞാൻ പറഞ്ഞു:
'അങ്ങനെയാണെങ്കിൽ ഈ ചോദ്യം വരുന്നത് ജുമുഅക്ക് ഖുതുബ വേണമെന്ന് പറയുന്നവരുടെയും അതിൽ അറബി ഭാഷ ശർത്വാണെന്ന് പറയുന്നവരുടെയുമിടയിലാണ്. കാരണം ജുമുഅക്ക് ഖുതുബ വേണമെന്നത് ഉറപ്പായി. അറബി ഭാഷ ശർത്വാണെന്നതും ഉറപ്പായി. അത് ഈ കൽപന കൊണ്ടാണ്. കൽപന അടിസ്ഥാനപരമായി നിർബന്ധത്തിനുള്ളതാകയാൽ അതിനപ്പുറം നിർബന്ധമില്ലെന്നു സ്ഥിരപ്പെടുത്തുന്ന മറ്റു തെളിവുകൾ വരാത്തിടത്തോളം കാലം നിർബന്ധത്തിന്റെ മേൽ മാത്രം അതിനെ ചുമത്തുകയും തെളിവുകൾ വരുമ്പോൾ സുന്നത്താണെന്നോ മുബാഹാണെന്നോ അല്ലെങ്കിൽ കൽപ്പനയുടെ മറ്റ് അർത്ഥങ്ങളുടെ മേൽ ചുമത്തുകയുമാണല്ലോ ചെയ്യാറുള്ളത്. അങ്ങനെയാണല്ലോ ഉസ്വൂലിന്റെ കിതാബുകളിൽ പറഞ്ഞിട്ടുള്ളത്. അത് കൊണ്ട് ഈ വാക്കിൽ അങ്ങനെയൊരു തെളിവ് വരാത്തത് കൊണ്ട് ഒരിക്കലും സുന്നത്തിന്റെ മേൽ ചുമത്തുവാൻ കഴിയില്ല'.
അപ്പോൾ മൂന്നാമതൊരു ചോദ്യം കൂടി ചോദിച്ചു.
'നബി(സ) ഒരു കാര്യം പതിവായി ചെയ്താൽ അത് നിർബന്ധമാണെന്ന് പറയാമോ? അങ്ങനെയാണെങ്കിൽ പല സുന്നത്തുകളും പതിവായി ചെയ്തിട്ടുണ്ടല്ലോ?'
അപ്പോൾ ഞാൻ പറഞ്ഞു:
'പതിവായി ചെയ്യുകയും എപ്പോഴെങ്കിലും അതുപേക്ഷിക്കുകയോ ഉപേക്ഷിക്കാവുന്നതാണെന്ന് പറയുകയോ ഉപേക്ഷിക്കാവുന്നതാണെന്ന് മനസ്സിലാക്കിത്തരികയോ

ചെയ്യാത്തതാണെങ്കിൽ അതിനെ സുന്നത്തെന്ന് പറയാൻ പറ്റില്ല. അത് വാജിബ് തന്നെയാണ്. അപ്പോൾ പതിവാക്കിയത് സുന്നത്താണെന്ന് പറഞ്ഞാൽ അതിനർത്ഥം എപ്പോഴെങ്കിലും അതുപേക്ഷിക്കുകയോ ഉപേക്ഷിക്കാമെന്ന് മറ്റു രേഖകൾ കൊണ്ട് പഠിപ്പിക്കുകയോ ചെയ്തതായിരിക്കും. ഉദാഹരണമായി, നബി(സ) നിസ്കാരം കഴിഞ്ഞാൽ മഅ്മൂമിലേക്ക് തിരിഞ്ഞിരുന്ന് ദിക്റും ദുആയും ചെയ്യുന്നത് പതിവായിരുന്നുവെന്ന് ഇമാം ഇബ്നു ഹജർ (റ)തുഹ്ഫയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അതു വാജിബല്ലെന്നതിനു തെളിവുകളുണ്ട്. ചില പ്രത്യേക സന്ദർഭങ്ങളിൽ അങ്ങനെയിരിക്കാതെ നബി(സ) എഴുന്നേറ്റു പോയിരുന്നുവെന്നു ബുഖാരിയിൽ തന്നെയുണ്ട്. അപ്പോൾ അത് വാജിബല്ലെന്ന് മനസ്സിലാക്കാൻ സാധിക്കുന്നു. മാത്രമല്ല, ശാഫിഈ മദ്ഹബിന്റെ ഉസ്വൂലനുസരിച്ച് സ്ഥിരമായി ചെയ്യുകയെന്നത് (മുവാളബത്) വുജൂബിന്റെ മേൽ അറിയിക്കുകയില്ല. അതിനു പ്രസ്താവന കൂടി വേണം. അതു കൊണ്ടാണ് ഇമാം നവവി(റ) നബി (സ) ഖുതുബ ഓതാതെ നിസ്കരിച്ചിട്ടില്ല എന്ന പ്രവർത്തനത്തെ ഉദ്ധരിച്ചതിനു പുറമെ 'ഞാൻ നിസ്കരിക്കുന്നതു കണ്ടതു പോലെ നിങ്ങളും നിസ്കരിക്കുക' എന്ന പ്രസ്താവന കൂടി കൂട്ടിച്ചേർത്തത്.

അപ്പോൾ അദ്ദേഹം പറഞ്ഞു:

'ഈ മസ്അല സ്ഥിരപ്പെടുത്താൻ വേണ്ടി ഉസൂലിന്റെ അടിസ്ഥാനത്തിൽ ഫിഖ്ഹ് സംസാരിക്കുന്നതായി അധിക പേരെയും ഞാൻ കണ്ടിട്ടില്ല. അങ്ങനെ ഞാൻ കേട്ടിട്ടുമില്ല. ഈ ന്യായീകരണവും ഈ ഉസ്വൂലും വളരെ സന്തോഷകരമാണ്. നിങ്ങൾ പറഞ്ഞത് സത്യമാണ്'.

അപ്പോൾ ഞാൻ ഒരു സംശയം ഉന്നയിച്ചു.

'ജുമുഅ ഖുതുബ അറബിയിലായിരിക്കണമെന്ന് പറഞ്ഞാൽ ഖുതുബയുടെ ഫർളുകൾ മാത്രമല്ലെ അതിൽപെടുകയുള്ളൂ?'

അപ്പോൾ അദ്ദേഹം പറഞ്ഞു:

'അങ്ങനെ മൂന്ന് ഖുതുബ ശറഇൽ എവിടെയും സ്ഥിരപ്പെട്ടിട്ടില്ല. ഖുതുബ രണ്ടെണ്ണമാണ്. അത് ഫർളായാലും സുന്നത്തായാലും വാജിബായാലും രണ്ടെണ്ണം തന്നെ. ആ

രണ്ട് ഖുതുബ നബി(സ) അറബിയിലാണ് നിർവ്വഹിച്ചത്. സ്വഹാബത്ത് അറബിയിലാണ് നിർവ്വഹിച്ചത്. ഇമാമുമാരും മുജ്തഹിദുകളും അറബിയിലാണ് നിർവ്വഹിച്ചത്. അവർ അങ്ങനെ നിർവ്വഹിച്ചതു കൊണ്ടാണ് കർമശാസ്ത്ര പണ്ഡിതർ അതു സ്ഥിരപ്പെടുത്താനുള്ള കാരണം. അത് കൊണ്ട് ഖുതുബ അറബിയിൽ തന്നെയാവണം. അറബി യല്ലാത്ത ഭാഷയിൽ നിർവ്വഹിക്കുന്നത് തെറ്റാണ്.'

പിന്നെ സുദീർഘമായ സമയം ഫിഖ്ഹിന്റെ ഉദ്ധരണികളെക്കുറിച്ച് ചർച്ച നടത്തി. രണ്ട് മണിക്കൂർ സമയം ഈ വിഷയത്തിൽ തന്നെ ചർച്ച നടന്നു. അവസാനം എന്നോട് വളരെ സന്തോഷത്തോടെ പറഞ്ഞു:

'ഈ നിലയിൽ തന്നെയാണ് വേണ്ടത്. ഫിഖ്ഹിന്റെ മസ്അലകളിൽ ഫത്വ കൊടുക്കുമ്പോൾ ഫിഖ്ഹിലുള്ള ഇബാറത്ത് ഉദ്ധരിക്കുകയും എതിരാളിയുമായി സംസാരിക്കു മ്പോൾ അതിന്റെ ഉസ്വൂൽ കൂടിയെടുക്കുകയും വേണം. ഉസൂലിന്റെയടിസ്ഥാനത്തിൽ സമർത്ഥിച്ചാൽ അതായിരിക്കും ഏറ്റവും ഉപകാരം'

പിന്നീട് എനിക്ക് വേണ്ടി ദുആ ചെയ്തു തന്നു. സന്തോഷ ത്തോടെ എന്നെ യാത്രയാക്കുകയും ചെയ്തു.

അന്ന് മുതൽ ഞങ്ങൾ വളരെ സ്നേഹത്തിലാണ്. മരിക്കുന്നതിന്റെ തലേ ദിവസം കണ്ടപ്പോഴും വളരെ സ്നേഹത്തിൽ തന്നെ. അതാകട്ടെ ഇൽമിന്റെ സ്നേഹവും. വലിയ പണ്ഡിതനാണെന്ന നിലയിൽ ഞാൻ അദ്ദേഹത്തെ പ്രിയം വെക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു. ഞാൻ ഇൽമിന്റെ എളിയ ഒരു സേവകനാണെന്ന നിലക്ക് അദ്ദേഹം എന്നെ തിരിച്ചും സ്നേഹിക്കുന്നു. ഇടക്കിടെ കാണുമ്പോൾ സുന്നി ജംഇയ്യത്തുൽ ഉലമയുടെ പ്രവർത്തനവും സംഘടന യുടെ മറ്റ് പ്രവർത്തനങ്ങളുമൊക്കെ ചർച്ച ചെയ്യും. ഞങ്ങളെടുക്കുന്ന ചില തീരുമാനങ്ങളിലും പ്രവർത്തനങ്ങ ളിലും അതിന്റെ ബാഹ്യമനുസരിച്ച് അദ്ദേഹത്തിന് വിയോജി പ്പുണ്ടാകുമ്പോൾ അക്കാര്യം ചോദിച്ച് മനസ്സിലാക്കുകയും അതിന്റെ എല്ലാ വശങ്ങളും സംസാരിച്ച് പ്രോത്സാഹിപ്പി ക്കുകയും ചെയ്യാറുണ്ട്.

പ്രസംഗത്തിലൂടെയോ എഴുത്തിലൂടെയോ കൂടുതൽ രംഗത്ത് വരാതിരുന്നിട്ടും അഗാധ പാണ്ഡിത്യമുള്ള പണ്ഡിതനാണെന്ന നിലയിൽ അദ്ദേഹത്തിന് ഉലമാക്കൾക്കിട യിൽ വലിയ സ്ഥാനമുണ്ടായിരുന്നു. എനിക്കദ്ദേഹത്തോട് സ്നേഹമുണ്ടാകാനുള്ള ഒരു പ്രധാന കാരണം പ്രസ്തുത ചർച്ച തന്നെയായിരുന്നു. അത് ഞാൻ ദർസ് ആരംഭിച്ച കാലത്തായിരുന്നു. അന്ന് ഞാൻ ജനങ്ങൾക്കിടയിൽ തീരെ അറിയപ്പെടാത്ത ഒരു വ്യക്തിയായിരുന്നിട്ടും അദ്ദേഹം എന്നെ സസ്നേഹം ഇരുത്തുകയും ചോദ്യോത്തര രീതിയിൽ കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തല്ലോ. ഞാൻ പഠിച്ചത് ചർച്ച ചെയ്യാനായി അദ്ദേഹത്തിന്റെ വിലയേറിയ സമയം എനിക്ക് വേണ്ടി ചെലവഴിച്ചതാണ് എന്റെ ഏറ്റവും വലിയ സന്തോഷം. അല്ലാഹു അവരോടൊപ്പം നമ്മെയും സ്വർഗ ത്തിൽ ഒരുമിച്ചു കൂട്ടട്ടെ. ആമീൻ.

ആകർഷക സ്വഭാവം

ഹൈദരലി ശിഹാബ് തങ്ങൾ പാണക്കാട്

പണ്ഡിതരുടെ കൂട്ടത്തിൽ കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാരെ വേർതിരിക്കുന്ന ഘടകങ്ങൾ പലതാണ്. അതിൽ പ്രധാനമായത് അദ്ദേഹത്തിന്റെ ആകർഷണീയ സ്വഭാവമായിരുന്നു. സ്വഭാവത്തിലും ചിന്തയിലും ഔന്നിത്യം പുലർത്തുന്നതോടൊപ്പം സരളമായിരുന്നു ഉസ്താദിന്റെ ജീവിതരീതികളും. ആർഭാടമായി ഒന്നും അദ്ദേഹത്തിന്റെ ജീവിതത്തിലുണ്ടായിരുന്നില്ല.

ഒരിളം ചിരികൊണ്ടായിരുന്നു സമീപിക്കുന്നവരെ മുഴുവൻ അദ്ദേഹം സ്വാഗതം ചെയ്തിരുന്നത്. അതദ്ദേഹ ത്തിന്റെ പ്രത്യേകതയായിരുന്നു. എങ്കിലും ദീനിന്റെ വിഷയ ത്തിൽ ഒരു വിട്ടുവീഴ്ചക്കും തയ്യാറുമല്ലായിരുന്നു. നബി(സ) യുടെ സമൂഹത്തിൽ ദീനി സേവനത്തിന് വേണ്ടി ധാരാളം പണ്ഡിതന്മാരെ അദ്ദേഹം വാർത്തെടുത്തിട്ടുണ്ട്. മഹാനവ ർകളെ പോലെ തന്നെ അദ്ദേഹത്തിന്റെ ശിഷ്യഗണങ്ങളും ഉഖ്റവിയായ പണ്ഡിതന്മാർക്കുണ്ടാവേണ്ട എല്ലാ ഗുണ ങ്ങളും മേളിച്ചവരാണ്. അദ്ദേഹത്തിന്റെ ശിക്ഷണത്തിന്റെ പ്രത്യേകതയായിട്ടാണ് ഞാൻ ഇതിനെ മനസ്സിലാക്കുന്നത്. തന്റെ മക്കളെ മുഴുവനും പണ്ഡിതന്മാരും ബിരുദധാരികളു മാക്കി വാർത്തെടുത്തതും മറ്റ് പണ്ഡിതന്മാരിൽ നിന്ന് അദ്ദേഹത്തെ വേർതിരിക്കുന്ന ഘടകമാണ്. പിതാവ് അറിയപ്പെടുന്ന പണ്ഡിതനാണെങ്കിലും മക്കൾ മറ്റ് മേഖലകളിലേക്ക് തിരിയുന്ന ചുറ്റുപാടാണ് ഇന്ന് നാം

കണ്ടുകൊണ്ടിരിക്കുന്നത്. ഇതിൽ നിന്നു വ്യത്യസ്തമായി അദ്ദേഹത്തിന്റെ ആൺമക്കൾ മുഴുവനും പണ്ഡിതരും ബിരുദ ധാരികളുമാണ്. ഇത് അദ്ദേഹത്തിന് അല്ലാഹു നൽകിയ മഹാഭാഗ്യം തന്നെയാണ്.

ഭൗതിക കാര്യങ്ങളോട് താൽപര്യം വളരെ കുറവായി രുന്നു. മഹാനവർകൾ തന്റെ സമയം മുഴുവനും ഇൽമിനും ഇബാദത്തിനുമായിട്ടുമാണ് ചെലവഴിച്ചിരുന്നത്. വളരെ സൂക്ഷ്മമായ ജീവിതം നയിച്ചിരുന്ന അദ്ദേഹം ജീവിതത്തിൽ ഒരു കറാഹത്ത് പോലും വന്ന് ചേരുന്നതിൽ വളരെയധികം ശ്രദ്ധിച്ചിരുന്നു. അനാരോഗ്യ സമയത്തും ദീനി സേവന ത്തിനു വേണ്ടി സമയം ചെലവഴിച്ച അദ്ദേഹം വിശ്രമ ജീവി തം നയിക്കുന്ന വേളയിൽ പോലും തന്നെ സമീപിച്ചിരുന്ന വിജ്ഞാന ദാഹികൾക്ക് കിതാബുകൾ ഓതിക്കൊടുത്തി രുന്നു.

അദ്ദേഹത്തിന്റെ കുടുംബ ജീവിതവും വളരെ കർക്കശ മായിരുന്നു. ഹിജാബിന്റെ വിഷയത്തിൽ വളരെ കർശന നിലപാടാണ് അദ്ദേഹം സ്വീകിരിച്ചത്. കുടുംബ കാര്യമായാ ലും പൊതുകാര്യമായാലും ദീനിന്റെ വിഷയത്തിൽ വിട്ടു വീഴ്ച ചെയ്യുന്ന സ്വഭാവം അദ്ദേഹത്തിനില്ലായിരുന്നു.

മാതൃഭാഷക്ക് പുറമെ അറബി, ഉറുദു ഭാഷകൾ കൂടി അനായാസം കൈകാര്യം ചെയ്തിരുന്ന മഹാനവർകളുടെ വിയോഗത്തിലൂടെ ഒരു ബഹുഭാഷ പണ്ഡിതനെ കൂടിയാണ് പണ്ഡിത കേരളത്തിന് നഷ്ട്ടപ്പെട്ടിരിക്കുന്നത്. നാഥൻ അവരുടെ പാരിടം സ്വർഗീയമാക്കട്ടെ. ആമീൻ.

കണിശമായ ജീവിതം

ഇ സുലൈമാൻ മുസ്‌ലിയാർ

ഇൽമും തഖ്‌വയും ഇഖ്‌ലാസും മേളിച്ച മഹാ പണ്ഡിതനായിരുന്നു കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ. അബ്ദുല്ല മുസ്‌ലിയാരുമായി വളരെ അടുത്ത പരിചയമൊന്നുമില്ലെങ്കിലും ഞാൻ പഠിക്കുന്ന കാലത്തുതന്നെ അദ്ദേഹത്തെക്കുറിച്ചറിയാൻ കഴിഞ്ഞിരുന്നു. പുകയൂർ പൊറ്റാണിമ്മൽ ഞാൻ ഓതിക്കൊണ്ടിരിക്കുന്ന കാലത്ത് കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാരുടെ വഅള് കേൾക്കാൻ കഴിഞ്ഞു. ദർസ് വിപുലീകരാണർത്ഥം സംഘടിക്കപ്പെട്ട പരിപാടിയിലേക്ക് വാഇളായി ഞങ്ങളുടെ ഉസ്താദ് ഇണ്ണീക്കുട്ടി മുസ്‌ലിയാർ നിർദ്ദേശിച്ചത് അബ്ദുല്ല മുസ്‌ലിയാരെയായിരുന്നു. പത്തും ഇരുപതും ദിവസങ്ങൾ നീണ്ടു നിൽക്കുന്ന അദ്ദേഹത്തിന്റെ വഅള് മികച്ചതും പഠനാർഹവുമായിരുന്നു. തസവ്വുഫും ഫിഖ്ഹും ഒരു പോലെ സമന്വയിപ്പിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ വഅള് ആകർഷണീയവുമായിരുന്നു.

ജീവിതത്തിന്റെ നല്ലൊരു ഭാഗം ദർസിനായി ചെലവഴിച്ച അദ്ദേഹത്തിന്റെ ദർസുകൾ ഉന്നത നിലവാരം പുലർത്തുന്നവയായിരുന്നു. വിദ്യാർത്ഥികളുടെ വിജ്ഞാന പുരോഗതിക്കായി അദ്ദേഹം തന്നെ പത്രങ്ങൾ വായിച്ചു കേൾപ്പിച്ച് അവയിലെ തെറ്റുകൾ തിരുത്താറുണ്ടായിരുന്നു. അബ്ദുല്ല മുസ്‌ലിയാർ ദർസ് നടത്തിയിരുന്ന പനയത്തിൽ പള്ളിയിൽ വെച്ചാണ് ഞാൻ അദ്ദേഹത്തെ ആദ്യമായി

നേരിൽ കാണുന്നത്. പിന്നീട് ചെറിയ മകന്റെ വിവാഹ വേളയിലും ഒടുവിൽ രോഗിയായി കിടക്കുമ്പോഴും അദ്ദേഹ ത്തെ സന്ദർശിക്കാൻ കഴിഞ്ഞു.

ദീനീകാര്യങ്ങളിൽ കർക്കശ നിലപാടുകാരനായിരുന്ന അദ്ദേഹം ശരീഅത്തിനു വിരുദ്ധമായി എവിടെ കണ്ടാലും പ്രതികരിക്കുമായിരുന്നു. ശരീഅത്തിന്റെ മുഴുവൻ കാര്യങ്ങ ളിലും വാക്കിലും പ്രവർത്തനങ്ങളിലും സൂക്ഷ്മതയോടെ കൊണ്ടു വരികയും പഠിച്ചതിനനുസരിച്ച് ജീവിക്കുകയും ചെയ്ത ആത്മാർത്ഥതയുള്ള പണ്ഡിതനായിരുന്നു അബ്ദുല്ല മുസ്‌ലിയാർ.

അറിവിന്റെ നിറജാലകം

എം.എ അബ്ദുൽ ഖാദിർ മുസ്‌ലിയാർ

സമീപകാലത്ത് നമ്മെ വിട്ടുപിരിഞ്ഞുപോയ മുദരിസുമാരിൽ അഗ്രഗണ്യനായിരുന്നു കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ. ഒരു പണ്ഡിത കുടുംബത്തെയും ശിഷ്യഗണ ങ്ങളെയും മാത്രമല്ല, ആത്മശാന്തി തേടി സമീപിക്കുന്ന സർവ്വരെയും ദുഃഖിപ്പിക്കുന്നതായിരുന്നു ആ ധന്യജീവിത ത്തിന്റെ അന്ത്യം.

എളിയ ജീവിത്തിൽ നിന്ന് ആരംഭിച്ച് ഉന്നത പദവിയി ലെത്തിയ കേരള പണ്ഡിതരിൽ പ്രധാനിയായിരുന്നു അബ്ദു ല്ല മുസ്‌ലിയാർ. വെല്ലൂർ ബാഖിയാത്തിൽ ശൈഖ് ഹസൻ ഹസ്റത്ത് അടക്കമുള്ള ഉസ്താദുമാരുടെ കണ്ണിലുണ്ണിയായി വളർന്നു. ഉന്നതരായ മുദരിസുമാരുടെ പാരമ്പര്യത്തിൽ ഒരു കണ്ണിയായി തൃക്കരിപ്പൂരിലെ ബീരിച്ചേരി ദർസിലും പരപ്പന ങ്ങാടി പനയത്തിൽ പള്ളിയിലും ദീർഘകാലം മുദരിസായി അനേകം ശിഷ്യന്മാരെ വാർത്തെടുത്തുവെന്ന നിലയിൽ അദ്ദേഹം എന്നും സ്മരിക്കപ്പെടുന്നവരാണ്. പണ്ഡിതർക്കു വേണ്ടത്ര വില കൽപ്പിക്കപ്പെടാത്ത മംഗലാപുരം ടൗണിൽ അസ്ഹരിയ്യഃ എന്ന സ്ഥാപനം പടുത്തുയർത്തി പ്രശസ്തി ആർജ്ജിക്കുകയും എന്നാൽ തന്റെ അഭീഷ്ടത്തിനൊതുങ്ങാ ത്ത അവസ്ഥ കണ്ടപ്പോൾ സ്ഥലം വിടുകയും ചെയ്തത് ഭൗതി ക സ്ഥാനമാനങ്ങളും നേട്ടങ്ങളും കാംക്ഷിക്കാതെ പാണ്ഡി ത്യത്തിന്റെ മഹത്വം നിലനിർത്താൻ വേണ്ടിയായിരുന്നു. ഞാൻ മൊട്ടമ്മൽ ജുമുഅത്ത് പള്ളിയിൽ മുദരിസായി

രിക്കുന്ന കാലത്തായിരുന്നു ബീരിച്ചേരിയിൽ അദ്ദേഹം മുദരിസായി സേവനമനുഷ്ഠിച്ചിരുന്നത്. തന്റേതായ വ്യക്തിത്വത്തിന് നിരക്കാത്ത സൂചന കണ്ടായിരുന്നു ബീരിച്ചേരി വിടാൻ തീരുമാനമെടുത്തത്. എന്റെ പുണ്യ മശാഇഖുകളിൽ പ്രധാനിയായിരുന്ന മർഹൂം ശാഹുൽ ഹമീദ് തങ്ങളുടെ പിൻഗാമിയെന്ന നിലക്ക് അദ്ദേഹവുമായി പ്രസ്തുത സന്ദർഭങ്ങളിൽ ഞങ്ങൾ ബന്ധപ്പെടുകയും പലകാര്യങ്ങളിലും ചർച്ച ചെയ്യുകയും പതിവായിരുന്നു. എല്ലാ ഫന്നുകളിലും നിറകുടമായിരുന്ന കുറ്റിപ്പുറം, ആത്മീയജ്ഞാനം തേടിവന്നവരുടെ അത്താണി കൂടിയായിരുന്നു. ദർസിന്റെ വീര്യം കെടുത്തിയ പല രോഗങ്ങൾക്കും അടിമപ്പെട്ട് പരപ്പനങ്ങാടി ദർസിനോട് വിടപറഞ്ഞ ശേഷം വീട്ടിൽ ഒതുങ്ങിക്കൂടാൻ തീരുമാനിച്ചപ്പോൾ പോലും ജാമിഅഃ സഅദിയ്യയിൽ ഉസ്താദായി ക്ഷണിച്ചുവെങ്കിലും അനാരോഗ്യം കാരണം ഒഴിഞ്ഞ് മാറുകയായിരുന്നു. പണക്കാരന്റെ പ്രതാപത്തിന് തെല്ലും വില കൽപിക്കാത്ത മഹാൻ ഒതുങ്ങിക്കൂടാനും ദാരിദ്ര്യത്തിന്റെ ആലസ്യം കൂടാതെ ജീവിതം നയിക്കാനും കഴിഞ്ഞത് തന്നെ അദ്ദേഹത്തിന്റെ മഹത്വത്തിന് മകുടോദാഹരണമത്രെ. സംഘടനാരംഗത്ത് പ്രവർത്തിക്കാൻ ഇഷ്ടപ്പെടാറില്ലെങ്കിലും സുന്നത്ത് ജമാഅത്തിന്റെ അടിയുറച്ച വിശ്വാസം സുദൃഢമാക്കാൻ ശിഷ്യന്മാരെ അദ്ദേഹം പ്രേരിപ്പിക്കുമായിരുന്നു. സന്താനങ്ങളെയെല്ലാം പണ്ഡിതന്മാരാക്കി കൺകുളിർക്കെ പരലോകം പ്രാപിക്കാൻ സാധിച്ച പണ്ഡിത കേരളീയരിൽ അദ്ദേഹത്തിന്റെ ചരിത്രം അനുസ്മരിക്കപ്പെടുക തന്നെ ചെയ്യും. വിവിധ വിജ്ഞാന ശാഖകളിൽ അഗാധമായി ഇറങ്ങിച്ചെന്ന് വിദ്യാർത്ഥികളെ സമ്പുഷ്ടമാക്കാൻ അർഹരായ പണ്ഡിതർ വിരളമായിത്തീർന്ന ഈ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ വിയോഗത്തിന്റെ വിരഹദുഃഖം പണ്ഡിത കേരളം അനുഭവിച്ച് കൊണ്ടിരിക്കുകയാണ്. നാഥൻ അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ - ആമീൻ.

കളങ്കമില്ലാത്ത കണക്കുകൾ

വൈലത്തൂർ ബാവ മുസ്‌ലിയാർ

ഞങ്ങളുടെ നാട്ടിലേക്ക് ഒരു മുദരിസിന്റെ ആവശ്യം വന്നു. നിലവിലുള്ള ഉസ്താദ് സ്ഥലം മാറിയിരിക്കുന്നു. പുതിയ ഉസ്താദിനെ അന്വേഷിക്കുകയാണ് നാട്ടുകാർ. കുറ്റിപ്പുറം ഉസ്താദിനെ സംബന്ധിച്ചു വിവരം നാട്ടുകാർക്കും കമ്മിറ്റിക്കും കിട്ടി. അദ്ദേഹം ഞങ്ങളുടെ നാട്ടിലേക്ക് വരാൻ തയ്യാറാണോ എന്ന് അന്വേഷിക്കാൻ വേണ്ടി കമ്മിറ്റി നിയോഗിച്ച ആളുകളുടെ കൂട്ടത്തിൽ ഞാനുമുണ്ടായിരുന്നു. ഞങ്ങൾ ബന്ധപ്പെട്ടെങ്കിലും ഇപ്പോഴുള്ള സ്ഥലത്ത് നിന്ന് മാറാൻ ഉദ്ദേശിക്കുന്നില്ലെന്ന് പറഞ്ഞ് ഒഴിഞ്ഞു മാറി. 45 വർഷം മുമ്പുള്ള ഈ അന്വേഷണം ഒരു ആത്മബന്ധത്തിന്റെ തുടക്കമായിരുന്നു. അവസാനം വരെയും ഞങ്ങൾ ആ ബന്ധം തുടർന്നു. വഫാത്താകുന്നതിന്റെ രണ്ട് ദിവസം മുമ്പ് വരെ ഞാൻ അദ്ദേഹത്തെ ഹോസ്പിറ്റലിൽ സന്ദർശിച്ചിരുന്നു.

താഴ്മയുടെ പ്രതീകമായിരുന്നു മഹാനവർകൾ. പട്ടിക്കാട് കോളേജിലേക്ക് മഹാനവർകളെ മുദരിസായി ക്ഷണിച്ചെങ്കിലും അതിന് മാത്രം ഞാനില്ല എന്ന് പറഞ്ഞ് അദ്ദേഹം ഒഴിഞ്ഞുമാറുകയായിരുന്നു. മുബ്തദിഉകളോട് വളരെ വെറുപ്പുള്ള വ്യക്തിയായിരുന്നു അദ്ദേഹം . നല്ല 'ചൊറുക്കുള്ള' വഅളും അദ്ദേഹം പറയുമായിരുന്നു. ഓമച്ചപുഴയിൽ അദ്ദേഹം നടത്തിയ വഅളിലെ പ്രധാന ഭാഗങ്ങൾ ഇന്നും എന്റെ മനസ്സിൽ മായാതെ കിടക്കുന്നു. മഹാനവർകൾ പറഞ്ഞു. 'എസ്. എസ്. എൽ. സി കാർക്കും ബി.എ കാർക്കും തിരിയാത്ത കണക്കുകൾ ഞങ്ങൾക്കറിയാം. രിസാല എന്ന കിതാബ് ഞങ്ങൾ നല്ല വണ്ണം ഓതിപ്പഠിച്ചിട്ടുണ്ട്.

മരത്തിന്റെ നിഴൽ കൊണ്ടും പലകക്ക്ഷ്ണം കൊണ്ടും ഞങ്ങൾക്ക് കണക്കുകൾ പറയാൻ കഴിയും. പക്ഷെ ആരുണ്ട് ഞങ്ങളിൽ നിന്നത് മനസ്സിലാക്കാൻ'.

ജീവിത്തിൽ അങ്ങേയറ്റം സൂക്ഷ്മത പുലർത്തിയിരുന്ന മഹാനവർകൾ വളരെ ആലോചിച്ച ശേഷമേ തീരുമാനങ്ങൾ എടുത്തിരുന്നുള്ളൂ. ഉസ്താദായ പാങ്ങിൽ അബ്ദുല്ല മുസ്‌ലിയാരുടെ മകളെ അദ്ദേഹത്തെ കൊണ്ട് വിവാഹം അന്വേഷിപ്പിച്ചു. തന്റെ ഉസ്താദിന്റെ മകൾ എന്നതിലുപരി തന്നേക്കാൾ സാമ്പത്തികമായി ഉയർന്നവരുമായിരുന്നു അവർ. അതുകൊണ്ട് അദ്ദേഹം അത് നിരസിച്ചു. ഒരു ഉസ്താദിന്റെ മകളെ ഞാൻ വിവാഹം ചെയ്താൽ ഒരു പക്ഷെ അവൾ തന്റെ ഉമ്മാക്ക് ഖിദ്മത്ത് ചെയ്യുന്നതിൽ വീഴ്ചവരുത്തും. ഉസ്താദിനോടുള്ള ബഹുമാന നിമിത്തം അവളെ അതിന് നിർബന്ധിക്കാനും സാധിക്കില്ല. അതിനാൽ ഞാൻ ആ ബന്ധം ഒഴിവാക്കുന്നുവെന്നാണ് മഹാനവർകൾ അതിനു കാരണം പറഞ്ഞത്. മഹാനവർകളുടെ സൂക്ഷ്മതയാണ് ഇതിലൂടെ വ്യക്തമാകുന്നത്.

കണ്ടകാര്യം ആരോടും തുറന്ന് പറയുക അദ്ദേഹത്തിന്റെ സ്വഭാവമായിരുന്നു. എന്റെ "അൽഫിയ്യ" യുടെ ശർഹായ തൽമീഹിനെ സംബന്ധിച്ച് ആരോ അദ്ദേഹത്തോട് പറഞ്ഞപ്പോൾ വളരെ അത്ഭുതത്തോടെ മഹാനവർകൾ പറഞ്ഞത്രെ. 'ഹാ, വല്ലാത്ത കാലം, കുട്ടികൾ കിതാബ് ഓതുന്നതും കല്ലത്താക്കിയല്ലോ?' ഉസ്താദ് പറഞ്ഞ വാക്കുകൾ വളരെ ശരിയാണ്. കാരണം കുട്ടികൾ കിതാബിൽ കൂടുതൽ ശ്രദ്ധിക്കാതെ വെറും ശർഹിന്റെ മേൽ അവലംബമാക്കും. ഇതവർക്ക് കിതാബുകളോടുള്ള ബന്ധം കുറയാൻ വരെ കാരണമാകും. ചിന്തിക്കുമ്പോൾ ഉസ്താദിന്റെ വാക്കുകൾ യാഥാർത്ഥ്യമാണെന്ന് നമുക്കും ബോധ്യപ്പെടും. പലപ്പോഴും പല പ്രശ്നങ്ങൾക്കും ബന്ധപ്പെട്ടിരുന്ന മഹാനവർകളിൽ നിന്ന് ഹദ്ദാദ് റാതീബിന്റെ ഇജാസത്തും ഞാൻ നേടിയിട്ടുണ്ട്. ഇനി എന്റെ പ്രശ്നങ്ങൾക്ക് പരിഹാരമേകാൻ ഞാൻ ആരിലേക്ക് ഓടിച്ചെല്ലും?

അറിവിലെ ആദരം

നെല്ലിക്കുത്ത് ഇസ്മാഈൽ മുസ്‌ലിയാർ

നാല് ദിവസത്തെ വഅളിനോടനുബന്ധിച്ച് കുറ്റിപ്പുറത്ത് പോയപ്പോൾ ഞാൻ ഉസ്താദിന്റെ വീട്ടിലും പോയി. അന്ന് മുതലാണ് ഞങ്ങൾ തമ്മിലുള്ള ബന്ധം ആരംഭിക്കുന്നത്. വിദ്യാർത്ഥികൾ ഗുരുവിനെ ബഹുമാനിക്കുന്നതു പോലെയാണ് അദ്ദേഹം എന്നെ ബഹുമാനിച്ചത്. അല്ല വിദ്യാർത്ഥികൾ പോലും അത്രയേറെ ആദരവ് കൽപിക്കുന്നില്ലെന്ന് ഞാൻ സംശയിച്ച് പോകുന്നു. അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിന്റെയും തസ്വവ്വുഫിന്റയും ഔന്നിത്യത്തെയാണ് ഇതു വ്യക്തമാക്കുന്നത്.

മഹാനവർകളെ സംബന്ധിച്ച് എന്ത് എഴുതിയാലും അത് അധികമാവില്ല. അത്രയേറെ സൂക്ഷ്മതയിലായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. തന്റെ മക്കളെ മുഴുവനും ആലിമീങ്ങളാക്കിയെന്നത് പണ്ഡിതരുടെ കൂട്ടത്തിൽ അദ്ദേഹത്തിന്റെ എടുത്തു പറയേണ്ട ബഹുമതിയാണ്. പലരും ചർച്ച ചെയ്ത വിഷയമാണ് പണ്ഡിതന്റെ മകൻ എന്തുകൊണ്ട് പണ്ഡിതനാകുന്നില്ല എന്നത്. പലകാരണങ്ങളും ഇതിന് പറയാനുണ്ടെങ്കിലും പ്രധാനമായും മൂന്ന് കാരണങ്ങളാണ് ഞാൻ ഇതിന് കാണുന്നത്. അതായത് പണ്ഡിതന്റെ മകൻ പണ്ഡിതനാകണമെങ്കിൽ മൂന്ന് കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

1.സ്വകാര്യ ജീവിതം നന്നാക്കുക

പണ്ഡിതന്റെ സ്വകാര്യജീവിതം നല്ലതല്ലെങ്കിൽ അദ്ദേഹത്തെ സംബന്ധിച്ച് ജനങ്ങൾ ആക്ഷേപിക്കും. ഇത്

കേൾക്കാനിടവരുന്ന മക്കൾ ചിന്തിക്കും. 'എന്തിനിങ്ങനെ ആക്ഷേപാർഹമായ മേഖലകളിലേക്ക് നാം തിരിയണം. മറ്റ് മാർഗങ്ങൾ തന്നെ ധാരാളമുണ്ടല്ലോ?' ഈ ചിന്ത മക്കളെ മറ്റ് മേഖലകളിലേക്ക് തിരിക്കുന്നു. മറിച്ച് സ്വകാര്യ ജീവിതം നല്ലതാണെങ്കിൽ ജനങ്ങൾ അദ്ദേഹത്തെ സംബന്ധിച്ച് പുകഴ്ത്തി പറയുകയും നല്ല അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും ചെയ്യും. ഇത് മക്കളെയും പിതാവിന്റെ സരണിയിലേക്ക് തിരിക്കാൻ പ്രേരിപ്പിക്കും.

2.ആലിമിനോട് നാട്ടുകാർക്ക് മതിപ്പുണ്ടാവുക

സ്വന്തം നാട്ടുകാർക്ക് ആലിമിനെ സംബന്ധിച്ച് മതിപ്പില്ലാതെ വരുമ്പോൾ അവരുടെ ആക്ഷേപം വർദ്ധിക്കും. അതുകൊണ്ടാണല്ലോ പിതാവ് ഭയങ്കര പിശുക്കനാണെങ്കിൽ മകൻ നല്ല ധർമിഷ്ഠനാകും. പിതാവ് നല്ല ധർമിഷ്ടനാണെങ്കിൽ മകൻ വലിയ പിശുക്കനാകുമെന്നു നാം സാധാരണ പറയുന്നത്. കാരണം ഇവിടെയും പിതാവിനെ സംബന്ധിച്ചുള്ള ജനങ്ങളുടെ മതിപ്പില്ലായ്മയും ആക്ഷേപവുമാണ്. പിതാവ് ഭയങ്കര പിശുക്കനാകുമ്പോൾ ജനങ്ങൾ മുഴുവൻ അദ്ദേഹത്തെ ആക്ഷേപിക്കും. ഇത് കേൾക്കാനിടവരുന്ന മകൻ ചിന്തിക്കും ഞാനും പിതാവിനെ പോലെ പിശുക്ക് കാണിച്ചാൽ എന്നെ സംബന്ധിച്ചും ജനങ്ങളുടെ സംസാരം ഇതേ രൂപത്തിൽ തന്നെയായിരിക്കുമല്ലോ? അതിന് മാറ്റം ആവശ്യമാണെന്ന് ചിന്തിക്കുന്ന മകൻ ധർമിഷ്ഠനാകും. പിതാവ് ധർമിഷ്ഠനാകുമ്പോൾ മകൻ ചിന്തിക്കുന്നത് 'ഉള്ളത് മുഴുവനും പിതാവ് ധർമ്മം ചെയ്ത് കളഞ്ഞു. ഞാനും അത് പോലെ ആയാൽ 'കുടുംബം കുളം തോണ്ടും' ഇത് ചിന്തിക്കുന്ന മകൻ പിശുക്കനുമാകും.

3. സാമ്പത്തികശേഷി കൂടുതൽ ഭർത്താവിനാവുക

സാമ്പത്തിക ശേഷി കൂടുതലുള്ള വീട്ടിൽ നിന്ന് വന്ന സ്ത്രീയാണെങ്കിൽ അവളുടെ കുടുംബത്തിലേത് പോലെ ഒരു 'അടിപൊളി' ജീവിതമായിരിക്കില്ല ഭർത്താവിന്റെ വീട്ടിൽ. അപ്പോൾ അവളും അവളുടെ സഹോദരന്മാരും (കുട്ടിയുടെ അമ്മാവൻ) ചിന്തിക്കും, ഈ മേഖലയിൽ തന്നെ മക്കളെയും

തിരിച്ച് വിട്ടാൽ ഇവരുടെ സ്ഥിതിയും ഇതായിരിക്കുമല്ലോ? ഉമ്മയുടെയും അമ്മവന്മാരുടെയും ഈ ചിന്ത മക്കളെ മറ്റ് മേഖലയിലേക്ക് തിരിച്ച് വിടും.

ഇതിൽനിന്നെല്ലാം വിഭിന്നമായി തന്റെ മക്കളെ മുഴുവനും ഉന്നത പണ്ഡിതന്മാരായി വാർത്തെടുത്തുവെന്നതാണ് കുറ്റിപ്പുറം ഉസ്താദിന്റെ സുപ്രധാന സവിശേഷതയായി ഞാൻ മനസ്സിലാക്കുന്നത്.

തലക്കനമില്ലാതെ

സയ്യിദ് ഇബ്റാഹീം ഖലീലുൽ ബുഖാരി

മംഗലാപുരത്ത് നിന്ന് പരിപാടി കഴിഞ്ഞ് മടങ്ങി വരുന്നതിനിടയിലാണ് കുറ്റിപ്പുറം ഉസ്താദ് ഹോസ്പിറ്റലിൽ അത്യാസന്ന നിലയിലാണെന്ന വിവരം അറിയുന്നത്. നേരെ ഹോസ്പിറ്റൽ ലക്ഷ്യം വെച്ചെങ്കിലും അവിടെ എത്തുന്നതിന് മുമ്പ് തന്നെ അദ്ദേഹം നാഥന്റെ വിളിക്ക് ഉത്തരം നൽകിയിരുന്നു.

ഞങ്ങളുടെ ഉപ്പാപ്പ ശാഹുൽ ഹമീദ് തങ്ങൾ മുതൽ തുടങ്ങിയതാണ് കുറ്റിപ്പുറം ഉസ്താദുമായുള്ള സ്നേഹ ബന്ധം. ഉപ്പാപ്പയുടെ ഏറ്റവും ഇഷ്ടപ്പെട്ട പണ്ഡിതനും സുഹൃത്തുമായിരുന്നു അബ്ദുല്ല മുസ്ലിയാർ. കുറ്റിപ്പുറം ഉസ്താദ് ഞങ്ങളുടെ തറവാട് വീട്ടിലും ഉപ്പാപ്പ അവരുടെ വീട്ടിലും ഇടക്കിടെ സന്ദർശിക്കലും താമസിക്കലും പതിവായിരുന്നു. ഞങ്ങൾ, മക്കളും ആ ബന്ധം തുടർന്ന് പോരുന്നു. എന്റെ ജ്യേഷ്ഠൻ സയ്യിദ് ഉമറുൽ ഫാറൂഖ് അൽ ബുഖാരി തങ്ങളും കുറ്റിപ്പുറം ഉസ്താദിന്റെ മൂത്തപുത്രൻ അബ്ദുൽ വഹാബ് ബാഖവിയും ഒരുമിച്ചായിരുന്നു ബാഖിയാത്തിൽ പഠിച്ചിരുന്നത്. ഞാനും അദ്ദേഹത്തിന്റെ രണ്ടാമത്തെ പുത്രൻ റശീദ് ബാഖവിയും ബാഖിയാത്തിലെ സഹപാഠികളും ആത്മസുഹൃത്തുക്കളുമായിരുന്നു. എന്റെ രണ്ട് അനുജന്മാരും അബ്ദുല്ല മുസ്ലിയാരുടെ രണ്ട് ഇളയ പുത്രന്മാരും തഥൈവ. ഈ ബന്ധം ഇരുകുടുംബവും തമ്മിലുള്ള സൗഹൃദബന്ധം കരുത്തുറ്റതാക്കിയിരിക്കുന്നു.

മഹാനവർകളുമായി സന്ധിക്കുമ്പോഴെല്ലാം ഇൽമിയ്യായ വിഷയങ്ങളായിരുന്നു ചർച്ച ചെയ്തിരുന്നത്. സയ്യിദ് എന്ന നിലക്ക് എന്നോട് വളരെ ബഹുമാനമായിരുന്നു. പഴങ്ങൾ കൂടുന്തോറും വൃക്ഷത്തിന്റെ ചില്ലകൾ താഴ്ന്നു കൊണ്ടിരിക്കുമെന്ന തിരുവചനം അനർത്ഥമാക്കുന്നതായിരുന്നു അബ്ദുല്ല മുസ്‌ലിയാരുടെ ജീവിതം. പാണ്ഡിത്യത്തിന്റെ ഉത്തുംഗതയിൽ എത്തിയിട്ടും തലക്കനമോ കിബ്റോ പിടികൂടാത്ത വിനയാന്വിത സമീപനമായിരുന്നു അദ്ദേഹത്തിന്റേത്.

ജീവിതത്തിലെ കർക്കശ ശൈലിയായിരുന്നു കുറ്റിപ്പുറത്തിന്റെ ഏറ്റവും വലിയ ശ്രേഷ്ഠത. ഓരോ വിഷയങ്ങൾ സ്റ്റേജിൽ കയറി വിളിച്ച് പറയാൻ വളരെ എളുപ്പമാണ്. പക്ഷേ, അത് സ്വന്തം ജീവിതത്തിലും തന്റെ മക്കളിലും പ്രാവർത്തികമാക്കുന്നത് പ്രയാസകരം തന്നെയാണ്. എന്നാൽ ഇതിന്നപവാദമായിരുന്നു കുറ്റിപ്പുറം ഉസ്താദ്. ചെറുപ്പം മുതൽ തന്നെ തന്റെ മക്കൾക്ക് കർശന നിയന്ത്രണമായിരുന്നു അദ്ദേഹം നൽകിയിരുന്നത്. പ്രത്യേകിച്ചും വസ്ത്രധാരണയുടെ വിഷയത്തിൽ. പരിപൂർണ്ണമായും ഇസ്‌ലാമിക വേഷമായിരുന്നു ചെറുപ്പം മുതൽ മക്കളെ ശീലിപ്പിച്ചിരുന്നത്.

ഒരിക്കൽ പ്രശസ്തനായ പണ്ഡിതൻ മകനെയും കൂട്ടി ദുആ ചെയ്യിപ്പിക്കാൻ അദ്ദേഹത്തിന്റെ അടുക്കൽ വന്നു. പാന്റ്സും ടീഷർട്ടുമായിരുന്നു കുട്ടിയുടെ വേഷം. തല മറച്ചിട്ടുമില്ല. ഇതു കണ്ടപ്പോൾ മഹാനവർകൾ പറഞ്ഞു: 'ഇതാണ് മോല്യാരുടെ മക്കളുടെ അവസ്ഥ. നമ്മൾ മറ്റുള്ളവരെ ഉപദേശിക്കുന്നു. പക്ഷെ, സ്വന്തം മക്കളുടെ കാര്യത്തിൽ നാമത് ഗൗനിക്കുന്നില്ല. ഈ വേഷവും ഇത്തരം വേഷക്കാരോടുള്ള കൂട്ടുകെട്ടുമാകുമ്പോൾ എങ്ങനെയാണ് ഈ കുട്ടികളെ നാം ദീനീചിട്ടയിൽ വളർത്തുക. ഇതാണ് നമ്മുടെ ഏറ്റവും വലിയ ന്യൂനത. ഇത് നാം പരിഹരിക്കുക തന്നെ വേണം'. മഹാനവർകൾ ആ പണ്ഡിതനെ ഉപദേശിച്ചു. ഇതായിരുന്നു അബ്ദുല്ല മുസ്‌ലിയാർ. ഹഖ് ആരുടെ

മുന്നിലും തുറന്നടിക്കും. അവിടെ മുതലാളിമാർ വഴിമാറിപ്പോകുമെന്നോ തൊഴിൽ നഷ്ടപ്പെടുമെന്നോ ഉള്ള പേടി അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഇതായിരുന്നു അദ്ദേഹത്തിന്റെ ജീവിത വിജയത്തിന്റെ നിദാനവും.

ആദർശത്തിൽ ഉറച്ചു നിന്ന പണ്ഡിതൻ

പൊന്മള അബ്ദുൽ ഖാദിർ മുസ്‌ലിയാർ

1977ലാണ് കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ എന്ന മഹാ മനുഷ്യനുമായി ബന്ധപ്പെടുന്നത്. അതിനു മുമ്പ് കണ്ടിട്ടുണ്ടെങ്കിലും നേരിൽ കണ്ട് അടുത്തറിയാൻ കഴിഞ്ഞിട്ടില്ലായിരുന്നു. ഞാൻ ദയൂബന്ദിൽ നിന്നും പഠനം പൂർത്തിയാക്കി ചാപ്പനങ്ങാടിക്കടുത്ത് ദർസ് ആരംഭിച്ച ഉടനെയായിരുന്നു അത്. പരപ്പനങ്ങാടി പനയത്തിൽ ജുമാമസ്ജിദിലെ മുദരിസായി സേവനമനുഷ്ഠിക്കുകയായിരുന്നു അന്ന് അബ്ദുല്ല മുസ്‌ലിയാർ. എന്റെ ഭാര്യപിതാവ് ഹൈദ്രോസ് ഹാജി അബ്ദുല്ല മുസ്‌ലിയാരുടെ ശിഷ്യനായത് കൊണ്ട് അബ്ദുല്ല മുസ്‌ലിയാരുമായി കൂടുതൽ അടുക്കാൻ സാധിച്ചു. ഉസ്താദിനെ കാണാൻ പല പ്രാവശ്യവും എന്നെയും കൂട്ടി ഹൈദ്രോസ് ഹാജി പോയിട്ടുണ്ട്. കണ്ടുമുട്ടുന്ന എല്ലാ സമയങ്ങളിലും വിജ്ഞാനപ്രദമായ നല്ല ഉപദേശങ്ങളോ മസ്അലയുടെ ചർച്ചകളോ മുൻകാല മഹാന്മാരുടെ ജീവചരിത്രങ്ങളോ പറയാതിരിക്കില്ല. ശുദ്ധ മലയാളത്തിലായിരുന്നു ആ സംസാരം. കണ്ട് മടങ്ങി വരുമ്പോഴെല്ലാം പുതിയൊരറിവ് സമ്പാദിച്ച പ്രതീതിയും എനിക്കുണ്ടായിരുന്നു.

നിറഞ്ഞ വിജ്ഞാനത്തിന്റെയും തികഞ്ഞ നിഷ്കളങ്കതയുടെയും ഉടമയായിരുന്നു അബ്ദുല്ല മുസ്‌ലിയാർ. പഠിച്ചതനുസരിച്ച് അമൽ ചെയ്യുന്നതിലും സൂക്ഷമതയിലും കിടയറ്റ വ്യക്തിയായിരുന്നു. പഠിച്ച സത്യം തുറന്ന് പറയാൻ ആരെയും

ഭയപ്പെടാത്ത മഹദ്വ്യക്തിത്വം. ശറഇൽ അനുവദിക്കപ്പെടാത്ത കാര്യങ്ങൾക്കെതിരെ ഗർജ്ജിക്കുന്ന സിംഹം. നവീന ആശയക്കാരോടും കള്ള ശൈഖുമാരോടും സന്ധിയില്ലാ സമരം നടത്തിയ പണ്ഡിതൻ, അബ്ദുല്ല മുസ്‌ലിയാരെ സംബന്ധിച്ച് പറയുമ്പോൾ കേവലം പ്രകീർത്തനങ്ങൾക്ക് വേണ്ടിയുള്ള ആലങ്കാരിക പദപ്രയോഗങ്ങളല്ല ഇത്. മറിച്ച് തീർത്തും യാഥാർത്ഥ്യങ്ങളും വസ്തുതയുമാണ്.

പഴയ ആലിമീങ്ങളുടെ ചരിത്രവും അവരുടെ കാലഘട്ടങ്ങളിൽ നടന്ന വിവിധ സംഭവങ്ങളും അവ സംബന്ധിച്ച ഫത്‌വകളും ഞങ്ങൾക്ക് പറഞ്ഞു തരുമായിരുന്നു. പലപ്പോഴായി ഇങ്ങനെ പറഞ്ഞു തന്ന കാര്യങ്ങൾ പല മേഖലകളിലേക്കും വെളിച്ചം വീശുന്നവയായിരുന്നു. ഐക്യസംഘത്തെ സംബന്ധിച്ചും അതേ തുടർന്ന് കേരള ജംഇയ്യത്തുൽ ഉലമ സ്ഥാപിതമായതു സംബന്ധിച്ചും ശേഷം സമസ്ത കേരള ജംഇയ്യത്തുൽ ഉലമക്ക് കെൽപ്പുറ്റ പണ്ഡിതന്മാർ രൂപം നൽകിയതിനെ സംബന്ധിച്ചും അബ്ദുല്ല മുസ്‌ലിയാർ വിശദമായി സംസാരിച്ചത് ഇപ്പോഴും ഞാനോർക്കുന്നു. കേരളത്തിലെ നദ്‌വത്തുൽ മുജാഹിദീൻ ജുമുഅ: ഖുതുബ പരിഭാഷപ്പെടുത്തുന്നത് അനിവാര്യമാണെന്നും പള്ളികളിൽ ഇന്ന് ഓതികൊണ്ടിരിക്കുന്ന നബാതിയ്യ ഖുതുബ അറബി അറിയുന്നവർക്ക് പോലും ഗ്രഹിക്കാൻ ആവാത്ത വിധം കടുപ്പമേറിയതാണെന്നും ഖുതുബ എല്ലാവർക്കും ഗ്രഹിക്കാൻ പറ്റുന്ന വിധം ലളിതമായിരിക്കൽ സുന്നത്താണെന്ന് ശാഫിഈ മദ്ഹബിലെ ആധികാരിക ഗ്രന്ഥങ്ങളിൽ ഉണ്ടെന്നു വാദിക്കുകയും അത് കൊണ്ട് തന്നെ ഖാസി ഖതീബുമാരെയും പള്ളി മുതവല്ലിമാരെയും ഖുതുബ പരിഭാഷപ്പെടുത്തൽ ആവശ്യമാണെന്ന് ബോധ്യപ്പെടുത്തിക്കൊണ്ടുള്ള പ്രമേയം പാസാക്കുകയും ചെയ്തപ്പോൾ ചില പള്ളികളിലെങ്കിലും ഈ സമ്പ്രദായം തുടങ്ങി. ഇത് മറ്റു പള്ളികളിലേക്കും കൂടി വ്യാപിക്കുമെന്നും വലിയ നാശത്തിനു തുടക്കം കുറിക്കുമെന്നും മനസ്സിലാക്കിയ സമസ്തയിലെ പണ്ഡിതന്മാർ 1947ൽ ബാഖിയാതുസ്സ്വാലിഹാത് മുദരി

സും മഹാ പണ്ഡിതനുമായിരുന്ന ബഹു: ശൈഖ് ആദം ഹസ്റത്തിന്റെ അദ്ധ്യക്ഷതയിൽ മീഞ്ചന്തയിൽ വെച്ച് ചേർന്ന മഹാ സമ്മേളനത്തിൽ ഈ ഖുതുബ പരിഭാഷ ബിദ്അത്ത് മുൻകറത്ത് (വെറുക്കപ്പെട്ട നവീനാചാരം) ആണെന്നും അതുകൊണ്ട് തന്നെ ഇത് നടത്തുന്നവർ എത്രയും പെട്ടെന്ന് അത് നിർത്തൽ ചെയ്യണമെന്നും ബന്ധപ്പെട്ടവരെ ബോധ്യപ്പെടുത്തിക്കൊണ്ടുള്ള പ്രമേയം പാസാക്കുകയും അത് വിളംബരപ്പെടുത്തുകയും ചെയ്തതോടെ സുന്നികൾ നേതൃത്വം നൽകുന്ന പള്ളികളിൽ നിന്നെല്ലാം ഈ നവീനാചാരം എന്നെന്നേക്കുമായി പുറത്തായി. വഹാബിസത്തിൽ ഉറച്ചവർ പരിഭാഷ വാദികളായി മാറുകയും ചെയ്തു. അബ്ദുല്ല മുസ്‌ലിയാർ നൽകിയ വിശദീകരണമായിരുന്നു ഇത്.

ചില്ലറ കാര്യങ്ങളിൽ സമസ്തയോട് വിയോജിച്ചു നിന്ന കേരളത്തിലെ ചില പ്രധാന പണ്ഡിതന്മാർ അഖില കേരള ജംഇയ്യത്തുൽ ഉലമക്ക് രൂപം നൽകിയപ്പോൾ അതിന്റെ പ്രധാന സാരഥിയായിരുന്ന ശൈഖ് ഹസൻ ഹസ്റത്തിനോട് അബ്ദുല്ല മുസ്‌ലിയാർ ഇങ്ങനെ പറഞ്ഞുവത്രേ: ‘കേരളത്തിലെ ബിദ്അത്തുകാർക്കെതിരിൽ രൂപീകൃതമായ സമസ്തയിൽ പ്രഗത്ഭരായ പണ്ഡിതന്മാരാണുള്ളത്. ചില്ലറ കാര്യങ്ങളിൽ അഭിപ്രായ വ്യത്യാസം വന്നിട്ടുണ്ടെങ്കിൽ അത് ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനു പകരം ഈ പ്രധാന പണ്ഡിതന്മാർക്കെതിരിൽ മറ്റൊരു സംഘടനക്ക് രൂപം നൽകിയാൽ ആ സംഘടനക്ക് പിന്നിൽ ബഹുജനങ്ങളെ കിട്ടില്ലെന്നും അതുകൊണ്ട് തന്നെ പരാജയം ഏറ്റു വാങ്ങേണ്ടി വരുമെന്നും ഉറപ്പാണ്. എന്റെ എല്ലാമെല്ലാമായ ഉസ്താദിനോട് ദീനിയ്യായ നസ്വീഹത്ത് എന്ന നിലക്കാണ് ഞാൻ ഇതു പറയുന്നത്’. ഈ സംഭവം എന്നോട് വിശദീകരിച്ച ശേഷം മഹാനവർകൾ ഇപ്രകാരം പറയുകയുണ്ടായി.

സമസ്ത ശരിയായ വഴിയിൽ സഞ്ചരിക്കുന്ന സമയത്ത് ചില്ലറ അഭിപ്രായങ്ങൾക്കു വേണ്ടി മറ്റൊരു സംഘടന രൂപീകരിച്ചപ്പോൾ അല്ലാഹുവിന്റെ സഹായം അതിന് ഇല്ലാതെ വരികയും അത് നാമാവശേഷമാവുകയും ചെയ്തു.

എന്നാൽ സമസ്തയിൽ ഇപ്പോൾ ഉണ്ടായ പുതിയ സംഭവ വികാസങ്ങളെ ഇതിനോട് തുലനം ചെയ്തു കൂടാ. സമസ്തയുടെ സ്ഥാപിത ലക്ഷ്യത്തിൽ നിന്ന് തെറ്റി ചില രാഷ്ട്രീയ മേലാളന്മാരുടെ പ്രീതിക്കു വേണ്ടി സമസ്തയുടെ ആദർശം ബലി കഴിക്കാൻ ഇന്നത്തെ ചില നേതാക്കൾ തുനിഞ്ഞപ്പോഴാണ് സംഘടനയെ രാഷ്ട്രീയ വലയങ്ങളിൽ നിന്ന് മോചിപ്പിച്ച് സ്ഥാപിത ലക്ഷ്യത്തിൽ ഉറപ്പിച്ചു നിർത്താൻ വേണ്ടി ഉള്ളാൾ തങ്ങളും എ പി അബൂബക്കർ മുസ്ലിയാരും സമസ്ത പുനഃസംഘടിപ്പിച്ചത്. ഇതൊരിക്കലും പുറം തിരിഞ്ഞു കൊണ്ട് മറ്റൊരു സംഘടനക്ക് രൂപം നൽകലല്ല. പ്രത്യുത മാതൃസംഘടനയെ ലക്ഷ്യത്തിൽ ഉറപ്പിച്ചു നിർത്തലാണ്. അതു കൊണ്ട് തന്നെ അല്ലാഹുവിന്റെ സഹായം ഈ സംഘടനക്കുണ്ട്. അതാണല്ലോ നാൾക്കു നാൾ ഇത് വളർന്നു വരുന്നത്. എനിക്ക് സംഘടനയിൽ പ്രവർത്തിക്കാനുള്ള ആഫിയത്തില്ല. നിങ്ങൾ ഉറച്ചുനിന്ന് പ്രവർത്തിക്കുക. ആരെയും ഭയപ്പെടേണ്ടതില്ല. ഞാൻ സ്വതന്ത്രനാണ്. എനിക്ക് ആരോടും വിധേയത്വമില്ല. ഉള്ളാൾ തങ്ങളും എ പിയും ഇപ്പോൾ സത്യത്തിൽ സഞ്ചരിക്കുന്നതു കൊണ്ട് അവരെ ഞാൻ അംഗീകരിക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഹഖ്ഖിൽ നിന്നു തെറ്റിയാൽ അവരെയും ഞാൻ എതിർക്കും. ത്വലാഖ് പ്രശ്നത്തിലും മാസപ്പിറവി പ്രശ്നത്തിലും ചേളാരി സമസ്ത കൈക്കൊണ്ട നിലപാട് സംബന്ധിച്ച് ചർച്ച ചെയ്തപ്പോഴാണ് വികാര ഭരിതനായിക്കൊണ്ട് അബ്ദുല്ല മുസ്ലിയാർ ഇത്രയും കാര്യങ്ങൾ വിശദീകരിച്ചത്.

ഓരോ വിഷയത്തിലും ഇസ്ലാമിന്റെ കാഴ്ചപ്പാടുകൾ ഇന്നതാണെന്ന് മനസ്സിലാക്കിയ അബ്ദുല്ല മുസ്ലിയാർ അതിനെതിരെ പറയുന്ന ആർക്കും ഒരു വിലയും കൽപ്പിക്കില്ല. കർത്താവിനെ പറയാത്തത് കൊണ്ട് ത്വലാഖ് വാചകത്തിന് സാധുതയില്ലെന്നും അതു കൊണ്ട് തന്നെ വിവാഹബന്ധം നിലനിൽക്കുമെന്നും ചേളാരി സമസ്ത സെക്രട്ടറി നൽകിയ ഫത്വയും അതിനെ ശരിവെച്ചു കൊണ്ടുള്ള ചേളാരി

മുശാവറയുടെ നിലപാടും ചവറ്റ് കൊട്ടയിലേക്ക് എറിയേണ്ട താണെന്നും വ്യഭിചാരം നടത്താനുള്ള ഫത്‌വയായിട്ടു വേണം ഇതിനെ കാണാനെന്നും അബ്ദുല്ല മുസ്‌ലിയാർ ഗർജ്ജിച്ചത് സിറാജ് ദിന:പത്രത്തിൽ റിപ്പോർട്ട് ചെയ്ത താണ്.

ശരിയായ സാക്ഷികൾ മുഖേന റമളാൻ മാസപ്പിറവി കണ്ടതായി തെളിഞ്ഞിട്ടും കേരളത്തിലെ ഒരു പ്രത്യേക കേന്ദ്രത്തിൽ നിന്ന് മാസം ഉറപ്പിച്ചില്ലെന്ന ഒരൊറ്റ കാരണത്താൽ മേൽസാക്ഷികളെ തള്ളിക്കൊണ്ട് ചേളാരി സമസ്ത വിഭാഗം ഖാസിമാർ സ്വീകരിച്ച നിലപാടിനെതിരിൽ ആദ്യമായി രംഗത്തിറങ്ങിയത് അബ്ദുല്ല മുസ്‌ലിയാർ ആണ്. ഏത് കാര്യത്തിലും ഉറച്ച നിലപാടെടുക്കുമ്പോൾ തന്നെ അനുകൂലിക്കാൻ ആരൊക്കെയുണ്ടാവുമെന്ന് നോക്കിയല്ല അബ്ദുല്ല മുസ്‌ലിയാർ ആ തീരുമാനം പ്രഖ്യാപിക്കുന്നത്. മറിച്ച് അല്ലാഹു എന്റെ കൂടെ ഉണ്ടാകുമെന്ന ഉറച്ച വിശ്വാസ ത്തിന്റെ അടിസ്ഥാനത്തിലാണ്.

പിഴച്ച ത്വരീഖത്തുകാരിൽപ്പെട്ട പുലാമന്തോൾ കോയയും സിൽബന്ധികളും കുറ്റിപ്പുറത്ത് വന്ന് ഒന്നും അറിഞ്ഞു കൂടാത്ത സാധാരണക്കാരെ വെട്ടിലാക്കുന്നു ണ്ടെന്ന് മനസ്സിലാക്കിയ അബ്ദുല്ല മുസ്‌ലിയാർ ആ ത്വരീഖ ത്തിനും അതിന്റെ ശൈഖിനുമെതിരിൽ ശക്തമായ ഭാഷയിൽ ഗർജ്ജിച്ചു. നാട്ടുകാരായ പലർക്കും അപ്പോഴത് ഉൾക്കൊ ള്ളാൻ കഴിഞ്ഞില്ലെങ്കിലും പിന്നീട് ആലിമീങ്ങളുടെ തീരു മാനം അബ്ദുല്ല മുസ്‌ലിയാർക്ക് അനുകൂലമായി വന്നപ്പോൾ എല്ലാവരും അത് അംഗീകരിക്കാൻ നിർബന്ധിതരായി.

ഖാസി വലിയ്യായി നടത്തേണ്ട ഒരു നികാഹ് ഖാസിയുടെ അധികാര പരിധിക്കു പുറത്തുള്ള ഒരു സ്ഥലത്ത് വെച്ച് നടന്നിട്ടുണ്ടെന്നും അതുകൊണ്ട് ആ നികാഹ് സാധുവാകുമോ എന്നും അബ്ദുല്ല മുസ്‌ലിയാരോട് ചോദിച്ചപ്പോൾ അധികാര പരിധിക്കു പുറത്തുള്ള സ്ഥലത്ത് ഖാസിക്ക് വിലായത്തില്ലെന്നും അതുകൊണ്ടു തന്നെ ആ നികാഹ് സാധുവല്ലെന്നും നികാഹ് ശരിയാകും വണ്ണം

വീണ്ടും നടത്തുന്നതു വരെ ഭാര്യഭർത്താക്കൾ കൂടി ജീവിക്കാൻ പാടില്ലെന്നും അബ്ദുല്ല മുസ്‌ലിയാർ ഫത്‌വ കൊടുത്തു. കേരളത്തിലെ ഒരു പ്രധാനപ്പെട്ട ഖാസിക്ക് പറ്റിയ പിഴവ് അബദ്ധമായി കാണുന്നത് സഹിക്കാനാവാത്ത ചിലരെല്ലാം നികാഹിന്റെ സാധുതക്ക് വേണ്ടി ന്യായീകരിച്ചെങ്കിലും അബ്ദുല്ല മുസ്‌ലിയാർ വിട്ടു കൊടുത്തില്ല. അവസാനം നികാഹ് മടക്കി ചെയ്യേണ്ടി വന്നു. അബ്ദുല്ല മുസ്‌ലിയാരുടെ നിഷ്കളങ്കത കൊണ്ടും അല്ലാഹുവിലുള്ള ഭയഭക്തി കൊണ്ടും അല്ലാഹുവിന്റെ സഹായം എപ്പോഴും ഉണ്ടായിട്ടുണ്ടെന്നതിന്റെ ജീവിച്ചിരിക്കുന്ന തെളിവുകൾ തന്നെയാണിത്.

ദീർഘ കാലം മുദരിസായി സേവനമനുഷ്ഠിച്ച പരപ്പനങ്ങാടി പനയത്തിൽ പള്ളിയിലെ ദർസിൽ നിന്നും വിരമിച്ച് വീട്ടിൽ വിശ്രമ ജീവിതം നയിക്കുമ്പോൾ ഞാൻ സന്ദർശിക്കാൻ ചെന്നു. മക്കളെല്ലാം പഠിച്ചു കൊണ്ടിരിക്കുന്ന ഈ സമയത്ത് ഉള്ള ജോലിയും ഒഴിവാക്കി ഇവിടെ ഇരുന്നാൽ നമ്മുടെ കാര്യങ്ങളെല്ലാം നടന്നുപോകുമോ എന്നു ചോദിച്ചപ്പോൾ അവിടുന്ന് ഇപ്രകാരം മറുപടി പറഞ്ഞു 'ദർസിന്റെ ലക്ഷ്യം ഇൽമുകൊണ്ടു ജോലിയാവുക എന്നതാണ്. ജീവിത പ്രശ്നമല്ല. ഞാൻ ഇപ്പോഴും ദർസ് നടത്തിക്കൊണ്ടിരിക്കുന്നു. എന്റെ മക്കളായ അബ്ദുൽ റഷീദും അബ്ദുൽ വാസിഉം ഇവിടെ നിന്ന് തന്നെയാണ് ദർസ് പഠനം നടത്തുന്നത്. അല്ലാഹുവിന്റെ ദീനിനുവേണ്ടി നാം പ്രവർത്തിക്കുമ്പോൾ നമ്മുടെ ജീവിത കാര്യം അല്ലാഹു സുഖമമായി നടത്തിത്തരുമെന്ന വിശ്വാസം എനിക്കുണ്ട്. നാളത്തേക്ക് എന്താകുമെന്ന് ഞാൻ ഒരിക്കലും ചിന്തിക്കാറില്ല. എന്റെ കയ്യിൽ ഒന്നുമില്ലെങ്കിലും ഓരോ സമയത്തേക്കാവശ്യമായ തുക എന്റെ കയ്യിൽ വരും. അതു കൊണ്ടു തന്നെ ജീവിതത്തിൽ യാതൊരു വിഷമവുമില്ല'. ഇന്നത്തെ പണ്ഡിത ലോകം അബ്ദുല്ല മുസ്‌ലിയാരുടെ കാൽപ്പാടുകൾ പിന്തുടരുന്നുവെങ്കിൽ.

കണിശമായ ആദർശം

പേരോട് അബ്ദുറഹ്മാൻ സഖാഫി

കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ, ആ മഹാപണ്ഡിതനെ സംബന്ധിച്ച് ആദ്യമായി കൂടുതലറിയുന്നത് മംഗലാപുരത്ത് വെച്ചാണ്. അവിടെ ദർസ് നടത്തിയപ്പോൾ ബന്ധപ്പെട്ടിരുന്ന ശിഷ്യന്മാരിൽ നിന്നും മറ്റുമാണ് മഹാനവർകളെ കേട്ടറിഞ്ഞത്. പിന്നെ മർകസിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ പൊന്നാനിയിൽ ഒരു പരിപാടിക്ക് ശൈഖുനാ കാന്തപുരം ഉസ്താദിന്റെ കൂടെയുള്ള യാത്രയിലാണ് കുറ്റിപ്പുറം അബ്ദുള്ള മുസ്‌ലിയാരെ വീട്ടിലെത്തി സന്ദർശിച്ചത്. എന്റെ പ്രഥമ സന്ദർശനം കൂടിയായിരുന്നു അത്.

കേരളത്തിൽ അറിയപ്പെട്ട പണ്ഡിതനും നീണ്ടകാലം ദർസ് നടത്തിയും മറ്റും വിജ്ഞാന മേഖലയിൽ മഹത്തായ സേവനമർപ്പിച്ച കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ സുന്നത്ത് ജമാഅത്തിന്റെ ആശയത്തിൽ അണു അളവ് മാറ്റം വരുത്താൻ അനുവദിക്കാത്ത മഹാ പണ്ഡിതനായിരുന്നു.

ഒരിക്കൽ വീട്ടിലെ വിശ്രമ വേളയിൽ ഞാൻ അദ്ദേഹത്തെ കാണാൻ ചെന്നു. അങ്ങേയറ്റത്തെ വിനയവും സ്നേഹവും ചൊരിഞ്ഞ ആ വലിയ പണ്ഡിതന്റെ സ്വഭാവം എന്നെ വളരെയേറെ ആകർഷിച്ചു. സുന്നത്ത് ജമാഅത്തിന്റെ ആശയങ്ങൾ തെളിവ് സഹിതം തുറന്നു പറയണമെന്നും അതിൽ ആരെയും ഭയപ്പെടേണ്ടതില്ലെന്നും പറഞ്ഞ് അവിടുന്ന് എനിക്ക് ധൈര്യം പകർന്നു. ജുമുഅ ഖുതുബയിൽ അനറബി

ഭാഷ അനുബന്ധങ്ങളിൽ അനുവദനീയമാകുമോ എന്ന ചർച്ചക്ക് ഞാൻ പറഞ്ഞ മറുപടി ശ്രവിച്ച ശേഷമാണ് എനിക്ക് മനക്കരുത്ത് വർദ്ധിപ്പിച്ച ഈ ഉപദേശം നൽകിയത് എന്നെ പരീക്ഷിക്കാനാണോ എന്നറിയില്ല. ഖുതുബ നിർവഹിക്കുന്നതിനിടയിൽ ഖുതുബയുടെ നിർബന്ധ ഘടകമല്ലാത്ത അനുബന്ധങ്ങൾ അറബിയല്ലാത്ത ഭാഷയിൽ നിർവഹിക്കുന്നതിന്റെ കർമ്മശാസ്ത്ര വിധിയെ പറ്റി എന്നോടദ്ദേഹം ചോദ്യമുന്നയിച്ചു. നിർബന്ധ ഘടകമല്ലെങ്കിലും ഖുതുബയുടെ ഭാഗം തന്നെ ആയതിനാൽ അറബിയാവുക എന്ന നിബന്ധന അതിലും പാലിക്കേണ്ടതുണ്ടെന്നും ഇല്ലെങ്കിൽ അത് തെറ്റാണെന്നും ഞാൻ പ്രത്യുത്തരം നൽകി. ഖുതുബ സാധുവാകാനുള്ള നിബന്ധന പറയുമ്പോൾ ഖുതുബ അറബിയിലായിരിക്കണമെന്ന് കർമ്മശാസ്ത്ര പണ്ഡിതർ പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്. നിർബന്ധ ഘടകങ്ങൾ പൂർണ്ണമായും നിബന്ധനയനുസരിച്ച് കൊണ്ടു വരികയും തീരെ അനുബന്ധങ്ങൾ നിർവഹിക്കാതിരിക്കുകയും ചെയ്താൽ ഖുതുബ സാധുവാകും. ഖുതുബയുടെ സാധുതക്ക് നിബന്ധന പറയുന്ന സ്ഥലത്ത് "നിർബന്ധ ഘടകമല്ലാത്ത അനുബന്ധങ്ങൾ ഒഴികെ" എന്ന് കർമ്മശാസ്ത്ര ഗ്രന്ഥങ്ങളിൽ വിവരിച്ചതു കാണാം. ഇതിനർത്ഥം ഖുതുബയുടെ ഏതെങ്കിലും ഒരു ഭാഗം അറബിയല്ലാത്ത ഭാഷയിൽ നിർവഹിക്കാമെന്നല്ല. ഖുതുബ ഒരു ആരാധനയായതിനാൽ പൂർണ്ണമായും അതിൽ നബി ചര്യ പിന്തുടരൽ നിർബന്ധമാണ്. നബിയോ സ്വഹാബികളോ സച്ചരിതരായ മുൻഗാമികളോ ഖുതുബയുടെ ഒരു ഭാഗവും അനറബിയിൽ നിർവഹിച്ചിട്ടില്ല. അതിനാൽ ഖുതുബയുടെ ഏതെങ്കിലും ഭാഗം ഭാഷ മാറ്റുന്നതിനോട് മുസ്ലിം പണ്ഡിതന്മാർ യോജിക്കുകയില്ല. വിവിധ ഭാഷക്കാരുടെയും ദേശക്കാരുടെയും ആരാധനകളിൽ ഐക്യ രൂപമുണ്ടാക്കുകയാണ് ഇസ്‌ലാം ചെയ്തിട്ടുള്ളത്. ആരാധനയുടെ ഏതു ഭാഗവും ഭാഷാന്തരപ്പെടുത്തിയാലും ഈ ഐക്യം നഷ്ടപ്പെടും, ഇതിലൊന്നും പണ്ഡിതന്മാർക്ക് അഭിപ്രായാന്തരമില്ല.

എന്നാൽ അനുബന്ധം മാത്രം മുവാലാത്ത് (തുടർച്ച) മുറിയാത്ത വിധം പത്തോ മുപ്പതോ സെക്കന്റുകൾ അനറബിയിൽ നിർവ്വഹിച്ചാൽ അതിന്റെ കർമ്മശാസ്ത്ര വിധി എന്താണെന്ന് കണ്ടെത്താനുള്ള ചർച്ചയാണ് അബ്ദുല്ല മുസ്‌ലിയാർ എന്റെ മുമ്പിൽ വലിച്ചിട്ടത്. കർമ്മശാസ്ത്ര ഗ്രന്ഥങ്ങളിൽ ഇത് അനുവദനീയമാണെന്നോ കറാഹത്താണെന്നോ മറ്റോ വ്യക്തമായൊരു പരാമർശം സാധാരണ നിലയിൽ കാണാതിരിക്കുമ്പോൾ ഈ ചർച്ചക്ക് പ്രസക്തി വർദ്ധിക്കുന്നു. ഞാൻ ഒരു ഉദാഹരണം മുന്നിൽ വെച്ചു കൊണ്ടായിരുന്നു കുറ്റിപ്പുറം ഉസ്താദിന്റെ ചോദ്യത്തിന് മറുപടി നൽകിയത്. 'നിസ്കാരത്തിന്റെ ഭാഗമായി രണ്ട് സലാമുകളുണ്ട്. ഒന്നാമത്തേത് നിർബന്ധഘടകവും രണ്ടാമത്തേത് അനുബന്ധവുമാണ്. നിസ്കാരത്തിന്റെ സാധുതക്ക് രണ്ടാം സലാം വേണമെന്നില്ല. ആദ്യത്തെ സലാം നിർബന്ധ ഘടകമായതിനാൽ നിസ്കാരത്തിന്റെ സ്വിഹ്ഹത്തിന് (സാധുതക്ക്) തൽസമയം വുളൂഅ് ഉണ്ടായിരിക്കൽ നിബന്ധനയാണ്. നിസ്കാരത്തിന്റെ രണ്ടാം സലാം നിർവ്വഹിക്കുമ്പോൾ ശുദ്ധി ഉണ്ടായിരിക്കൽ നിസ്കാരത്തിന്റെ സാധുതക്ക് നിബന്ധനയല്ലെങ്കിലും വുളൂ ഇല്ലാതെ രണ്ടാം സലാം വീട്ടൽ ഹറാമാണെന്ന് ഫത്ഹുൽ മുഈൻ അടക്കം പല ഗ്രന്ഥങ്ങളിലും ഉണ്ട്. സാധാരണ നിലക്ക് സലാം പറയുമ്പോൾ വുളൂഅ് ഇല്ലെങ്കിൽ ഒരു കുഴപ്പവുമില്ല. നിസ്കാരത്തിലെ രണ്ടാം സലാം ഒരു പ്രത്യേക ആരാധനയുടെ ഭാഗമായതിനാൽ ഒന്നാം സലാം പോലെ തന്നെ ശുദ്ധിയുണ്ടായിരിക്കൽ അനിവാര്യവും ശുദ്ധിയില്ലെങ്കിൽ സലാം വീട്ടൽ ഹറാമുമാകുന്നു. നിസ്കാരത്തിന്റെ സാധുതയെ അത് ബാധിക്കുന്നുമില്ല. ഇപ്രകാരം ഖുതുബയുടെ നിർബന്ധ ഘടകങ്ങൾ നിബന്ധനയൊത്ത് വരുമ്പോൾ ഖുതുബ സ്വഹീഹാകുമെങ്കിലും ചുരുങ്ങിയ സെക്കന്റുകളായാലും അനുബന്ധം അനറബിയിലാകുമ്പോൾ കടുത്ത തെറ്റും കുറ്റവുമാകുന്നു.

അതോടെ തകർക്കപ്പെടുകയും, മുസ്‌ലിം ജുമുഅക്ക് പകരം ഇംഗ്ലീഷ് ജുമുഅ, ചൈനീസ് ജുമുഅ, പഞ്ചാബി ജുമുഅ, മലയാള ജുമുഅ എന്നിങ്ങനെ ഛിന്നഭിന്നമാവുകയും ചെയ്യുന്നു. നിസ്കാരത്തിലെ രണ്ട് സലാമുകളെ ഉദാഹരിച്ചു കൊണ്ട് നൽകിയ മറുപടി ശ്രവിച്ചപ്പോൾ അതീവ സന്തുഷ്ടനായ കുറ്റിപ്പുറം ഉസ്താദ് പ്രതികരിച്ചു. "നമുക്ക് ബോധ്യപ്പെട്ട സത്യം എത്ര വലിയവരുടെ മുമ്പിലും തുറന്ന് പറയുന്നതിൽ പതറേണ്ടതില്ല".

മുബ്തദിഉകളുമായി മതരംഗത്ത് യോജിച്ച് പോകാൻ സാധിക്കണമെങ്കിൽ ഈ രംഗത്തെ നവീന വാദങ്ങൾ കൈയൊഴിച്ച് പൂർവ്വകാല പണ്ഡിതരുടെ വഴിയിലേക്ക് അവർ തിരിച്ചു വരികയേ നിർവ്വാഹമുള്ളൂ. അതിന് സന്നദ്ധരാകാത്ത പക്ഷം സമുദായത്തിൽ മതരംഗത്ത് ഭിന്നത നിലനിൽക്കും. മക്ക, മദീന തുടങ്ങി മുസ്‌ലിം രാഷ്ട്രങ്ങളിൽ മുഴുവൻ ജുമുഅ നിസ്കാരത്തിൽ രണ്ട് വാങ്ക് വിളിക്കുന്നു. ഇത് ഇസ്‌ലാമിൽ സ്ഥിരപ്പെട്ടതാണെന്ന് സ്വഹീഹുൽ ബുഖാരി 916-ാം നമ്പർ ഹദീസ് വ്യക്തമാക്കുകയും ചെയ്യുന്നു.

രണ്ട് ഹറമുകളിലും സർവ്വ ഭാഷക്കാർക്കും വേണ്ടി അറബിയിൽ മാത്രമാണ് ഖുതുബ നിർവ്വഹിച്ചു പോരുന്നത്. ഖുതുബയിൽ ശ്രോതാവിന്റെ ഭാഷ നബി(സ) യുടെ കാലം മുതൽ ഇന്ന് വരെ പരിഗണിച്ചിട്ടില്ല. രണ്ട് ഹറമുകളിലും ഇന്ന് വരെ ഇരുപത് റക്അത്ത് തറാവീഹ് നിസ്കരിക്കുന്നു. ഇങ്ങനെ ഐക്യത്തോടെ മുസ്‌ലിം ലോകത്ത് നടന്നുവരുന്ന ആരാധനകളിൽ ഭേദഗതി വരുത്തുമ്പോൾ എങ്ങനെയാണ് മതരംഗത്ത് ഐക്യമുണ്ടാവുക. സമാധാനത്തിന്റെ കേന്ദ്രമായ പള്ളിയിൽ പോലും അനൈക്യത്തിന്റെ വിത്ത് പാകിയവരെ ആദരിക്കാനും അംഗീകരിക്കാനും ഒരു മുസ്‌ലിം പണ്ഡിതന് സാധ്യമല്ല. ഈ വിഷയങ്ങളിൽ ഉറച്ച നിലപാടായിരുന്നു കുറ്റിപ്പുറം ഉസ്താദിന്റേത്.

മുബ്തദിഉകളെ ആദരിച്ച് പള്ളികളിൽ ജുമുഅക്ക് ശേഷവും മറ്റും പൊതുവായ മയ്യിത്ത് നിസ്കാരം സംഘടിപ്പിക്കുന്നതിനെ സംബന്ധിച്ച ബാഖിയാത്തിലെ

പ്രഗൽഭ പണ്ഡിതരായിരുന്ന മർഹൂം ശൈഖ് ആദം ഹസ്റത് അടക്കമുള്ളവരുടെ ഫത്‌വയെ അനുകൂലിച്ചുകൊണ്ടായിരുന്നു കുറ്റിപ്പുറം ഉസ്താദിന്റെ സംസാരം മുഴുവനും. മുബ്തദിഉകൾക്ക് മയ്യിത്ത് നിസ്കാരം സംഘടിപ്പിക്കാൻ ശൈഖ് ജീലാനിയുടെ 'ഗുൻയതിലെ' വരികൾ അടർത്തി മാറ്റി പുസ്തകം രചിച്ച് കബളിപ്പിക്കാൻ പരിശ്രമിച്ച മമ്പാട്ടുകാരൻ മൗലവി ഉസ്താദിനെ സമീപിച്ചുവെന്നതും അദ്ദേഹത്തിന് തിരിച്ചടി ലഭിച്ചുവെന്നതും പിന്നീട് അറിയാൻ സാധിച്ചു.

ഉസ്താദിനെ പിന്നീട് ഞാൻ സമീപിച്ചത് 'പലിശക്കെതിരെ' എന്ന പുസ്തകത്തിന് അവതാരിക എഴുതിക്കാനായിരുന്നു. ഇമാം ശാഫിഈ(റ)വിന്റെ രിസാലയിൽ സ്ഥിരപ്പെട്ട ഒരു വാചകം ഒഴിവാക്കി സകാതിൽ നിന്ന് തടിയൂരാനും, പലിശ അനുവദിക്കാനും ചില നീക്കങ്ങൾ ഉണ്ടായപ്പോൾ രിസാലയുടെ ദശക്കണക്കിന് കോപ്പികൾ പരിശോധനാവിധേയമാക്കിയിരുന്ന കൂട്ടത്തിൽ രിസാലയുടെ ഇബാറത്ത് സൂക്ഷ്മതയോടെ മനസ്സിലാക്കുകയും പഴയ കോപ്പി സൂക്ഷിച്ച് വെക്കുകയും ചെയ്ത ഒരു മുഹഖിഖായ പണ്ഡിതനെയാണ് കുറ്റിപ്പുറം ഉസ്താദിൽ എനിക്കു ദർശിക്കാൻ സാധിച്ചത്. ഒരൽപം ഉസ്വൂലിന്റെ ഗ്രന്ഥങ്ങളുമായി ബന്ധപ്പെട്ട പണ്ഡിതന്മാർക്ക് ഗ്രാഹ്യമാകുന്ന വിധത്തിൽ 'പലിശക്കെതിരെ' എന്ന പുസ്തകത്തിൽ എഴുതി ചർച്ചയിലും അതിന് മുമ്പ് പലിശ അനുവദിച്ചു കൊണ്ട് പുസ്തകമെഴുതിയ വ്യക്തിക്ക് നൽകിയ മറുപടിയിലും ആദ്യാവസാനം ഒരക്ഷരം പോലും ഒഴിയാതെ വായിച്ചുകേട്ട ഉസ്താദ് വളരെ ആനന്ദത്തോടെയാണ് പുസ്തകത്തിന് അവതാരിക എഴുതിത്തന്നത്.

സംഘടനകളിൽ മെമ്പറാകാൻ സന്നദ്ധത പ്രകടിപ്പിക്കാത്ത ഉസ്താദ് സംഘടനാ പ്രവർത്തനം നടത്തുന്ന എന്നെപ്പോലുള്ളവർ സുന്നി പ്രസ്ഥാനത്തിനു ചെയ്യുന്ന സേവനത്തിൽ സംതൃപ്തി രേഖപ്പെടുത്തിയിരുന്നു. അവിടുന്ന് ഖാസിയായിരുന്ന മഹല്ലിൽ സുന്നികൾക്കിടയിൽ ഭിന്നത വന്ന്

ചേരാതെ സൂക്ഷിക്കുന്നതിൽ വളരെയേറെ ശ്രദ്ധിക്കുകയും ചെയ്തിരുന്നു. പല പണ്ഡിതന്മാരും വിജയം കൈവരിക്കാത്ത ഈ രംഗം ആത്മാർത്ഥത കൊണ്ട് മാത്രമായിരുന്നു അവിടുന്ന് വിജയിപ്പിച്ചെടുത്തത്.

മരണപ്പെടുന്നതുവരെ എല്ലാ സുന്നികളാലും ആദരിക്കപ്പെടുന്ന ഖാസിയായി തുടരാനും അതേ സമയം ഭൂരിപക്ഷവും ന്യൂനപക്ഷവും നോക്കാതെ മതനിയമങ്ങളിൽ വിധി പറയുമ്പോൾ സത്യത്തിനു മാത്രം പ്രസക്തി നൽകാനും നിഷ്പക്ഷത പുലർത്താനും മഹാനവർകൾക്കു സാധിച്ചിരുന്നുവെന്നത് ഈ കാലഘട്ടത്തിൽ ലഭിച്ച വലിയ ഭാഗ്യം തന്നെയാണ്. വഫാത്തിനു കാരണമായ രോഗത്തിലായപ്പോൾ ആശുപത്രിയിൽ പോയി സന്ദർശനം നടത്തിയ സമയത്ത് സംസാരിക്കാൻ പ്രയാസമുണ്ടെങ്കിലും പരസ്പരം ദുആ ചെയ്യാൻ ആവശ്യപ്പെട്ടത് ഒരു ഭാഗ്യമായി ഞാൻ കരുതുന്നു. വഫാതാകുന്നതിന്റെ തലേദിവസം സന്ദർശനം നടത്തി തിരിച്ചുവരുമ്പോൾ അന്നൊരു വെള്ളിയാഴ്ച രാവായതു കൊണ്ട് ആ രാത്രി തന്നെ അല്ലാഹു മഹാനവർകൾക്കു വേണ്ടി തെരഞ്ഞെടുക്കുമോ എന്ന് സംശയിച്ചിരുന്നു. വെള്ളിയാഴ്ച രാവിലെയാണ് അല്ലാഹു നിശ്ചയിച്ചതെന്ന് വഫാത്ത് കഴിഞ്ഞപ്പോൾ ബോധ്യപ്പെട്ടു. ഇത്തരത്തിലുള്ള പണ്ഡിതന്മാർ സമൂഹത്തിൽ തീരെ ഇല്ലാതാകുന്ന വിധത്തിലാണ് ഇന്നത്തെ വൈജ്ഞാനിക രംഗം നിലകൊള്ളുന്നത്.

സ്വന്തം വീട്ടിനുള്ളിലും പുറത്തും പ്രത്യേകമായ ആത്മീയ നിയന്ത്രണവും മഹല്ലിൽ പാണ്ഡിത്യത്തിന്റെ നേതൃത്വവും പ്രവർത്തകർക്ക് ആത്മാർത്ഥമായ പ്രാർത്ഥനയും അങ്ങനെ തുടങ്ങി എല്ലാം ഉസ്താദിന്റെ വഫാത്തോടെ നഷ്ടപ്പെട്ടിരിക്കുകയാണ്.

പിന്നെയും സംശയം ബാക്കി

കമാലുദ്ദീൻ ഹസ്റത്ത് ബാഖിയാത്ത് വെല്ലൂർ

കുറ്റിപ്പുറം അബ്ദുല്ല ഹസ്റത്തിനെ (കമാലുദ്ദീൻ ഹസ്റത് ശൈഖുനയെ അങ്ങനെയാണ് വിശേഷിപ്പിച്ചത്) എനിക്ക് നേരിൽ പരിചയം ഉണ്ടായിരുന്നില്ല. ചില സംഭവങ്ങളാണ് എന്നെ അദ്ദേഹത്തിൽ ആകൃഷ്ടനാക്കിയത്. ഞാൻ 6-ാം ക്ലാസിൽ പഠിക്കുന്ന സമയം. അബ്ദുല്ല ഹസ്റത്ത് മുത്വവ്വൽസാനിയിലായിരുന്നു. മുത്വവ്വൽ വിദ്യാർത്ഥികൾ ഉത്തമപാളയം അബൂബക്കർ ഹസ്റത്തിന്റെ ക്ലാസ് കഴിഞ്ഞാൽ എണീറ്റ് പോകാറാണ് പതിവ്. എന്നാൽ അബ്ദുല്ല ഹസ്റത്ത് മാത്രം അവിടെതന്നെ ഇരുന്ന് ഒരുപാട് സമയം സംശയ നിവാരണം നടത്തും. അടുത്ത ക്ലാസ് 6-ാം ക്ലാസുകാരായ ഞങ്ങൾക്ക് കിതാബുസ്സിറാജ് ആണ്. ഞങ്ങളുടെ സബ്ഖിന്റെ സമയവുമുപയോഗിച്ച് ഒരു വിദ്യാർത്ഥിക്ക് മറുപടി നൽകുന്നത് കണ്ടപ്പോൾ ഞാൻ കൂടുതൽ ശ്രദ്ധിച്ചു. ഇത് പല ദിവസങ്ങൾ ആവർത്തിച്ചപ്പോൾ ഒരു ദിവസം അദ്ദേഹത്തിന്റെ ചോദ്യം ഞാൻ ശ്രദ്ധിച്ചു. അന്ന് ജമാഅത്തെ ഇസ്‌ലാമിയെ സംബന്ധിച്ചായിരുന്നു അബ്ദുല്ല ഹസ്റത്ത് ചോദിച്ചിരുന്നത്. പക്ഷെ എന്താണ് ചോദ്യമെന്നും ഉത്തരമെന്നും എനിക്ക് ശരിയായി ഓർമയില്ല. ഗൗരവമല്ലാത്ത ഒരു വിഷയത്തിനും വില കൽപ്പിക്കാത്ത ഉത്തമപാളയം ഹസ്റത്ത് ഒരു വിദ്യാർത്ഥിക്കു വേണ്ടി ഇത്രയും സമയം ചെലവഴിക്കുമ്പോൾ അബ്ദുല്ല ഹസ്റത്തിന്റെ ചോദ്യം വളരെ മർമ പ്രധാനമാണെന്ന് ഞാൻ ഉറപ്പിച്ചു.

നല്ല വടിവൊത്ത ശരീരമാണ് അബ്ദുല്ല ഹസ്റത്തിന്റേത്. വാർഷിക പരീക്ഷയിൽ ഒന്നാമനായി വിജയിച്ച അബ്ദുല്ല ഹസ്റത്ത് എല്ലാ വിഷയത്തിലും വിദ്യാർത്ഥികളിൽ ഉയർന്ന മാർക്ക് വാങ്ങി. മഹാനായ ശൈഖ് ഹസൻ ഹസ്റത്തിന്റെ പരീക്ഷയിൽ കൂടുതൽ മാർക്ക് വാങ്ങുകയും ഹസ്റത്തിന്റെ ചോദ്യത്തിന് രണ്ട് രൂപത്തിൽ മറുപടി എഴുതുകയും ചെയ്തു. അതായത് ഹസ്റത്തിന്റെ ചോദ്യത്തിന്റെ ഉദ്ദേശ്യം രണ്ട് രൂപത്തിലാകാം. ആ രണ്ട് രൂപത്തിനും മറുപടി വ്യക്തമായി എഴുതിയതു കണ്ട ശൈഖ് ഹസൻ ഹസ്റത്ത് സന്തോഷത്താൽ ജൽസയിൽ വെച്ച് പ്രത്യേകം അഭിനന്ദിക്കുകയുണ്ടായി.

അബ്ദുല്ല ഹസ്റത്തിനെ അന്നത്തെ പ്രിൻസിപ്പാളായിരുന്ന ശൈഖ് ആദം ഹസ്റത്തിന്റെ അദ്ധ്യക്ഷതയിലുള്ള സദസ്സിലേക്കു ക്ഷണിച്ച് ഹസ്റത്ത് ഉപയോഗിച്ചിരുന്ന പൈലറ്റ് പേന സമ്മാനിച്ചു. പിന്നീട് വർഷങ്ങൾക്കു ശേഷം അബ്ദുല്ല ഹസ്റത്തിന്റെ നാലുമക്കൾ ഇവിടെ പഠനം നടത്തിയതിലൂടെ അവരുമായുള്ള ബന്ധവും സ്നേഹവും ദൃഢമായി. അബ്ദുല്ല ഹസ്റത്തിന്റെ മകൻ അബ്ദുൽ വാസിഅ് ഇവിടെ പഠിക്കുന്ന സമയം പുത്തൻപള്ളി അശ്റഫിയ്യാ കേളേജിൽ സനദ് ദാന സമ്മേളനത്തിൽ പങ്കെടുക്കാനായി കേരളത്തിൽ പോയപ്പോൾ അബ്ദുല്ല ഹസ്റത്തിനെ വസതിയിൽ ചെന്നു കാണുകയും സ്നേഹം പുതുക്കുകയും ചെയ്തു. അബ്ദുല്ല ഹസ്റത്ത് എനിക്കു നൽകിയ ഹൃദ്യമായ സ്വീകരണവും സന്തോഷവും അവിസ്മരണീയമായിരുന്നു.

ശുദ്ധ മലയാളം

ഡോ. ഹുസൈൻ രണ്ടത്താണി

ഉസ്താദ് അബ്ദുല്ല മുസ്‌ലിയാരെ ഞാൻ എന്റെ ചെറുപ്പകാലത്തു തന്നെ കണ്ടിട്ടുണ്ട്. ഒരു ദിവസം അദ്ദേഹം രണ്ടത്താണിയിൽ ബസ്സിറങ്ങി കിഴക്കേ പുറത്തേക്ക് പോവുകയായിരുന്നു. അപ്പോൾ ആരോ പറഞ്ഞു തന്നു, അദ്ദേഹം അബ്ദുല്ല മുസ്‌ലിയാരാണെന്ന്. അന്നൊന്നും അദ്ദേഹത്തിന്റെ മാഹാത്മ്യം എനിക്കറിയില്ലായിരുന്നു.

പിന്നീട് ഉസ്താദ് വടക്കേ മലബാറിൽ പഠിപ്പിച്ചിരുന്ന കാലത്ത് എന്റെ അമ്മായിക്കാക്ക ഖാസി മുഹമ്മദ് മുസ്‌ലിയാരോടൊപ്പം ഞാൻ കുറ്റിപ്പുറത്ത് ഉസ്താദിന്റെ വീട്ടിൽ ചെന്നിരുന്നു. ശുദ്ധ മലയാളം പറയുന്നവരോട് അന്നേ എനിക്കിഷ്ടമാണ്. ഉസ്താദിനെ ഇഷ്ടപ്പെടാനുള്ള പ്രധാന കാരണം അതായിരുന്നു. വൃത്തിയുള്ള വേഷവും, സ്ഫുടമായ മലയാളവും അത്തറിന്റെ മണവുമൊക്കെ അന്ന് എന്നെ നന്നേ ആകർഷിച്ചു. പാണ്ഡിത്യത്തിന്റെ കാര്യത്തിലുള്ള ഉസ്താദിനുണ്ടായിരുന്ന അവഗാഹം തിരിച്ചറിയാനുള്ള പ്രായമൊന്നും അന്നെനിക്കായിട്ടില്ലല്ലോ.

ഉസ്താദിന് എന്റെ നാടായ രണ്ടത്താണിയുമായി അഭേദ്യമായ ബന്ധമുണ്ട്. എന്റെ അമ്മാവന്റെ ഭാര്യാപിതാമഹനായ മൊയ്തീൻകുട്ടി മുസ്‌ലിയാരാണ് ഉസ്താദിന്റെ പ്രധാന ഗുരു. പുളിക്കൽ തൊടി മൊയ്തീൻ കുട്ടി മുസ്‌ലിയാർ രണ്ടത്താണി കിഴക്കേപ്പുറത്താണ് താമസം. അദ്ദേഹം

കാട്ടിപ്പരുത്തിയിൽ ദർസ് നടത്തുമ്പോഴാണ് ഉസ്താദ് അവിടെ എത്തുന്നത്. പിന്നീട് വളരെക്കാലം ഉസ്താദിന്റെ കൂടെക്കഴിഞ്ഞു. മൊയ്തീൻ കുട്ടി മുസ്‌ലിയാർ മരണപ്പെട്ടപ്പോൾ പുത്രനായ മുഹമ്മദ് മുസ്‌ലിയാരുടെ കീഴിൽ പഠനം തുടർന്നു. മുഹമ്മദ് മുസ്‌ലിയാർ പാറമ്മൽ മുഹമ്മദ് മുസ്‌ലിയാർ എന്നാണറിയപ്പെട്ടിരുന്നത്. കാട്ടിപ്പരുത്തിയിൽ തന്നെയാണ് അദ്ദേഹവും ദർസ് നടത്തിയിരുന്നത്.

ഉസ്താദുമാരെ കിഴക്കേപ്പുറം പള്ളിയിലാണ് ഖബറടക്കിയിട്ടുള്ളത്. സിയാറത്തിനായി പലതവണ അബ്ദുല്ല മുസ്‌ലിയാർ ഇവിടെ എത്തുമായിരുന്നു. കല്യാണം കഴിഞ്ഞയുടനെ തന്റെ ഉസ്താദിനുള്ള പുടവയുമായി അബ്ദുല്ല മുസ്‌ലിയാർ വന്നത് മുഹമ്മദ് മുസ്‌ലിയാരുടെ മൂത്തപുത്രൻ ബാവുഹാജി ഇപ്പോഴും ഓർക്കുന്നു.

അബ്ദുല്ല മുസ്‌ലിയാരുടെ കുടുംബം ശ്രുതിപ്പെട്ട കമ്പാല തറവാട്ടുകാരാണെങ്കിലും പിതാവ് ദരിദ്ര്യനായിരുന്നു. കുടുംബത്തിൽ പണ്ഡിതന്മാരും കുറവാണ്. ഉസ്താദ് ഏതാനും വർഷം കിത്താബോതിയപ്പോൾ ദർസ് നിർത്തി കൃഷിപ്പണിക്കിറങ്ങാൻ പിതാവ് ഉപദേശിച്ചിരുന്നുവത്രെ. തന്റെ സങ്കടം അബ്ദുല്ല മുസ്‌ലിയാർ ഉസ്താദ് മൊയ്തീൻ കുട്ടി മുസ്‌ലിയാരെ അറിയിച്ചു. ദർസ് തുടരാനാണ് ഉസ്താദ് പറഞ്ഞത്. ബാപ്പയെ വിളിച്ചു വരുത്തി ഉസ്താദ് തന്നെ സമ്മതമൊപ്പിച്ചു.

ഒരു ദിവസം ഖുർആന്റെ ഏതോ ഒരു ആയത്തിന്റെ അർത്ഥമാലോചിച്ചു കൊണ്ട് അബ്ദുല്ല മുസ്‌ലിയാർ കരയുന്നത് ഉസ്താദ് കണ്ടുവത്രെ. ഉസ്താദ് ഉടനെ അടുത്തു വന്നു ചോദിച്ചു: 'അബ്ദുല്ലാ, അന്ന് ഓത്ത് നിർത്തിയിരുന്നെങ്കിൽ നിനക്ക് ഖുർആൻ ഇങ്ങനെ മനസ്സിലാകുമായിരുന്നോ?'. വിഷയങ്ങളിൽ അവഗാഹവും സ്വന്തമായ ഗവേഷണചാരുതിയും ഉസ്താദ് സ്വായത്തമാക്കിയിരുന്നു. എന്ത് കാര്യത്തിലും അവിടുന്ന് സ്വയാഭിപ്രായം പുലർത്തിയിരുന്നു. അതുകൊണ്ട് തന്നെ എല്ലാവരോടും എന്തിന്റെയും പേരിൽ യോജിക്കാൻ അദ്ദേഹം തയ്യാറാകുമായിരുന്നില്ല.

ആറു വർഷം മുമ്പ് ഉസ്താദുമായി കൂടുതൽ ബന്ധപ്പെടാൻ അവസരം കിട്ടി. മക്കളായ അബ്ദുൽ വഹാബ് ബാഖവി, അബ്ദുന്നൂർ ബാഖവി തുടങ്ങിയവരോടുള്ള ബന്ധമായിരുന്നു അത്. പിതാവ് മക്കളെയൊക്കെ മതം പഠിപ്പിക്കാൻ തന്നെയാണ് തീരുമാനിച്ചത്. തന്റെ കുടുംബത്തിൽ ഒരു പണ്ഡിത പാരമ്പര്യമുണ്ടാക്കാനുള്ള തീവ്രമായ അഭിലാഷത്തിന്റെ ഭാഗമാണത്. ദീനിന്റെ കർശനമായ ചിട്ട കുടുംബത്തിനകത്തും പുറത്തും ശക്തമായി പുലർത്തുന്നതിൽ ഒരു വിട്ടുവീഴ്ചയും ഉസ്താദ് ചെയ്തിരുന്നില്ല.

മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുകയും ആശയങ്ങളോട് പ്രതിബദ്ധത പുലർത്തുകയും ചെയ്ത അബ്ദുല്ല മുസ്‌ലിയാർ തീർച്ചയായും പണ്ഡിത സമൂഹത്തിന് മാതൃകയാണ്. ഭാഷാശുദ്ധിയും ഗാംഭീര്യമാർന്ന വാക്കുകളും അഗാധ പാണ്ഡിത്യവും ബഹുഭാഷാ ജ്ഞാനവും അതോടൊപ്പം ലളിതമായ ജീവിതവും ഒത്തിണങ്ങിയ മറ്റൊരു വ്യക്തിയെ കാണാൻ പ്രയാസമാണ്. ഉള്ളും പുറവും വിശുദ്ധിയും ധന്യതയും നിറഞ്ഞതായിരുന്നു ആ ജീവിതം.

സുദൃഢ ബന്ധം

ബാവ മുസ്‌ലിയാർ കാസർഗോഡ്

'അഹങ്കരിച്ചവനെ അല്ലാഹു നിസ്സാരനാക്കും. വിനയാന്വിതനെ അല്ലാഹു ഉന്നതനാക്കും' എന്ന പ്രവാചക വചനത്തിന്റെ അകപ്പൊരുൾ ഉൾക്കൊണ്ട മഹാനായിരുന്നു കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ. ജീവിതത്തിന്റെ നിഖില മേഖലകളിലും അദ്ദേഹം വിനയം പുലർത്തിയപ്പോൾ പദവികൾ ഓരോ പടികളായി അല്ലാഹു ഉയർത്തുകയായിരുന്നു.

കാട്ടിപ്പരുത്തിയിൽ അദ്ദേഹം ഓതിപ്പഠിക്കുന്ന കാലം മുതൽക്കേ ഞങ്ങൾ തമ്മിൽ ബന്ധം സ്ഥാപിച്ചിരുന്നു. ഈ ബന്ധം ഏറ്റവും സുദൃഢമായത് വെല്ലൂർ ബാഖിയാത്തുസ്സ്വാലിഹാതിൽ വെച്ചാണ്. ഞങ്ങൾ ഒരുമിച്ചായിരുന്നു വെല്ലൂരിലേക്ക് യാത്ര തിരിച്ചത്. അവിടെ ഞാൻ മുഖ്തസ്വർ ക്ലാസിലും അദ്ദേഹം മുത്വവ്വൽ ക്ലാസിലും ചേർന്നു. രണ്ടു വർഷം ഞങ്ങൾ ഒരുമിച്ചു ജീവിച്ചു. ഇരു ശരീരമെങ്കിലും ഞങ്ങളുടെ ഹൃദയം ഒന്നായിരുന്നു. ആ ബന്ധം ഞങ്ങൾ അവസാനം വരെയും തുടർന്നു. ഞങ്ങളുടെ ശരീരം പരസ്പരം വിദൂരത്തായിരുന്നുവെങ്കിലും ഹൃദയം അടുത്തായിരുന്നു. കാരണം അദ്ദേഹത്തിന്റെ ജീവിത രീതി തന്നെ. ആരെയും ആകർഷിക്കുന്നതായിരുന്നു ആ ജീവിതം. ഒരാളോടും ദേഷ്യമോ പകയോ ഉണ്ടായിരുന്നില്ല. എപ്പോഴും ആരോടും പുഞ്ചിരിക്കുന്ന സ്വഭാവം. ജീവിതത്തിൽ നിഷ്കർഷത, ഇബാദത്തിൽ

കൃത്യനിഷ്ഠ ഇതായിരുന്നു മഹാനവർകളുടെ മുഖമുദ്ര.

ചെറുപ്പം മുതലേ ഒരു രോഗിയായിരുന്നെങ്കിലും വിഷമം ആരെയും അറിയിക്കുമായിരുന്നില്ല. മുതഅല്ലിമായിരിക്കെ കിതാബുകൾ മുത്വാലഅ ചെയ്യുന്നതിനിടയിൽ അദ്ദേഹം ബോധരഹിതനാകുമായിരുന്നു. അദ്ദേഹത്തിന്റെ അധ്വാനമാണ് ഇത്രയും ഉന്നത പദവിയിലേക്ക് അദ്ദേഹത്തെ എത്തിച്ചത്.

നല്ല ഭംഗിയുള്ള എഴുത്തിന്റെ ഉടമയായ അദ്ദേഹം ഒരു നല്ല പ്രസംഗകനുമായിരുന്നു. ഇവിടുത്തെ ഉറൂസിന് (കാസർഗോഡ് മാലിക് ദീനാർ മഖ്ബറ) അദ്ദേഹം വഅ്ളിനു വന്നിട്ടുണ്ട്. തഖ്വയിലധിഷ്ഠിതമായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം. മുബ്തദിഉകളോട് കടുത്ത നിലപാടായിരുന്നു അദ്ദേഹം സ്വീകരിച്ചിരുന്നത്. ചെറുപ്പം മുതലേ ഇബാദത്തുകളിൽ വളരെ ശ്രദ്ധാലുവായിരുന്നു. സുന്നത്തുകളൊന്നും ഒഴിവാക്കുമായിരുന്നില്ല. തഹജ്ജുദ്, ളുഹാ നിസ്കാരങ്ങൾ അന്നു മുതലേ പതിവാക്കിയിരുന്നു.

വെല്ലൂരിൽ പഠിക്കുമ്പോൾ ഉസ്താദുമാരുടെ ഇഷ്ടപ്പെട്ട വിദ്യാർത്ഥിയായിരുന്നു അദ്ദേഹം. പ്രത്യേകിച്ചും ശൈഖ് ഹസൻ ഹസ്റത്തിന്. കാരണം മസ്അലകളിലും മറ്റും തഹ്ഖീഖിനു വേണ്ടി അദ്ദേഹം കഠിനാധ്വാനം ചെയ്യുമായിരുന്നു.

തുരുമ്പില്ലാത്ത കാർക്കശ്യം

അബ്ദുല്ല ഹാജി കവ്വായി

1957 ൽ ഞങ്ങളുടെ പള്ളി പുനർനിർമാണാവശ്യാർത്ഥം ഒരു പുനർനിർമ്മാണ കമ്മിറ്റി രൂപീകരിച്ച് അതിനു വേണ്ട പണം സ്വരൂപിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചെങ്കിലും അതു പരിപൂർണ്ണമായി വിജയിച്ചില്ല. പിന്നീട് 1960 ൽ കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ തൃക്കരിപ്പൂരിനടുത്ത ബിരിച്ചേരിയിൽ ദർസു നടത്തുന്ന സമയത്ത് ധന ശേഖരണാർത്ഥം അദ്ദേഹത്തെ ഞങ്ങളുടെ നാട്ടിൽ കൊണ്ടു വരികയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ആ പ്രവർത്തനം വിജയിക്കുകയും ചെയ്തു. അത് സുദൃഢ ബന്ധമാക്കി കാലം കാത്തു സൂക്ഷിച്ചു. എന്തു പ്രശ്നങ്ങൾ മലമറിഞ്ഞു വന്നാലും ദീൻ വിട്ടു കളിക്കുന്ന സ്വഭാവം അദ്ദേഹത്തിനുണ്ടായിരുന്നില്ല. പണവും പ്രതാപവും അദ്ദേഹം തീരെ ഇഷ്ടപ്പെട്ടിരുന്നില്ല. എന്റെ എന്തു പ്രശ്നങ്ങളും അദ്ദേഹവുമായി പങ്കു വെക്കുമ്പോഴും അതിനു പരിഹാരം നിർദ്ദേശിക്കുമായിരുന്നു. 30 വർഷങ്ങൾക്കു മുമ്പ് എന്റെ തേങ്ങാ കച്ചവടം നഷ്ടത്തിലേക്കു നീങ്ങിയപ്പോൾ ഞാൻ മഹാനവർകളോട് ചെന്നു വിവരം പറഞ്ഞു. അദ്ദേഹം ഒരു ദിക്ർ ചൊല്ലാൻ കൽപ്പിക്കുകയും അത് പതിവാക്കിയപ്പോൾ എന്റെ കച്ചവടം പഴയ അവസ്ഥയിലേക്കു തന്നെ തിരിച്ചു വരികയും ചെയ്തു.

ഒരിക്കൽ ഞങ്ങളുടെ നാട്ടിൽ ഒരു പ്രശ്നം ഉത്ഭവിച്ചു. ഖബറിന്റെ മുകളിൽ പള്ളി കെട്ടിപ്പൊക്കുന്നതിനെ സംബന്ധി

ച്ചായിരുന്നു തർക്കം. ഖബറിന്റെ മുകളിൽ പള്ളിയെടുക്കേണ്ട ഒരാവശ്യവും അന്നുണ്ടായിരുന്നുമില്ല. എങ്കിലും ഒരു വിഭാഗമാളുകൾ അതിന് നിർബന്ധിച്ചപ്പോൾ മറ്റൊരു വിഭാഗം അതിനെ എതിർത്തു. വിഷയം ഞാൻ കുറ്റിപ്പുറം ഉസ്താദി നോട് പറഞ്ഞു.

ഉസ്താദ് പറഞ്ഞു: 'അതു പറ്റില്ല. ഖബറിന്റെ മുകളിൽ കെട്ടിടം പണിയുന്നത് ശരിയല്ല. നാട്ടിൽ ചെന്നാൽ നിങ്ങൾ അതിനെ എതിർക്കണം'.

അപ്പോൾ ഞാൻ പറഞ്ഞു: 'അതിന് ഞാനിപ്പോൾ കമ്മിറ്റിക്കാരനൊന്നുമല്ല. പിന്നെ എന്തിനാണു ഞാനതിനെ എതിർക്കുന്നത്. കമ്മിറ്റിക്കാരുടെ ഇഷ്ടം പോലെ ചെയ്തു കൊള്ളട്ടെ'.

ഇതു കേട്ടപ്പോൾ അദ്ദേഹം പൊട്ടിത്തെറിക്കുകയായിരുന്നു. 'എന്ത്? നിങ്ങൾ കമ്മിറ്റിക്കാരനല്ലേന്നോ. എങ്കിലും നിങ്ങൾ ആ നാട്ടുകാരനല്ലേ? നിങ്ങളുടെ നാടിന്റെ പ്രശ്നമല്ലേ ഇത്?. നാടിന്റെ വിഷയം റബ്ബിന്റെ മുമ്പിൽ നിങ്ങളോടും ചോദിക്കപ്പെടും'. മഹാനവർകൾ ഉപദേശിച്ചു. ഇതായിരുന്നു മഹാനവർകളുടെ അവസ്ഥ. ദീനി വിഷയത്തിൽ അതിരുവിട്ടു കളിക്കാൻ ആരെയും ഒരിക്കലും അനുവദിക്കുമായിരുന്നില്ല.

പാണ്ഡിത്യത്തിന്റെ പ്രകാശ ഗോപുരം

നെല്ലിക്കുത്ത് മുഹമ്മദലി മുസ്‌ലിയാർ

കാടേരി മുഹമ്മദ് മുസ്‌ലിയാരുടെ പനയത്തിലെ ദർസിൽ നിന്ന് തന്നെ ഞങ്ങൾ പരസ്പരം അടുത്തിടപെഴകുകയും ബന്ധം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പഠിക്കുന്ന സമയം മുതൽക്കേ തഹ്ഖീഖിന് വേണ്ടി അധ്വാനിച്ച ഒരു മുതഅല്ലിമായിരുന്നു കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ. കിതാബുകൾ ഓതുന്ന സമയത്തു തന്നെ എന്ത് സംശയങ്ങൾ ഉത്ഭവിച്ചാലും അപ്പോൾ തന്നെ അത് ചോദിച്ച് സംശയങ്ങൾ തീർക്കും. മറ്റൊരു അവസരത്തിലേക്ക് നീക്കി വെക്കുന്ന സ്വഭാവം അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. ഓരോ വിഷയവും വളരെ വ്യക്തമായി മനസ്സിലാക്കുമായിരുന്നു.

കൂടെയുള്ളവർക്ക് അന്ന് ദർസിൽ വായിച്ച് ഓതിക്കൊടുത്തിരുന്നത് മഹാനവർകളായിരുന്നു. നല്ല മനക്കരുത്തുള്ള വ്യക്തിയായിരുന്നു അദ്ദേഹം. ഏത് പ്രശ്നങ്ങളും നല്ല ദൃഢചിത്തതയോടെ നേരിടുമായിരുന്നു. മുബ്തദിഉകളോട് കടുത്ത ദേഷ്യം പുലർത്തിയിരുന്ന മഹാനവർകൾ അവരോട് ഒരു വിട്ടുവീഴ്ചക്കും തയ്യാറായിരുന്നില്ല.

ഏത് വിഷയത്തിലും തഹ്ഖീഖുള്ള ഒരു പണ്ഡിതനായിരുന്നു. എങ്കിലും അദ്ദേഹം ഇരു സമസ്തകളിലോ സംഘടനാ രംഗത്തോ അറിയപ്പെട്ടിരുന്നില്ല. ഏതെങ്കിലും സംഘടനകളിലും മറ്റും അംഗമായാൽ പല വിഷയങ്ങളിലും വിട്ടുവീഴ്ചാ മനോഭാവം സ്വീകരിക്കേണ്ടി വരുമെന്നതിനാ

ലാണ് അദ്ദേഹം അതിൽ നിന്നെല്ലാം ഒഴിഞ്ഞു നിന്നത്. കണ്ട കാര്യം ആരോടും തുറന്നടിക്കും. അതിന് അദ്ദേഹത്തിന് പ്രായത്തിന്റെയോ പ്രതാപത്തിന്റെയോ പരിഗണന ഉണ്ടായിരുന്നില്ല. വർഷങ്ങളോളം പഠനത്തിനു വേണ്ടി ചിലവഴിച്ച മഹാനവർകളുടെ പാണ്ഡിത്യം അളക്കാൻ നമ്മെക്കൊണ്ട് സാധ്യമല്ല. ഓരോ വിഷയത്തിലും താൻ മുത്വാലഅ ചെയ്യുന്ന കിതാബുകളിൽ അദ്ദേഹം എഴുതിവെച്ച കുറിപ്പുകൾ അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. അവസാനം വരെയും വിജ്ഞാന ദാഹിയായിരുന്നു കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ. കയ്യിൽ ഏതെങ്കിലും ഒരു കിതാബില്ലാത്ത അവസ്ഥ വിരളമായിരുന്നു. പക്ഷെ കാലം ഇത്തരം ആളുകൾക്ക് വേണ്ടി പിശുക്ക് കാണിക്കുകയാണിപ്പോൾ. റബ്ബ് മഹാനവർകളെ അനുഗ്രഹിക്കട്ടെ - ആമീൻ.

പുലർന്ന പ്രവചനങ്ങൾ

കുഞ്ഞി മുഹമ്മദ് മുസ്‌ലിയാർ പൂക്കയിൽ

നീറുന്ന ഒരായിരം പ്രശ്നങ്ങൾക്കു പരിഹാരം തേടി പാഞ്ഞു ചെന്നിരുന്ന ഒരത്താണിയെയാണ് കുറ്റിപ്പുറം ഉസ്താദിന്റെ വഫാത്തിലൂടെ എനിക്ക് നഷ്ടമായത്. ആദ്യ കാലങ്ങളിലെല്ലാം എന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്തിരുന്നത് അമ്മാവൻ കൂടിയായ പോക്കർ കുട്ടി മുസ്‌ലിയാരോടായി രുന്നു. പക്ഷെ നാഥന്റെ അലംഘനീയമായ വിധിക്കു മുമ്പി ൽ അദ്ദേഹം കീഴടങ്ങിയതിനു ശേഷം 35 വർഷത്തോളം എന്റെ പ്രശ്നങ്ങൾ ഇറക്കിവെച്ചിരുന്നത് ഉസ്താദിന്റെ സവിധത്തിലായിരുന്നു. നടുവിലങ്ങാടി പള്ളിയിൽ ദർസ് ആരംഭിക്കുന്നതിനോടനുബന്ധിച്ച് വഅളിന് വന്നപ്പോൾ തുടങ്ങിയ ആ സൗഹൃദബന്ധം അവസാനം വരെയും ഞങ്ങൾ തുടർന്നു പോന്നു. എന്റെ എന്ത് വിഷയങ്ങളും മഹാ നവർകളോട് മുശാവറ ചെയ്ത ശേഷമേ അവസാന തീരുമാന മെടുക്കുകയുള്ളൂ. എത്രത്തോളമെന്നാൽ എന്റെ പെൺമക്ക ളുടെ നിക്കാഹ് തീരുമാനിക്കുകയാണെങ്കിൽ മഹാനവർ കളോട് പറഞ്ഞ ശേഷമേ ഞാൻ അവർക്ക് അവസാന വാക്ക് കൊടുക്കുമായിരുന്നുള്ളൂ.

ജീവിതത്തിന്റെ മുഴുവൻ മേഖലകളിലും സൂക്ഷ്മത പുലർത്തിയിരുന്ന മഹാനവർകൾ ഒരു കറാഹത്ത് പോലും സംഭവിക്കുന്നതിൽ അതീവ സൂക്ഷ്മത പുലർത്തിയിരുന്നു. ഇന്നത്തെ സാഹചര്യത്തിൽ വളരെ വ്യാപകമായ ഫോട്ടോ എടുക്കുന്നത് പോലും അദ്ദേഹം വളരെ വെറുത്തിരുന്നു. മറ്റ്

പല ആലിമീങ്ങളും ഇത് ചെയ്യുന്നുണ്ടല്ലോ എന്ന് മഹാനവർ കളോട് ഒരിക്കൽ സൂചിപ്പിച്ചപ്പോൾ 'അതൊന്നും എന്നോട് പറയണ്ട. അവരാരും നബിമാരല്ലല്ലോ?' എന്നായിരുന്നു മഹാനവർകളുടെ മറുപടി.

എന്ത് തെറ്റ് ആരിൽ കണ്ടാലും അപ്പപ്പോൾ തന്നെ ഉപദേശിച്ച് തെറ്റ് തിരുത്തിക്കുകയെന്നത് മഹാനവർകളുടെ ഒരു ശീലമായിരുന്നു. അത് എത്ര ചെറിയ കാര്യമാണെങ്കിൽ പോലും. ഒരിക്കൽ മഹാനവർകളുടെ കൂടെ ഭക്ഷണം കഴിക്കുമ്പോൾ ഞാൻ ഇടത്തെ കൈ കൊണ്ട് കറി ഒഴിച്ചു. ഇത് കണ്ട അദ്ദേഹം വളരെ സൗമ്യതയോടെ എന്നെ ഉപദേ ശിച്ചു. 'വലത്തെ കൈ കൊണ്ട് തന്നെ കറി ഒഴിക്കണട്ടോ. അതാണ് നബി(സ) തങ്ങളുടെയും അവിടുത്തെ നക്ഷത്ര തുല്യരായ സ്വഹാബാക്കളുടെയും മാതൃക. അതൊന്നും നമ്മൾ ഒഴിവാക്കേണ്ട'. ഇന്നും എന്റെ കാതുകളിൽ അലയടി ക്കുന്നു ആ ഉപദേശം.

എവിടെയെങ്കിലും മാസം കണ്ടു എന്ന വിവരം ലഭിച്ചാ ൽ ആ സ്ഥലത്ത് പോയി അന്വേഷിച്ച് പരിപൂർണ ഉറപ്പ് വരുത്തിയ ശേഷമേ അദ്ദേഹം ഖാളിയായി പ്രതിനിധാനം ചെയ്തിരുന്ന മഹല്ലുകളിൽ മാസമുറപ്പിക്കുകയുള്ളൂവെന്നത് അദ്ദേഹത്തിന്റെ സൂക്ഷ്മതക്കുള്ള തെളിവാണ്. ഇത്തരം ഗൗരവതരമായ വിഷയങ്ങളിൽ പോലും പല ഖാളിമാരും വേണ്ടത്ര സൂക്ഷ്മത പുലർത്തുന്നില്ലെന്നതാണ് യാഥാർത്ഥ്യം.

മുബ്തദിഉകളോട് കർശന നിലപാടായിരുന്നു അദ്ദേഹം സ്വീകരിച്ചിരുന്നത്. അവർക്ക് സലാം പറയരുതെ ന്നും അവർ സലാം പറഞ്ഞാൽ മടക്കരുതെന്നും അവരുടെ കല്യാണങ്ങളിലും മറ്റ് ആഘോഷങ്ങളിലും ഒരിക്കലും പങ്കെടുക്കരുതെന്നും തന്റെ മഹല്ലുകാരോടും കുടുംബങ്ങ ളോടും അദ്ദേഹം പ്രത്യേകം നിർദ്ദേശിക്കുമായിരുന്നു.

പരപ്പനങ്ങാടി പനയത്തിൽ മുദരിസായി ജോലി ചെയ്തു കൊണ്ടിരിക്കെ ഒരു വഹാബി മരിച്ചു. അദ്ദേഹത്തോട് നിസ്കരിക്കാൻ ആവശ്യപ്പെട്ടെങ്കിലും അതു ചെയ്തില്ലെന്നു മാത്രമല്ല, വളരെ ഗൗരവത്തോടെ അദ്ദേഹം പറഞ്ഞു.

'മുബ്തദിഉകളുടെ മേൽ ഞാനൊരിക്കലും മയ്യിത്ത് നിസ്കരിക്കില്ല. എന്നോട് അതിന് ഒരാളും ആവശ്യപ്പെടുകയും വേണ്ടാ'.

എന്റെ എല്ലാ പ്രശ്നങ്ങളും ഞാൻ മഹാനവർകളോട് പറയുമായിരുന്നു. അപ്പോൾ അതിനെല്ലാം മഹാനവർകൾ പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുമായിരുന്നു. ദിക്റുകളിലൂടെയും മറ്റുമുള്ള ആത്മീയ ചികിത്സയായിരുന്നു അതിലധികവും. മറ്റുള്ള ആളുകൾ വിഷമങ്ങളും മറ്റും പറയുമ്പോൾ അദ്ദേഹം അവരോട് എന്നെ സംബന്ധിച്ച് പറയുമായിരുന്നു. 'കുഞ്ഞഹമ്മദ് മുസ്ലിയാർക്ക് ഒമ്പത് പെൺമക്കളുണ്ട്. യാതൊരു വരുമാനവുമില്ലാത്ത അദ്ദേഹം അവരെയെല്ലാം നല്ല നിലക്ക് നിക്കാഹ് ചെയ്തയച്ചു. കുടുംബവുമായി സുഖമായി കഴിയുകയും ചെയ്യുന്നു. എല്ലാം അല്ലാഹുവിൽ ഏൽപ്പിക്കുക. നിങ്ങൾക്കും വിജയിക്കാനാകും'.

ഒരിക്കൽ എന്റെ ഒരു മകളുടെ ത്വലാഖ് പ്രശ്നം ഞാൻ മഹാനവർകളോട് പറഞ്ഞു. വളരെ വിഷമത്തിലായിരുന്നു ഞാൻ. മകളുടെ ഭർത്താവ് വേറെ വിവാഹം കഴിക്കുക കൂടി ചെയ്തതോടെ എന്റെ വിഷമം കൂടുതലായി. വർഷങ്ങളോളം ഈ നില തുടരുകയും ചെയ്തു. എന്റെ വിഷമം ഞാൻ മഹാനവർകളെ അറിയിച്ചപ്പോൾ എന്നെ സമാധാനിപ്പിച്ചു പറഞ്ഞു: 'ത്വലാഖ് സംഭവിച്ചെങ്കിലും ഇനിയും തിരിച്ചെടുക്കാനും കഴിയുമല്ലോ. നിങ്ങൾ സമാധാനിക്കുക'. ആ വാക്ക് അക്ഷരം പ്രതി പുലർന്നു. വർഷങ്ങൾക്ക് ശേഷം മകളെ വീണ്ടും തിരിച്ചെടുക്കുകയും ഇന്നും അവൾ ഭർത്താവൊന്നിച്ച് സുഖമായി ജീവിക്കുകയും ചെയ്യുന്നു.

മനസ്സിൽ നിറം മങ്ങാതെ

കെ.എം.എ റഹീം സാഹിബ്

അബ്ദുല്ല മുസ്‌ലിയാർ നിറംമങ്ങാതെ മനസ്സിൽ തങ്ങിനിൽക്കുന്ന ഒരതുല്യ വ്യക്തിത്വത്തിന്റെ ഉടമയാണ്. മർഹൂം അബ്ദുൽ ഖാദിർ ഫള്ഫരിയുടെ പൗത്രനെന്ന നിലയിലും ഭൗതിക വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന ഒരു വ്യക്തി എന്ന നിലയിലും എന്നോട് പ്രത്യേകം സ്നേഹവും വാത്സല്യവും പ്രകടിപ്പിക്കാറുണ്ടായിരുന്നു. പൊന്നാനിയിൽ നിന്നുള്ള സന്ദർശകരോട് എന്നെ അന്വേഷിക്കുകയും സലാം പറഞ്ഞയക്കുകയും ചെയ്യാറുണ്ടായിരുന്നു. സത്യത്തിനു വേണ്ടി ആരുടെയും മുഖം നോക്കാതെ ഉറക്കെ ശബ്ദിച്ച ആ മഹാൻ നേരിൽ കാണുമ്പോഴൊക്കെ അതിനുള്ള ഉപദേശമാണ് നൽകാറുള്ളത്. തീരെ സുഖമില്ലാതിരിക്കുമ്പോഴും ഇത്തരം ഉപദേശവും ചർച്ചയുമായി എത്ര സമയം ഇരിക്കാനും അവർക്ക് പ്രയാസമുണ്ടായിരുന്നില്ല. 'എന്താ ഒന്നു പറഞ്ഞാൽ? ദീനിനെ മാറ്റുന്നതും, മറക്കുന്നതും തുറന്നു പറഞ്ഞാൽ ഒന്നും വരില്ല'. പല ഉദാഹരണങ്ങളും ചൂണ്ടിക്കാണിച്ച് അവർ എന്നും പറയും.

ഒരു വർഷം ചെറിയ പെരുന്നാളിന് മാസപ്പിറവി വ്യക്തമായി കണ്ടതായി ബോധ്യപ്പെട്ടിട്ടും ആദ്യം അറിയിച്ചില്ലെന്നും കണ്ടവർ നമ്മുടെ ആളുകളല്ലെന്നുമൊക്കെ പറഞ്ഞ് പലരും ഉറപ്പിക്കാതിരുന്നു. മാസപ്പിറവി കണ്ട സ്ഥലത്തെ ഖാളിയുടെ അടുത്ത് അത് സ്ഥിരപ്പെട്ടതും അവർ ഉറപ്പിച്ചതും ബോധ്യപ്പെട്ട അബ്ദുല്ല മുസ്‌ലിയാർ ഒട്ടും കൂസാതെ

പെരുന്നാൾ പ്രഖ്യാപിച്ചു.

വിവാദമായ വളപുരം ത്വലാഖ് വിഷയം അദ്ദേഹത്തെ വല്ലാതെ വിഷമിപ്പിച്ചിരുന്നു. ഇങ്ങനെ ചെയ്യാനും ഒരു പണ്ഡിതന് കഴിയുമോ എന്നും ഇവർക്കൊന്നും ആഖിറത്തിൽ വിശ്വാസമില്ലേ എന്നുമാണ് നേരിൽ കണ്ടപ്പോൾ അദ്ദേഹം ചോദിച്ചത്. വ്യഭിചാരിയെ എറിഞ്ഞുകൊല്ലണമെന്നും അതിന് ഫത്‌വ നൽകുന്നവരെ അരിഞ്ഞുകൊല്ലണമെന്നും മറ്റൊരിക്കൽ ദേഷ്യത്തോടെ പറഞ്ഞു. ചുരുക്കത്തിൽ ഹഖിനെതിരെ പ്രവർത്തിക്കുന്നതും പറയുന്നതും എത്ര വലിയവരായാലും ശക്തമായി പ്രതികരിക്കുന്ന സ്വഭാവമാണ് ഉസ്താദിനുണ്ടായിരുന്നത്. ഈ സ്വഭാവം അദ്ദേഹത്തെ പലരിൽ നിന്നും അകറ്റുകയും ചെയ്തു. ഫോട്ടോ, സ്ത്രീകളുടെ മയ്യിത്ത് നിസ്കാരം, മയ്യിത്ത് കാണൽ തുടങ്ങി പലതിലും മതത്തിന്റെ മഹിതമാർഗ്ഗം അദ്ദേഹം കണിശമായി സ്വീകരിച്ചു.

സത്യത്തിനു വേണ്ടി ജീവാർപ്പണം ചെയ്യാൻ തയ്യാറുള്ള ഒരു ധീര പണ്ഡിതനാണ് അബ്ദുല്ല മുസ്‌ലിയാരുടെ നിര്യാണം മൂലം നമുക്ക് നഷ്ടമായത്. അദ്ദേഹം നമ്മിൽ നിന്ന് മറഞ്ഞാലും അവർ കാണിച്ച മാർഗ്ഗം നമ്മുടെ മുമ്പിലുണ്ട്. അത് പിൻപറ്റി ദീർഘകാലം ഹഖിനുവേണ്ടി പ്രവർത്തിക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ. ആമീൻ.

ആശ്രിതർക്ക് അത്താണി

കെ. ഹംസ ഹാജി കവ്വായി

ദീനീ കാര്യങ്ങൾ ആരുടെ മുഖത്ത് നോക്കിയും ചങ്കൂറ്റത്തോടെ പറയാൻ കഴിവുറ്റ ഒരു വ്യക്തിത്വത്തിനുടമയായിരുന്നു മഹാനായ കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ. മരണം വരെ ദീനീ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്ന മഹാനവർകളുടെ വിയോഗത്തിലൂടെ ഒരുന്നത പണ്ഡിതനെയാണ് നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നത്. അദ്ദേഹം ബിരിച്ചേരിയിൽ ദർസ് നടത്തുന്ന സമയത്താണ് ഞങ്ങൾ തമ്മിലുള്ള ബന്ധം ആരംഭിക്കുന്നത്. രാമന്തളിയിൽ ജോലിയിലായിരിക്കെ ആ ബന്ധം ശക്തമായി. 1960 ൽ ഞങ്ങളുടെ നാട്ടിലെ പള്ളി വിപുലീകരണാവശ്യാർത്ഥം അദ്ദേഹം കവ്വായിയിൽ വന്നിട്ടുണ്ട്. മഹാനായ ഖുത്വുബി മുഹമ്മദ് മുസ്‌ലിയാരുടെയും രാമന്തളി മുത്തുക്കോയ തങ്ങളുടെയും കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാരുടെയും നേതൃത്വത്തിലാണ് പഴയ പള്ളിയിലെ അസൗകര്യം നിമിത്തം പള്ളിയുടെ പുനർനിർമ്മാണത്തിന് തുടക്കം കുറിച്ചത്.

പലപ്പോഴും അദ്ദേഹം എന്റെ വീട്ടിൽ വന്നിട്ടുണ്ട്. ഇടക്കിടെ പരസ്പരം സന്ധിക്കാറുണ്ടായിരുന്ന ഞങ്ങൾ മാസത്തിലൊരിക്കലെങ്കിലും കത്തുമുഖേനയും ബന്ധപ്പെടുമായിരുന്നു. ദീനീ വിഷയങ്ങളായിരുന്നു കത്തുകളിലെയും പ്രധാന ഉള്ളടക്കം.

ഹഖിനെതിരു കണ്ടാൽ അദ്ദേഹത്തിന് സഹിക്കുമായിരുന്നില്ല. ദീനീ വിഷയത്തിലുള്ള ഈ കർക്കശ സ്വഭാവ

മാണ് എന്നെ അദ്ദേഹത്തിലേക്ക് ആകർഷിപ്പിച്ചത്. അദ്ദേഹത്തിന്റെ ആ സ്വഭാവ മഹിമയും ആശയ തീവ്രതയും കാരണമായാണ് കേരളത്തിലെ വ്യത്യസ്ത വീക്ഷണമുള്ള പണ്ഡിതന്മാരും സാദാത്തുക്കളും കുറ്റിപ്പുറം ഉസ്താദിനെ ആദരിച്ചതും ബഹുമാനിച്ചതും.

എല്ലാ കിതാബുകളിലും അഗാധമായ കഴിവുണ്ടായിരുന്ന അദ്ദേഹത്തിന് ഏത് മസ്അല ചോദിച്ചാലും അതിനു വ്യക്തമായ മറുപടി ഉണ്ടായിരുന്നു. ഞാൻ പലപ്പോഴും പല മസ്അലകളെക്കുറിച്ചും അദ്ദേഹവുമായി ചർച്ച ചെയ്തിട്ടുണ്ട്. ദർസ് നടത്തിക്കൊണ്ടിരിക്കുമ്പോഴും വീട്ടിൽ വിശ്രമ ജീവിതം നയിക്കുമ്പോഴുമെല്ലാം അദ്ദേഹവുമായി പല കാര്യങ്ങളും ചർച്ച ചെയ്തിട്ടുണ്ട്. സംശയങ്ങൾ ചർച്ച ചെയ്യാനും മസ്അലകൾ ഉറപ്പ് വരുത്താനുമെല്ലാം ഒരത്താണിയായിട്ടായിരുന്നു ആ മഹാപണ്ഡിതനെ ഞാൻ കണ്ടിരുന്നത്. ഗൗരവമായ പല വിഷയങ്ങളും ഒരു ഇളം പുഞ്ചിരിയിലൊതുക്കി അതിന്റെ ആഴത്തിലേക്ക് കടന്നു ചെന്നായിരിക്കും ചർച്ച അവസാനിപ്പിക്കുക.

ഉത്തരം ലളിതം

ആനക്കര മുഹമ്മദ് കുട്ടി മുസ്‌ലിയാർ

ഒരു ദിവസം ഞാനും കക്കിടിപ്പുറം സ്വാലിഹ് മുസ്‌ലിയാരും കൂടി ഉസ്താദിന്റെ വീട്ടിൽ ചെന്നു. തത്സമയം അദ്ദേഹത്തിന്റെ റൂമിൽ നിന്ന് ഉച്ചത്തിലുള്ള സംസാരം കേൾക്കുന്നു. എന്തോ ഗൗരവമായ കാര്യം ചർച്ച ചെയ്യുകയാണെന്ന് മനസ്സിലായി. ആരോടാണ് സംസാരിക്കുന്നതെന്നു നോക്കിയപ്പോൾ കാസർഗോഡുള്ള ഒരു വ്യക്തിയോടായിരുന്നു. ആ ഭാഗങ്ങളിൽ എല്ലാവരും ആദരിക്കുകയും ബഹുമാനിക്കുകയും കൈ പിടിച്ച് ചുംബിക്കുകയും ചെയ്യുന്ന വ്യക്തി. സുപരിചിതനായതു കൊണ്ട് ഒറ്റനോട്ടത്തിൽ തന്നെ ആളെ മനസ്സിലായി. ഞാൻ ശ്രദ്ധിച്ചു. അല്ലാഹുവിന്റെ ഔലിയാക്കളെ സംബന്ധിച്ചായിരുന്നു ചർച്ച.

ആഗതൻ പറയുന്നു:

'അല്ലാഹുവിന്റെ ഔലിയാക്കൾക്ക് ബുദ്ധിക്ക് സ്ഥിരതയില്ലാത്ത അവസ്ഥ സംജാതമായാൽ അവർ ശറഇന്റെ നിയമങ്ങൾ പാലിക്കുന്നില്ലെങ്കിൽ അവരെ കുറ്റം പറയാൻ പാടില്ല'.

മഹാനവർകൾ തിരിച്ചു ചോദിച്ചു.

'ഔലിയാക്കളുടെ ഈ ബുദ്ധിയില്ലാത്ത അവസ്ഥ എന്തു കൊണ്ട് ശരീഅത്തിന്റെ നിയമങ്ങളിൽ മാത്രം പ്രകടമാകുന്നു. മറ്റ് ഭൗതിക കാര്യങ്ങളിൽ അവരിൽ നിന്ന് ഇത്തരം ഒരവസ്ഥ പ്രകടമാകുന്നില്ലല്ലോ?. അതായത് നിസ്കാരം ഒഴിവാക്കുക,

നോമ്പ് ഉപേക്ഷിക്കുക തുടങ്ങിയ ശറഇന്റെ കാര്യങ്ങളിൽ മാത്രം ബുദ്ധിയില്ലാത്ത ഒരവസ്ഥ മറ്റു ഭൗതിക കാര്യങ്ങളിൽ യാതൊരു കുഴപ്പവുമില്ല. അല്ലാഹുവിന്റെ പ്രവാചകന്മാർക്കും നക്ഷത്ര തുല്യരായ സ്വഹാബാക്കൾക്കൊന്നും ഇത്തരം ഒരവസ്ഥ ഉണ്ടായിട്ടില്ലല്ലോ? സ്വഹാബാക്കളൊന്നും ഔലിയാക്കളുടെ കൂട്ടത്തിൽപ്പെടുന്നവരല്ലേ?'

മഹാനവർകളുടെ ചോദ്യത്തിനു മുമ്പിൽ അവർക്ക് ഉത്തരം മുട്ടിയിരുന്നു.

ഉസ്താദിന് വല്ലാതെ ദേഷ്യം പിടിച്ചിരിക്കുന്നുവെന്നു മനസ്സിലായ അദ്ദേഹത്തിന്റെ മകൻ ഞങ്ങളോടു പറഞ്ഞു: 'നിങ്ങളൊന്ന് റൂമിലേക്ക് ചെന്നു നോക്കൂ. നിങ്ങളോട് സംസാരിക്കുമ്പോൾ ബാപ്പ ശാന്തനായിക്കൊള്ളും'.

എങ്കിലും ഞങ്ങൾ അദ്ദേഹത്തെ സമീപിക്കാതെ തിരിച്ചു പോരുകയാണ് ചെയ്തത്. ദിവസങ്ങൾക്കു ശേഷം അദ്ദേഹത്തിന്റെ മകനെ കണ്ടപ്പോൾ ഈ ചർച്ചയുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് ഞാൻ അന്വേഷിച്ചു.

അദ്ദേഹം പറഞ്ഞു: 'അവർ വളരെ ദൂരത്തു നിന്ന് ബാപ്പയെ കാണാൻ വേണ്ടി മാത്രം ഒരുപാട് പാരിതോഷികങ്ങളുമായാണ് വന്നത്. പക്ഷെ ഈ സംസാരത്തിനൊടുവിൽ പാരിതോഷികങ്ങളൊന്നും സ്വീകരിക്കാതെ അവരെ തിരിച്ചയക്കുകയാണ് ബാപ്പ ചെയ്തത്'.

ഇതാണ് അദ്ദേഹത്തിന്റെ ആദർശ തീക്ഷ്ണത. മനസ്സിലാക്കിയ കാര്യങ്ങൾ ആരുടെ മുമ്പിലും തുറന്നടിക്കുകയും ഹഖാണെന്ന് ബോധ്യമായ കാര്യങ്ങൾ മറ്റുള്ളവരെ ബോധ്യപ്പെടുത്തുകയും ചെയ്യും. അതിന് അവരുടെ 'കവറുകളോ' കണ്ണഞ്ചിപ്പിക്കുന്ന പാരിതോഷികങ്ങളോ തടസ്സമായിരുന്നില്ല.

മനുഷ്യനുണ്ടാവേണ്ട സകല നന്മകളും മേളിച്ച ഒരു വ്യക്തിത്വമായിരുന്നു മഹാനവർകളുടേത്. അവരുടെ ബറകത്തു കൊണ്ട് നാഥൻ നമ്മെ അനുഗ്രഹിക്കട്ടെ- ആമീൻ

കുടുംബ സുഹൃത്ത്

പി മുഹമ്മദ് മുസ്‌ലിയാർ വൈ എം നഗർ

പണ്ഡിത ലോകത്ത് കുറ്റിപ്പുറം ഉസ്താദ് എന്നറിയപ്പെടുന്ന അബ്ദുല്ല മുസ്‌ലിയാർ ബഹുമുഖ വ്യക്തിത്വമുള്ള പണ്ഡിതനായിരുന്നു. ഒരു പുരുഷായുസ്സ് മുഴുവൻ ദർസ് നടത്തി വിരമിച്ചതിനു ശേഷം ഇബാദത്തിലും മുത്വാലഅയിലുമായി ജീവിതം ചെലവഴിച്ചു. തന്നെ സന്ദർശിക്കാനെത്തുന്ന നേതാക്കൾക്കും പണ്ഡിതന്മാർക്കും സാധാരണക്കാർക്കും ഉപദേശ നിർദ്ദേശങ്ങൾ നൽകിയും മഹല്ല് ഭരണത്തിലും ദീനീ സേവനങ്ങളിലുമായി കർമ്മനിരതമായിരുന്നു ആ ധന്യ ജീവിതം.

ഞാൻ മുദരിസായതിനു ശേഷമാണ് അദ്ദേഹത്തെ നേരിൽ കാണുന്നത്. മകൻ റശീദ് ബാഖവി എന്റെ കൂടെ അല്ലൂർ അറബി കോളേജിൽ മുദരിസായതോടു കൂടി ആ ബന്ധം കൂടുതൽ വളർന്നു. ഇടക്കിടെ അദ്ദേഹത്തെ ഞാൻ കാണാറുണ്ടായിരുന്നു. ഒരു ഗുരുനാഥനെപ്പോലെ ഞാനവരെ കരുതിയിരുന്നെങ്കിലും ഒരു കുടുംബ സുഹൃത്തിനെപ്പോലെയാണ് എന്നോട് പെരുമാറിയിരുന്നത്. ഉത്തരവാദിത്വ ബോധമുള്ള മാതൃകാ മുദരിസായിരുന്നു അവർ. മഹല്ല് ഭരണത്തിൽ പ്രാപ്തി തെളിയിച്ച ഭരണത്തലവനും ഖാളിയുമായിരുന്നു മഹാൻ. നൂറു കണക്കിന് പണ്ഡിതന്മാരെ അവർ വാർത്തെടുത്തു. തന്റെ നാല് ആൺമക്കളെയും ബാഖവി ബിരുദധാരികളായ പണ്ഡിതന്മാരാക്കി മാതൃക കാണിച്ച പിതാവാ

യിരുന്നു. വ്യക്തി ജീവിതത്തിലും കുടുംബ ജീവിതത്തിലും വീട്ടു കാര്യങ്ങളിലും ദീനി നിയമങ്ങൾ നൂറു ശതമാനം നടപ്പാക്കുന്നതിൽ കർക്കശ സ്വഭാവം കാണിച്ചിരുന്ന അദ്ദേഹം മഹല്ല് ഭരണത്തിലും ഇതര കാര്യങ്ങളിലും ശറഇന്റെ നിയമങ്ങൾ നടപ്പാക്കുന്നതിലും പരിപൂർണ്ണമായി വിജയിച്ചു.

സജീവ സംഘടനാ പ്രവർത്തകനായിരുന്നില്ലെങ്കിലും എല്ലാ സംഘടനകളിലുമുള്ള ശരിയെ പുകഴ്ത്തുകയും തെറ്റിനെ വിമർശിക്കുകയും ചെയ്യുമായിരുന്നു. തന്നെ സന്ദർ ശിക്കുന്ന സംഘടനാ വക്താക്കളോടും അനുഭാവികളോടും നേതാക്കളോടും സത്യവും അസത്യവും തുറന്നു പറയാൻ ഒട്ടും മടികാണിച്ചിരുന്നില്ല.

ഒരിക്കൽ ഞാൻ സന്ദർശനത്തിനു ചെന്നപ്പോൾ ഒരു സംഘമാളുകൾ എന്തോ ചർച്ച കഴിഞ്ഞു പുറത്തേക്ക് വരു ന്നു. ഉടനെ ഞാൻ റൂമിൽ കടന്നു സലാം പറഞ്ഞു.
സലാം മടക്കിയതിനു ശേഷം എന്നോട് പറഞ്ഞു:
'അവർ ഗൗരവപൂർവ്വം പ്രതിപാദിച്ചത് ഇന്നത്തെ പള്ളി വിപു ലീകരണത്തെ കുറിച്ചായിരുന്നു. ദീനാണെന്നു പറഞ്ഞു കൊണ്ട് പള്ളികൾ പൊളിക്കുന്നു. പുനർ നിർമ്മിക്കുന്നു. പള്ളി പൊളിക്കൽ ഇസ്‌ലാമിൽ ഇല്ല. പള്ളികൾ സൗകര്യ ത്തിനു വേണ്ടി വലുതാക്കാം. കേടുപാടുകൾ നന്നാക്കാം. ജീർണ്ണതയിൽ എത്തിയാൽ മാത്രമേ പൊളിക്കാവൂ. ഇന്നു ചെയ്യുന്നതു പോലെ നല്ലനല്ല പള്ളികൾ പൊളിച്ചു പുനർനിർമ്മിക്കുന്നത് എതിർക്കേണ്ടതാണ്. മുൻകാലത്ത് അവ നിർമ്മിക്കാൻ പഴയ ആളുകൾ സഹിച്ച ബുദ്ധിമുട്ടുകൾ ഇന്നുള്ളവർക്ക് അറിയുകയില്ല'.

നിരവധി പണ്ഡിതമഹത്തുക്കളുടെ ഗുരുവായ ശൈഖ് ഹസൻ ഹസ്റത്തടക്കം ഉയർന്ന പണ്ഡിതന്മാരും സാദാത്തീങ്ങളും നേതാക്കളും അദ്ദേഹത്തെ സന്ദർശിക്കൽ പതിവായിരുന്നു. വിനയവും വിദ്യയും സമഞ്ജസമായി മേളിച്ച ഉന്നതവ്യക്തിയായിരുന്നു കുറ്റിപ്പുറം ഉസ്താദ്.

ഒളിമങ്ങാത്ത ഉപദേശങ്ങൾ

ഇമ്പിച്ചിക്കോയ തങ്ങൾ കടലുണ്ടി നഗരം

അല്ലാഹുവിനെ മാത്രം ഭയന്നു ജീവിതം നയിച്ച ഒരു പണ്ഡിതനെയാണ് അബ്ദുല്ല ഉസ്താദിന്റെ വിയോഗം മൂലം നഷ്ടമായിരിക്കുന്നത്. ദുനിയാവ് നശ്വരമാണ്. നമ്മുടെ ഓരോ ചലനവും ആഖിറത്തിന് വേണ്ടിയാവണം. 'ദുനിയാവിൽ ഒരു വിദേശി' എന്ന പ്രയോഗം അബ്ദുല്ല ഉസ്താദിൽ യാഥാർത്ഥ്യമായിരുന്നു.

മരണം ഒരു അനിവാര്യതയാണ്. അതിൽ നിന്നും രക്ഷപ്പെടാൻ വഴിയില്ല. എപ്പോഴും മരണത്തെ ഓർക്കുക. മറ്റുള്ളവരെ ഓർമിപ്പിക്കുക. മരിക്കാൻ ഒരുങ്ങി നിൽക്കുക. മറ്റുള്ളവരെ ഒരുക്കുക. ഈ വിശേഷണം പൂർണമായും ഞാൻ അബ്ദുല്ല ഉസ്താദിൽ കണ്ടിരുന്നു.

നാം അല്ലാഹുവിന്റെ അടിമകൾ. അവന് ഇബാദത്തിലായി ജീവിക്കൽ നമ്മുടെ ബാധ്യതയാണ്. നമുക്ക് വേണ്ടതെല്ലാം അവൻ ഏറ്റെടുത്തിട്ടുണ്ട്. എന്നിട്ടും നാം ദുനിയാവിന്റെ പിന്നാലെ പോവുന്നു. കഷ്ടം!

ഹൃദയങ്ങളോട് സംവദിക്കുക. ഹൃദയത്തെ ശുദ്ധീകരിക്കുക. അതിനുള്ള ഉപദേശങ്ങൾ നൽകുക. സ്വാലിഹീങ്ങളുമായി സമ്പർക്കം പുലർത്തുക. അവരെ സ്നേഹിക്കുക. അവരോട് ദുആ ചെയ്യിപ്പിക്കുക. അവരുടെ ചര്യയിൽ ജീവിതം നയിക്കുക തുടങ്ങിയ ഉസ്താദിന്റെ വസ്വിയ്യത്ത് ഇന്നും മനസ്സിൽ തട്ടിക്കൊണ്ടിരിക്കുന്നു.

പൂർവ്വികരാണ് നമ്മുടെ തേജസ്സ്. അവരുടെ വിശിഷ്ട ഗുണങ്ങൾ പറയുകയും കേൾക്കുകയും ചെയ്യുന്നത് ഉസ്താദിനെന്നും സന്തോഷാനുഭവങ്ങളായിരുന്നു.

ഇൽമ് ഇസ്‌ലാമിന്റെ ജീവനാണ്. റബ്ബിന്റെ പ്രകാശമാണ്. സർവ്വധനത്തേക്കാളും പ്രധാനമാണ്. ഒരു ജീവിതം മുഴുവനും അതിനായി നീക്കി വെച്ച ഉസ്താദിനെ ഓർക്കാൻ ആ സാഗരത്തിൽ നിന്നും വരുന്ന വറ്റാത്ത ഉറവകൾ നമുക്ക് വെളിച്ചമാകട്ടെ. നമുക്ക് പ്രാർത്ഥിക്കാം.

മാതൃകാ ദർശകൻ

എം. ആലിക്കുഞ്ഞി മുസ്‌ലിയാർ ഷിറിയ

1956-ൽ ഒളയം, മുട്ടം, ഷിറിയ എന്നീ മഹല്ലുകളുടെ സംയുക്താഭിമുഖ്യത്തിൽ ഷിറിയ ആസ്ഥാനമായി ഒരു യോഗം നടന്നു. എനിക്കന്ന് ഇരുപത്തിയൊന്ന് വയസ്സായിരുന്നു. ബി.എഫ് അബ്ദുല്ല മൗലവി മൗദൂദിയൻ ചിന്തകൾക്കും ഇസ്‌ലാമിക വിരുദ്ധ വിശ്വാസങ്ങൾക്കും ചുവടൊപ്പിച്ച് ദീനി വിരുദ്ധ പ്രവർത്തനങ്ങളിലേർപ്പെട്ടു. തൽഫലമായി ഏതാനും വ്യക്തികൾ അയാളുടെ വികല ആശയങ്ങൾക്ക് വശംവദരായി. ഇതിനെതിരെ ജനങ്ങളെ അവബോധമുള്ളവരാക്കാനായിരുന്നു പ്രസ്തുത യോഗം.

യോഗത്തിൽ ക്ഷണിക്കപ്പെട്ട പ്രമുഖ അതിഥികളിൽ ഒരാളായിരുന്നു മർഹൂം കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ (നഃമ). അദ്ദേഹത്തെ കൂട്ടിക്കൊണ്ടു വരാൻ പോയ സംഘത്തിൽ കുമ്പോൽ മുദരിസ് കാഞ്ഞങ്ങാട് അബൂബക്കർ ഹാജിയും ഞാനും ഉണ്ടായിരുന്നു. ആ അസുലഭ അവസരത്തിലാണ് അബ്ദുല്ല മുസ്‌ലിയാരുമായി ഞാൻ ആദ്യമായി ബന്ധപ്പെടുന്നത്. ശംസുൽ ഉലമ ഖുത്വുബി മുഹമ്മദ് മുസ്‌ലിയാരുടെ(നഃമ) അധ്യക്ഷതയിൽ സമ്മേളിച്ച യോഗത്തിൽ എട്ടു പേരാണ് പ്രസംഗിച്ചത്. എട്ടിൽ ഏഴു പേരും വെല്ലൂർ ബാഖിയാതുസ്സ്വാലിഹാതിൽ നിന്ന് ബിരുദമെടുത്തവർ. പുറമെയുണ്ടായിരുന്ന എട്ടാമൻ മഞ്ഞനാടി ഉസ്താദ് എന്ന കാഞ്ഞങ്ങാട് പഴയ കടപ്പുറം സ്വദേശി സി.പി. മുഹമ്മദ്

കുഞ്ഞി മുസ്‌ലിയാരായിരുന്നു. വിശുദ്ധ ഇസ്‌ലാമിക വിശ്വാസങ്ങളുടെ സംരക്ഷണാർത്ഥം സമ്മേളിച്ച യോഗത്തിൽ സംസാരിച്ച എട്ടുപേരെ, വിശ്വാസ സംരക്ഷണാർത്ഥം സന്ധിയില്ലാ സമരം ചെയ്ത് ഒടുവിൽ നൂറ്റാണ്ടുകളോളം അത്ഭുത നിദ്ര പ്രാപിച്ച ഗുഹാവാസിക (അസ്ഹാബുൽ കഹ്ഫ്)ളോട് ഉപമിച്ചു കൊണ്ടുള്ളതായിരുന്നു മഞ്ഞനാടി ഉസ്താദിന്റെ പ്രഭാഷണം. ഏഴു ബാഖവികളും അസ്ഹാബുൽ കഹ്ഫിന്റെ ശുനകന്റെ സ്ഥാനത്ത് ഞാനും എന്നുള്ള വിനയത്തിന്റെ പ്രതീകമായ മഞ്ഞനാടി ഉസ്താദിന്റെ ഫലിതാത്മക ഭാഷണം ഇന്നും എന്റെ ശ്രവണ പഥത്തിൽ അലയടിക്കുന്നു.

1955-ൽ എനിക്ക് 20 വയസ്സ്. പരപ്പനങ്ങാടി പനയത്തിൽ പള്ളിയിൽ അഭിവന്ദ്യ ഗുരുവര്യർ ശൈഖുന കോട്ടുമല അബൂബക്കർ മുസ്‌ലിയാർ(നഃമ)യുടെ അനുഗ്രഹീത ശിക്ഷണത്തിൽ ഓതിപ്പഠിക്കുന്ന കാലം. അന്ന് ബി.എഫ്. അബ്ദുല്ല മൗലവി മൗദൂദിയൻ ഉൽപ്പതിഷ്ണുവാണെന്ന് ഒളയം ജുമുഅത്ത് പള്ളിയിൽ വെച്ച് പരസ്യപ്പെടുത്തിയത് ഞാനായിരുന്നു. അതിനെ തുടർന്നുണ്ടായ ശബ്ദ കോലാഹലങ്ങളായിരുന്നു ഷിറിയയിൽ നടന്ന യോഗ കാരണം. ബി.എഫ്. അബ്ദുല്ല മൗലവിക്കെതിരെ യോഗത്തിൽ സാമൂഹിക ബഹിഷ്കരണം പ്രഖ്യാപിച്ചു. തൽഫലമായി അയാൾ ഷിറിയയിൽ നിന്ന് നാടു വിട്ടു.

പണ്ഡിതന് അനിവാര്യമായ വിശിഷ്ട ഗുണങ്ങളൊക്കെ അബ്ദുല്ല മുസ്‌ലിയാരിൽ മേളിച്ചിരുന്നു. മുദരിസുമാർ പൊതുവെ ശിഷ്യന്മാരുടെ വൈജ്ഞാനിക പുരോഗതി ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുകയാണ് പതിവ്. ഇതിൽ നിന്നും വ്യത്യസ്തമായി പഠനത്തോടൊപ്പം പരിശീലനവും എന്നതായിരുന്നു അബ്ദുല്ല മുസ്‌ലിയാരുടെ അധ്യാപന ശൈലി. വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതിനു മുമ്പായി സ്വയം പ്രാവർത്തികമാക്കുകയും വിദ്യാർത്ഥികൾക്കും ഇതരർക്കും തന്നെ നോക്കി പഠിക്കാനും അനുകരിക്കാനും ഉതകുന്ന അവസരം സൃഷ്ടിക്കുകയും ചെയ്യുക

എന്ന അസുലഭ ചിട്ടയുടെ ഉടമയായിരുന്നു അദ്ദേഹം. 'സമസ്ത'യുടെ ദീർഘകാല അധ്യക്ഷനായിരുന്ന മർഹൂം അബ്ദുൽ ബാരി മുസ്‌ലിയാരു(നഃമ)ടെയും ഉത്തര മലബാറിലെ ആത്മീയ നായകത്വം കരവലയത്തിലൊതുക്കിയിരുന്ന ശംസുൽ ഉലമാ ഖുത്വുബി മുഹമ്മദ് മുസ്‌ലിയാരു (നഃമ) ടെയും കർമ്മ പാതയും ചിട്ടകളും അബ്ദുല്ല മുസ്‌ലിയാരിൽ പ്രകടമായിരുന്നു.

സുസ്മേരവദനനായി അതിഥികൾക്ക് സ്വാഗതമരുളുന്ന അദ്ദേഹത്തിന്റെ സ്വഭാവവും സമീപനവും പണ്ഡിതന്മാർക്ക് എക്കാലവും മാതൃകയാണ്. സന്ദർശകർ ഏത് തരക്കാരായിരുന്നാലും സംസാരം ഒന്നിനെക്കുറിച്ച് മാത്രം, പരലോകത്തെക്കുറിച്ച്. പരലോക മോക്ഷത്തിനുപകരിക്കുന്ന ചിന്തകളും ഉപദേശങ്ങളും മാത്രമാണ് രാഷ്ട്രീയക്കാർ, സമ്പന്നർ, വ്യാപാരികൾ, പണ്ഡിതർ, മുതഅല്ലിമുകൾ തുടങ്ങി എല്ലാവരോടുമുള്ള സംഭാഷണങ്ങൾക്ക് വിഷയീഭവിക്കുക.

കുറ്റിപ്പുറത്തിന്റെ സുകൃതം

പി.പി.എം കബീർ മുസ്‌ലിയാർ കുറ്റിപ്പുറം

മുസ്‌ലിം കൈരളിക്ക് കുറ്റിപ്പുറത്തിന്റെ വകയായി നൽകിയ മഹൽ സമ്മാനം! മഹാ സുകൃതം! അതാണ് കുറ്റിപ്പുറം കമ്പാല അബ്ദുല്ല മുസ്‌ലിയാർ. മഹാത്മാവിനെ കുറിച്ച് ഞാനെന്താണ് എഴുതേണ്ടത്? അയവിറക്കാൻ യഥേഷ്ടം സംഭവങ്ങളെന്റെ ഓർമകളിൽ കിടന്ന് ആന്ദോളനമാടുന്നുവെങ്കിലും അവ അക്ഷരങ്ങളായി പെറുക്കി വെക്കാൻ ഈ കരങ്ങൾക്കാകുമെന്ന് തോന്നുന്നില്ല. അദ്ദേഹത്തെ ഓർക്കുമ്പോൾ തന്നെ ഹൃദയം തേങ്ങുകയാണ്. കണ്ണുകൾ സജലങ്ങളാവുകയാണ്. അത് കവിളിലൂടെ ചാലിട്ടൊഴുകുകയാണ്. തിരയടങ്ങാത്ത ദുഃഖത്തിന്റെ സാഗരം മനസ്സിൽ കിടന്നിരമ്പുകയാണ്. പണ്ഡിത തറവാട്ടിലെ ലബ്ധ പ്രതിഷ്ഠനായ ഒരു പ്രതിഭ എന്നതിലുപരി കുറ്റിപ്പുറത്തുകാർക്ക് അബ്ദുല്ല മുസ്‌ലിയാർ ഖാസിയും കാരണവരുമായിരുന്നു. കെട്ടു പിണഞ്ഞ ഏതൊരു പ്രശ്നത്തിലും പരിഹാരത്തിനായി ചെന്നെത്താനുള്ള അവസാനത്തെ അഭയവും ആശ്രയവുമായിരുന്നു.

മരണത്തെക്കുറിച്ച് ശരിയായ അവബോധമുണ്ടെങ്കിലും പ്രിയപ്പെട്ടവരുടെ വേർപാട് മനസ്സിനകത്ത് വലിയ ആഘാതമേൽപ്പിക്കുന്നു. അടങ്ങാനും സംയമനം പാലിക്കാനും മനസ്സിനോട് നാം പറയുമെങ്കിലും ഉപദേശം അത് ചെവികൊള്ളാറില്ല. കോള് കൊണ്ട കടൽ പോലെ മനസ്സ് സംഘർഷഭരിതമാവുന്നു.

ശൈഖുനാ കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ എന്റെ

സ്വന്തം പിതാവോ മാതുലനോ അല്ല. പക്ഷെ സ്വന്തം പിതാവിനെ കണ്ട ഓർമ്മ പോലുമില്ലാത്ത എന്റെ മനസ്സിൽ അദ്ദേഹത്തിനുള്ള സ്ഥാനം സ്വന്തം പിതാവിന്റേത് തന്നെയായിരുന്നു. വത്സലനായൊരു പിതാവിനെ ഞാനദ്ദേഹത്തിൽ കണ്ടു. പുത്രസമാനം അദ്ദേഹം എന്നെ സ്നേഹിക്കുകയും ചെയ്തു. അഞ്ചാം വയസ്സിൽ ഉമ്മയുടെ കയ്യിൽ തൂങ്ങി അദ്ദേഹത്തിന്റെ സന്നിധിയിൽ ചെന്നപ്പോൾ കൗതുകത്തോടെ ആ മുഖത്തേക്ക് നോക്കി നിന്നിട്ടുണ്ട്. അന്ന് എന്നെ മടിയിലിരുത്തി തലോടി മന്ത്രിച്ചൂതി, ആശീർവ്വദിച്ചു, പ്രാർത്ഥനയോടെ അക്ഷരജ്ഞാനത്തിനു തുടക്കം കുറിക്കാനായി മദ്രസയിലേക്കു പറഞ്ഞയച്ചു. ശൈഖുനായുമായുള്ള ആത്മബന്ധം അന്നുമുതൽ തുടങ്ങിയതാണ്. എന്നോട് മാത്രമല്ല. എന്റെ മാതാവ്, സഹോദരങ്ങൾ എല്ലാവരോടും ഖാസിയാർക്ക് നല്ല ബന്ധവും സ്നേഹവുമായിരുന്നു. സ്വന്തം പേരമക്കളോടെന്നപോലെ അദ്ദേഹത്തിന്റെ വാത്സല്യവും കാരുണ്യവും ഏറ്റുവാങ്ങാൻ എന്റെ മക്കൾക്കും ഭാഗ്യമുണ്ടായിട്ടുണ്ട്.

ഇസ്‌ലാമിന്റെ മഹിതമായ പാരമ്പര്യത്തിൽ ഊറ്റം കൊള്ളുകയും പരമ്പരാഗത വിശ്വാസവും സമ്പന്നമായ സംസ്കാരവും തരിമ്പും മാറ്റമില്ലാതെ എക്കാലവും നിലനിർത്താനായി കഠിനാദ്ധ്വാനം ചെയ്യുകയും ചെയ്ത പണ്ഡിതനായിരുന്നു അദ്ദേഹം. പാരമ്പര്യം നിഷേധിക്കുകയും പൂർവികരെ ധിക്കരിക്കുകയും ചെയ്യുന്നവരോട് അദ്ദേഹം രോഷം കൊണ്ടു. മതചിഹ്നങ്ങൾ ഹനിക്കപ്പെടുകയും മഹാത്മാക്കൾ നിന്ദിക്കപ്പെടുകയും ചെയ്യുന്നതിൽ ആ മനസ്സ് വ്യഥ പൂണ്ടു. കേരള മുസ്‌ലിംകളിൽ അനൈക്യത്തിന്റെ വിത്തുപാകിയ പുത്തൻ വാദികളുടെ കണ്ഠകോടാലിയായി അദ്ദേഹം നിലകൊണ്ടു. അദ്ദേഹത്തിന്റെ ഉപദേശങ്ങളും പഠന ക്ലാസ്സുകളുമെല്ലാം സുന്നത്ത് ജമാഅത്തിന്റെ ആശയകാന്തിയും ആദർശ വിശുദ്ധിയും പ്രകാശിപ്പിക്കുന്നതായിരുന്നു.

പഴമക്കാരനായ ശൈഖുനാ അബ്ദുല്ല മുസ്‌ലിയാർ പേരും പ്രശസ്തിയും ആഗ്രഹിച്ചില്ല. പക്ഷെ, പ്രശസ്തർക്കിടയിൽ അദ്ദേഹം പ്രശസ്തനായിരുന്നു. താൻ വിചാരിച്ചിരുന്നു

വെങ്കിൽ പണ്ഡിത സഭയിൽ ഉന്നതസ്ഥാനീയനായി അദ്ദേഹ ത്തിന് വിരാജിക്കാമായിരുന്നു. പക്ഷെ, സംഘടനകളുടെ അകത്തളങ്ങളിലേക്ക് കയറിച്ചെല്ലാൻ അദ്ദേഹം മടികാണിച്ചു. ദർസും വഅളുമായി വൈജ്ഞാനിക സേവനത്തിൽ ഒറ്റയാൻ പടനയിച്ച് അദ്ദേഹം സംതൃപ്തിയടഞ്ഞു. മുൻകാലത്ത് മുസ്ലിം മഹല്ലുകളിൽ നടത്തപ്പെട്ടിരുന്ന വഅളു പരമ്പരക ളിൽ അദ്ദേഹത്തിന്റെ സജീവ സാന്നിധ്യമുണ്ടായിരുന്നു. ആ വാഗ്വിലാസത്തിൽ മയങ്ങിനിന്ന സ്റ്റേജുകളും സദസുകളും ഒട്ടനവധിയാണ്. ജ്ഞാനസേവനമായിരുന്നു കൊച്ചുനാൾ മുതലെ ഈ മഹാമനുഷ്യന്റെ ഹോബി. ഒരായിസ്സു മുഴുവനും ജ്ഞാനം നുകരാനും പകരാനും ചെലവിട്ടു. ഇരുപത് വർഷ ക്കാലം ഉന്നത ശീർഷരായ ഉസ്താദുമാരുടെ ശിഷ്യത്വം സ്വീക രിച്ച് വിവിധ ദർസുകളിൽ പഠനം നടത്തി. പിന്നീട് വിവിധ നാടുകളിൽ മുദരിസായി സേവനമനുഷ്ഠിച്ചു.

സ്വാർത്ഥതയും കാപട്യവുമില്ലാത്ത അസൂയയും കുശുമ്പുമറിയാത്ത ജാടയും നാട്യവും തൊട്ടുതീണ്ടാത്ത ഒരു സേവകനായിരുന്നു അദ്ദേഹം. ലാളിത്യവും സൂക്ഷ്മതയും നിറഞ്ഞ ജീവിതനിഷ്ഠ മറ്റുള്ളവരിൽ നിന്നും അദ്ദേഹത്തെ വ്യതിരിക്തനാക്കുന്നു. പാവപ്പെട്ട ഒരു മീൻ കച്ചവടക്കാരന്റെ മകനായി ജനിച്ച ഈ തലേക്കെട്ടുക്കാരൻ പിതാവിനെ പിന്തുടർന്ന് മീൻ കച്ചവടവും ചെയ്തിരുന്നു. പള്ളിക്കകത്ത് ജ്ഞാന തപസ്യയിൽ ചടഞ്ഞ് കൂടുന്ന മുസ്ലിയാർക്ക് അങ്ങാടിയിൽ മീൻ കച്ചവടം ചെയ്യാനും കഴിയുമെന്ന് അദ്ദേ ഹം തെളിയിച്ചു. ഇങ്ങനെയാണങ്കിലും കഷ്ടതയും ക്ലിഷ്ട തയും കൂട്ടികുഴച്ച അന്നം കഴിച്ചാണ് ജീവിതത്തിന്റെ നല്ലൊരു കാലം തള്ളിനീക്കിയത്.

ഒരു യുവപണ്ഡിതൻ, ശൈഖുനയോട് ചോദിച്ചു 'ഉസ്താദിന്റെ ജന്മ സ്ഥലം എവിടെയാണെ'ന്ന്. അദ്ദേഹം പ്രതിവചിച്ചു. ഇതാ ഇവിടെത്തന്നെ! നാമിപ്പോഴുള്ള ഇതേ സ്ഥലം. പക്ഷെ അന്നാ വീടിന്റെ സ്ഥാനത്ത് ഒരു ചാപ്പയാ യിരുന്നു. അതായത്. ഒരു ചെറ്റകുടിൽ! ഒരിക്കൽ പതിവു പോ ലെ ദർസ് കഴിഞ്ഞ് വന്നപ്പോൾ കണ്ടത് ചെറ്റകുടിൽ കാറ്റെ

ടുത്ത കാഴ്ചയാണ്. ആരുടെയൊക്കെയോ സന്മനസുകൊണ്ട് പിന്നീട് ഇത്തിരി ഭേദപ്പെട്ടൊരു പുര പണിതു. സൗകര്യങ്ങൾ വർദ്ധിക്കുമ്പോഴൊക്കെ മഹാനവർകളുടെ മനസ്സിൽ ഭീതിയും വർദ്ധിക്കുകയായിരുന്നു. സ്വന്തം മുറി വീതി കൂട്ടിയതിനു ശേഷം പലപ്പോഴും അദ്ദേഹം ഇപ്രകാരം പറയുമായിരുന്നു. 'ഈ സുഖസൗകര്യത്തിന് റബ്ബിനോട് മറുപടി പറയേണ്ടി വരുമോ'. ദീനീ കാര്യങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത കടും പിടുത്തവും അസത്യത്തോടും അനീതിയോടുമുള്ള സന്ധിയില്ലാ സമരവും ആ വ്യക്തിത്വത്തിന് മാറ്റുകൂട്ടുകയാണ് ചെയ്തത്. വിശ്വാസപരമോ കർമ്മപരമോ ആവട്ടെ കാര്യങ്ങൾ തെറ്റായി വ്യഖ്യാനിക്കപ്പെടുന്നതിനെയും അദ്ദേഹം നഖശിഖാന്തം എതിർത്തു. തെറ്റിനോട് രാജിയാവാൻ ഒരിക്കലും സന്നദ്ധമല്ലായിരുന്നു.

നിസ്കാരാദി നിർബന്ധ ബാധ്യതകൾ അവഗണിച്ചും പ്രകടമായ മതശാസനകൾക്ക് വഴിപ്പെടാതെയും ദിക്റ് ചൊല്ലി ആടിത്തിമർത്ത് നടക്കുന്നവരെ അദ്ദേഹത്തിന് പരമപ്പുച്ഛമായിരുന്നു. ത്വരീഖത്തിന്റെ പേരിൽ നില നിൽക്കുന്ന കള്ളനാണയങ്ങളും വ്യാജശൈഖുമാരെയും അദ്ദേഹം തൊലിയുരിച്ച് കാണിച്ചു. കുറ്റിപ്പുറത്ത് കൂട്ടു കൂടാൻ വന്ന അത്തരം ചിലരെ അവിടെ നിന്ന് വേരോടെ അദ്ദേഹം പിഴുതെറിഞ്ഞു. അദ്ദേഹം പറയുന്നു: 'അല്ലാഹുവിന്റെ നാമം ജപിക്കുമ്പോൾ ആത്മാവിന് സംസ്കരണവും ഹൃദയത്തിന് സമാധാനവും കൈവരുന്നു. എന്നാൽ ഇവിടെ ദിക്റ് ചൊല്ലി നടക്കുന്ന ചിലരിൽ കാണുന്നത് ഇതിനു നേരെ വിപരീത അനുഭവമാണ്. ഇവരുടെ മന്ത്രോച്ചാരണത്തിൽ പൈശാചികമായ സ്പർശനമുണ്ടെന്ന് ഇതുകൊണ്ടു തന്നെ മനസ്സിലാക്കാവുന്നതാണ്!'. ത്വരീഖത്തിന്റെ പേരിലുള്ള വ്യാജ നിർമിതികളെ വിമർശിക്കുന്നതോടൊപ്പം അദ്ദേഹം യഥാർത്ഥ ത്വരീഖത്തുകളുമായും അതിന്റെ വരിഷ്ടരായ ഗുരുവര്യന്മാരുമായും ഈടുറ്റ ബന്ധം സ്ഥാപിക്കുകയും ആത്മ സാക്ഷാത്കാരം കൈവരിക്കുകയും ചെയ്തു. മശാഇഖന്മാരുടെ വഴികൾ സ്വീകരിക്കുകയും പലരെയും ആ വഴികളിലേക്ക്

ചേർക്കുകയും ചെയ്തു. കേരളത്തിൽ മത രംഗത്ത് അറിയപ്പെടുന്ന പലരും അദ്ദേഹത്തിന്റെ മുരീദുമാരായിട്ടുണ്ട്.

ഇമാം ബൂസ്വീരിയുടെ ബുർദ: കാവ്യവും മഖ്ദൂമിന്റെ അദ്കിയ കാവ്യവും അദ്ദേഹത്തിന് വളരെ ഇഷ്ടപ്പെട്ട വിഭവങ്ങളായിരുന്നു. ദിനംപ്രതി ബുർദ ചൊല്ലണമെന്ന് അദ്ദേഹം നിർദ്ദേശിക്കുമായിരുന്നു. മുഴുവനായി കഴിഞ്ഞില്ലെങ്കിൽ കുറഞ്ഞ ഭാഗമെങ്കിലും ചൊല്ലണമെന്ന് തന്റെ ബന്ധപ്പെട്ടവരോട് പറയുമായിരുന്നു. ഉപദേശങ്ങൾക്കും ക്ലാസുകൾക്കും താൻ അവലംബമാക്കുന്നത് അദ്കിയയിലെ കവിതകളൊക്കെയായിരിക്കും. അവയുടെ ഭാക്ഷ്യങ്ങളും പ്രകരണങ്ങളുമായിരിക്കും തന്റെ സംസാരത്തിലെ ഇതിവൃത്തം. കൺമുമ്പിൽ നിന്ന് മറഞ്ഞെങ്കിലും ഇഷ്ടജനങ്ങളുടെ ഹൃദയങ്ങളിൽ ശൈഖുനാ എന്നും ജീവിക്കുക തന്നെ ചെയ്യും കുറ്റിപ്പുറത്തിന്റെ പുണ്യമായി! സുകൃതമായി!!

തെളിഞ്ഞ കണ്ണാടി

പി.എസ്.കെ മൊയ്തു ബാഖവി മാടവന

ഹൃദയശുദ്ധിയും ആത്മീയ പുരോഗതിയും കൈവരിക്കുന്നതിന് സജ്ജന സഹവാസം അനിവാര്യമാണ്. സ്വഭാവ സംസ്കരണം, വിശ്വാസദൃഢത തുടങ്ങിയവ ആത്മീയോപദേശകരായ പണ്ഡിതരിൽ നിന്നും ലഭിക്കുന്നു. കർമ്മനിരതമായ ജീവിത പാഠശാലയിൽ നിന്ന് നേർക്കുനേർ ജീവിതത്തിൽ പകർത്തി നേടിയെടുക്കുന്ന ആത്മസരണി കേവലം പുസ്തകം വായിച്ചതുകൊണ്ടോ പ്രസംഗം കേട്ടതുകൊണ്ടോ കൈവരിക്കാവതല്ല.

തെളിഞ്ഞ കണ്ണാടിയിലൂടെയല്ലാതെ സ്വന്തം മുഖത്തെ കാണാൻ കഴിയാത്തതു പോലെ ആത്മ ഗുരുവിലൂടെയല്ലാതെ സ്വന്തം കുറവുകൾ കണ്ടെത്താൻ സാധ്യമല്ല. നബി(സ) പറഞ്ഞു: 'സത്യവിശ്വാസി വേറൊരു സത്യവിശ്വാസിയുടെ കണ്ണാടിയാണ്' (അബൂദാവൂദ്). കണ്ണാടി വിവിധ ഇനങ്ങളുണ്ട്. കൃത്യ അളവു കാണിക്കുന്ന തെളിച്ചമുള്ളവ, മുഖം വികൃതമാക്കി കാണിക്കുന്നവ. അപ്രകാരം തന്നെ സഹവാസത്തിന് തെരഞ്ഞെടുക്കുന്ന ജനങ്ങളും പല തരക്കാരുണ്ട്. ചിലർ ശിഷ്യരുടെ കുറവുകൾ ചൂണ്ടിക്കാണിക്കില്ലെന്ന് മാത്രമല്ല, അവർ പൂർണ്ണത പ്രാപിച്ചുവെന്ന് തോന്നിയേക്കും വിധം ശിഷ്യരെ പ്രശംസിക്കുന്നവർ. വേറെ ചിലർ ആക്ഷേപിച്ച് ശിഷ്യർക്ക് നിരാശ വരുത്തുന്നവർ. പരിപൂർണ്ണ വിശ്വാസിയും നേർമാർഗ ദർശനത്തിനു പ്രാപ്തനുമായ പണ്ഡിതന്മാർ ഇതു രണ്ടുമല്ല അവർ തെളിഞ്ഞ കണ്ണാടി കണക്കെ കൃത്യരൂപം

പ്രതിഫലിപ്പിക്കുന്നവരാണ്. ആത്മസംസ്കരണം നേടുന്നതിനുള്ള ശരിയായ മാർഗം മുർശിദുകളായ പണ്ഡിതന്മാരുമായി ആത്മബന്ധം സ്ഥാപിക്കലാണ്. അതിനു യോഗ്യനായ പണ്ഡിതനായിരുന്നു ഈയിടെ പൊലിഞ്ഞുപോയ സ്മര്യ പുരുഷൻ കുറ്റിപ്പുറം അബ്ദുള്ള മുസ്‌ലിയാർ.

ആരുടെയും മുഖത്തുനോക്കി വസ്തുതകൾ ഉള്ളതു പോലെ പറയുന്നതിന് അദ്ദേഹം മടികാണിച്ചിരുന്നില്ല. വിശ്രമകാലത്തു പോലും തന്നെ സമീപിച്ചിരുന്നവർക്ക് ആത്മീയോപദേശങ്ങൾ ചെയ്യുമായിരുന്നു. അഗാധ പാണ്ഡിത്യത്തിന്റെ ഉടമയായിരുന്ന അദ്ദേഹം തസവ്വുഫിലും ത്വരീഖത്തിലും കാലുറച്ച ഗുരുവര്യനായിരുന്നു. അദ്ദേഹത്തെപോലുള്ള ഗുരുക്കന്മാർ കാലത്തിന്റെ കണ്ണാടികളാണ്. കണ്ണാടികളില്ലാത്ത കാലം ഉണ്ടാവുകയില്ല. പക്ഷെ, കാലമാണ് സാക്ഷി! കണ്ണാടികൾ ഒന്നൊന്നായി ഉടഞ്ഞുകൊണ്ടിരിക്കുന്നു. തെളിച്ചമുള്ള കണ്ണാടികൾ അന്വേഷിക്കുന്നവർ ധാരാളമുണ്ട്. പക്ഷെ, അവ സുലഭമായി എവിടെയും ലഭിക്കാനില്ല. ലഭ്യമാവുന്നവയിൽ പലതും തെളിച്ചമുള്ളവയല്ല. പ്രത്യുത മുഖം വികൃതമാക്കുന്നവയാണ്.

ഹസ്റത്ത് നൽകിയ പേന

കെ. കെ മുഹമ്മദ് മുസ്‌ലിയാർ

പ്രഗത്ഭ പണ്ഡിതനും സൂഫീവര്യനുമായിരുന്ന മർഹൂം കുറ്റിപ്പുറം അബ്ദുള്ള മുസ്‌ലിയാരുമായി എനിക്കുള്ള ബന്ധം സുദീർഘമാണ്. 1953-54 കൊല്ലങ്ങളിൽ ഞങ്ങൾ ബാഖിയാതിലെ സഹപാഠികളായിരുന്നു. 54 ൽ ഫൈനൽ ക്ലാസിൽ നിന്നു പിരിയുമ്പോൾ ഞങ്ങൾ 11 പേരാണുണ്ടായിരുന്നത്. അന്ന് ഫൈനൽ ക്ലാസുകളിൽ വിദ്യാർത്ഥികളുടെ ബാഹുല്യം ഉണ്ടായിരുന്നില്ല. മർഹൂം കെ.കെ.ഹസ്റത്ത്, മർഹൂം എ.വി ഹസ്സൻകുട്ടി മുസ്‌ലിയാർ എന്നിവരും ബാഖിയാതിൽ ഉണ്ടായിരുന്നു.

ജമാഅത്തുകൾക്ക് വളരെ നേരത്തെ തന്നെ എത്തിച്ചേരുക, ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിനുള്ള കൃത്യനിഷ്ഠ എന്നിവയിൽ അക്കാലത്ത് തന്നെ കെ.അബ്ദുള്ള മുസ്‌ലിയാർ മാതൃകയായിരുന്നു. ബെല്ലടിച്ചു കഴിഞ്ഞാൽ അദ്ദേഹമായിരിക്കും ക്ലാസിൽ ആദ്യം ഹാജറാകുക. മിക്ക ക്ലാസുകളിലും വിശേഷിച്ചും ഹദീസ് ക്ലാസുകളിൽ പതിവായി അദ്ദേഹം നോട്ടെഴുതും. ഹദീസ് കിതാബുകളിൽ മദ്ഹബുകൾ തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ ഉസ്താദുമാർ വിരിക്കുമ്പോൾ ഓരോ അഭിപ്രായവും അതിന്റെ ലക്ഷ്യ സഹിതം രേഖപ്പെടുത്തും. പരീക്ഷ അടുക്കുമ്പോൾ പലർക്കും ആശ്രയം ഈ നോട്ടുകളായിരുന്നു. സംശയ നിവാരണത്തിനായി സഹപാഠികളിൽ പലരും അദ്ദേഹത്തെയാണ് സമീപിച്ചിരു

ന്നത്. മുത്വവ്വൽ വിദ്യാർത്ഥികൾ ഒഴിഞ്ഞുപോയ കിതാബുകൾ ഓതിയെടുക്കാനും അദ്ദേഹത്തെ ആശ്രയിച്ചിരുന്നു. റൂമിൽ ദർസ് ഒഴിവായ സമയമുണ്ടായിരുന്നില്ല. അക്കാലത്ത് തന്നെ വിദ്യാർത്ഥികൾക്കൊക്കെ മാതൃകായോഗ്യനായിരുന്നു. അദ്ദേഹത്തെ ഞങ്ങൾ തമാശയിൽ 'പെരിയഭായി' എന്ന് വിളിക്കാറുണ്ടായിരുന്നു.

ഉസ്താദുമാരുടെ സന്തോഷവും പൊരുത്തവും നേടിയെടുക്കുന്നതിൽ അദ്ദേഹം അതീവ ശ്രദ്ധാലുവായിരുന്നു. അവരോടുള്ള ആദരവ്, പെരുമാറ്റ മഹിമ എന്നിവ കൊണ്ടദ്ദേഹം ഗുരുനാഥന്മാർക്കൊക്കെ പ്രിയങ്കരനായിത്തീർന്നു. നാട്ടിലെ ഉസ്താദുമാരെപ്പറ്റിയും അദ്ദേഹത്തിനു വലിയ മതിപ്പും ബഹുമാനവുമായിരുന്നു. അവരെപ്പറ്റി എത്ര പറഞ്ഞാലും അദ്ദേഹത്തിനു മതിവരാറില്ല. പണ്ഡിത ശ്രേഷ്ഠരായിരുന്ന മൗലാനാ കാടേരി മുഹമ്മദ് മുസ്‌ലിയാർ, കാട്ടിപ്പരുത്തി മുദരിസായിരുന്ന മലപ്പുറം മുഹമ്മദ് മുസ്‌ലിയാർ എന്നിവർ അദ്ദേഹത്തിന്റെ പൂർവ്വകാല ഉസ്താദുമാരായിരുന്നു. ഇക്കാലത്തെ നമ്മുടെ വിദ്യാർത്ഥി തലമുറ അബ്ദുല്ല മുസ്‌ലിയാരെപ്പോലുള്ള പണ്ഡിതവര്യരിൽ നിന്ന് ഉൾക്കൊള്ളേണ്ട ഉത്കൃഷ്ട സ്വഭാവമാണ് ഉസ്താദുമാരോടുള്ള സ്നേഹാദരവുകളും വിനയാന്വിത പെരുമാറ്റവും.

1950ൽ ഞങ്ങൾ വാഴക്കാട്ട് ദാറുൽ ഉലൂമിൽ വിദ്യാർത്ഥികളായി ചേരാൻ ചെന്ന കൂട്ടത്തിൽ പണ്ഡിതവര്യനായിരുന്ന മർഹൂം കെ.കെ അബൂബക്കർ ഹസ്റത്തും ഉണ്ട്. സമസ്തയുടെ ജനറൽ സെക്രട്ടറിയും പ്രശസ്ത പണ്ഡിത ശ്രേഷ്ഠനുമായിരുന്ന ശൈഖുന പറവണ്ണ മുഹ്‌യിദ്ദീൻ കുട്ടി മുസ്‌ലിയാരാണ് പ്രവേശന പരീക്ഷ നടത്തി വിദ്യാർത്ഥികളെ ചേർക്കുന്നത്. ഞങ്ങൾ, ചേരാൻ ചെന്ന വിദ്യാർത്ഥികൾ കൂട്ടം കൂടി നിൽക്കുകയാണ്. ഓരോ വിദ്യാർത്ഥിയുടെ പേരും മറ്റുമുള്ള ഫോറം നോക്കി വിദ്യാർത്ഥിയെ വിളിച്ചു പഠിച്ച ചില കിതാബുകൾ അവിടെ വെച്ചുതന്നെ പരിശോധിക്കുകയാണ്. കൂട്ടത്തിൽ ബാഖിയാത്തിൽ ആറാം ക്ലാസിൽ പഠിച്ച ആക്കോട്ടുകാരൻ ഒരു വിദ്യാർത്ഥിയുമുണ്ട്. അദ്ദേഹത്തിനു

മുഖ്തസ്വർ ക്ലാസിലെ ചില കിതാബുകളാണ് ഓതേണ്ടത്. ദേഹസുഖമില്ലാത്തത് കൊണ്ട് വീണ്ടും ബാഖിയാത്തിലേക്ക് പോയിട്ടില്ല. ഇതെല്ലാം ഫോറത്തിലുണ്ട്. ഈ വിദ്യാർത്ഥി യുടെ പേര് വിളിച്ച ഉടനെ അദ്ദേഹം ഹാജറായി. ഉടനെ ഉസ്താദിന്റെ പ്രതികരണം, 'നീ ഇഷ്ടമുള്ള കിതാബുകളിൽ ചേർന്നോ? നിന്നെ ഞാൻ പരിശോധിക്കുന്നില്ല. ബാഖിയാ ത്തിലെ എന്റെ ഉസ്താദുമാർ പരിശോധിച്ചവനാണു നീ. അപ്പോൾ ഞാൻ നിന്നെ പരിശോധിക്കുന്നത് സൂഉൽ അദബായിട്ടാണ് തോന്നുന്നത്'. 50 കൊല്ലം മുമ്പ് നടന്ന ഒരു സംഭവമാണങ്കിലും ഇന്നത്തെ വിദ്യാർത്ഥികളുടെ അദബിനെ ക്കുറിച്ചാലോചിക്കുമ്പോൾ രോമാഞ്ചത്തോടു കൂടിയല്ലാതെ എനിക്ക് ആ സംഭവം ഓർമിക്കാൻ കഴിയുന്നില്ല.

ഫൈനൽ പരീക്ഷ കഴിഞ്ഞു ബിരുദദാന ജൽസ നടക്കുകയാണ്. 1954 ലെ ശഅ്ബാൻ 15 നാണെന്നാണ് എന്റെ ഓർമ. ശൈഖുന ശൈഖ് ആദം ഹസറത്ത് വിജയികൾ ക്കെല്ലാം സനദ് കൊടുത്തു. ബിരുദദാന പ്രസംഗം സമാപിച്ച ഉടനെ ഒരു പേന ഉയർത്തിക്കാണിച്ച് വന്ദ്യ ഗുരു ഇപ്രകാരം പറഞ്ഞു. 'എല്ലാവരെക്കാൾ കൂടുതൽ മാർക്ക് വാങ്ങിയ അബ് ദുല്ല മുസ്‌ലിയാർക്ക് ഞാൻ ഈ പേന സമ്മാനിക്കുന്നു'.

ജൽസ കഴിഞ്ഞു നാട്ടിലേക്കു മടങ്ങാൻ നേരത്തു ഞങ്ങൾ രണ്ടുപേരും കൂടി തമിഴ്നാട്ടുകാരനായ ശൈഖുന അബൂബക്കർ ഹസ്റത്തിനോടു യാത്ര പറയാൻ ചെന്നു. പിരി യാൻ നേരത്തു വികാരഭരിതനായി ശൈഖുന പറഞ്ഞു: 'ഇന്നീ ലഉഹിബ്ബുകുമാ'. മാതൃകായോഗ്യരായ പണ്ഡിതന്മാരു ടെ ഉൽകൃഷ്ട സ്വഭാവവും ജീവിത ശൈലിയും മനസ്സിലാക്കി അവയിൽ നിന്ന് ഉന്നതവും ഉദാത്തവുമായ മുല്യങ്ങൾ ഉൾകൊണ്ട് അവയെ സ്വജീവിതത്തിൽ പകർത്തുകയാണ് അവരുടെ സ്മരണ നിലനിർത്തുവാനുള്ള ഉചിതവും പ്രയോ ഗികവുമായ മാർഗ്ഗം.

സ്നേഹ സതീർത്ഥ്യൻ

എം അബൂബക്കർ മുസ്‌ലിയാർ വിളത്തൂർ

രണ്ടത്താണി മൊയ്തീൻകുട്ടി മുസ്‌ലിയാരുടെ ദർസിൽ കാട്ടുപരുത്തി പള്ളിയിൽ ഓതി പഠിക്കുമ്പോൾ ആറ് വർഷത്തോളം ഞാൻ അബ്ദുല്ല മുസ്‌ലിയാരുടെ സഹപാഠിയായിരുന്നു. അദ്ദേഹം 'അൽഫിയ്യ' ഓതുമ്പോൾ 'അൽഫിയ്യ' മുഴുവനും ഞാൻ അദ്ദേഹത്തിന് വായിച്ചോതിക്കൊടുത്തിട്ടുണ്ട്. അന്ന് ഞാൻ 'ഫത്ഹുൽ മുഈനാണ്' ഓതുന്നത്. ആ കാലത്ത് ഒരു സമയത്ത് ഒരു കിതാബ് മാത്രമേ ഓതുകയുള്ളൂ. മൊയ്തീൻകുട്ടി മുസ്‌ലിയാരുടെ മകനും ദർസ് വിദ്യാർത്ഥിയുമായ മുഹമ്മദ് മുസ്‌ലിയാരായിരുന്നു എന്റെയും അദ്ദേഹത്തിന്റെയും ഉസ്താദ്. (അൽഫിയ്യ, ഫത്ഹുൽ മുഈൻ തുടങ്ങിയ കിതാബുകളിൽ).

ഉത്തമ സ്വഭാവത്തിന്റെ ഉടമയായിരുന്നു അബ്ദുല്ല മുസ്‌ലിയാർ. പുഞ്ചിരിയോടു കൂടി മാത്രമേ സംസാരിക്കൂ. സഹപാഠികളോടെല്ലാം നല്ല രീതിയിലായിരുന്നു സഹവസിച്ചത്. നല്ല ബുദ്ധിയും മുഴു സമയ പഠനവും അച്ചടക്കവും അനുസരണയും അദ്ദേഹത്തിന്റെ മുഖമുദ്രയായിരുന്നു. അബ്ദുല്ല മുസ്‌ലിയാരുമായി സ്നേഹം പങ്കിടാൻ എന്നെ പ്രേരിപ്പിച്ചതും ഈ ഘടങ്ങളായിരുന്നു. പാഠ്യേതര വിഷയങ്ങളിൽ ശ്രദ്ധിക്കാതെ സദാ സമയവും കിതാബുമായി ബന്ധപ്പെടുകയും ഓതുന്ന കിതാബ് അപ്പോൾ തന്നെ ശറഹ് എഴുതി നന്നാക്കുകയും ചെയ്യുന്ന ശൈലിയായിരുന്നു എനിക്കും

അദ്ദേഹത്തിനുമുണ്ടായിരുന്നത്. ഇതിൽ നിന്നെല്ലാം 'ഞങ്ങൾ രണ്ടുപേരും ഓതിപ്പഠിക്കാൻ തയ്യാറായവരാണെന്ന്' മനസ്സിലാക്കിയതു കൊണ്ട് നാട്ടുകാർക്കും ഉസ്താദിനും ഞങ്ങളോട് പ്രത്യേകം സ്നേഹമുണ്ടായിരുന്നു.

സാമ്പത്തിക പരാധീനത മൂലം വളരെ പ്രയാസപ്പെട്ടായിരുന്നു അദ്ദേഹം ഓതിപഠിച്ചിരുന്നത്. ആഢംബര രഹിതമായിരുന്നു ജീവിതം. 'എഴുപത്തഞ്ച്' പൈസക്ക് നാല് മുഴം നീളമുള്ള അൽപം മുന്തിയ തുണി ലഭിക്കുമെങ്കിലും നാല് മുഴത്തിന് അമ്പത് പൈസ വിലയുള്ള താഴ്ന്ന കോറ തുണിയായിരുന്നു അന്ന് ഞങ്ങൾ ധരിച്ചിരുന്നത്. ജീവിതത്തിലുടനീളം ലാളിത്യം പുലർത്തിയ ഒരു മഹാനായിരുന്നു മർഹൂം കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ.

ഓർമയിൽ നിറയുന്ന രൂപം

ഒ.കെ ബാപ്പു മുസ്‌ലിയാർ

വിശ്രുത പണ്ഡിതനും സൂഫിവര്യനുമായിരുന്ന മർഹും കുറ്റിപ്പുറം അബുൽഹസൻ അബ്ദുല്ല മുസ്‌ലിയാരുടെ വേർപാട് മുസ്‌ലിം കേരളത്തിനു തീരാ നഷ്ടമാണ്. ഒന്നിലധികം മാറാരോഗങ്ങൾ ആ വന്ദ്യവയോധികനെ പിടികൂടിയിരുന്നെങ്കിലും അന്ത്യം ഇത്ര പെട്ടെന്നാകുമെന്ന് പ്രതീക്ഷിച്ചിരുന്നില്ല.

2001 മാർച്ച് 30-ാം തിയ്യതി വെള്ളിയാഴ്ച രാവിലെ തിരൂരങ്ങാടി ബാപ്പുമുസ്‌ലിയാരുടെ ഫോൺ സന്ദേശം മുഖേനയാണ് മഹാനവർകളുടെ മരണവാർത്ത അറിയാൻ കഴിഞ്ഞത്. വഫാത്തിന്റെ രണ്ടുദിവസം മുമ്പ് വളാഞ്ചേരി നിസാർ ഹോസ്പിറ്റലിൽ സന്ദർശിച്ചപ്പോൾ അദ്ദേഹം വളരെ ക്ഷീണിതനായിരുന്നു. സംസാരിച്ചിരുന്നില്ല.

1965ൽ പനയത്തിൽ ജുമാ മസ്ജിദിൽ മഹാനവർകൾ ദർസ് ആരംഭിച്ച അവസരത്തിൽ അവിടെ ഒരു വിദ്യാർത്ഥിയായി ചേരാൻ ഈയുള്ളവനും ഭാഗ്യം സിദ്ധിച്ചു. അതിന്റെ മുമ്പ് ഉസ്താദുമായി നേരിട്ട് ബന്ധമില്ലെങ്കിലും എന്റെ പിതാവിനെയും മറ്റു കുടുംബാംഗങ്ങളെയും അദ്ദേഹം നന്നായി അറിയുമായിരുന്നു. എന്റെ പിതാവ് പനയത്തിൽ പള്ളിയിൽ തന്നെ പ്രമുഖ പണ്ഡിതനായ മർഹൂം കോമു മുസ്‌ലിയാരുടെ ദർസിൽ ദീർഘകാലം ഓതിപ്പഠിച്ചിരുന്നു. ഒരു വർഷക്കാലം മാത്രമേ അവിടെ ഓതിപ്പഠിക്കാൻ എനിക്ക്

അവസരം ലഭിച്ചിട്ടുള്ളുവെങ്കിലും മഹാനവർകളുമായി ശക്തമായ ബന്ധം അവസാനം വരെ കാത്തു സൂക്ഷിക്കാൻ കഴിഞ്ഞതിൽ ഞാൻ കൃതാർത്ഥനാണ്.

പ്രമുഖ പണ്ഡിതനായ കാടേരി മുഹമ്മദ് അബുൽ കമാൽ മുസ്‌ലിയാർ പനയത്തിൽ ജുമാ മസ്ജിദിൽ ദർസ് നടത്തുന്ന അവസരത്തിൽ കുറ്റിപ്പുറം ഉസ്താദ് ദർസിലെ മുതിർന്ന വിദ്യാർത്ഥിയായിരുന്നു. ഉയർന്ന കിതാബുകൾ ഓതിത്തീർത്തശേഷം അവിടെ നിന്നാണ് ഉസ്താദ് ബാഖിയാത്തിലേക്ക് പോയത്. ബാഖിയാത്തിൽ നിന്ന് ബിരുദം നേടിയതിനു ശേഷം ഉസ്താദിന്റെ ഗുരുവര്യനായ ശൈഖ് ഹസൻ ഹസ്റത്തിന്റെ നാടായ പാപ്പിനിശ്ശേരി, തൃക്കരിപ്പൂർ, മംഗലാപുരം, രാമന്തളി തുടങ്ങിയ സ്ഥലങ്ങളിൽ ദീർഘകാലം മുദരിസായി സേവനമനുഷ്ഠിച്ചതിന്റെ ശേഷമാണ് ഒരു നിയോഗമെന്നപോലെ താൻ ഓതിപ്പഠിച്ചിരുന്ന അതേ പനയത്തിൽ ജുമാ മസ്ജിദിലേക്ക് മുദരിസായി വരുന്നത്. നീണ്ട ഇരുപത് വർഷത്തോളം പനയത്തിൽ പള്ളിയിൽ ദർസ് നടത്തിയതിനു ശേഷം മലബാറിലെ മക്കയായ പൊന്നാനി വലിയ ജുമുഅത്ത് പള്ളിയിൽ മുദരിസായി സേവനമനുഷ്ഠിക്കാനും ഉസ്താദിന് ഭാഗ്യം സിദ്ധിച്ചു. ദീർഘ കാലത്തെ അധ്യാപക ജീവിതത്തിൽ തന്റെ ജാമാതാക്കളായ ചേകനൂർ മുഹമ്മദ് മുസ്‌ലിയാർ, വെളിമുക്ക് അബ്ദുസ്വമദ് മുസ്‌ലിയാർ അടക്കമുള്ള അനേകം ശിഷ്യ ഗണങ്ങളെ വാർത്തെടുക്കാനും ഉസ്താദിന് സാധിച്ചു.

ആദർശത്തിന്റെ മുന്നിൽ ഉസ്താദ് ആരെയും വകവെക്കുമായിരുന്നില്ല. അതുകൊണ്ടാണ് തൃക്കരിപ്പൂരിൽ ദർസ് നടത്തുന്ന അവസരത്തിൽ അവിടുത്തെ നാട്ടുപ്രമാണിയും മുതവല്ലിയുമായിരുന്ന 'പട്ടേലി'നോട് എന്തോ അഭിപ്രായ ഭിന്നത ഉണ്ടായപ്പോൾ തന്റെ ശിഷ്യരുമൊത്ത് അവിടെ നിന്നും ഇറങ്ങിപ്പോന്നത്.

അയൽവാസികളായ അമുസ്‌ലിംകളടക്കം ജാതി മത ഭേദമന്യേ എല്ലാവരും ഉസ്താദിനെ ബഹുമാനിച്ചിരുന്നു. അയൽപ്പക്കത്തുള്ള അമുസ്‌ലിം സഹോദരന്മാർ ഉസ്താദിനെ

ആദരിക്കുകയും പല ആവശ്യങ്ങൾക്കും ഉസ്താദിന്റെ അടുക്കൽ വരലും പതിവായിരുന്നു. കുറ്റിപ്പുറം ടൗണിൽ നിന്നും ഉസ്താദിന്റെ വീട്ടിലേക്ക് ഓട്ടോ വിളിച്ചാൽ ഡ്രൈവർമാർ പറയും:

'കൊണ്ടുവിടാം. റിട്ടേൺ സാധ്യമല്ല'

കാരണം ഉസ്താദ് സംസാരിക്കുന്ന അവസരത്തിൽ ധൃതി പിടിച്ച് പോരൽ അദബുകേടാണ് എന്ന് അവർക്കറിയാം. അനാരോഗ്യം കാരണം വർഷങ്ങളോളം വീട്ടിൽ വിശ്രമിക്കുകയായിരുന്നുവെങ്കിലും കിതാബുകൾ 'മുത്വാലഅ' ചെയ്യുന്നതിലും 'ദഅ്വ'ത്തിലുമായി മരണം വരെ ആ പണ്ഡിതവര്യർ കർമ്മനിരതനായിരുന്നു. അള്ളാഹു അവർക്ക് സ്വർഗം പ്രദാനം ചെയ്യട്ടെ-ആമീൻ.

പകർന്നു തന്ന പാഠങ്ങൾ

കെ.പി. അലിമുസ്‌ലിയാർ വളപുരം

പണ്ഡിതന്മാരുടെ മരണം മറ്റുള്ളവരുടെ മരണം പോലെയല്ല. പണ്ഡിതന്റെ മരണം ലോകത്തിന്റെ മരണമാകുന്നു. നബി (സ) പറയുന്നു: 'പണ്ഡിതന്മാർ പ്രവാചകന്മാരുടെ അനന്തരാവകാശികളാണ്'. സമുദായത്തിൽ പണ്ഡിതനു മറ്റുള്ളവർക്കില്ലാത്ത സ്ഥാനവും ഉത്തരവാദിത്വവും ഉണ്ടെന്ന് ഈ നബി വചനം സൂചിപ്പിക്കുന്നു. എത്രയോ മഹാ പണ്ഡിതന്മാർക്ക് ജന്മം നൽകിയ നാടാണ് കേരളം. പ്രവാചകന്റെ കാലത്തു തന്നെ ഇസ്‌ലാമിന്റെ സന്ദേശം കേരളത്തിൽ എത്തിയിട്ടുണ്ട്. അന്ന് മുതൽ തന്നെ പണ്ഡിത മഹത്തുക്കളെ കൊണ്ട് അല്ലാഹു നമ്മെ അനുഗ്രഹിച്ചിട്ടുമുണ്ട്. അവരിൽപ്പെട്ടവരാണ് ബഹുമാനപ്പെട്ട സൈനുദ്ധീൻ മഖ്ദൂം(റ). അവർ പൊന്നാനിയിൽ പ്രകാശിപ്പിച്ച വിജ്ഞാന ദീപത്തിനു ചുറ്റം ലോകത്തിന്റെ നാനാഭാഗത്തു നിന്നും അറിവിന്റെ ഉറവ തേടി അനേകമാളുകൾ എത്തിയിരുന്നു. നിരവധി ആലിമീങ്ങളെ ലോകത്തിന് അവർ സംഭാവന ചെയ്തു. നാഥന്റെ വിധി എന്നു പറയട്ടെ! ആ മഹാന്മാരിൽ പലരും നമുക്ക് നഷ്ടപ്പെട്ടു. ആ വേദന നമ്മെ അലട്ടിക്കൊണ്ടിരിക്കുന്നു.

പണ്ഡിത നേതാവും സൂഫിവര്യനുമായ അബ്ദുല്ല മുസ്‌ലിയാരുടെ(ന:മ) വിയോഗവും നമുക്ക് തീരാനഷ്ടമാണ്. വളർന്നു പന്തലിച്ച അറിവിന്റെ ഉടമയായ മഹാനവർകളോട് ഏകദേശം 25 വർഷത്തോളം നീണ്ടുനിന്നിരുന്ന ആത്മീയ

ബന്ധമുണ്ടെനിക്ക്. പാണ്ഡിത്യത്തിലും സ്വഭാവ മഹിമയിലും തസവ്വുഫിലും ശരീഅത്ത് അനുസരിച്ചുള്ള ജീവിത കർമ്മ ത്തിലും കേരളം കണ്ട പണ്ഡിത പ്രതിഭകളിൽ അഗ്രഗണ്യനാ യിരുന്നു അബ്ദുല്ല മുസ്‌ലിയാർ. ഈ സത്യം അദ്ദേഹത്തെ അടുത്ത് അറിയാവുന്നവർക്ക് മാത്രമേ ഗ്രഹിക്കാൻ സാധിക്കു കയുള്ളൂ. ഞാൻ ഒരു അറിയപ്പെടുന്ന വ്യക്തിയാകണം എന്ന് അദ്ദേഹം തീരെ ആഗ്രഹിച്ചിരുന്നില്ല. ഈ യാഥാർത്ഥ്യമാണ ല്ലോ സൂഫിസത്തിന്റെ ബാലപാഠം. തഖ്‌വ, ഇഖ്‌ലാസ്, വിനയം എന്നീ മഹത്തായ സ്വഭാവത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. മുദരിസുമാർക്കും അല്ലാത്തവർക്കും പ്രശ്നത്തിന് അത്താണിയായിരുന്നു മഹാനവർകൾ. ഫത്‌വകൾക്കായും മറ്റും ധാരാളം പേർ അദ്ദേഹത്തിന്റെ വീട്ടിലെത്തിയിരുന്നു.

ഭൗതിക ജീവിതത്തിലെ സുഖസൗകര്യങ്ങൾ അദ്ദേഹം തീരെ ആഗ്രഹിച്ചില്ല. കൊല്ലങ്ങൾക്കുമുമ്പ് അവരുടെ അളിയൻ കുഞ്ഞിപ്പ ഹാജി എന്നോട് പറഞ്ഞ ഒരു കാര്യം ഞാൻ ഓർക്കുന്നു. മുസ്‌ലിയാർ താമസിച്ചിരുന്ന വീടിനോട് ചേർന്ന സ്ഥലം വിൽക്കുന്നതറിഞ്ഞ അളിയനും മറ്റു പലരും സൗകര്യത്തിനുവേണ്ടി ആ സ്ഥലം എടുക്കാൻ നിർബന്ധിച്ചു. 'എനിക്ക് അതിന്റെ ആവശ്യമില്ല. ഉള്ളത് മതി' എന്ന് പറഞ്ഞ് ആ മഹാൻ ഒഴിഞ്ഞുമാറി.

മക്കളെ മുഴുവനും ഉയർന്ന പണ്ഡിതന്മാർ ആക്കുന്ന തിലും പെൺമക്കൾക്ക് ആലിമീങ്ങളായ വരന്മാരെ തെര ഞ്ഞെടുക്കുന്നതിലും വിജയിച്ച മഹാനവർകൾ സാധാരണ എല്ലാവർക്കും ലഭിക്കാത്ത മഹാഭാഗ്യത്തിന് അർഹരായിട്ടു ണ്ട്. സ്വന്തം നാട്ടിൽ കുറെ കൊല്ലങ്ങൾക്കു മുമ്പ് ഏൽപ്പിക്ക പ്പെട്ട ഖാളി സ്ഥാനവും മഹല്ല് പ്രസിഡണ്ട് എന്ന സ്ഥാനവും കൂടി മരണം വരെ അതിന്റെ തനതായ രൂപത്തിൽ കൈകാര്യം ചെയ്യാൻ അദ്ദേഹത്തിന് ഭാഗ്യമുണ്ടായി. ആ കാലയളവിൽ നാട്ടിൽ സങ്കീർണ്ണമായ പല പ്രശ്നങ്ങളും ഉണ്ടായിട്ടുണ്ട്. അതെല്ലാം ശരിയായ രീതിയിൽ കൈകാര്യം ചെയ്യുന്നതിലും നാടിന്റെ ഭദ്രത കാത്തുസൂക്ഷിക്കുന്നതിലും അദ്ദേഹം വിജയം വരിച്ചു. മഹാനവർകളെ സന്ദർശിക്കലും ദുആ

ചെയ്യിപ്പിക്കലും എന്റെ പതിവായിരുന്നു.

എന്റെ സ്വന്തം മഹല്ലിൽ ചില സംഭവങ്ങൾ (വളപുരം ത്വലാഖ് സംഭവം) ഉണ്ടായപ്പോൾ മഹല്ലിൽ എനിക്കുള്ള ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിവാകാനുള്ള ആഗ്രഹം എന്റെ സംസാരത്തിൽ നിഴലിച്ചു. തദവസരം മഹാനവർകൾ എന്നോട് പറഞ്ഞ കാര്യങ്ങൾ എനിക്ക് മറക്കാൻ കഴിയുന്നില്ല. ആദ്യം അദ്ദേഹത്തിന്റെ ചില അനുഭവങ്ങൾ വിശദീകരിച്ചു. ശേഷം പറഞ്ഞു: 'ദീനിയ്യായ കാര്യങ്ങൾക്ക് മഹല്ലുകാർ നമ്മെ തെരഞ്ഞെടുത്താൽ വിഷമം വരുന്ന സമയത്ത് നാം ഒഴിഞ്ഞു മാറാൻ പറ്റുകയില്ല. നിങ്ങൾ ഉത്തരവാദിത്വം നിറവേറ്റുകയാണ് ചെയ്തിട്ടുള്ളത്. അത്തരം ഘട്ടത്തിൽ പ്രയാസങ്ങൾ നേരിടും. നിങ്ങൾ ചെയ്തത് സത്യവും ധീരവുമാണ്. അവസാനം വിജയം വരിക്കും'. ഇന്നും ആ ഉപദേശങ്ങൾ മനസ്സിൽ നിറഞ്ഞുനിൽക്കുന്നു. മഹാന്റെ പാരിടം അല്ലാഹു സ്വർഗീയമാക്കട്ടെ- ആമീൻ.

സത്യത്തിന്റെ നിദർശനം

ആനക്കര കോയക്കുട്ടി മുസ്‌ലിയാർ

കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാരെ സ്മരിക്കുമ്പോൾ ഹൃദയം ദുഃഖസാന്ദ്രമാവുകയാണ്. മറ്റൊരു പണ്ഡിതനും നൽകാത്ത പ്രത്യേകമായൊരു സ്ഥാനമാണ് കുറ്റിപ്പുറത്തിന് നാം നൽകിയിരിക്കുന്നത്. കാരണം, പണ്ഡിതന്റെയും പാമരന്റെയും മനസ്സ് സ്വാധീനിച്ച് കീഴടക്കാൻ അബ്ദുല്ല മുസ്‌ലിയാരുടെ വ്യക്തിത്വത്തിന് കഴിഞ്ഞിരുന്നു. കാട്ടിപ്പരുത്തി ദർസിൽ നിന്നാണ് ഞങ്ങളുടെ ബന്ധത്തിന്റെ തുടക്കം. കൂട്ടിലങ്ങാടി കടുവപ്പുറം മുഹമ്മദ് മുസ്‌ലിയാർ കാട്ടിപ്പരുത്തിയിൽ ദർസ് നടത്തുമ്പോൾ അവിടുത്തെ സീനിയർ മുതഅല്ലിമായിരുന്നു അബ്ദുല്ല മുസ്‌ലിയാർ. ചെറിയ കിതാബുകളെല്ലാം അദ്ദേഹത്തിൽ നിന്നാണ് ഞാൻ സ്വായത്തമാക്കിയത്. രോഗവും ക്ഷീണവും കാരണം ഉസ്താദ് കാട്ടിപ്പരുത്തിയിലെ ദർസ് അവസാനിപ്പിച്ചപ്പോൾ ഞാൻ പൊന്നാനിയിലേക്കും അബ്ദുല്ല മുസ്‌ലിയാർ പരപ്പനങ്ങാടിയിലേക്കും പോയി. പരപ്പനങ്ങാടിയിൽ നിന്നാണ് അദ്ദേഹം ഉപരിപഠനാർത്ഥം വെല്ലൂർ ബാഖിയാതുസ്സ്വാലിഹാത്തിലേക്ക് പോയത്.

ഏത് വിഷയത്തിലും അദ്ദേഹവുമായി ‘മുശാവറ’ നടത്തിയ ശേഷമേ എന്റെ കാര്യങ്ങളിൽ അവസാന തീരുമാനമെടുത്തിരുന്നുള്ളൂ. ഞാൻ ബാഖിയാത്തിലേക്കു പോകാൻ ഉദ്ദേശിച്ചപ്പോഴും ‘കുറ്റിപ്പുറവു’മായി മുശാവറ നടത്തുകയും വേണ്ട ഉപദേശ നിർദേശങ്ങൾ സ്വീകരിക്കുകയും ചെയ്തി

രുന്നു. കൂടിയാലോചന അദ്ദേഹത്തിന്റെ വഫാത്ത് വരെയും ഞാൻ തുടർന്നു. എന്റെ ജ്യേഷ്ഠൻ കുഞ്ഞുമുഹമ്മദ് മുസ്‌ലിയാരുമായും നല്ല ബന്ധമായിരുന്നു അദ്ദേഹത്തിന്. തദടിസ്ഥാനത്തിൽ ജ്യേഷ്ഠപുത്രൻ ബഷീർ ഫൈസി (ആനക്കര) അബ്ദുല്ല മുസ്‌ലിയാരുടെ മകളെ തന്റെ സഹധർമ്മിണിയാക്കുക കൂടി ചെയ്തപ്പോൾ ഞങ്ങൾ തമ്മിലുള്ള സ്നേഹബന്ധത്തിന് ആക്കം കൂട്ടി. മനസ്സിലാക്കിയ സത്യം ആരുടെ മുന്നിലും തുറന്നടിക്കാൻ കെൽപ്പുള്ള ഒരു വ്യക്തിത്വത്തെയാണ് അബ്ദുല്ല മുസ്‌ലിയാരുടെ വിയോഗത്തിലൂടെ പണ്ഡിത കേരളത്തിനു നഷ്ടമായത്.

സ്നേഹ ചൈതന്യം

കൈത്തക്കര അഹമ്മദുണ്ണി മുസ്‌ലിയാർ

ചെറുപ്പം മുതൽക്കേ ഞങ്ങൾ തമ്മിൽ ബന്ധം സ്ഥാപിച്ചിട്ടുണ്ട്. വാഴക്കാട്ടും, തലക്കടത്തൂരിലുമെല്ലാം ഞാൻ ഓതിക്കൊണ്ടിരിക്കുമ്പോൾ തന്നെ അദ്ദേഹവുമായി ഇടപഴകാനും ബന്ധം സ്ഥാപിക്കാനും കഴിഞ്ഞു. കാരണം എന്റെ പിതാവ് തൊഴിയൂർ പാലേമാവ് എന്ന സ്ഥലത്ത് ദർസ് നടത്തിയിരുന്ന കാലത്ത് ഉപ്പയും അദ്ദേഹവും തമ്മിൽ അടുത്ത ബന്ധമായിരുന്നു ഉണ്ടായിരുന്നത്. ഉപ്പയുമായുള്ള ആ ബന്ധം കാരണം പല പ്രാവശ്യവും ഞങ്ങളുടെ ഭാഗങ്ങളിൽ (കല്ലൂരിലും പരിസരങ്ങളിലും) അദ്ദേഹം വഅളിന് വന്നിട്ടുണ്ട്. സാധാരണ പ്രസംഗകരിൽ നിന്ന് വിഭന്നമായി 'ആലിമായ വാഇളാ'യായിരുന്നു അബ്ദുല്ല മുസ്‌ലിയാർ. അതുകൊണ്ട് തന്നെ അദ്ദേഹത്തിന്റെ വഅള് കേൾക്കുന്നവർക്കു മുഴുവൻ പഠിക്കാനും പകർത്താനും പറ്റിയതായിരുന്നു. പല പ്രാവശ്യവും അദ്ദേഹത്തിന്റെ വഅള് ഞാൻ കേട്ടിട്ടുണ്ട്. അപ്പോഴൊക്കെയും വീണ്ടും വീണ്ടും കേൾക്കണമെന്ന ചിന്ത മനസ്സിലുദിച്ചു. മസ്അലകളും തസ്വവ്വുഫും സമന്വയിപ്പിച്ച് ഹൃദയത്തെ നിർമലമാക്കുന്ന പെരുമാറ്റമായിരുന്നു മഹാനവർകളുടേത്. ബന്ധപ്പെടുമ്പോഴും സംസാരിക്കുമ്പോഴുമെല്ലാം ആ സ്നേഹം വളരെ പ്രകടവുമായിരുന്നു. വാക്കിലെന്നല്ല പ്രവർത്തിയിലും സ്നേഹം നിഴലിച്ചിരുന്നു. ഒരിക്കൽ എന്റെ പുതിയ വീടിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് അദ്ദേഹത്തെ ഞാൻ ക്ഷണിച്ചു. പക്ഷെ, പ്രസ്തുത

ദിവസം അദ്ദേഹത്തിന് എത്തിപ്പെടാൻ സാധിച്ചില്ല. എങ്കിലും എന്റെ എളിയ ക്ഷണം സ്വീകരിച്ച് മറ്റൊരു ദിവസം അദ്ദേഹം അതിഥിയായി എത്തി. അന്നൊരു 'അറഫ' ദിനമായിരുന്നു. വീട്ടിൽ വന്ന് സലാം പറഞ്ഞു.

'ഇന്ന് അറഫാദിനമാണ്. സുന്നത്ത് നോമ്പിന് വളരെ പ്രധാന്യമുള്ള ദിനം. പക്ഷെ നിങ്ങൾക്ക് വേണ്ടി നോമ്പ് എടുക്കാതെയാണ് ഞാൻ വന്നിട്ടുള്ളത്'. ഇതായിരുന്നു ഞങ്ങൾ തമ്മിലുള്ള ബന്ധം.

സദ്ഗുണസമ്പന്നൻ

ബാപ്പു മുസ്‌ലിയാർ പാനായിക്കുളം

ഉഖ്‌റവിയായ പണ്ഡിതനുണ്ടായിരിക്കേണ്ട സർവ്വ ഗുണങ്ങളും ഒത്തിണങ്ങിയ മഹാനായിരുന്നു കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ. അഹങ്കാരം, അസൂയ തുടങ്ങിയ ദുർഗുണങ്ങൾ അദ്ദേഹത്തിന്റെ ഹൃദയത്തെ ഒരിക്കലും പിടികൂടിയിരുന്നില്ല. കുട്ടികളെന്നോ വലിയവരെന്നോ പാവപ്പെട്ടവനെന്നോ പണക്കാരനെന്നോ വ്യത്യാസമില്ലാതെ എല്ലാവരോടും നല്ല സ്നേഹത്തിലായിരുന്നു പെരുമാറ്റം. എല്ലാ നിലയിലും മാതൃകാപരമായിരുന്നു ആ ജീവിതം. ഒരാളോടും വിദ്വേഷമോ പകയോ മനസ്സിൽ വെക്കുമായിരുന്നില്ല. എന്നാൽ സത്യവിരുദ്ധമായ സമീപനങ്ങളെ ശക്തിയുക്തം എതിർത്തിരുന്നു. ഇത് അദ്ദേഹത്തിന്റെ ഏറ്റവും വലിയ സവിശേഷതയായിരുന്നു.

ചെറുപ്പം മുതലേ അദ്ദേഹവുമായി എനിക്കും അദ്ദേഹത്തിന് എന്നോടും കുടുംബത്തോടും വളരെ അടുപ്പമായിരുന്നു. ഞാൻ ഇടക്കിടെ എന്റെ ഉമ്മയുടെ അടുക്കൽ ചെല്ലുമ്പോൾ ഉമ്മ (പുതിയാപ്പിള അബ്ദുറഹ്മാൻ മുസ്‌ലിയാരുടെ ഭാര്യ) പറയുമായിരുന്നു.

‘ഈ ആഴ്ച അല്ലെങ്കിൽ കഴിഞ്ഞ ആഴ്ച കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ വന്നിരുന്നു. കുറെ സംസാരിച്ചതിനു ശേഷം ദുആ ചെയ്യാൻ വേണ്ടി പറഞ്ഞുപോയി. ഒന്നിൽ കൂടുതൽ പ്രാവശ്യം പാനായിക്കുളത്തുള്ള എന്റെ വീട്ടിലും അദ്ദേഹം വന്നിട്ടുണ്ട്. ജീവിതം മുഴുവനും ഇബാദത്തിനു വേണ്ടി

നീക്കിവെച്ച മനുഷ്യനാണ് അദ്ദേഹം. സുന്നത്തുകൾ കൊണ്ട് അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കിയ പണ്ഡിതൻ. നമ്മെ തനിച്ചാക്കി അവർ റബ്ബിന്റെ സന്നിധിയിലേക്ക് പറന്നു. നാഥൻ അവരേയും നമ്മേയും ജന്നാത്തുൽ ഫിർദൗസിൽ ഒരുമിച്ചുകൂട്ടട്ടെ -ആമീൻ.

യഥാർത്ഥ പണ്ഡിതൻ

താനാളൂർ അബ്ദു മുസ്ലിയാർ

ഇതാണ് ഉഖ്റവിയായ പണ്ഡിതൻ. വിശ്വാസവും പ്രവർത്തനവും ഒന്നിച്ച അപൂർവ്വം ചിലരിൽ ഒരാൾ! തനിക്ക് സത്യമാണെന്ന് ബോധ്യപ്പെട്ട വിശ്വാസാചാരങ്ങളിൽ അടിയുറച്ച് നിന്ന മഹാപണ്ഡിതരിൽ ഒരാളായിരുന്നു ഉസ്താദ്. ആ വിശ്വാസവും ആചാരങ്ങളും നടപ്പിൽ വരുത്തു ന്നതിന് ഉസ്താദിന് ഏത് ഉന്നതനും തടസ്സമല്ലായിരുന്നു. നല്ല വിശ്വാസമുള്ള ശരിയായൊരു സുന്നിയായിരുന്നു അവർ. സുന്നത്ത് ജമാഅത്തിന്റെ വിഷയത്തിൽ ഒരു വിട്ടുവീഴ്ചക്കും ഉസ്താദ് തയ്യാറായിരുന്നില്ല. മുബ്തദിഉകളോട് കടുത്ത വെറുപ്പ് പ്രകടിപ്പിച്ചിരുന്നു. സഹ്ലു ബ്നു അബ്ദില്ലാഹിത്തു സ്തരി വലിയ പണ്ഡിതനും വലിയ്യുമായിരുന്നു. അവർ മുബ്തദിഉകളോട് നല്ല വെറുപ്പുള്ളവരും മാത്രമല്ല, മുബ്തദി ഇന്റെ മുഖത്ത് നോക്കിയാൽ ഈമാൻ നീക്കപ്പെടുമെന്ന് പറയുന്നവരുമായിരുന്നു. ഈ വിശ്വാസമായിരുന്നു നമ്മുടെ വന്ദ്യരായ ഉസ്താദിന്.

ആരോടും കാര്യം തുറന്ന് പറയുന്നവരും യാതൊന്നും മറച്ചുവെക്കാത്തവരുമായിരുന്നു. ആരെങ്കിലും വെറുക്കുമോ എന്നു കരുതി പറയാതിരിക്കില്ല. എപ്പോൾ ചെന്നാലും വളരെ സ്നേഹത്തോടെ സംസാരിക്കുകയും നിങ്ങൾ ഇടയ്ക്കിടെ വരണമെന്ന് പറയുകയും ചെയ്യും. മഹാനവർകളുടെ വേർപാട് നമ്മെ നൊമ്പരപ്പെടുത്തുന്നു. അല്ലാഹു അവരെ അനുഗ്രഹിക്കട്ടെ-ആമീൻ.

വിസ്മയ ജീവിതം

പി.എസ്.കെ ദാരിമി

'പഠിച്ചത് മുഴുവൻ പറയുകയും പറയുന്നത് മുഴുവൻ പ്രവർത്തിക്കുകയും ചെയ്യുക' എന്നതിൽ ശൈഖുന പൂർണമായും വിജയിച്ചിരുന്നു. അവിടുത്തെ നിസ്വാർത്ഥവും നിസ്സീമവും നിസ്തുലവുമായ സഹവർത്തിത്വത്തിലൂടെ ഒരു വലിയ ജനവ്യൂഹത്തെ നേടിയെടുക്കുന്നതിൽ ശൈഖുന എല്ലാവർക്കും മാതൃകയായി. രണ്ട് പതിറ്റാണ്ടിലധികം നീണ്ടു നിന്ന ഇടപഴകലുകളിലും ഉപദേശങ്ങളിലും ഇക്കാര്യം പല പ്പോഴും എനിക്ക് ബോധ്യമായിട്ടുണ്ട്. സലഫുസ്സ്വാലിഹുക ളുടെ ഗ്രന്ഥങ്ങളിൽ ഭൗതികരോടും മുബ്തദിഉകളോടും അനുവർത്തിക്കാൻ നിർദ്ദേശിച്ച മുഴുവൻ കാര്യങ്ങളും പ്രായോഗിക ജീവിതത്തിൽ ശൈഖുന അനുവർത്തിച്ചു പോന്നു. പണവും പ്രതാപവും ഭൗതിക സ്വാധീനങ്ങളും ദീനിനും ഇൽമിന്റെ അഹ്‌ലുകാർക്കുമെതിരെ തിരിച്ചു വിടു ന്നവരോട് മുഖംനോക്കാതെ പ്രതികരിക്കുക എന്നത് ശൈഖു നയുടെ ജീവിതചിട്ടയായിരുന്നു. ദീനിന്റെയും ഇൽമിന്റെയും അന്തസ്സും തനിമയും ആരുടെ മുന്നിലും കളഞ്ഞു കുളിക്കേ ണ്ടതില്ലെന്നും ആ തനിമ നിലനിർത്തലാണ് 'ആലിമി'ന്റെ ബാധ്യതയെന്നും അതാണ് പ്രവാചകരുടെ മാതൃകയെന്നും ഉപദേശിക്കുമ്പോൾ തന്നെ സ്വന്തം ജീവിതത്തിലെ ലാളിത്യം തികച്ചും പ്രകടമായിരുന്നു.

വിനയവും ലാളിത്യവുമാണ് വിജയത്തിന്റെ പാത യെന്നും അഹങ്കാരവും ദുർവാശിയും പാതാളത്തിലേക്കുള്ള

പതനമാണെന്നും ശൈഖുന എപ്പോഴും ഓർമ്മിപ്പിച്ചിരുന്നു. ദാരിദ്ര്യത്തിന്റെയും കഷ്ടപ്പാടുകളുടെയും രോഗങ്ങളുടെയും പരീക്ഷണങ്ങളുടെയും പടവുകൾ ചവിട്ടിക്കയറി കേരളത്തിലെ പണ്ഡിത തറവാട്ടിലെ കാരണവരായി ശൈഖുന ഉയർന്നപ്പോൾ കഴിഞ്ഞ കാല ജീവിതത്തിൽ തരണം ചെയ്ത വൈതരണികൾ ഓർമ്മിപ്പിക്കുകയും അതിൽ നിന്ന് പാഠമുൾക്കൊള്ളാൻ ഉപദേശിക്കുകയും ചെയ്തിരുന്നു. 'ഇൽമി'ന്റെ ഖിദ്മത്തിലും പ്രചരണത്തിലുമായി ജീവിതം ഉഴിഞ്ഞുവെക്കാനും, അതിനുവേണ്ടി എന്ത് ത്യാഗവും സഹിക്കാനും തയ്യാറാവണമെന്ന് ഉപദേശിക്കുന്നതോടൊപ്പം തന്നെ അത്തരം ആളുകളുടെ ഇഹപര ജീവിതത്തിനായി ശൈഖുന ആത്മാർത്ഥമായി ദുആ ചെയ്യാറുമുണ്ടായിരുന്നു. തനിക്ക് പരിചയമുള്ളവരും നേരിട്ട് ബന്ധമുള്ളവരും അല്ലാത്തവരുമായ 'ഉഖ്റവിയ്യുമായ ആലിമീ'ങ്ങളെപ്പറ്റി നല്ലതു മാത്രം പറയുകയും അവരുടെ വിജയങ്ങളിൽ സന്തോഷിക്കുകയും ചെയ്യുന്നവരായിരുന്നു ശൈഖുന.

കർമ്മശാസ്ത്രപരവും അല്ലാത്തതുമായ മസ്അലകൾ ഓരോ മഹല്ലിലെയും ജനങ്ങളിൽ പ്രബോധനം ചെയ്യുന്നതിലും അതിൽ ജനങ്ങളെ കണിശമായി നിലനിർത്തുന്നതിലും ആ ചിന്താഗതിയിലേക്ക് ജനങ്ങളെ ഉയർത്തിക്കൊണ്ടുവരുന്നതിലും ഇന്നത്തെ പുതിയ പണ്ഡിത തലമുറ പിറകോട്ട് പോകുന്നുണ്ടോ എന്ന് പലപ്പോഴും ശൈഖുന സംശയം പ്രകടിപ്പിക്കാറുണ്ടായിരുന്നു. 'ഫിഖ്ഹിയ്യായ മസ്അല'കളെ അതിന്റെ ആശയ ഗാംഭീര്യതയിലേക്ക് ഇറങ്ങിച്ചെന്നു കൊണ്ടുള്ള പഠനം നടത്താതെ അതിന്റെ പുറംതോട് മാത്രം അവലംബമാക്കിയും ആവശ്യമായ ഗ്രന്ഥങ്ങൾ മുഴുവൻ റഫറൻസ് നടത്താതെ വായിൽ വന്നത് വിളിച്ച് പറയുന്നതു കൊണ്ടുമാണ് വർത്തമാനകാലത്ത് നിലനിൽക്കുന്ന തർക്കങ്ങളുടെ കാരണമെന്ന അഭിപ്രായമായിരുന്നു ശൈഖുനക്കുണ്ടായിരുന്നത്.

രണ്ടു പതിറ്റാണ്ടിലധികം നീണ്ടുനിന്ന ഇടപഴകലുകളിൽ ഇൽമിലും ഇബാദത്തിലുമല്ലാത്ത ഒരു സമയവും ശ്രദ്ധ

യിൽ പെട്ടിട്ടില്ല. എത്ര സന്ദർശകരുണ്ടായാലും 'അവ്വൽ വഖ്തിൽ' തന്നെ ജമാഅത്തായി നിസ്കരിക്കുന്നതിൽ വളരെ ശ്രദ്ധ ചെലുത്തി. 'അറിയാത്തവർ അവരെ ധനികനായി കരുതും' എന്ന ഖുർആൻ പരാമർശം അക്ഷരാർത്ഥത്തിൽ പ്രകടമായിരുന്നു. 'മാന്യമായ' ആ ജീവിതത്തിന്റെ രഹസ്യം പുറമേ വീക്ഷിക്കുന്നവർക്കറിയില്ലായിരുന്നു. അത് ഒരാൾക്കും പിടികൊടുക്കാതിരിക്കുന്നതിൽ ശൈഖുന വിജയിക്കുകയും ചെയ്തു. ജീർണ്ണിച്ച വീടിന്റെ മുൻഭാഗത്ത് മാറ്റങ്ങൾ വരുത്തിയപ്പോൾ അതിലെ സൗകര്യങ്ങളെ അദ്ദേഹം ശ്രദ്ധിച്ചിരുന്നില്ല എന്നതാണ് സത്യം. ശൈഖുനയുടെ 'ഇരിപ്പിട'ത്തിന്റെ നാലു ഭിത്തികൾക്കുള്ളിലിരുന്ന് വീട്ടുകാരെയും നാടിനെയും നാട്ടുകാരെയും ശൈഖുന നയിക്കുകയായിരുന്നു. പരിമിതമായ സൗകര്യങ്ങൾക്ക് നടുവിൽ തന്നെ ഇസ്‌ലാമിക ഹിജാബ് പാലിക്കാൻ ശൈഖുനക്കും കുടുംബത്തിനും കഴിഞ്ഞു. ആശയ ഗാംഭീര്യനായ അതുല്യനായ ആ പണ്ഡിത ഗുരു ആരവങ്ങളില്ലാതെ കടന്നുപോയി.

ഒരു സ്വകാര്യം

ബാവ ഗുരിക്കൾ
(ചങ്ങമ്പള്ളി ആയുർവേദ നഴ്സിംങ് ഹോം, വളാഞ്ചേരി)

ആയുർവ്വേദത്തിന്റെ പാരമ്പര്യവും പൈതൃകവും ഒത്തിണങ്ങിയ പ്രകൃതിരമണീയമായ കാട്ടിപ്പരുത്തി പ്രദേശം. വന്ദ്യരായ കുറ്റിപ്പുറം ഉസ്താദ് തന്റെ ദർസ് ജീവിതത്തിന്റെ മുക്കാൽ ഭാഗവും ചിലവഴിച്ചത് ഇവിടെയാണ്. 44 വർഷം ഇവിടുത്തെ മുദരിസ്സും അബ്ദുല്ല മുസ്ലിയാരുടെ ഉസ്താദുമായിരുന്ന കൂട്ടിലങ്ങാടി കടുവപ്പുറം മുഹമ്മദ് മുസ്ലിയാർ പ്രായാധിക്യം മൂലം ജോലിയിൽ തുടരാൻ പ്രയാസമാണെന്ന് ബന്ധപ്പെട്ടവരോട് പറഞ്ഞപ്പോൾ ആദ്യമൊന്നും അവർ സമ്മതിച്ചിരുന്നില്ല. എങ്കിലും നിരന്തരമായ അഭ്യർത്ഥനയും അദ്ദേഹത്തിന്റെ ശാരീരികാവസ്ഥയും പരിഗണിച്ച് ഉസ്താദ് തന്നെ ഒരാളെ നിശ്ചയിച്ചു കൊടുക്കണമെന്ന വ്യവസ്ഥയിൽ അവർ സമ്മതിച്ചു.

ഉസ്താദ് പറഞ്ഞു.

'അതിനെന്താ വിഷമം. അബ്ദുല്ലയും കുഞ്ഞി ഹൈദറുവും (കാട്ടിപ്പരുത്തി സ്വദേശി കൂടിയായ ഇദ്ദേഹം അബ്ദുല്ല മുസ്ലിയാരുടെ സഹപാഠിയുമായിരുന്നു) ഇവിടെ ഉണ്ടല്ലോ. അവരിൽ നിന്നും ആരെ വേണമെങ്കിലും നിങ്ങൾക്ക് മുദരിസ്സായി നിശ്ചയിക്കാം'.

മുൻകാല പരിചയവും സ്വഭാവവുമെല്ലാം മനസ്സിലാക്കിയ

ഞങ്ങൾ നാട്ടുകാർ അബ്ദുല്ല മുസ്‌ലിയാരെയാണ് മുദരിസ്സായി മനസ്സിൽ താലോലിച്ചിരുന്നത്. പക്ഷെ എല്ലാവരെയും നിരാശരാക്കിക്കൊണ്ട് കുഞ്ഞി ഹൈദറു മുസ്‌ലിയാരെ മുദരിസ്സാക്കിക്കൊണ്ടുള്ള പ്രഖ്യാപനമാണ് ഉസ്താദ് നടത്തിയത്. അതിന്റെ പിന്നിൽ ഒരു സ്വകാര്യം പറച്ചിലിന്റെ കഥയുണ്ടായിരുന്നു.

വളരെ വിഷമം പിടിച്ച് ഓതി പഠിച്ച അബ്ദുല്ല മുസ്‌ലിയാർക്ക് ഒരു വലിയ ആഗ്രഹമായിരുന്നു ഒരു കോളേജിൽ പോയി ബിരുദധാരിയാകുകയെന്നത്. പക്ഷെ, ഉസ്താദിന്റെ ഈ തീരുമാനം തന്റെ ആഗ്രഹത്തിന് വിഘ്നമാകുമോ എന്ന് ഭയന്ന അദ്ദേഹം തന്റെ ചെലവ് വീട്ടുകാരനായ കുഞ്ഞീൻ കാക്കയോട് ഒരു സ്വകാര്യം പറഞ്ഞു. അഥവാ തനിക്ക് കോളേജിൽ പോകാൻ ആഗ്രഹമുണ്ടെന്നും അതിനാൽ തന്നെ ഇതിൽ നിന്ന് ഒഴിവാക്കണമെന്നുമായിരുന്നു ആ രഹസ്യം. അദ്ദേഹം ഈ വിവരം ഉസ്താദിനെ അറിയിച്ചു. അതേ തുടർന്നാണ് കുഞ്ഞി ഹൈദറു മുസ്‌ലിയാരെ മുദരിസായി പ്രഖ്യാപിച്ചത്. ആ സ്വകാര്യം പറച്ചിൽ ഇന്നും എന്റെ മനസ്സിൽ തളം കെട്ടിനിൽക്കുന്നു.

മുദരിസായ മുതഅല്ലിം

പാലക്കൽ മുഹമ്മദ് മൊല്ല കാട്ടിപ്പരുത്തി

44 വർഷം കാട്ടിപ്പരുത്തിയിൽ മുദരിസായിരുന്ന രണ്ടത്താണി കിഴക്കേപ്പുറം മൊയ്തീൻ കുട്ടി മുസ്‌ലിയാരുടെ അടുത്തേക്കാണ് അബ്ദുല്ല മുസ്‌ലിയാർ ഓതാൻ വന്നത്. 13 വർഷം അതേ ഉസ്താദിന്റെ അടുക്കൽ ഓതിപഠിച്ചു. ഒരു വർഷം പാങ്ങിൽ അബ്ദുല്ല മുസ്‌ലിയാരുടെ അടുക്കലും. കൂട്ടിലങ്ങാടി കടുവപ്പുറം മുഹമ്മദ് മുസ്‌ലിയാരുടെ അടുക്കൽ രണ്ട് വർഷവും കാട്ടിപരുത്തിപള്ളിയിൽ വെച്ച് തന്നെ അദ്ദേഹം ഓതിപ്പഠിച്ചിട്ടുണ്ട്. 20 വർഷത്തോളം ഓതിപ്പഠിക്കാൻ വേണ്ടി മാത്രം സമയം ചെലവഴിക്കുകയായിരുന്നു അദ്ദേഹം. ഇവിടുത്തെ പഠനത്തിനുശേഷം പരപ്പനങ്ങാടി പനയത്തിൽ പള്ളിയിൽ പോയി അവിടെ ഒരു വർഷം ഓതിപ്പഠിക്കുകയും ഉസ്താദ് കാടേരി മുഹമ്മദ് മുസ്‌ലിയാരുടെ അടുക്കൽ നിന്ന് ഉപരിപഠനാർത്ഥം ബാഖിയാത്തിലേക്ക് പോവുകയും ചെയ്തു. കാട്ടിപരുത്തി സ്വദേശി കുഞ്ഞി ഹൈദറു മുസ്‌ലിയാർ, പേർഷ്യനൂർ ബാപ്പു മുസ്‌ലിയാർ, കൈപ്പുറം കുഞ്ഞാപ്പു മുസ്‌ലിയാർ, വെങ്ങാട് അലവി മുസ്‌ലിയാർ എന്നിവരായിരുന്നു കാട്ടിപ്പരുത്തിയിലെ അബ്ദുല്ല മുസ്‌ലിയാരുടെ സഹപാഠികൾ.

മേലേപാട്ട് ബാപ്പുട്ടി ഹാജി, കൂനക്കുന്നത്ത് കുഞ്ഞീൻ കാക്ക, പടലത്ത് അവറാൻ കുട്ടി ഹാജി എന്നിവരുടെ വീട്ടിലായിരുന്നു അബ്ദുല്ല മുസ്‌ലിയാർക്ക് ഭക്ഷണം. രാവിലെയും

ഉച്ചക്കുമെല്ലാം കഞ്ഞി തന്നെയായിരുന്നു അന്നത്തെ ഭക്ഷണ രീതി. കൂടെ ചക്കയോ പൂളയോ മറ്റോ ഉണ്ടെങ്കിൽ അന്നൊരു പെരുന്നാൾ തന്നെയായിരുന്നു. വളരെ ത്യാഗം സഹിച്ചായിരുന്നു അക്കാലത്ത് അവർ ഓതിപ്പഠിച്ചിരുന്നത്. കിലോമീറ്ററുകൾ സഞ്ചരിച്ച് പാണ്ടികശാലയിൽ പോയി വേണം അബ്ദുല്ല മുസ്‌ലിയാർക്ക് രാത്രി ഭക്ഷണം കഴിക്കാൻ. ഒരു ചെറിയ റാന്തൽ വിളക്കാണ് ഭക്ഷണത്തിന് പോകുമ്പോൾ രാത്രി കൂട്ടിനുണ്ടാവുക. പുഞ്ചപാടങ്ങളിലെ ഇടുങ്ങിയ വയൽ വരമ്പിലൂടെ രാത്രിയിൽ നടന്ന് പോകുമ്പോൾ 'നീർക്കോലി' കാലിൽ ചുറ്റിയ സംഭവം അദ്ദേഹം പലപ്പോഴും എന്നോട് പറഞ്ഞിട്ടുണ്ട്.

അദ്ദേഹത്തിന് ഒരിക്കൽ ഒരു വലിയ രോഗം പിടിപെട്ടു. അക്കാലത്തെ ചികിത്സാരീതിയനുസരിച്ച് 'പാത്തി ചികിത്സ'യായിരുന്നു ഇതിന്റെ പ്രതിവിധി. ഒരുപാട് പണച്ചെലവുള്ളതും കിടത്തി ചികിത്സിക്കേണ്ടതുമായിരുന്നു പാത്തി ചികിത്സ. ആലിക്കുട്ടി ഗുരിക്കളാണ് അന്ന് ആ ചികിത്സ ഒരു പൈസ പോലും ആവശ്യപ്പെടാതെ നടത്തിക്കൊടുത്തത്. ഉസ്താദിനോടുള്ള ഒരു ബന്ധം കൊണ്ട് മാത്രമാണ് അദ്ദേഹം അത് ചെയ്തത്. ചെലവ് വീട്ടുകാരനായ കുഞ്ഞീൻ കാക്കയുടെ (അളിയന്റെ ഉപ്പ) വീട്ടിൽ കിടത്തിയായിരുന്നു ചികിത്സ. വെല്ലൂരിൽ പോയി വന്നതിനു ശേഷമാണ് അബ്ദുല്ല മുസ്‌ലിയാരെ ഒരു ആരോഗ്യവാനായി ഞാൻ കണ്ടിട്ടുള്ളത്. അദ്ദേഹത്തിന്റെ നികാഹിലും ഞാൻ സംബന്ധിച്ചിട്ടുണ്ട്. ബാഖിയാതിലെ ഉസ്താദായ ശൈഖ് ഹസൻ ഹസ്റത്താണ് നികാഹിന് നേതൃത്വം നൽകിയത്.

അദ്ദേഹം ഞങ്ങളുടെ നാട്ടിൽ മുതഅല്ലിമായിരുന്നെങ്കിലും ഒരു മുദരിസിന്റെ സ്ഥാനമായിരുന്നു ലഭിച്ചിരുന്നത്. ഒരുപാട് ശിഷ്യന്മാരെ ഇവിടെ വെച്ച് സമ്പാദിച്ചിട്ടുണ്ട്. അബ്ദുല്ല മുസ്‌ലിയാരിൽ നിന്ന് ഒരു ചെറിയ കിതാബെങ്കിലും ഓതാത്തവരായി അന്ന് കാട്ടിപ്പരുത്തിയിൽ ആരുമുണ്ടായിരുന്നില്ല. അഞ്ച് വഖ്ത്തിലും ഉസ്താദ് ഇമാമായി നിർത്തിയിരുന്നത് അദ്ദേഹത്തെയായിരുന്നു. കാരണം അത്രയ്ക്ക്

സൂക്ഷമതയിലായിരുന്നു വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ അബ്ദുല്ല മുസ്ലിയാരുടെ ജീവിതം. ഞങ്ങളുടെ നാട്ടിൽ അദ്ദേഹം ഇടക്കിടെ മതപ്രസംഗം നടത്തുമായിരുന്നു. അബ്ദുല്ല മുസ്ലിയാരുടെ വഅള് ആണെന്നറിഞ്ഞാൽ ധാരാളമാളുകൾ പങ്കെടുക്കും. കേൾക്കാൻ സുന്ദരവും പഠിക്കാനും പകർത്താനും പറ്റിയതുമായിരുന്നു അദ്ദേഹത്തിന്റെ വഅളുകൾ. ഇന്ന് എല്ലാം ഒരു പിടി ഓർമകൾ മാത്രം.

പ്രയാസമില്ലാത്ത ജീവിതം

പൂക്കാട്ടീരി ഹസൻ മുസ്‌ലിയാർ കോട്ടൂർ

1960 ലാണ് ഞങ്ങളുടെ ബന്ധത്തിന്റെ തുടക്കം. കരിങ്കപ്പാറ ഉസ്താദിന്റെ അടുക്കൽ ഞാൻ ഓമച്ചപ്പുഴയിൽ ഓതിപ്പഠിക്കുന്ന കാലം. അന്ന് അബ്ദുല്ല മുസ്‌ലിയാരുടെ ശിഷ്യനായിരുന്ന ഓമച്ചപ്പുഴ ഹൈദ്രോസ് ഹാജി തന്റെ ഉസ്താദായ അബ്ദുല്ല മുസ്‌ലിയാരെ ഓമച്ചപ്പുഴയിൽ വഅളിന് കൊണ്ടുവന്നു. അന്നു മുതൽ തുടങ്ങിയതാണ് ഞങ്ങളുടെ സ്നേഹ ബന്ധം. ശേഷം 1962ൽ ഞങ്ങൾ പരിശുദ്ധ ഹജ്ജിന് പോയപ്പോൾ അവിടെ വെച്ചും ഞങ്ങളുടെ ബന്ധം അരക്കിട്ടുറപ്പിച്ചു. ഞാൻ റമളാനിന്റെ മുമ്പും അബ്ദുല്ല മുസ്‌ലിയാർ റമളാനിന്റെ ശേഷവുമാണ് ഹജ്ജിനു പുറപ്പെട്ടത്. പക്ഷെ, മിനായിൽ വെച്ച് ഞങ്ങൾ പരസ്പരം സന്ധിച്ചു. 'കുറ്റിപ്പുറം' മിനായിൽ ഒരു തമ്പിലും ഞാൻ ബിൽഡിംഗിലുമായിരുന്നു താമസം. അതിനാൽ അബ്ദുല്ല മുസ്‌ലിയാർ ജമാഅത്തിനു വേണ്ടി നിസ്കാരവേളയിൽ ഞങ്ങളുടെ ബിൽഡിംഗിൽ വരും. 70-77 കളിൽ ഞാൻ പുത്തൻപള്ളിയിൽ ജോലി ചെയ്യുന്ന സമയത്ത് അവിടെ സിയാറത്തിന് വരുമ്പോൾ ഞങ്ങളുടെ ബന്ധം പുതുക്കുമായിരുന്നു. 1988 ൽ അബ്ദുല്ല മുസ്‌ലിയാരുടെ മകൻ റഷീദ് ബാഖവിയുമായി തന്റെ മകളുടെ വിവാഹം നടന്നതോടെ ആ രൂപത്തിലും ഞങ്ങളുടെ ബന്ധം സുദൃഢമായി.

ദീനീ വിഷയത്തിൽ കർശന നിലപാട് സ്വീകരിച്ചി

രുന്ന മഹാനവർകൾ ഒരിക്കൽ തന്നോട് പറഞ്ഞു. 'എല്ലാ വരും പറയുന്നു ഇത്രയും കർശന നിലപാട് സ്വീകരിക്കുന്നത് ജീവിതത്തിൽ വളരെ പ്രയാസമാണ്. പക്ഷെ ഒരു പ്രയാസ വുമില്ല. പ്രയാസമുള്ളതായി നമ്മുടെ ദീനിൽ ഒരു കാര്യവു മില്ല. ശീലിക്കണമെന്ന് മാത്രം'. തസവ്വുഫിലൂടെയുള്ള ജീവിതമായിരുന്നു അബ്ദുല്ല മുസ്‌ലിയാർ നയിച്ചിരുന്നത്. അദ്ദേഹം അൽപകാലം'അഖില' യിൽ പ്രവർത്തിച്ച കാലത്ത് 'ജംഇയ്യത്ത്' എന്ന മാസികയിൽ തസവ്വുഫിനെ സംബന്ധിച്ച് ലേഖനമെഴുതിയത് ഇതിന് ഏറ്റവും വലിയ തെളിവാണ്. സത്യത്തിനു വേണ്ടി നിലകൊള്ളുകയും അസത്യത്തിനെ തിരെ ധീരമായി പോരാടുകയും ചെയ്തിരുന്ന ഒരു മഹാ പണ്ഡിതനെയാണ് അബ്ദുല്ല മുസ്‌ലിയാരുടെ വിയോഗത്തി ലൂടെ പണ്ഡിത കേരളത്തിന് നഷ്ടമായത്.

വിദ്യയുടെ നിലാവെളിച്ചം

അലവി സഖാഫി കൊളത്തൂർ

പക്വമതിയും ജ്ഞാനഗോപുരവുമായ ഒരു പണ്ഡിതനെക്കുറിച്ച് വിശേഷിപ്പിക്കാൻ കഴിയുന്ന എന്തെല്ലാം വിശേഷണങ്ങളുണ്ടോ, അതെല്ലാം മേളിച്ച പണ്ഡിതപ്രഭാവനായിരുന്നു കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ. അന്ത്യനാളിന്റെ ലക്ഷണങ്ങളിൽ പെട്ടതാണ് പണ്ഡിതന്മാരുടെ വിയോഗം. വിവരദോഷികൾ നേതാക്കളാവുകയും വിവരമുള്ളവർ കൊഴിഞ്ഞുപോവുകയും ചെയ്യുന്ന അവസ്ഥയാണിന്ന്. അബ്ദുല്ല മുസ്‌ലിയാരെ പോലുള്ള പക്വമതിയും ആർജവവുമുള്ള പണ്ഡിതന്മാർ നഷ്ടപെടുന്നത് സമൂഹത്തിന് നഷ്ടമാണ്.

ജീവിതം മുഴുക്കെ സച്ചരിതരുടെ മാർഗത്തിൽ ചലിച്ച ആ മഹാനുഭാവൻ ഭൗതികതയുടെ ആസക്തിയിൽ അകപ്പെടാതെ മാതൃകാ ജീവിതം നയിച്ചു. ശരിയാണെന്ന് തോന്നുന്നത് എവിടെയും വെട്ടിത്തുറന്ന് പറയാൻ ആർജവം കാണിക്കുന്ന പണ്ഡിതന്മാരുടെ കൂട്ടത്തിൽ അബ്ദുല്ല മുസ്‌ലിയാരുടെ സ്ഥാനം അദ്വിതീയമാണ്.

ഇൽമിനെ സ്നേഹിക്കുകയും അതിനുവേണ്ടി ജീവിതം ഉഴിഞ്ഞുവെക്കുകയും ചെയ്ത പണ്ഡിത പ്രഭാവനായിരുന്നു അബ്ദുല്ല മുസ്‌ലിയാർ. ദീനീ സേവനത്തിന് അദ്ദേഹം തെരഞ്ഞെടുത്ത മാർഗം ദർസ് നടത്തലും പ്രസംഗവും എഴുത്തുമായിരുന്നു. ലാഭേച്ഛകളില്ലാതെ ദീർഘകാലം സേവനമനുഷ്ഠിച്ച ശേഷം വിശ്രമജീവിതം നയിക്കുമ്പോഴും ദൈ

നം ദിന ജീവിതത്തെക്കുറിച്ച് വ്യാകുലതകളില്ലാതെ എല്ലാം അല്ലാഹുവിലർപ്പിച്ച് മുന്നോട്ടു ഗമിക്കുവാനാണ് അദ്ദേഹം തീരുമാനിച്ചത്.

തർക്കവിതർക്കങ്ങളിലിരിക്കുന്ന വിഷയങ്ങളിൽ ഇന്ന് അറിയപ്പെടുന്ന പണ്ഡിതന്മാർ തന്നെ അവസാനവാക്കായി അബ്ദുല്ല മുസ്‌ലിയാരെ കണ്ടിരുന്നുവെന്നത് ഒരു പരമാർ ത്ഥമാണ്. എതിരാളി ആരായാലും പൂർവ്വസൂരികളുടെ ആശ യം അശേഷം ശങ്കയില്ലാതെ തുറന്നടിക്കുന്ന പ്രത്യേകക്കാര നായിരുന്നു കുറ്റിപ്പുറം ഉസ്താദ്. ജീവിതത്തിന്റെ അവസാന ഘട്ടങ്ങളിൽ പോലും കിതാബ് മുത്വലാഅ ചെയ്യുന്നതിൽ ആനന്ദം കണ്ടെത്തിയിരുന്നു. വിശ്രമ ജീവിതം പോലും തൃണവൽഗണിച്ച് വീട്ടിൽ ദർസ് നടത്തി ഇൽമിന്റെ സേവ കനായി അവസാനം വരെ കഴിഞ്ഞുകൂടാൻ വ്യഗ്രതയും അത്യാവേശവും പ്രകടിപ്പിച്ചിരുന്നുവെന്ന് അദ്ദേഹത്തെ കുറിച്ച് അടുത്തറിയുന്നവർക്ക് നന്നായറിയാം. പലപ്പോഴും ആ തിരുസാന്നിധ്യത്തിൽ എത്തണമെന്ന് ആഗ്രഹിച്ചതാ യിരുന്നു. പക്ഷെ, എന്തോ ഒരു ഉൾഭയം. ആ ശ്രമത്തിൽ നിന്നും അധികവും പിന്തിരിഞ്ഞത് അങ്ങനെയാണ്.

മഹാനവർകൾ വഫാത്താകുന്നതിനു ഏതാനും ആഴ്ചകൾക്കു മുമ്പ് അഭിവന്ദ്യ ഗുരു പൊന്മള ഉസ്താദി നൊപ്പം തൃശൂർ ജില്ലയിലെ ഒരു മുഖാമുഖം പരിപാടിയിൽ സംബന്ധിക്കാനായി യാത്രതിരിക്കവെ ‘ഇതുവരെയും കുറ്റിപ്പുറം ഉസ്താദിനെ കണ്ടിട്ടില്ല’ എന്ന വ്യഥ ഞാൻ ഉസ്താദിനെ അറിയിച്ചു. എന്നാൽ നമുക്ക് ഇപ്പോൾ തന്നെ പോവാം എന്നായി പൊന്മള ഉസ്താദ്. വീടിനടുത്തെത്തു ന്തോറും എന്റെ നെഞ്ചിടിപ്പ് കൂടുകയായിരുന്നു. വാതിൽ തുറന്ന് സമ്മതം ലഭിച്ചതോടെ ഉസ്താദിന്റെ കൂടെ ഞാനും പ്രവേശിച്ചു. സലാം പറഞ്ഞു. കൈ മുത്തിയപ്പോഴാണ് എനിക്ക് ശ്വാസം നേരെ വീണത്. ഉസ്താദുമായുള്ള കുശലാന്വേഷണത്തിനു ശേഷം എന്റെ നേരെ ചൂണ്ടി ഇതാരാണെന്ന് ചോദിച്ചു. ചെമ്മാട് ദർസിലെ മുദരിസാണെന്ന് ഉസ്താദ് പറഞ്ഞപ്പോൾ ഉടനെ ചോദിച്ചു.

'പല്ലാറുകാരനാണോ, അതോ കൊളത്തൂക്കാരനോ?' ഞാനൊന്ന് ഞെട്ടി. ആദ്യമായാണ് ഞാൻ മഹാന്റെ സവിധത്തിലെത്തിയത്. പക്ഷെ, ചെമ്മാട് ദർസിനെ കുറിച്ചും ഉസ്താദുമാരെ കുറിച്ചും വ്യക്തമായ ഓർമയും ധാരണയു മുണ്ടല്ലോ!

കൊളത്തൂരാണ് നാട് എന്നു പറഞ്ഞതോടെ എന്റെ ഭാര്യാ മാതാവിനെ കുറിച്ചും അവരുടെ കുടുംബത്തെ ക്കുറിച്ചും വാചാലനായി. ഭാര്യാ കുടുംബവുമായി അവർ ക്കുള്ള പഴയകാല ബന്ധവും മറ്റും പറഞ്ഞ് എന്നെ തെര്യ പ്പെടുത്തിയപ്പോഴാണ് എന്റെ മനസ്സിന് ആശ്വാസമായത്.

പിന്നെ ദർസ് നടത്തുന്നതിനെ കുറിച്ചും ആധുനിക ദർസുകളെ കുറിച്ചുമൊക്കെ സംസാരം കടന്നു പോയി. അതിനിടക്ക് പ്രാസ്ഥാനിക വിഷയങ്ങളിലേക്ക് ഇറങ്ങിച്ചെന്ന ചർച്ചയിൽ സമസ്തയുടെ പഴയകാല മുശാവറകളും ചർ ച്ചകളും തീരുമാനങ്ങളുമൊക്കെ പൊന്മള ഉസ്താദിനെ തെര്യ പ്പെടുത്തുന്നുണ്ടായിരുന്നു. കൂട്ടത്തിൽ 'അഖില കേരള' ഉണ്ടാക്കാനുള്ള കാരണവും പശ്ചാത്തലവും വിശദീകരിച്ചു. അക്കാലത്ത് അതിന്റെ അപ്രായോഗികതയും അപ്രസക്തിയും ഉത്തരവാദപ്പെട്ടവരെ ഞാൻ നേരിൽ ബോധ്യപ്പെടുത്തിയെ ന്നും മഹാനവർകൾ പറഞ്ഞപ്പോൾ സമസ്ത വിഭാവനം ചെയ്യുന്ന ആശയത്തിലുള്ള തന്റെ കടുംപിടുത്തവും ഇളം തലമുറക്ക് ബോധ്യപ്പെടുത്തുകയായിരുന്നു.

അഖില കേരള ഉണ്ടാക്കുമ്പോൾ അതു മൂലമുണ്ടാ വുന്ന പ്രത്യാഘാതങ്ങൾ താൻ നേരിട്ട് ബന്ധപ്പെട്ടവരെ അറി യിച്ചതു പോലെ തന്നെ പിന്നീട് പുലരുകയും ചെയ്തെന്ന് മഹാൻ കൂട്ടിച്ചേർത്തപ്പോൾ അവരുടെ ദീർഘവീക്ഷണം കൃത്യമായും പുലർന്നത് ഞങ്ങൾക്കും ബോധ്യപ്പെട്ടു. സമസ്തയിലും കീഴ്ഘടകങ്ങളിലും സംഘടനാ ഭദ്രത ഉണ്ടാവേണ്ടതിന്റെ ആവശ്യകതയും സമസ്ത വിഭാവനം ചെയ്യുന്ന ആശയങ്ങളിൽ നിന്ന് തെറിച്ചുപോയവരുടെ പാപ്പരത്തവുമൊക്കെ വിശദീകരിച്ചപ്പോൾ ആ മഹാനിലെ സംഘാടകന്റെ ഉയിർത്തെഴുന്നേൽപ്പ് ഞാൻ ശ്രദ്ധിക്കുകയാ

യിരുന്നു.

പ്രാസ്ഥാനികമായും വൈജ്ഞാനികമായും വലിയ നേട്ടത്തിനു നിദാനമാക്കിയ ആ കൂടിക്കാഴ്ച അവസാനത്തേതാകുമെന്ന് നിനച്ചിരുന്നില്ല. മഹാനവർകൾ മന്ത്രിച്ച് ദുആ വസ്വിയ്യത്തോടെ യാത്രക്കുപോകുമ്പോൾ മനസ്സ് ശാന്തമായിരുന്നു. പിന്നീട് വളാഞ്ചേരിയിലെ സ്വകാര്യ ഹോസ്പിറ്റലിൽ കിടക്കുമ്പോഴാണ് കാണുന്നത്. അന്നു പക്ഷേ, സംസാരിക്കാനൊന്നും കഴിയില്ലായിരുന്നു. അബ്ദുല്ല ഉസ്താദിന്റെ വിയോഗം മൂലം അണഞ്ഞുപോയത് ഒരു വ്യക്തിയുടെ ജീവിതമല്ല. കുടുംബക്കാരുടെയോ, നാട്ടുകാരുടെയോ സ്വന്തക്കാരുടേതുമല്ല. മറിച്ച് വിജ്ഞാനത്തിന്റെ അമൂല്യ സമുച്ചയമായ മഹാപണ്ഡിതനാണ് അസ്തമിച്ചത്. ദീനിനു വേണ്ടി മാത്രം ജീവിച്ച, ദീനീവിലക്കുകൾ പ്രായോഗികമായി വരച്ചു കാണിച്ച ആ ധീരാത്മാവ് നമ്മോട് വിടപറഞ്ഞുവെങ്കിലും അവരുടെ ധീരമായ ആശയങ്ങൾ നമ്മെ മുന്നോട്ട് നയിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

تدمع العيون

ألا أيها الإخوان من أهل سنةٍ — عليكم بأحكام العلوم السنية
فقد فات من موت لمن هو عالم — بأحكام دين قائم بعض منيةٍ
وما هو مثل التاجر كاالبهائم — وما نال من دنيا جناح البعوضة
وأنفق أنفاسا له في النفيسة — كما الحبر محي الدين قطب الولاية
وهذا زمان لا يبالى بعالم — ويزداد أعداء له كل حالة
وما العالمون جاهلين بما لقوا — ولكن أعداء لهم في جهالة
بتقديم دنياهم على الدين عاينوا — خسارتهم ويلا لهم بعد حسرة
وبعض الأنام عاهدوا الدين لم يكن — لهم غيرة للعالمين الأحبة
فيا عجبا نالوا بهم دينهم كما — أنيلوا من الدنيا لعز الكرامة
فخذ يا حبيبي ودهم رأس مالك — وموتهم فوت لنا يا أحبتي
ومنهم أخو الفضل الذي قد أحبنا — يحبه أمثال أماثل رأفة
أبو الحسن المفضال كوتفرمي له — بنون بنات أمهم خير زوجة
فقد غاب عنا والمحبون تدمع — عيونهم من غير صحو لدهشة

— بِقَلم عبد القادر المفلس الفقير كُنْدور

നിലാവും നിഴലും

വിജ്ഞാന പൂർണചന്ദ്രന്റെ
നിഴലുപറ്റി വിദ്യയുടെ
വിശാല വീഥിയിലേക്ക്
നടന്നടുത്തവർ.
പാലൊളിയിൽ തിളങ്ങിയ
വിജ്ഞാനത്തെളിച്ചത്തെ
നിഴൽപോലെ പിന്തുടർന്ന്
ആസ്വാദിച്ചവർ, അടുത്തും
അകന്നും വിദ്യയുടെ
ചന്ദ്രികയെ ശരിക്കും
അനുഭവിച്ചവർ അറിവിന്റെ
അനശ്വര പ്രതിഭയായി
വെളിച്ചം വിതറിയ
പണ്ഡിത ശ്രേഷ്ഠനെക്കുറിച്ച്
നിഴലായി വർത്തിച്ചവരുടെ
ധന്യമാർന്ന കുറിപ്പുകളിലൂടെ

തപിക്കുന്ന ഓർമകൾ

മാളിയേക്കൽ സുലൈമാൻ സഖാഫി

പൊന്നാനി നഗരത്തിലേക്കൊരു യാത്ര. ഏതൊരു മുതഅല്ലിമിന്റെയും അഭിലാഷം. ചെറുപ്രായത്തിൽ പഠിക്കുന്ന കുറേ ഗ്രന്ഥങ്ങളുടെയും രചയിതാക്കൾ അന്ത്യവിശ്രമം കൊള്ളുന്ന ഈ വിശുദ്ധ നിലം സന്ദർശിക്കുക- അതായിരുന്നു എന്റെയും മനസ്സിലുണ്ടായിരുന്ന ആഗ്രഹം. തൊള്ളായിരത്തി എൺപതുകളിൽ 'ഖത്തറുന്നദ' പഠിക്കുന്ന കാലം. എന്റെ പൊന്നാനി യാത്ര സഫലമായി. വിജ്ഞാന ദാഹികളുടെ മക്കയിലൂടെ ഞാൻ നടന്നു. ചെറുപ്രായത്തിൽ പൊന്നാനി നഗരം സന്ദർശിക്കാൻ അവസരം ലഭിച്ചവന്റെ ഗമയോടെ ....,

പഴമ വിളിച്ചോതുന്ന ഓടുമേഞ്ഞ പുരാതന കെട്ടിടങ്ങൾ. പടിപ്പുരയുള്ള വീടുകൾ. പഴമയുടെ എല്ലാ പ്രൗഢിയും ആവാഹിച്ചെടുത്ത പൊന്നാനി വലിയ ജുമുഅത്ത് പള്ളി. സൈനുദ്ദീൻ മഖ്ദൂമിന്റെ മഹനീയ സാന്നിധ്യം. ഒട്ടനവധി പണ്ഡിതന്മാരുടെ പഠന തപസ്യക്ക് സാക്ഷ്യം വഹിച്ച പൊന്നാനി വിളക്ക്. ഖത്വറുന്നദക്കാരന്റെ മനസ്സിൽ നിറഞ്ഞ വിസ്മയം, കൗതുകം. ഇവിടെ വെച്ചാണ് ശൈഖുനാ കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാരെ ആദ്യമായി ഞാൻ കാണുന്നത്. എൺപതുകളുടെ തുടക്കത്തിൽ പൊന്നാനി വലിയ ജുമുഅത്ത് പള്ളിയിലാണ് ഉസ്താദ് ദർസ് നടത്തിയിരുന്നത്.

അന്നും ഇന്നും എനിക്ക് ശൈഖുനയെ മനസ്സിലായിട്ടില്ല. ആ മഹാപാണ്ഡിത്യം അതിന്റെ ആഴത്തിൽ തിരിച്ചറി

യാൻ ഒരു പണ്ഡിതന് മാത്രമേ സാധിക്കുകയുള്ളു. ആദ്യ ദർശനം വീണ്ടും തികട്ടി വരികയാണ്. സലാം മടക്കിയ ഉടനെ, വന്നു ഗൗരവമായ നിർദേശം.

'തുണി കയറ്റി ഉടുക്കൂ.'

ഞെട്ടിത്തരിച്ചപോലെ, ഞാൻ അരമൊത്തവും മുകളിലേക്ക് പൊക്കിയെടുത്തു. അങ്ങനെ ആദ്യ കാഴ്ച അവിസ്മരണീയ മായി മാറി. മൂത്തമകൻ അബ്ദുൽ വഹാബ് ബാഖവിയുടെ ദർസിൽ പഠിക്കുന്ന കാലം . ഉസ്താദ് തന്നെ എന്നെ ശൈഖു നയുടെ അടുക്കലേക്ക് കൂട്ടിക്കൊണ്ട് പോവുകയായിരുന്നു.

വൈജ്ഞാനികമായ ശൈഖുനയുടെ വ്യക്തിത്വം ഉൾകൊള്ളാനായില്ലെങ്കിലും എൺപതുകളുടെ ആദ്യപാദം മുതൽ മരണം വരെയും ആ മഹാനുഭാവനുമായി ബന്ധ പ്പെട്ടുകൊണ്ടിരിക്കാൻ അവസരമുണ്ടായത് സൗഭാഗ്യമായി ഞാൻ കാണുന്നു.

മനസ്സിന് 'ടെൻഷൻ' പിടിപെടുമ്പോൾ അഭയ കേന്ദ്ര മായി ശൈഖുനയെ സന്ദർശിക്കാറുണ്ടായിരുന്നു. തലയിൽ കൈവെച്ച് അവിടുന്ന് നിർവഹിക്കുന്ന മന്ത്രം, പ്രാർത്ഥന എന്നിവയെല്ലാം ഒരു കുളിർമഴയായി പെയ്തിറങ്ങുമ്പോൾ പ്രയാസം മറന്നു പുതിയ മനസ്സുമായി ഞാൻ പടിയിറങ്ങാ റുണ്ട്.

ഇനി പ്രസംഗത്തിനില്ലെന്ന് ഒരിക്കൽ ഞാൻ തീരുമാ നമെടുത്തു. അതിനൊരു കാരണമുണ്ട്. അന്നൊരു രാത്രി, പ്രസംഗം അവസാനിക്കുമ്പോൾ പത്തുമണി. ഒരു പ്രവർത്തകൻ ഓടിവന്ന് ചോദിച്ചു.

'ഉസ്താദേ, ഭക്ഷണം കഴിക്കുന്നോ?'

'വേണ്ട മോനേ, ഞാൻ വഴിയിൽ നിന്ന് കഴിച്ചോളാം'.

ശരി ബൈക്ക് തയ്യാർ. അതിന്റെ പിന്നിൽ നാഷണൽ ഹൈവെ വരെ യാത്ര. ഞാൻ ഇറങ്ങി. ബൈക്ക് തിരിച്ചുനിർത്തിയ ശേഷം സംഘാടകൻ പറഞ്ഞു.

'എന്നാൽ ഉസ്താദേ, ഞാൻ വരട്ടെ, അൽപ്പസമയത്തിനകം ബസ് വരും'.

'ശരി.'

മണിക്കൂർ ഇടവിട്ട് മാത്രം വരുന്ന സർക്കാർ വണ്ടിയും കാത്ത് മുഷിയുന്ന മനസ്സുമായി ഒരേ നിർത്തം. കുറേ കഴിയുമ്പോൾ നടത്തം. അന്നായിരുന്നു ഇനി പ്രസംഗത്തിനില്ലെന്ന് ഞാൻ തീരുമാനമെടുത്തത്.

അടുത്ത ദിവസം ശൈഖുനയുടെ അടുത്ത് ചെന്നു. ഉടനെ വന്നു പ്രതിഷേധം. കഴിഞ്ഞകാല പണ്ഡിതന്മാരുടെ ത്യാഗങ്ങൾ വിവരിക്കുന്ന നീണ്ട സംഭാഷണം.
'നിങ്ങൾ ചെറുപ്പക്കാർക്ക് ഇപ്പോൾ തന്നെ മടിയാണ്. പ്രയാസം സഹിക്കാൻ ആരുമില്ല. ഞാൻ 30 ദിവസമായിരുന്നു ഒരു വിഷയത്തെക്കുറിച്ച് ഒരു സ്ഥലത്ത് മാത്രം പ്രസംഗിച്ചിരുന്നത്. ഓർത്ത് നോക്കുക. വാഹനമില്ല, മൈക്കില്ല, ഒരു സൗകര്യവുമില്ല. ഇപ്പോൾ ആരുണ്ട് ത്യാഗം സഹിക്കാൻ ?' സംസാരം നീണ്ടുപോവുകയാണ്. അപ്പോഴേക്കും ഞാൻ തീരുമാനം മാറ്റിയിരുന്നു. വിഷമമുണ്ടായാലും പ്രസംഗം തുടരുക തന്നെ ഇതാണ് കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ .

'എന്തിനു വാദപ്രതിവാദത്തിനു പോകണം?' ഒരു സംഭാഷണത്തിന്റെ തുടക്കമാണ്. ഫിഖ്ഹ് ഗ്രന്ഥങ്ങൾ പച്ചയായി പറഞ്ഞ ഏതൊരു സാധാരണക്കാരനുമറിയാവുന്ന മസ്അലയല്ലേ അവർ മാറ്റിപ്പറഞ്ഞത്? എന്തൊരു ഫത്‌വയാണിത്? വളപുരം ഫത്‌വക്കെതിരെ ശൈഖുനാ കത്തിക്കയറുകയാണ്. ത്വലാഖ് സംവാദമോ, അതേ ചൊല്ലിയുള്ള ചർച്ചയോ അദ്ദേഹത്തിനിഷ്ടമായിട്ടില്ല. പല തവണ ഇക്കാര്യം എന്നോടു പറഞ്ഞതായി ഞാൻ ഓർക്കുന്നു.

പണ്ഡിത ലോകം ആദരിച്ച ആ മഹാനുഭാവൻ വിട വാങ്ങി. ദിനപത്രങ്ങൾക്കു പോലും ലഭിക്കാത്ത ആ വാർത്ത കാതുകളിൽ നിന്നു കാതുകളിലേക്കു പരന്നൊഴുകി. കുറ്റിപ്പുറം പുഴയോരത്ത് പരന്നൊഴുകിയ പുരുഷാരം സാക്ഷി. പണ്ഡിതലോകത്ത് സ്ഥിരപ്രതിഷ്ഠ നേടിയ മഹാവ്യക്തിത്വമായിരുന്നു ശൈഖുന. അവരുടെ ബറകത്ത് കൊണ്ട് നാഥൻ നമ്മെ അനുഗ്രഹിക്കട്ടെ.

ജ്ഞാന സാഗരം

പി പി എ കുട്ടി ദാരിമി

നിളാനദിയുടെ ശാദ്വലതീരത്ത് ഇതാ ഒരപൂർവ്വ സാഗരം. സ്വച്ഛന്ദമായി ഒഴുകുന്ന ഒരു ജ്ഞാനസാഗരം. വേനൽ പകലിൽ ഊഷരഭൂമിയിലേക്കൊഴുകിയെത്തുന്ന തെളിനീർ പോലെ വിജ്ഞാന ദാഹികൾക്കും മോഹികൾക്കും അനുഗ്രഹമായി ഈ സാഗരം നിലകൊണ്ടു!

കൊച്ചു നാളിലേ ഓർമ്മയുടെ നിറക്കൂട്ടുകളിൽ ഞാൻ കരുതിവെച്ച ഒരിടം. ആ സാഗരവുമായി അറിയാതെ സന്ധിച്ച ഒരു നിമിഷം. മുപ്പത് വർഷങ്ങൾക്കു മുമ്പാണത്. ഞങ്ങളുടെ സമീപദേശത്ത് വഅള് പരമ്പര നടക്കുന്നു. രാത്രി ഭക്ഷണം കഴിച്ച് ഉമ്മയും ഇത്താത്തമാരും അയൽവാസികളായ സ്ത്രീകളും വഅള് കേൾക്കാൻ പോകും. കൂടെ ഞാനും. ഓലക്കൊടി ശേഖരിച്ച് ചൂട്ടുണ്ടാക്കി കത്തിച്ച് എല്ലാവർക്കും വെളിച്ചം കാട്ടുന്ന മഹത്തായ ജോലിയാണ് ഞാൻ നിർവ്വഹിച്ചിരുന്നത്. ദുർഘടമായ ഇടവഴിയും വയലും താണ്ടികടന്ന് ഏകദേശം ഒരു കിലോമീറ്റർ നടന്ന് വേണം പ്രസംഗ സ്ഥലത്ത് എത്തിച്ചേരാൻ. സമൂഹാന്തരീക്ഷത്തിൽ ഇന്നത്തെക്കാളേറെ നിർഭയത്വവും സുരക്ഷിതത്വവും അക്കാലത്ത് നിലനിന്നിരുന്നു. അതിനാൽ ധാരാളം സ്ത്രീകൾ വഅള് കേൾക്കാൻ വരുമായിരുന്നു. അന്ന് പരമ്പരയുടെ പ്രാരംഭമായിരുന്നു. നിലാവ് പൊഴിയുന്നൊരു രാത്രി. സദസ്സിന് മുമ്പിലിട്ട ഒരു ബഞ്ചിൽ ഞാൻ സ്ഥാനം പിടിച്ചു. പെണ്ണുങ്ങൾ അവർക്ക്

സജ്ജമാക്കിയ സ്ഥലത്ത് പോയിരുന്നു. സദസ്സിൽ മൂന്നുനാല് പെട്രോൾ മാക്സ് കത്തുന്നുണ്ട്. സ്റ്റേജിൽ രണ്ടുപേർ ബുർദാ ബൈത്ത് പാരായണം ചെയ്യുകയാണ്. അതിനിടെ പ്രസംഗക നെത്തി. പ്രൗഢഗാംഭീര്യമുള്ള മുഖത്ത് കണ്ണട വെച്ച് സുന്ദര മായ ശുഭ്രവസ്ത്രം ധരിച്ച് അധികം നീളമോ, കുറിയതോ അല്ലാത്ത ഇത്തിരി തടിച്ച ശരീരമുള്ള ഒരു മുസ്‌ലിയാർ. പ്രസംഗം ഞാൻ സാകൂതം വീക്ഷിച്ചു. സശ്രദ്ധം കേട്ടു. അഞ്ചാം ക്ലാസ്സ് മദ്രസയിൽ പഠിക്കുന്ന ഞാൻ ഒന്നു മാത്രം മനഃപാഠമാക്കി. ആമുഖമായി അദ്ദേഹം ചൊല്ലിയ കവിത.

യൗമ യദ്ഊ ആദമുൻ വഅമ്പിയാ
നഫ്സി നഫ്സീ നഫ്സി നഫ്സീ നഫ്സിയാ
യൗമ യദ്ഊ ഖൈറുഖൽഖിൽ അമ്പിയാ
ഉമ്മത്തീ യാഉമ്മത്തീ യാഖൗമിയാ

(വിചാരണ നാളിൽ ആദം നബിയും മറ്റു പ്രവാചക രും സ്വന്തം കാര്യത്തിൽ വേവലാതിപ്പെടുമ്പോൾ സൃഷ്ടിക ളിൽ ശ്രേഷ്ഠരായ തിരുദൂതർ(സ) സ്വന്തം സമുദായത്തിന്റെ കാര്യത്തിൽ വേവലാതിപ്പെടുന്നു) ഒരിടവേള സമയത്ത് അടുത്തിരിക്കുന്ന കാരണവരോട് ഞാൻ ചോദിച്ചു: 'ആരാണ് ഈ ഉസ്താദ്?' അയാൾ പറഞ്ഞു: 'കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ!'

മൂന്ന് വർഷങ്ങൾക്കു മുമ്പാണ് മഹാനവർകളെ നേരി ട്ടു കണ്ട് സംസാരിക്കാൻ അവസരമുണ്ടായത്. അരമണിക്കൂർ നേരത്തെ കൂടിക്കാഴ്ച. അതിനിടക്ക് പറയാത്ത വിഷയങ്ങ ളില്ല. ഓതാൻ പോയത്, ദർസ് നടത്തിയത്, വഅള് പറഞ്ഞത്, വിവാഹം കഴിച്ചത് തുടങ്ങി സുന്നത്ത് ജമാഅത്തിനെക്കുറിച്ച്, പണ്ഡിത സമൂഹത്തെക്കുറിച്ച്, സുന്നി വിരുദ്ധ ലോബിയെ ക്കുറിച്ചു വരെ സംസാരത്തിൽ വിഷയമായി. ഇടയ്ക്ക് ആവ ശ്യാനുസരണം ചില ഗ്രന്ഥങ്ങളെടുത്ത് ഉദ്ധരണികൾ വായി ക്കുകയും ചെയ്തു. പ്രജ്ഞാബലം കൊണ്ട് വിശ്വാസത്തെയും വിജ്ഞാനത്തെയും പരിപോഷിപ്പിച്ച നിർമ്മലനായ കർമ്മ യോഗിയായിരുന്നു അബ്ദുല്ല മുസ്‌ലിയാർ. പണ്ഡിത ലോക ത്ത് ഏകാന്ത വിസ്മയം പോലെ തിളങ്ങി നിന്ന ഈ താരകം

എന്നും സ്മരിക്കപ്പെടുക തന്നെ ചെയ്യും.

ആർജ്ജിച്ച ജ്ഞാനം ആവശ്യക്കാർക്ക് പകർന്നു കൊടുക്കുന്നതിൽ യാതൊരു ലുബ്ധും കാണിച്ചില്ല. ധന സമ്പാദനത്തിന് അത് ദുരുപയോഗം ചെയ്തതുമില്ല. ഒരു ഭൗതിക ശക്തിക്കു മുമ്പിലും തല കുനിച്ചില്ല. നന്മ കൽപ്പിക്കുന്നതിലും തിന്മ വിരോധിക്കുന്നതിലും അദ്ദേഹം കാണിച്ച ധൈര്യവും നിശ്ചയ ദാർഢ്യവും എടുത്തു പറയേണ്ടതു തന്നെയാണ്.

അബ്ദുല്ല മുസ്ലിയാരെപ്പോലെ ഉന്നത ശീർഷരായ പണ്ഡിതന്മാർ ഓരോരുത്തരായി പടിയിറങ്ങുകയാണ്. ഒരാൾക്കു പിറകെ മറ്റൊരാളായി ഓരോരുത്തർ പോകുമ്പോഴും നാം പറയാറുണ്ട്. നികത്താനാവാത്ത വിടവാണെന്ന്. തികച്ചും ശരിയാണത്. വെറുമൊരു ഉപചാര വാക്കു മാത്രമല്ല അത്. ആരുടെയും വിടവ് നികത്തപ്പെടുന്നില്ല. അവരുടെ കസേര ഒഴിഞ്ഞു തന്നെ കിടക്കുന്നു. ആരൊക്കെയാണ് നമ്മുടെ മുമ്പിലൂടെ കടന്നു പോയത്. കണ്ണിയത്ത്, ശംസുൽ ഉലമ ഇ.കെ, കോട്ടുമല, വാണിയമ്പലം, കെ.കെ.ഹസ്റത്ത്, സദഖത്തുള്ള മൗലവി, എം.എം.ബഷീർ മുസ്ലിയാർ, സി.എച്ച്.ഹൈദ്രോസ് മുസ്ലിയാർ, ഇ.കെ.ഹസൻ മുസ്ലിയാർ, കൂറ്റനാട് കെ.വി.മുഹമ്മദ് മുസ്ലിയാർ അങ്ങോണ പട്ടിക ഇങ്ങനെ നീണ്ടതാണ്. ഇവിടെ ഒരു കാലഘട്ടം പോയി മറയുകയാണ്. ഈ മഹത്തുക്കളുടെയെല്ലാം സജീവ സാന്നിധ്യമുണ്ടായിരുന്ന മുസ്ലിം കേരളത്തെക്കുറിച്ച്, വൈജ്ഞാനിക വേദിയെക്കുറിച്ച് ചിന്തിച്ചു നോക്കൂ. എത്ര ഉജ്വലമായിരുന്നു ആ കാലഘട്ടം. ഇനി ഈ ഗണത്തിലെണ്ണാൻ ഇവിടെ ആരെങ്കിലുമുണ്ടെങ്കിൽ അത് അംഗുലീപരിമിതം. മഹാന്റെ പാരിടം അല്ലാഹു സ്വർഗ്ഗീയമാക്കട്ടെ.

നിറം മങ്ങാത്ത ഓർമകൾ

മരക്കാർ ഫൈസി നിറമരുതൂർ

പരപ്പനങ്ങാടിയിൽ കുറ്റിപ്പുറം ഉസ്താദും താനൂരിൽ എന്റെ പിതാവും ദർസ് നടത്തുന്ന കാലം. അന്ന് ബാപ്പ ഇടക്കിടെ മഹാനവർകളുമായി ബന്ധപ്പെടാറുണ്ടായിരുന്നു. ആ ബന്ധം പിതാവിനോടൊപ്പം ഞാനും തുടർന്നു. ഇത് മഹാനവർകളെ ചെറുപ്പം മുതലേ പരിചയപ്പെടാനുള്ള ഒരു കാരണമായി. ദീർഘ കാലം കുറ്റിപ്പുറം മഹല്ല് ജമാഅത്ത് സെക്രട്ടറിയായിരുന്ന അബ്ദുവും ഞാനും സഹപാഠികളായിരുന്നു. ഈ 'ക്ലാസ്മേറ്റ്' ബന്ധവും കുറ്റിപ്പുറം ഉസ്താദിലേക്ക് എന്നെ കൂടുതൽ അടുപ്പിച്ചു. ഞങ്ങൾ തമ്മിൽ ആത്മാർത്ഥ ബന്ധമായിരുന്നു നിലനിന്നിരുന്നത്. കാരണം നിഷ്കളങ്കമായ ആലിമായിരുന്നു അദ്ദേഹം. ആരോടും വെറുപ്പോ, വിദ്വേഷമോ വെച്ച് പുലർത്തിയിരുന്നില്ല. പഠിച്ചതനുസരിച്ച് അമൽ ചെയ്തിരുന്ന ഒരു യഥാർത്ഥ പണ്ഡിതനായിരുന്നു അദ്ദേഹം. താൻ മുത്വാലഅ ചെയ്യുന്ന കിതാബിൽ നിന്ന് ഏതെങ്കിലും ഒരു അമൽ ദൃഷ്ടിയിൽപ്പെട്ടാൽ ഉടനെ അത് പ്രാവർത്തികമാക്കും.

പരിശുദ്ധ ദീനിന് എതിര് കണ്ടാൽ ഒരു നിമിഷം പോലും ക്ഷമിക്കാൻ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല. പുലാമന്തോളിൽ നിന്നും ഒരു വ്യാജ ശൈഖ് കുറ്റിപ്പുറത്ത് വരികയും ജനങ്ങളെ തെറ്റായ വഴിയിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നുവെന്ന് അറിഞ്ഞപ്പോൾ ശക്തമായ ഭാഷയിൽ അതിനെ എതിർക്കുകയും അതിനെതിരിൽ രിസാല ഇറക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ പുത്രൻ റഷീദ് ബാഖവി

യും മഹല്ല് കമ്മിറ്റിയും ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ശൈഖിനെതിരിൽ പ്രസംഗിക്കാൻ ഞാനും കുറ്റിപ്പുറത്ത് പോയിട്ടുണ്ട്. മഹാനവർകളുടെ ശക്തമായ നിയന്ത്രണ വലയത്തിനുള്ളിലായിരുന്നതിനാൽ തികച്ചും ഇസ്‌ലാമിക ചൈതന്യമുള്ള ഒരു മഹല്ലായിരുന്നു അന്ന് കുറ്റിപ്പുറം. നാഥൻ അദ്ദേഹത്തിന്റെ പാരത്രിക ജീവിതം ധന്യമാക്കട്ടെ.

ഭൂപരിഷ്കരണ ബില്ലിനെതിരെ പണ്ഡിതോചിത നീക്കം

കെ.കെ.അബൂബക്കർ മുസ്‌ലിയാർ താഴെക്കോട്

ഞാൻ പരപ്പനങ്ങാടി വലിയ പള്ളിയിൽ പഠിച്ചു കൊണ്ടിരിക്കുമ്പോൾ മഹാനായ കുറ്റിപ്പുറം അബ്ദുള്ള മുസ്‌ലിയാർ പരപ്പനങ്ങാടി പനയത്തിൽ പള്ളിയിൽ മുദരിസ്സായിരുന്നു. അന്ന് ആ ഭാഗത്ത് അറിയപ്പെട്ട മൂന്ന് പ്രധാന ദർസുകളിൽ ഒന്നായിരുന്നു അബ്ദുള്ള മുസ്‌ലിയാരുടേത്. പരപ്പനങ്ങാടി വലിയ പള്ളിയിൽ എൻ കെ മുഹമ്മദ് മുസ്‌ലിയാരുടേതും ചാലിയം പള്ളിയിൽ ഏന്തീൻ കുട്ടി മുസ്‌ലിയാരുടേതുമായി (ഒ.കെ. ഉസ്താദ്) രുന്നു മറ്റ് രണ്ടു ദർസുകൾ.

അഗാധപാണ്ഡിത്യത്തിനുടമയായിരുന്ന അബ്ദുല്ല മുസ്‌ലിയാർ ശാന്ത പ്രകൃതനായിരുന്നുവെങ്കിലും ശറഇനു വിരുദ്ധമായി എന്തെങ്കിലും കണ്ടാൽ ആരുടെ മുഖത്ത് നോക്കിയും സധൈര്യം സത്യം തുറന്ന് പറയാൻ മടി കാണിച്ചിരുന്നില്ല. 1970ൽ കേരള മന്ത്രിസഭ ഭൂപരിഷ്കരണ ബിൽ പാസാക്കിയ സമയം പരപ്പനങ്ങാടിയിലടക്കം പല ഭാഗങ്ങളിലും മുസ്‌ലിം രാഷ്ട്രീയക്കാർ അഭിമാനം നടിച്ചപ്പോൾ തദ്‌വിഷയകമായി ഇസ്‌ലാമിക ശരീഅത്തിന്റെ യഥാർത്ഥ കാഴ്ചപ്പാട് ധീരമായി പ്രഖ്യാപിക്കാൻ അദ്ദേഹം ആർജ്ജവം കാണിച്ചു. അന്യന്റെ മുതൽ അപഹരിച്ചെടുക്കുവാനുള്ള കുറുക്കു വഴിയെന്നായിരുന്നു അദ്ദേഹം അതിനെ വിശേഷിപ്പിച്ചത്.

അതുപോലെ, സ്പീക്കറിലൂടെയുള്ള ഖുതുബ നിർത്താൻ മഹല്ല് ഖാസിയുടെ നിർദ്ദേശമുണ്ടായതിനെത്തുടർന്ന്

പരപ്പനങ്ങാടിയിൽ വിവാദം കൊടുമ്പിരികൊണ്ടപ്പോഴും അബ്ദുള്ള മുസ്‌ലിയാർ അനാവശ്യമായ ഇടപെടലുകളൊന്നും നടത്തിയില്ല. അബ്ദുള്ള മുസ്‌ലിയാരുമായി കൂടുതൽ അടുത്തിടപഴകാനൊന്നും കഴിഞ്ഞില്ലെങ്കിലും ഉസ്താദിനെക്കുറിച്ചുള്ള ഓർമകൾ ഇന്നും മനസ്സിൽ തെളിഞ്ഞു നിൽക്കുന്നു.

അഹ്ലുബൈത്തിനോട് അഭിമാനപുരസ്സരം

പൊന്നാനി കെ സി മുഹമ്മദ് കുട്ടി

പൊന്നാനിയിലേക്ക് ഒരുപാട് പ്രാവശ്യം ക്ഷണിച്ചെങ്കിലും ആദ്യമൊന്നും ഉസ്താദ് ക്ഷണം സ്വീകരിച്ചില്ല. അവസാനം മുൻ എം.എൽ.എ കൂടിയായ വി.പി.സി തങ്ങളുടെ ക്ഷണം അദ്ദേഹം സ്വീകരിച്ചു. ഉസ്താദ് അതു സംബന്ധമായി പറഞ്ഞതിങ്ങനെയാണ്. "അഹ്ലുബൈത്തിൽപ്പെട്ട വ്യക്തി ക്ഷണിക്കുമ്പോൾ അത് തട്ടിമാറ്റാൻ എനിക്കാവില്ല. അഹ്ലുബൈത്തിനോടുള്ള ആദരവും സ്നേഹവും കൊണ്ടാണ് ഞാനീ ക്ഷണം സ്വീകരിക്കുന്നത്".

ഒരു വർഷമാണ് ജോലി ചെയ്തതെങ്കിലും ഒരുപാട് പുരോഗമന പ്രവർത്തനങ്ങൾ അദ്ദേഹം കാഴ്ചവെച്ചു. ഒരിക്കൽ ഉസ്താദ് പള്ളിയുടെ ചെരുവിൽ നിന്ന് യാദൃശ്ചികമായി പുറത്തേക്കു നോക്കിയപ്പോൾ മഖ്ബറയുടെ അടുക്കൽ സ്ത്രീകൾ നിൽക്കുന്നു. വിദൂരസ്ഥലങ്ങളിൽ നിന്ന് മഖ്ദൂമി (റ) ന്റെ മഖ്ബറ സിയാറത്തിന് വന്നവരാണവർ. ഇത് കണ്ട ഉസ്താദ് സ്ത്രീകളെ ഗേറ്റിന് പുറത്ത് നിർത്തണമെന്നും ഒരിക്കലും അവരെ ഉള്ളിലേക്ക് പ്രവേശിപ്പിക്കരുതെന്നും ബന്ധപ്പെട്ടവരെ ഉപദേശിച്ചു. അതിന് ശേഷമാണ് മഖ്ബറയുടെ പുറത്ത് സ്ത്രീകൾക്ക് പ്രത്യേകമായി വിശ്രമസ്ഥലം തയ്യാറിക്കിയത്. അപ്രകാരം ജനങ്ങൾ പൂമുഖത്ത് നിന്നും (മഖ്ബറയുടെ തൊട്ടടുത്ത്) സംസാരിക്കുക പതിവായിരുന്നു.

ഇതും ഉസ്താദ് കർശനമായി നിരോധിച്ചു. ഈ സംസാരം മഹാന്മാരോടുള്ള അനാദരവാണെന്നും അമലുകൾ പൊളിഞ്ഞു പോകാനുള്ള കാരണമാണെന്നും അദ്ദേഹം ഉപദേശിച്ചു.

ജീവിതത്തിൽ വളരെയധികം സൂക്ഷ്മത പുലർത്തിയിരുന്നു. കമ്മിറ്റിയുടെ കീഴിൽ ഉസ്താദിന് പാൽ വാങ്ങിക്കൊടുക്കുമ്പോൾ തന്റെ ശമ്പളത്തിൽ നിന്ന് പാലിന്റെ പൈസ എടുത്തതിന്റെ ശേഷം ബാക്കി ശമ്പളം തന്നാൽ മതിയെന്ന് പറയുമായിരുന്നു.

'ദർസിന്റെ കാശല്ലേ എനിക്ക് പാലിന്ന് വേണ്ടി ചെലവഴിക്കുന്നത്. അത് എനിക്ക് വേണ്ടെന്ന് പറയുകയും ചെയ്യും (ഒടുവിൽ നിർബന്ധത്തിന് വഴങ്ങി സ്വീകരിക്കുകയുണ്ടായി).

ഉസ്താദ് പൊന്നാനിയിൽ നിന്ന് പിരിഞ്ഞ് പോയപ്പോൾ ഒരു മാസത്തെ ശമ്പളം കമ്മിറ്റിക്കാർ അദ്ദേഹത്തിന്റെ വീട്ടിൽ എത്തിച്ചു കൊടുത്തു. ശമ്പളം കൂടുതൽ കണ്ട അദ്ദേഹം ആശ്ചര്യത്തോടെ ചോദിച്ചു.

'എന്താണ് ഇത്രയധികം ശമ്പളം? ഇത് ഒരു മാസത്തെ ശമ്പളം പൂർണ്ണമായും ഉണ്ടല്ലോ? ഞാൻ ഏതാനും ദിവസങ്ങളല്ലേ ഈ മാസത്തിൽ ജോലി ചെയ്തിട്ടുള്ളൂ. ഞാൻ ജോലി ചെയ്ത ദിവസത്തെ ശമ്പളം മാത്രം മതി എനിക്ക്'.

ശേഷം അദ്ദേഹം ജോലി ചെയ്ത ദിവസങ്ങളിലെ ശമ്പളം മാത്രമാണ് സ്വീകരിച്ചത്. എത്ര നിർബന്ധിച്ചിട്ടും അദ്ദേഹം അത് സ്വീകരിക്കാൻ തയ്യാറായില്ല.

വളരെ ബഹുമാനത്തോടെയാണ് അദ്ദേഹത്തെ ജനങ്ങൾ കണ്ടിരുന്നത്. ഒരുപാട് മഹാന്മാർ ജോലി ചെയ്ത പൊന്നാനി പള്ളിയിൽ ജനങ്ങൾ ഇത്രയധികം ബഹുമാനം കൽപ്പിച്ച ആളുകൾ വിരളമായിരുന്നു. കാരണം അത്രയേറെ സൂക്ഷ്മതയിലായിരുന്നു മഹാനവർകളുടെ ജീവിതം. അകത്തെ പള്ളിയുടെ വടക്ക് ഭാഗത്തിരുന്നാണ് അദ്ദേഹം ദർസ് നടത്തിയിരുന്നത്.

വലിയവരായ നാട്ടുകാർ അദ്ദേഹത്തിൽ നിന്ന് കിതാബുകൾ ഓതിപ്പഠിച്ചിരുന്നു. എന്ത് സംശയം

ചോദിച്ചാലും അത് വ്യക്തമാക്കിത്തരുമായിരുന്നു. ഒരിക്കൽ പൊന്നാനിയിലെ തഖ്‌വ മസ്ജിദിന്റെ പുനർനിർമാണാർത്ഥം പുതുപൊന്നാനി മുനമ്പത്ത് ബീവിയുടെ മഖ്ബറയുടെ വകയായി 5000 രൂപ ലഭിച്ചു. പക്ഷെ ഉസ്താദ് അത് സ്വീകരിക്കാൻ സമ്മതിച്ചില്ല. മുനമ്പത്ത് ബീവിയുടെ മഖ്ബറയെ സംബന്ധിച്ച് വ്യക്തമായ ദലീലില്ല. അതിനാൽ ആ പണം പള്ളിക്കു വേണ്ടാ എന്നാണ് അദ്ദേഹം കാരണം പറഞ്ഞത്.

രക്തം പുരണ്ട ചിറ്റ്

ബാവ ഹാജി മംഗലാപുരം

കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ ജ്വലിക്കുന്ന ഓർമയാണ്. ആ ധന്യജീവിതം പകർത്താൻ ഞാനശക്ത നാണ്. കേവലമൊരു പണ്ഡിതനായിരുന്നില്ല അദ്ദേഹം. ചുരുങ്ങിയ വർഷങ്ങൾ കൊണ്ട് അറിവിന്റെ സമസ്ത മേഖലകളിലും വൈവിധ്യമാർന്ന വിപ്ലവമാണ് അദ്ദേഹം ഞങ്ങളുടെ നാട്ടിൽ സൃഷ്ടിച്ചത്. ഇല്ലായ്മയിൽ നിന്ന് എല്ലാമുള്ള ഒരവസ്ഥയിലേക്ക് ഞങ്ങളുടെ നാടിനെ അദ്ദേഹം പിടിച്ചുയർത്തി. വളരെ കർക്കശ ചുറ്റുപാടിലാണ് തന്റെ മുത അല്ലിമുകളെ അദ്ദേഹം വാർത്തെടുത്തത്. അതു കൊണ്ടു തന്നെ അദ്ദേഹത്തിൽ നിന്ന് ഓതിപ്പഠിച്ച എല്ലാ ശിഷ്യന്മാരും ഉഖ്റവിയായ പണ്ഡിതന്മാരുടെ ലക്ഷണങ്ങൾ ഒത്തിണ ങ്ങിയവരായിരുന്നു.

ഇന്നും മംഗലാപുരത്തുകാരുടെ നാവിൻതുമ്പിൽ തത്തിക്കളിക്കുന്ന ഒരു കവിതാ ശകലമുണ്ട്.

'ഇന്നലില്ലാഹി ഇബാദൻ ഫുത്വനാ
ത്വല്ലഖു ദ്ദുൻയാ വഖാഫുൽ ഫിതനാ...'

നാൽപ്പത്തിയഞ്ച് വർഷങ്ങൾക്കപ്പുറം ഉസ്താദ് ഒരു വഅ്ളിന്റെ സദസ്സിൽ പാടിയ ഈ ഈരടികൾ ജനഹൃദയ ത്തിൽ ഇന്നും അവശേഷിക്കുന്നു. അത്രയേറെ ഹൃദ്യവും വശ്യവുമായിരുന്നു അദ്ദേഹത്തിന്റെ പ്രഭാഷണം.

"അൽ മദ്റസത്തുൽ അസ്ഹരിയ്യ" ഈ നാമം കേൾ

ക്കുമ്പോൾ കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ മംഗലാപുരത്തു കാരുടെ മനോമുകുരത്തിലേക്ക് ഓടിയെത്തുന്നു. കാരണം അദ്ദേഹത്തിന്റെ ഇഖ്‌ലാസിന്റെയും അർപ്പണ ബോധത്തിന്റെയും അനന്തര ഫലമാണ് 'അൽമദ്റസത്തുൽ അസ്ഹരിയ്യ'.

1958 കുറ്റിപ്പുറം ഉസ്താദ് മംഗലാപുരത്ത് ദർസ് നടത്തുന്ന കാലം. "അന്ന് ജമാഅത്ത് ഖാന" എന്ന് ഞങ്ങൾ പറയുന്ന പള്ളിയുടെ ഒരു ചെരുവിൽ വെച്ചാണ് ഉസ്താദ് ദർസ് നടത്തിയിരുന്നത്. ദീനീപരിജ്ഞാനം പകർന്നു കൊടുക്കാൻ നല്ലൊരു സ്ഥാപനം ഞങ്ങളുടെ അഭിലാഷമായിരുന്നു. പക്ഷെ അതിനുള്ള സാമ്പത്തിക ശേഷിയില്ലായിരുന്നു. പുറത്തുപോയി പിരിവ് നടത്തി. വെറും 800 രൂപ മാത്രമാണ് അന്ന് പിരിഞ്ഞ് കിട്ടിയത്. അതു കൊണ്ട് തന്നെ ഞങ്ങൾ ആ ആഗ്രഹം തൽക്കാലം മാറ്റിവെച്ചു.

വിഷയം ഉസ്താദിന്റെ ചെവിയിലെത്തി. അദ്ദേഹം പറഞ്ഞു:

"നിങ്ങളൊരിക്കലും ഈ സദുദ്യമത്തിൽ നിന്ന് പിന്തിരിയരുത്. നിങ്ങളുടെ കൂടെ ഞാനും വരാം. ധൈര്യമായി മുന്നോട്ട് നീങ്ങുക".

ഉസ്താദ് ഞങ്ങൾക്ക് ധൈര്യം പകർന്നു. പക്ഷെ നാട്ടു പ്രമാണിമാർ പലരും പിറുപിറുത്തു. ഇതു നടക്കാൻ പോകുന്ന കാര്യമല്ല. കാരണം ലക്ഷങ്ങൾ ചെലവഴിക്കേണ്ട ഒരു കാര്യമാണ്.

'ഒരു ലക്ഷം എത്ര നൂറ് ആണെന്ന് മൊയ്ല്യാർക്ക് അറിയോ?' ചിലർ പരിഹസിച്ചു. എങ്കിലും ഉസ്താദിൽ പ്രതീക്ഷയർപ്പിച്ച് ചിലർ മുന്നോട്ട് നീങ്ങാൻ തന്നെ തീരുമാനിച്ചു. മദ്റസക്കു വേണ്ട സ്ഥലം തലശ്ശേരിയിൽ ഒരു കേയിയോട് ചോദിച്ചെങ്കിലും അദ്ദേഹം വിൽക്കാൻ തയ്യാറായില്ല. ഉസ്താദ് പറഞ്ഞു. 'വരൂ നമുക്ക് അദ്ദേഹത്തോട് പോയി സംസാരിക്കാം. ഇരുപത്തി അയ്യായിരം രൂപ നിങ്ങൾ കയ്യിൽ വെക്കുക. സ്ഥലം കച്ചവടമുറപ്പിക്കുകയാണെങ്കിൽ നമുക്ക് അഡ്വാൻസ് കൊടുക്കേണ്ടി വരും'.

അങ്ങനെ ഉസ്താദ് ബി.എം അഹമ്മദ് ഹാജി(എന്റെ ഉപ്പ),

അബ്ദുറസാഖ് ഹാജി ദാദാസേട്ട്, അബ്ദുറഹ്മാൻ എന്ന ദർബാർ ഹാജി, പി.എം അബൂബക്കർ എന്നിവരടങ്ങുന്ന ഒരു സംഘം കേയിയെ സമീപിച്ചു.
ഞങ്ങളുടെ ആവശ്യം അദ്ദേഹത്തെ അറിയിച്ചു. അദ്ദേഹം പറഞ്ഞു:
'എനിക്കിപ്പോൾ ആ സ്ഥലം വിൽക്കേണ്ട യാതൊരു ആവശ്യവുമില്ല. ആ സ്ഥലത്തിനിപ്പോൾ മൂന്ന് ലക്ഷമാണ് വില. നിങ്ങൾക്ക് അത്യാവശ്യമെങ്കിൽ അഞ്ച് ലക്ഷം തന്നാൽ തരാം. ഒന്നും കുറക്കില്ല'.
പ്രതീക്ഷകളെല്ലാം ചീട്ടുകൊട്ടാരം പോലെ തകർന്നതായി തോന്നി. പക്ഷെ ഉസ്താദ് അപ്പോഴും എന്തോ പ്രതീക്ഷയിലായിരുന്നു.
ഉസ്താദ് കേയിയുമായി സംസാരിച്ചു.
ഇൽമിന്റെയും സ്വദഖയുടെയും കാര്യങ്ങൾ ഒരു മണിക്കൂർ അദ്ദേഹത്തെ ഉപദേശിച്ചു. എല്ലാം സശ്രദ്ധം ശ്രവിച്ച ശേഷം അദ്ദേഹം പറഞ്ഞു.
'ഞാൻ എന്റെ ആ സ്ഥലം വിൽക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. എങ്കിലും ലക്ഷങ്ങൾ വിലയുള്ള എന്റെ ആ സ്ഥലം നിങ്ങൾക്ക് മദ്രസ്സ സ്ഥാപിക്കാൻ വേണ്ടി ഹദ്‌യ ചെയ്തിരിക്കുന്നു'.

അൽഹംദുലില്ലാഹ്! വലിയ ആശ്വാസം. എങ്കിലും ഇനിയും കടമ്പകളേറെ. കെട്ടിട നിർമ്മാണത്തിനുള്ള ഭാരിച്ച സംഖ്യ എങ്ങനെ സ്വരൂപിക്കും. ഉസ്താദ് അതിനും പരിഹാരം നിർദേശിച്ചു.
'ഞാൻ വഅള് പറയാം. അതിൽ നിന്ന് കിട്ടുന്ന പൈസ മദ്റസക്ക് വേണ്ടി ചെലവഴിക്കാം'.
അങ്ങനെ ഞങ്ങളുടെ നാട്ടിൽ അതിന് വേണ്ടി ഒരു നിശാ പ്രഭാഷണ പരമ്പര ആരംഭിച്ചു. രാത്രി ദർസ് കഴിഞ്ഞതിനു ശേഷം പത്തര മുതൽ ഒരുമണി വരെയായിരുന്നു വഅള്. നാൽപ്പത് ദിവസം തുടർച്ചയായി ഉസ്താദ് വഅള് പറഞ്ഞു. അത്ഭുതകരമായിരുന്നു അത്. അതിലേറെ ആവേശവും. കാരണം നാൽപ്പത് ദിവസവും വഅള് പറഞ്ഞത് ഒരു ഹദീസ്

കൊണ്ടായിരുന്നു.
“മൻ യുരിദില്ലാഹു ബിഹി ഖൈറൻ യുഫഖിഹ്ഹു ഫിദ്ദീൻ” ഇതിൽ 20 ദിവസം ഖൈറിനെ സംബന്ധിച്ചും 20ദിവസം ഫിഖ്ഹ് എന്നതിനെ സംബന്ധിച്ചും വിശദീകരിച്ചു. ഒരു മണിക്ക് വഅള് കഴിഞ്ഞാൽ മൂന്ന് മണി വരെ ലേലമായിരുന്നു. വഅളിനിടയിൽ ബക്കറ്റ് പിരിവും നടന്നിരുന്നു. സ്ത്രീകളിൽ നിന്ന് സംഭാവന സ്വീകരിക്കാൻ എന്നെയാണ് ചുമതലപ്പെടുത്തിയിരുന്നത്. എനിക്ക് പ്രായം ഒമ്പതായിരുന്നു.

ഒരു ദിവസം പതിവ് പോലെ സ്ത്രീകൾക്കിടയിൽ പിരിവ് നടത്തി ബക്കറ്റുമായി ഉസ്താദിന്റെ അടുക്കൽ വന്നു. ബക്കറ്റിലുള്ള പൈസയും മറ്റും പരിശോധിക്കുന്നതിനിടയിൽ ഒരു കാര്യം ഉസ്താദിന്റെ ശ്രദ്ധയിൽ പെട്ടു. ബക്കറ്റിൽ രക്തത്തിന്റെ പാടുകൾ. ഉസ്താദിന്റെ വഅളിൽ ആവേശം പൂണ്ട ഒരു സ്ത്രീ തന്റെ കയ്യിൽ സംഭാവന ഒന്നും കൊടുക്കാനില്ലാതെ വന്നപ്പോൾ തന്റെ മുന്നിലെ ബക്കറ്റിലേക്ക് പെട്ടന്ന് കാതിലുള്ള ചിറ്റ് (അലിക്കത്ത്) ഊരി ഇട്ടിരിക്കുന്നു. പെട്ടന്ന് വലിച്ചൂരിയതിനാൽ ചെവി പൊട്ടിയതു മൂലമുള്ള ചോരയായിരുന്നു ബക്കറ്റിൽ. ഇത് കണ്ട ഉസ്താദ് എഴുന്നേറ്റ് വികാരഭരിതനായി പറഞ്ഞു:
‘അടുത്ത വർഷം പരിശുദ്ധ ഹജ്ജിന് പുറപ്പെടാൻ ഞാൻ ഉദ്ദേശിക്കുന്നു. നിങ്ങളെല്ലാവരും അതിന് വേണ്ടി ദുആ ചെയ്യണം. അവിടെ മഹാനായ പ്രവാചകന്റെ അടുക്കൽ ചെന്ന് ഞാൻ പറയും: ‘യാ റസൂലല്ലാഹ് അങ്ങയുടെ സ്വൂറത്തും (രൂപം) സീറത്തും (ചരിത്രം) നേരിൽ കണ്ട് സ്വഹാബാക്കൾ വിശ്വസിച്ചു. പരിശുദ്ധ ദീനിന് വേണ്ടി അവർ അവരുടെ സമ്പത്തും ശരീരവും രക്തവും നൽകി. എന്നാൽ അങ്ങകലെ മംഗലാപുരത്തുകാരി ഒരു സ്ത്രീ അങ്ങയെ കാണാതെ പരിശുദ്ധ ദീനിനു വേണ്ടി അവളുടെ രക്തം നൽകിയിരിക്കുന്നു. നീ സ്വീകരിക്കണേ നാഥാ’.

തുടർന്നുള്ള ദിവസങ്ങളിൽ സ്വർണ്ണങ്ങളുടെ പ്രവാഹമായിരുന്നു. നാൽപത് ദിവസത്തെ വഅള് അവസാനിക്കുമ്പോൾ 80000 രൂപ പിരിഞ്ഞു കിട്ടിയിരുന്നു. പരിഹസിച്ചവർ

വരെ മൂക്കത്ത് വിരൽ വെച്ചു. മഹാനായ ഖുത്വുബിയുടെ അദ്ധ്യക്ഷതയിൽ കുറ്റിപ്പുറം ഉസ്താദ് തന്നെ പ്രസ്തുത മദ്റസ ഉദ്ഘാടനം ചെയ്തു. അന്നും പ്രസംഗത്തിന് എഴുന്നേറ്റപ്പോൾ ഞങ്ങൾ പ്രതീക്ഷിച്ചു ഇന്ന് എന്തായിരിക്കും പ്രസംഗിക്കുക. ഉസ്താദ് പ്രസംഗം ആരംഭിച്ചു.

'ബിസ്മില്ലാഹ് അൽഹംദുലില്ലാഹ്.

മൻ യുരിദില്ലാഹു ബിഹിഖൈറൻ....'

അതെ 41 ദിവസം ഒരേ ഹദീസ് കൊണ്ട് ശ്രോതാക്കളെ പിടിച്ചിരുത്തിയ ഉജ്ജ്വല വാഗ്മി. കൂടുതൽ പേർക്കും അവകാശപ്പെടാനില്ലാത്ത ഒരപൂർവ്വ ബഹുമതി.

മംഗലാപുരത്ത് നിന്ന് അദ്ദേഹം പിരിഞ്ഞതിനു ശേഷവും എല്ലാ ശഅ്ബാനിലും വരികയും എന്റെ വീട്ടിൽ താമസിക്കുകയും ചെയ്യുമായിരുന്നു. അദ്ദേഹം വഫാത്താകുന്നതിന് ദിനങ്ങൾക്ക് മുമ്പ് അളിയൻ ഉഞ്ഞു ഹാജി അവിടെ പോയിരുന്നു. ഞങ്ങളെയെല്ലാം കാണാൻ ആഗ്രഹം പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കുടുംബസമേതം ഞങ്ങൾ പോയി. അനിയന്റെ വീട്ടിലെ കല്ല്യാണത്തിന് മൂന്ന് ദിവസം മുമ്പാണ് മഹാനവർകളുടെ വഫാത്ത് സംഭവിച്ചത്. എന്നിട്ടും ആ തിരക്കിനിടയിലും ആ വിവരം അറിയിച്ചപ്പോൾ ഞങ്ങളെല്ലാം പോയി. ജനാസ നിസ്കാരത്തിലും ശേഷക്രിയകളിലും പങ്കെടുക്കുകയും ചെയ്ത ശേഷമാണ് തിരിച്ചുപോന്നത്.

നിസ്വാർത്ഥതയുടെ പ്രതീകം

ഉഞ്ഞു ഹാജി മംഗലാപുരം

കാഴ്ച നഷ്ടപ്പെടുമ്പോഴാണ് കണ്ണിന്റെ വിലയറിയുക യെന്ന പഴമൊഴി യാഥാർത്ഥ്യമാക്കുന്നതായിരുന്നു കുറ്റിപ്പുറം ഉസ്താദിന്റെ വേർപാട്. എല്ലാ വിഷയങ്ങളും ചർച്ച ചെയ്യാൻ ഇടക്കിടെ സന്ധിക്കുക എന്നത് മംഗലാപുരത്തുകാരായ എന്റെയും അളിയന്മാരായ ബാവ ഹാജിയുടേയും ഹമീദ് ഹാജിയുടെയും പതിവായിരുന്നു. നാൽപ്പത് വർഷങ്ങൾക്ക് മുമ്പ് ഞങ്ങളുടെ നാട്ടിൽ ദീനീസേവനത്തിന് വരികയും അന്നു വരെ ആരും ചെയ്യാത്തതും അതിനു ശേഷവും ആർക്കും സാധിക്കാത്തതുമായ വിധത്തിൽ ദീനിവിഷയങ്ങളിലും ദീനീ സ്ഥാപനങ്ങളുടെ വിഷയങ്ങളിലും നിരവധി വിപ്ലവാത്മക പ്രവർത്തനങ്ങൾ കാഴ്ചവെക്കുകയും ചെയ്ത മഹാനായിരുന്നു കുറ്റിപ്പുറം ഉസ്താദ്. കുറ്റിപ്പുറം എന്ന് കേൾക്കുമ്പോൾ തന്നെ നമ്മുടെ മനസ്സിലേക്ക് ഓടിയെത്തുക മംഗലാപുരത്തിന്റെ തിരുനെറ്റിയിൽ തല ഉയർത്തി നിൽക്കുന്ന അൽ മദ്റസത്തുൽ അസ്ഹരിയ്യയാണ്. മഹാനവർകളുടെ നിസ്വാർത്ഥ സേവനത്തിന്റെയും ഇഖ്ലാസിന്റെയും പ്രതീകമാണ് പ്രസ്തുത സ്ഥാപനം. ആ സ്ഥാപനത്തിന്റെ ഒരു പിടി ഓർമ്മകൾ മാത്രം ബാക്കിയാക്കിയാണ് അദ്ദേഹം നാഥന്റെ സമീപത്തേക്ക് പറന്നകന്നത്.

കനലെരിയുന്ന ഓർമകൾ

അബ്ദുൽ അസീസ് ഹാജി മംഗലാപുരം

ഏകദേശം നാൽപത് വർഷങ്ങൾക്ക് മുമ്പാണ് കേരളത്തിലെ മലപ്പുറം ജില്ലയിൽ നിന്ന് കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ ദീനീ സേവനവുമായി മംഗലാപുരത്തെത്തുന്നത്. യുവ പണ്ഡിതൻ, വിനയാന്വിതനെങ്കിലും ദീനി വിഷയങ്ങളിൽ ഗൗരവം സ്ഫുരിക്കുന്ന സ്വഭാവം. നിസ്തുല വ്യക്തിത്വം.

മരിക്കുന്നതിന് രണ്ടു മാസം മുമ്പ് വരെ മഹാനവർകളെ ചെന്നുകണ്ട് മണിക്കൂറുകളോളം സംസാരിച്ചു. അവസാനമായി ചെന്ന സമയത്ത് അസർ മുതൽ മഗ്‌രിബ് വരെ സംസാരിച്ചു. രാത്രി ഭക്ഷണം കഴിച്ചതിന് ശേഷമാണ് അന്ന് യാത്ര തിരിച്ചത്. ഹൃദയത്തിൽ തറഞ്ഞു പതിക്കുന്നതായിരുന്നു മഹാനവർകളുടെ സംസാരമെല്ലാം. കുടുംബ പ്രശ്നം, കച്ചവടക്കാര്യം തുടങ്ങി എല്ലാ വിഷമങ്ങളും മഹാനവർകളോട് ചർച്ച ചെയ്യും. മാനസിക വിഷമങ്ങൾ പറയുമ്പോൾ അദ്ദേഹം ആശ്വസിപ്പിക്കും. എന്തെങ്കിലും ദിക്റുകൾ പറഞ്ഞുതരും. ദിവസവും ആ ദിക്റുകൾ പതിവാക്കുമ്പോൾ മനോവിഷമം ഇല്ലാതെയാകും. അതെല്ലാം ഇനി ഓർമകൾ മാത്രം.

ഉസ്താദ് പകർന്ന അമൂല്യ അറിവുകൾ

ഡോ: അബൂസ്വാലിഹ് പയ്യന്നൂർ

അഫ്ളലുദിക്ർ: ഏറ്റവും ഉത്തമമായ ഇലാഹീ സ്മരണ തഹ്ലീലാണോ എന്നതിൽ അഭിപ്രായാന്തരമുണ്ട്. നമ്മുടെ വീക്ഷണം ഖുർആൻ പാരായണമാണെന്നാണ്. സൂറ: യാസീൻ,മുൽക്ക്,വാഖിഅ,സജദ എന്നിവ ദിവസവും പാരായണം ചെയ്യണം. കൂടാതെ ചുരുങ്ങിയത് 1/4 ജുസുഉം.

ദലാഇലുൽ ഖൈറാത്ത്: സ്വലാത്ത് പതിവാക്കൽ റസൂൽ(സ)യോടുള്ള മഹബ്ബത്തിനെ കാണിക്കുന്നു. ഏതു സ്വലാത്തും പതിവാക്കാം. എങ്കിലും 'ദലാഇലുൽ ഖൈറാത്ത്' എന്ന സ്വലാത്ത് സമാഹരണത്തിന് പ്രത്യേക സ്ഥാനമുണ്ട്. ഐഹികവും പാരത്രികവുമായ എല്ലാ കാര്യങ്ങൾക്കുമുള്ള പ്രാർത്ഥനകൾ ഇതുൾക്കൊള്ളുന്നു എന്നതാണത്.

ദിക്ർ: ചീത്ത വിചാരങ്ങളെ തൊട്ട് ദിക്ർ നമ്മെ തടയും. തഹ്ലീലോ, 'അല്ലാഹു' എന്ന പദം മാത്രമായോ പതിവാക്കാം.

ശരീഅത്തും ത്വരീഖത്തും: ശരീഅത്തിനെ അവഗണിച്ചു കൊണ്ടുള്ള ഒരു ത്വരീഖത്തും സ്വീകാര്യമല്ല. നിസ്കാരം തുടങ്ങിയ ഫർളായ അമലുകൾ സൂഫികളായാലും പരസ്യമായി ചെയ്യുന്നത് തെറ്റിദ്ധാരണ ഒഴിവാക്കാൻ സഹായിക്കും. ത്വരീഖത്ത് പിന്തുടരൽ വാജിബല്ല.

ഇൽമും മഅ്രിഫത്തും: ഇൽമിനോടൊപ്പം കശ്ഫും മഅ്രിഫത്തും നല്കപ്പെടാത്ത പണ്ഡിതന്മാർ ദരിദ്ര്യരാണ്.

മതപ്രസംഗം: ഇക്കാലത്തെ മതപ്രസംഗകർ ആവശ്യമില്ലാത്ത കാര്യങ്ങൾ ചർച്ചചെയ്തു സമയം കളയുന്നത് ഖേദ

കരമാണ്. മുൻകാലങ്ങളിൽ തുടർച്ചയായ വഅളുകളായിരുന്നു നടന്നിരുന്നത്. ഈമാൻ കൊണ്ട് ആരംഭിക്കുകയും മരണം കൊണ്ടവസാനിപ്പിക്കുകയും ചെയ്യും. അല്ലാഹുവിന്റെ വാജിബും മുസ്തഹീലും ജാഇസുമായ സ്വിഫത്തുകൾ വിവരിക്കപ്പെടുമ്പോൾ അവൻ തശ്ബീഹിനെ തൊട്ട് പരിശുദ്ധനാണെന്ന് കേൾവിക്കാരോട് പ്രത്യേക ഖണ്ഡനം വേണ്ടിവരില്ല. അതുപോലെ മറ്റു ഈമാൻ കാര്യങ്ങളും. ഫിഖ്ഹിലാവട്ടെ ഗുപ്തമായ മസ്അലകളും ചർച്ച ചെയ്യപ്പെടുമായിരുന്നു. അത്തരം മസ്അലകൾ റസൂൽ(സ)യോട് ചോദിക്കാൻ സ്വഹാബീ വനിതകൾ മടിച്ചിരുന്നില്ല. ഖുർആനും ഹദീസും ഉദ്ധരിച്ചുകൊണ്ടുള്ള ശരിയായ 'വഅള്' ഭാഷണത്തിന് ആലിമല്ലാത്തവർ അർഹരല്ല എന്ന് മനസ്സിലാക്കണം.

പർദ: സ്ത്രീകളെ സംബന്ധിച്ചിടത്തോളം പർദ്ദാനുഷ്ഠാനം വാജിബാണ്. മുഖവും മുൻകൈയും മറച്ചു കൊണ്ടുള്ള പരിപൂർണ്ണ പർദ്ദാനുഷ്ഠാനം തന്നെ വേണമെന്നതാണ് പ്രബലം. മുഖം തുറന്നിട്ട് നടക്കുന്ന സ്ത്രീകൾ മാത്രമല്ല, അവരെ വീക്ഷിക്കുന്ന പുരുഷന്മാരും കുറ്റം ചെയ്യുന്നവരാണ്. പാപങ്ങളെ തൊട്ട് സൂക്ഷിക്കൽ വാജിബാണ്. പാപങ്ങളിൽ നിരതനാവൽ ചിലപ്പോൾ കുഫ്റിലേക്കെത്തിച്ചെന്നു വരാം. (നിഷേധം മൂലം).

മികച്ച പ്രഭാഷകൻ

കുഞ്ഞാലൻകുട്ടി ഹാജി പരപ്പനങ്ങാടി

മംഗലാപുരത്തെ ദർസ് നിർത്തിയ ശേഷമാണ് ഉസ്താദ് ഇവിടെ പനയത്തിൽ പള്ളിയിലേക്ക് വരുന്നത്. അന്നൊരു പെരുന്നാളിന് ചോറും കഴിച്ച് ഞാനും എന്റെ ജ്യേഷ്ഠനും കൂടിയാണ് ഉസ്താദിനെ ക്ഷണിക്കാൻ പോയതെന്ന് ഇപ്പോഴും ഓർക്കുന്നു. പനയത്തിൽ പള്ളിയിലെ ഉസ്താദിന്റെ ദർസ് ഉന്നതമായിരുന്നു. ഞാൻ അദ്ദേഹത്തിൽ നിന്നു കുറച്ചൊക്കെ ഓതാൻ കഴിഞ്ഞത് വലിയ ഭാഗ്യമായി കരുതുന്നു. കാടേരി അബ്ദുൽ കമാൽ മുഹമ്മദ് മുസ്‌ലിയാർ ഇവിടെ ദർസ് നടത്തിയിരുന്നപ്പോൾ അബ്ദുല്ല ഉസ്താദ് വിദ്യാർത്ഥിയായിരുന്നു. പിന്നെ ഉസ്താദ് മുദരിസ്സായും ഇവിടെ സേവനമനുഷ്ഠിച്ചു. പള്ളിയുടെ അടുത്തായി കോടതിക്ക് സമീപം എനിക്കൊരു തുണിക്കടയുണ്ടായിരുന്നു. വീട്ടിലേക്കുള്ള സാധനങ്ങൾ വാങ്ങാൻ ഉസ്താദ് അവിടെ വരും. അങ്ങിനെയാണ് ഞങ്ങൾ തമ്മിലുള്ള ബന്ധം കൂടുതൽ അടുക്കുന്നത്. പിന്നെ അഞ്ച് വഖ്തിലും ജമാഅത്തിന് പള്ളിയിൽ പോകുമ്പോഴും ഉസ്താദുമായി ബന്ധപ്പെടാൻ അവസരം ലഭിച്ചത് ഞങ്ങൾ തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമാക്കി.

ഞങ്ങളുടെ കുടുംബവും ഉസ്താദിന്റെ കുടുംബവും തമ്മിൽ നല്ല ബന്ധമായിരുന്നു. എന്റെ മക്കളൊക്കെ ഉസ്താദിന്റെയടുത്ത് ഓതിയിട്ടുണ്ട്. വീട്ടിലെ ഏതൊരു വിഷയവും ഞാൻ ഉസ്താദുമായി ആലോചിച്ചിട്ടേ

ചെയ്യാറുണ്ടായിരുന്നുള്ളൂ. പനയത്തിൽ ദർസ് നടത്തുമ്പോഴും ജനങ്ങളുമായി കൂടുതൽ അടുത്ത ബന്ധമൊന്നും ഉസ്താദിനില്ലായിരുന്നു. എല്ലാവരോടും എപ്പോഴും ബന്ധപ്പെട്ടുക്കൊണ്ടിരിക്കുന്ന പ്രകൃതക്കാരനായിരുന്നില്ല ഉസ്താദ്. ദർസിലായിരുന്നു ഉസ്താദിന്റെ പരിപൂർണ്ണ ശ്രദ്ധ. എന്നാലും ഉസ്താദുമായി ബന്ധപ്പെട്ടവരൊക്കെ ഒന്നു രണ്ട് മാസം കൂടുമ്പോൾ സ്ഥിരമായി സന്ദർശനം നടത്താറുണ്ട്. മികച്ച വാഇളായിരുന്നു ഉസ്താദ്. റമളാനിൽ പനയത്തിൽ പള്ളിയിൽ സുദീർഘമായ വഅളുകൾ പറയാറുണ്ടായിരുന്നു. പഠിക്കാനും ചിന്തിക്കാനുമുതകുന്നവയായിരുന്നു ആ വഅ്ളുകൾ.

വാക്കിലെ ഉറപ്പ്

സൈദു മുഹമ്മദ് കോയ മുസ്‌ലിയാർ
അമീനി ദ്വീപ്

മംഗലാപുരം അൽമദ്റസത്തുൽ അസ്ഹരിയ്യയുടെ ഉദ്ഘാടന വേദിയാണ് രംഗം. പല പ്രമുഖ പണ്ഡിതരും സാദാത്തീങ്ങളും ഒരുമിച്ചു കൂടിയ സദസ്സ്. വന്ദ്യരായ കുറ്റിപ്പുറം ഉസ്താദ് ആ വേദിയിലേക്ക് എന്നെയും ക്ഷണിച്ചു. പ്രസംഗ രംഗത്ത് പരിചയക്കുറവുള്ള എനിക്ക് ഈ പണ്ഡിത സാന്നിദ്ധ്യം കൂടിയായപ്പോൾ പ്രസംഗത്തിൽ ഇടക്കിടെ പിഴവുകൾ വന്ന് കൊണ്ടിരുന്നു. എങ്കിലും പരിമിതമായ അറിവനുസരിച്ച് ഏതാനും കാര്യങ്ങൾ പ്രസംഗിച്ച് സംസാരം നിർത്തി. ഉടനെ അബ്ദുള്ള മുസ്‌ലിയാർ എന്നെ അരികിലേക്ക് വിളിക്കുകയും പ്രസംഗത്തിൽ വന്ന പിഴവുകൾ ചൂണ്ടിക്കാണിക്കുകയും ചെയ്തശേഷം പറഞ്ഞു:
'ഇനി മുതൽ നന്നായി സംസാരിച്ചോളൂ'.

അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹം കൊണ്ടും ആ വാക്കിന്റെ ബറക്കത്ത് കൊണ്ടും പിന്നീട് ഒരിക്കലും എന്റെ സംസാരത്തിൽ പിഴവുകൾ സംഭവിച്ചിട്ടില്ല.

മേലേപ്പാട്ടെ കുട്ടീനെ വിളിച്ചാ മതി

അബൂമുഫീദ ബാഖവി എടയൂർ

പഴമയും പാരമ്പര്യവും ഒത്തിണങ്ങിയ കാട്ടിപ്പരുത്തിയിൽ അബ്ദുല്ല മുസ്‌ലിയാർ ഓതിപ്പഠിക്കുന്ന കാലം. ഭക്ഷണത്തിനെല്ലാം വളരെ വിഷമം അനുഭവപ്പെട്ടിരുന്ന കാലമായിരുന്നു അത്. താളും തവരയും ചക്കയും പൂളയും തിന്ന് അവസാനം ഒരൽപ്പം കഞ്ഞി വെള്ളവും കൂടികിട്ടിയാൽ അന്നത്തെ ഭക്ഷണം വളരെ ഉഷാറായി എന്ന് വിശ്വസിച്ചിരുന്ന സന്ദർഭം. എങ്കിലും കാട്ടിപ്പരുത്തിയിലെ ജനങ്ങൾക്ക് ഒരു സ്വഭാവമുണ്ടായിരുന്നു. അവരുടെ എല്ലാ വിഷയങ്ങളിലും മുന്നിട്ടിറങ്ങാൻ അവർക്കൊരു പണ്ഡിതൻ വേണം. അതൊരു മുതഅല്ലിമായാലും മതി. അതുകൊണ്ടുതന്നെ അബ്ദുല്ല മുസ്‌ലിയാർക്ക് കാട്ടിപ്പരുത്തിയിലെ ജീവിതം തിരക്കു പിടിച്ചതായിരുന്നു. കല്യാണത്തിന് പുതിയാപ്ലയുടെ കൂടെ പോകാനും സൽക്കാരത്തിനു പോകുമ്പോഴുമെല്ലാം ആളുകൾ അന്വേഷിച്ചിരുന്നത് അബ്ദുല്ല മുസ്‌ലിയാരെയായിരുന്നു. കാരണം അദ്ദേഹം കാഴ്ചയിൽ നല്ല സുന്ദരൻ കൂടിയാണല്ലോ. അപ്രകാരം വീട്ടിൽ വല്ല വിശേഷങ്ങളുണ്ടെങ്കിലും അന്വേഷണം ചെന്നെത്തുക അബ്ദുല്ല മുസ്‌ലിയാരിലായിരുന്നു. ചക്ക പഴുക്കുന്ന കാലമായാൽ ആദ്യം പഴുക്കുന്ന ചക്ക ഉസ്താദിന് കൊടുത്ത് ദുആ ചെയ്യിപ്പിച്ച ശേഷമേ വീട്ടുകാർ ഭക്ഷിക്കുമായിരുന്നുള്ളൂ. അതുകൊണ്ട് തന്നെ ചക്ക പഴുത്താൽ വീട്ടുകാരൻ ഭാര്യയോട് ചോദിക്കും:

'ചക്ക മുറിക്കേണ്ടേ, ആരെയാ നമ്മൾ വിളിക്കുക'.

ഈ ചോദ്യത്തിനു കാട്ടിപ്പരുത്തിയിലെ സ്ത്രീകൾക്ക് ഒറ്റ മറുപടിയേ പറയാനുണ്ടായിരുന്നുള്ളൂ.
'മേലേപ്പാട്ടെ മോലേര്ട്ടീനെ വിളിച്ചാൽ മതി'.

അതെ, മേലേപ്പാട്ടെ ബാപ്പുട്ടി ഹാജിയുടെ വീട്ടിലായിരുന്നു വന്ദ്യരായ അബ്ദുല്ല മുസ്‌ലിയാർക്ക് ഭക്ഷണം. അതെല്ലാവർക്കും അറിയാം. അതുകൊണ്ട് തന്നെ എല്ലാവരും രണ്ടാമതൊന്ന് ആലോചിക്കാതെ പറയും മേലേപ്പാട്ടെ കുട്ടിയുടെ കാര്യം.

മാതൃകാ രോഗി

ഡോ: തോമസ് മാത്യൂ എം.ഡി, ഡി.എം
(റിട്ട. പ്രഫസർ & ഹെഡ് ഓഫ് നെഫ്രോളജി ആൻഡ് സൂപ്രണ്ട് മെഡിക്കൽ കോളേജ്, കോഴിക്കോട്)

പതിനഞ്ചു വർഷത്തെ പരിചയമുള്ളവരാണ് ഞാനും മുസ്‌ലിയാരും. അദ്ദേഹത്തിനു ഹൃദയ സംബന്ധമായും വൃക്ക രോഗ സംബന്ധമായും പ്രമേഹം മൂലവും ചില അസ്വാസ്ഥ്യങ്ങൾ ഉണ്ടായിരുന്നു. അതിനുവേണ്ടിയുള്ള ചികിത്സക്കായിരുന്നു എന്നെ സമീപിച്ചിരുന്നത്.

എന്റെയടുക്കൽ ചികിത്സ ആരംഭിച്ചതു മുതൽ ഏറ്റവും കൃത്യനിഷ്ഠതയോടെ മരുന്നുകൾ കഴിക്കുകയും ചെക്കപ്പിനു നിർദ്ദേശിക്കുന്ന ദിവസം യാതൊരു തടസ്സവും കൂടാതെ കൃത്യസമയത്ത് എത്തി സന്തോഷത്തോടെ തന്റെ രോഗ വിവരങ്ങൾ പറഞ്ഞിരുന്ന ഒരു മാതൃകാ രോഗിയായിരുന്നു മുസ്‌ലിയാർ. ഓരോ പ്രാവശ്യം അദ്ദേഹത്തെ കാണുമ്പോഴും നല്ല സ്നേഹമായിരുന്നു പ്രകടിപ്പിച്ചിരുന്നത്. ഡോക്ടറോടുള്ള ബഹുമാനവും അതിലുപരി ദൈവത്തിലുള്ള വിശ്വാസവും രോഗം മാറിക്കിട്ടാൻ ദൈവവും ഡോക്ടറും മരുന്നും ഒരുമിച്ചു പ്രവർത്തിക്കണമെന്നുള്ള ആഴമേറിയ വിശ്വാസവും അദ്ദേഹത്തിൽ കണ്ടിരുന്നു. ഓരോ പ്രാവശ്യവും പരിശോധനക്കു വരുമ്പോഴും രോഗവിവരം വീണ്ടും വീണ്ടും പറഞ്ഞു തരുവാനും പരിപൂർണ്ണ ദേഹ പരിശോധനക്ക് തന്നെ വിധേയനാക്കുവാനും അദ്ദേഹം സന്നദ്ധനായിരുന്നു. തന്റെ പരിശുദ്ധ

മായ ദൈവ ഭക്തിക്കും ദിനചര്യകൾക്കും യാതൊരു മാറ്റവും വരാതെ, അതേ സമയം മരുന്നുകളും ഭക്ഷണ ക്രമങ്ങളും ഡോക്ടറുടെ മറ്റു നിർദ്ദേശങ്ങളും മുറ തെറ്റാതെ തുടർന്നു കൊണ്ടുപോയ ഒരു മഹദ്‌വ്യക്തിയാണ് മുസ്‌ലിയാർ. കാര്യമായ രോഗങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നെങ്കിലും അവ തന്നെ അടിമപ്പെടുത്തുവാൻ അദ്ദേഹം സമ്മതിച്ചിരുന്നില്ല. സുസ്മേരവദനനായി തന്റെ ശാരീരിക പ്രശ്നങ്ങൾ ശരിയായി ചോദിച്ചു മനസ്സിലാക്കുകയും അതിനനുസരിച്ചു ജീവിതശൈലി ക്രമീകരിക്കുകയും ചെയ്തിരുന്നതായി ഞാൻ മനസ്സിലാക്കി.

വർഷങ്ങൾക്കു ശേഷം മറ്റു അസുഖങ്ങൾക്കു പുറമെ കാൻസർ രോഗവും അദ്ദേഹത്തെ പിടികൂടി. ഡോക്ടറിലും മരുന്നിലും ദൈവത്തിലുമുള്ള വിശ്വാസം കൊണ്ട് ധൈര്യത്തോടെ ഒരു മാരക രോഗത്തെ നേരിടാൻ അദ്ദേഹത്തിനു സാധിച്ചു. നിരാശപ്പെട്ട് പോകാതെ ഡോക്ടർമാരാലും തന്നാലും കുടുംബാംഗങ്ങൾ, സ്നേഹിതന്മാർ എന്നിവരിൽ നിന്നെല്ലാം ലഭിക്കാവുന്ന നിർദ്ദേശങ്ങളും ചികിത്സയും അദ്ദേഹം സ്വീകരിച്ചു. അശാസ്ത്രീയ ചികിത്സക്ക് പലപ്പോഴും പലരും അദ്ദേഹത്തെ നിർബന്ധിച്ചിട്ടും അതിന് വഴിപ്പെടാതെ ആത്മീയ, വൈദ്യ ശാസ്ത്രത്തിലും ആഴമേറിയ വിശ്വാസമുള്ളതായി എനിക്ക് അനുഭവപ്പെട്ടു. ജീവിതത്തിന്റെ അന്ത്യ മാസങ്ങളൊഴികെ വലിയ ബുദ്ധിമുട്ട് കൂടാതെ മറ്റുള്ളവർക്ക് പ്രയാസം സൃഷ്ടിക്കാതെ സന്തോഷത്തോടെയും സമാധാനത്തോടെയും തന്റെ ജീവിതചര്യയും മരുന്നു സേവയും തുടർന്നു പോന്നു. മെഡിക്കൽ ചെക്കപ്പുകളും നിർവ്വിഘ്നം കൊണ്ടുനടന്ന ഒരു മഹദ്‌വ്യക്തിയായിരുന്നു അദ്ദേഹം. മെഡിക്കൽ ശാസ്ത്രത്തിനു സമാധാനം കൊടുക്കാൻ കഴിയാത്ത അർബുദരോഗത്തിന് അവസാനം അദ്ദേഹം കീഴടങ്ങുകയായിരുന്നു.

പതിനഞ്ച് വർഷങ്ങളായി ബഹുമാനപ്പെട്ട മുസ്‌ലിയാരെ എനിക്കു പരിചയമുണ്ടായിരുന്നപ്പോൾ ഒരിക്കൽ പോലും നിരാശനായിട്ടോ സംശയാലുവായിട്ടോ

പിരിമുറുക്കമുള്ള ആളായിട്ടോ സ്ഥിരമായ തീരുമാനമില്ലാത്ത ഒരാളായിട്ടോ ഞാൻ കണ്ടില്ല. ഒരു രോഗി എന്നതിലുപരി ഒരു വലിയ വ്യക്തിത്വത്തിന്റെയും ദൈവഭക്തിയുടേയും ചികിത്സയിലും ചികിത്സിക്കുന്ന ഡോക്ടർമാരിലും പൂർണ്ണവിശ്വാസമുള്ള ഒരു വ്യക്തിയെന്ന നിലയിലും ഞാൻ അദ്ദേഹത്തെ ബഹുമാനപുരസ്സരം ഓർക്കുന്നു.

മനസ്സിൽ മായാതെ

ഡോ. മുജീബുർറഹ്മാൻ വളാഞ്ചേരി

വത്സലനായ ഒരു പിതാവിനെപ്പോലെയായിരുന്നു എനിക്ക് കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ. ശക്തമായ ഒരു സാന്നിധ്യമായി ഇന്നും ആ രൂപം എന്റെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നു. പാണ്ഡിത്യത്തിന്റെ യാതൊരു തലക്കനവുമില്ലാത്ത മഹാപ്രതിഭയായിരുന്നു അദ്ദേഹം. അതീവ വിനയവും അസാധാരണ സ്നേഹവും പ്രകടിപ്പിക്കുന്ന ഒരപൂർവ്വ വ്യക്തിത്വത്തിനുടമയായ അദ്ദേഹം. എനിക്ക് ഒരു അനുസരണശീലനായ രോഗി കൂടിയായിരുന്നു. ഹോസ്പിറ്റലിൽ സീനിയർ ഡോക്ടേഴ്സുണ്ടായിട്ടും എന്നെയാണദ്ദേഹം ചികിത്സക്കു വേണ്ടി തെരഞ്ഞെടുത്തത്. ഇത് എനിക്കു ലഭിച്ച ഒരു മഹത്തായ അംഗീകാരമായാണ് ഞാൻ ഇന്നും കരുതുന്നത്.

ആദർശനിഷ്ഠയും സത്യസന്ധതയും മുഖമുദ്രയാക്കി ജീവിക്കുകയും ജീവിതത്തിന്റെ നിഖില മേഖലകളിലും മതദർശനത്തിന്റെ ഗാംഭീര്യം കാത്തുസൂക്ഷിക്കുകയും ചെയ്ത ഒരു മഹാമനീഷി തന്നെയായിരുന്നു കുറ്റിപ്പുറം ഉസ്താദ്. അദ്ദേഹത്തെ ചികിത്സിക്കാൻ കഴിഞ്ഞത് സൗഭാഗ്യമായി കരുതുന്നു. രോഗബാധിതനാണെങ്കിലും ആരെയും ബുദ്ധിമുട്ടിച്ചിട്ടില്ല. ശക്തമായ വേദന അനുഭവപ്പെടുമ്പോഴൊക്കെ മനോധൈര്യം കൊണ്ട് നേരിട്ടു. സ്നേഹത്തിന്റെ

അമൂർത്ത മാതൃക ആ മഹാനുഭാവൻ കാണിച്ചു തന്നു. അതീവ ശ്രദ്ധയോടെയാണ് മക്കൾ അദ്ദേഹത്തെ പരിചരിച്ചിരുന്നത്. മരണമാസന്ന സമയം ഞാനും ഉസ്താദിന്റെ സാന്നിധ്യത്തിലുണ്ടായിരുന്നു. പരിശുദ്ധ കലിമ ഉച്ചരിച്ച് കണ്ണുകളടക്കുമ്പോൾ നഷ്ടബോധത്താൽ എന്റെ ഹൃദയം നുറുങ്ങി. പാണ്ഡിത്യത്തിന്റെ ഒരു പ്രകാശ ഗോപുരമാണ് അണഞ്ഞത്. നാഥൻ അദ്ദേഹത്തിന്റെ പാരത്രികം വിജയപ്രദമാക്കട്ടെ.

'പുതിയാപ്പിള'യുടെ അന്വേഷണം

പാലക്കൽ മുഹമ്മദ് മൊല്ല

കാട്ടിപ്പരുത്തിയിൽ മുതഅല്ലിമായി ഓതിപ്പഠിക്കുന്നകാലം. അബ്ദുല്ല മുസ്‌ലിയാരുടെ കൂട്ടുകാരനും സമപ്രായക്കാരനുമായ ഞാൻ ഇടക്കിടെ 'പുതിയാപ്പിള' അബ്ദുറഹ്മാൻ മുസ്‌ലിയാരെ സന്ദർശിക്കുമായിരുന്നു. ഒരിക്കൽ എന്റെ കൂടെ കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാരും വന്നു. കൂടെ ഒരാളെക്കൂടി കണ്ടപ്പോൾ 'പുതിയാപ്പിള' ചോദിച്ചു.

'എന്താ കാട്ടിപ്പരുത്തി, ഇന്ന് മറ്റൊരുത്തനും കൂടെയുണ്ടല്ലോ? ആരാണത്?'

ഞാൻ പറഞ്ഞു:

'ഇതു ഞങ്ങളുടെ നാട്ടിലെ ഒരു മുതഅല്ലിമാണ്'.

അപ്പോൾ അദ്ദേഹം വീണ്ടും ചോദിച്ചു.

'കുഞ്ഞ് ഹൈദറുവിന്റെ (അബ്ദുല്ല മുസ്‌ലിയാരുടെ സഹപാഠിയാണ് കുഞ്ഞ് ഹൈദറു മുസ്‌ലിയാർ) കൂടെ ഓതുന്നവനാണോ?'

'അതെ'

'കുട്ടിയുടെ രാജ്യം എവിടെയാ?'

'കുറ്റിപ്പുറം'

ഉടനെ വന്നു പുതിയാപ്പിളയുടെ അടുത്ത അന്വേഷണം: 'കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാരാണോ?'

കുറ്റിപ്പുറം എന്നു കേട്ടപ്പോൾ തന്നെ തന്റെ

കൂട്ടുകാരനെ മനസ്സിലായതിൽ ആശ്ചര്യപ്പെട്ടു നിൽക്കുന്ന എന്നോട് അദ്ദേഹം പറഞ്ഞു.

'ഇദ്ദേഹത്തിന്റെ വഅ്ളിനെക്കുറിച്ച് പല സ്ഥലങ്ങളിൽ നിന്നും ഞാൻ കേട്ടിട്ടുണ്ട്. അതു കൊണ്ടാണ് എനിക്ക് ആളെ പെട്ടെന്ന് മനസ്സിലായത്'.

കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ മുതഅല്ലിമായിരിക്കെ തന്നെ അറിയപ്പെട്ട ഒരു പ്രസംഗകൻ കൂടിയായിരുന്നു.

رثاء المرحوم العالم العلامة الفاضل
الباقوي عبدالله مسليار الكوتفرمي

آه تخيمت الأوجاع احشانا　　انى تؤانسنا نعماء دنيانا

مالى أرى كل انسانٍ بدهشته　　كجند ابرهةٍ يسفر خزيانا

هل صب رب السما سوط العذاب كما　　قد صب من قبل في عاد وهامانا

لهفي نعى الشيخ عبدالله ناصحنا　　أما رعرف على البدعات غضبانا

سمى ابوه بمحي الدين خير سمى　　لا زال نجلك يحيى دين ديانا

صبت مصائب في قلبي لوانتثرت　　ولو بدهر غدا من تلك حيرانا

والموت من شأنه اخذ الاماثل ثم　　يبقى الاراذل دون الرعي لهفانا

له ثلاث كريمات حظين به　　ايضا واربعة نسلا وولدانا

خنساء لو سمعت به لما سكبت　　دمعا على اخها هدرا ومجانا

تعلّم العلم بالتحقيق حين صبا　　ه ثم فارق سكناه واوطانا

ابو الكمال وعبد الله شيخي من　　اشياخه فبهم قد نال لمعانا

حتى اتى الباقيات الصالحات لدى ال　　فحول مثل ابي بكر ومولانا

عبدالرحيم كذاك الشيخ شيخ حسن　　والشيخ آدم ذا المفضال منجانا

كم من مساجد قد اقام فيه غدا　　مدرسا واعظا للناس حنّانا

ولست اذكر في وعظ الفقيد سوى　　ما قاله شيخنا المفضال ملجانا

اذا علاه احتفال فوق منبره ينسيك تعبيره المنظوم سحبانا
في كل فن له طولى يد سيّما قد كان يعمل بالمعلوم ايقانا
وعلّم الولد كلا دين خالقهم تشبهوا ابهم في العلم اتقانا
من كان اشبه بالآباء ليس به ظلم الخؤلة لا سرا وإعلانا
هيهات ان تلد الأزمان مشبهه من بعد فرقته للحق معوانا
يا دهر ما لك اذ سقيت خيرتنا قتول سم فهم في اللّحد وحدانا
وكان فرقة دنياه لرابع من شهر المحرّم من غتكب سرعانا
لما رجا سفر الاخرى لنزهته اتت منيته في سقم سرطانا
فالقلب يحزن والأجفان تدمع لا نقول الا الذي يسر رحمانا
لو جاء من قبل في حي قبول فدى افداه بالأنفس الآلاف اذعانا
يا اهله ذاك من تقدير خالقنا اما لكم عبر في موت منجانا
خير الأنام شفيع الخلق قرّتنا منجي الخلائق في الدنيا واخرانا
خير له ربه منكم واجز لكم اجر المصيبة في الجنات مولانا
فعافه واعف عنه رب ترحمه وآنسنه قه شرا ونيرانا
ونقه من خطاياه وتكرمه ابدله خير اهال آت جيرانا
واحشره في زمرة الأخيار يوم معا د والفقير بهم في يوم رجعانا
صلّى الاله على طه النبي وآ ل والصحابة والتباع اخوانا

— بقلم الفقير ابي محمد الويلتوريّ

വഴിയും
വിളക്കും

വെട്ടം വിതറുന്ന ആ
വഴിവിളക്കിൽ നിന്നു
പ്രസരിക്കുന്ന വിജ്ഞാന
വെളിച്ചം നുകർന്ന അനേകം
പേർ ദിശയും ലക്ഷ്യവും
സ്വായത്തമാക്കി യാത്ര ചെയ്തു.
അജ്ഞതയും അന്ധകാരവും
അന്യംനിന്ന ആ വിജ്ഞാന
വീഥിയിൽ വിദ്യയുടെ
നൂറുകൂട്ടം കുസുമങ്ങൾ
വിരിഞ്ഞു. ഗുരുവും
ശിഷ്യരുമായി അവർ
വസന്തങ്ങൾ തീർത്തു.
അതിരുകളില്ലാത്ത ആ
സ്നേഹ ബന്ധത്തിന്റെ
ചിത്രവും ചരിത്രവും
പകർത്തുകയാണ്
ഏതാനും പ്രിയ ശിഷ്യർ.

അനുഭവങ്ങളിലെ ഹൃദ്യപാഠങ്ങൾ

കെ. എസ് മുഹമ്മദ് മുസ്‌ലിയാർ

ഉസ്താദ് കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ ഒരസാധാരണ പണ്ഡിതനായിരുന്നു. വിജ്ഞാനമനുസരിച്ച് പ്രവർത്തിക്കുന്ന ഉഖ്റവിയായ പണ്ഡിതൻ. അവരുടെ വേർപാട് മുസ്‌ലിം ലോകത്തിനു വലിയ നഷ്ടമാണ്. ദർസ്, വഅള്, എഴുത്ത് തുടങ്ങിയ മേഖലകളിലൊക്കെ അദ്ദേഹത്തിന്റെ സേവനം വിലപ്പെട്ടതായിരുന്നു. മതചിട്ടപാലിക്കുന്നതിലും ജനങ്ങളെ നേർവഴിക്ക് നടത്തുന്നതിലും ആ മഹാനുഭാവന്റെ പാത അനുകരണീയമാണ്. വെല്ലൂർ ബാഖിയാത്തുസ്സ്വാലിഹാത്തിൽ നിന്ന് പാസ്സായ ശേഷം ആദ്യത്തെ ദർസ് എന്റെ അടുത്ത നാടായ പരതക്കാടായിരുന്നു. അവിടെവെച്ചാണ് ശിഷ്യത്വം സ്വീകരിക്കാൻ എനിക്ക് ഭാഗ്യം ലഭിച്ചത്. കുറഞ്ഞ കാലമായിരുന്നെങ്കിലും നീണ്ട കാലത്തെ അനുഭവങ്ങളായിരുന്നു ഉസ്താദിന്റെ ശിഷ്യത്വം പകർന്നു നൽകിയത്. ദർസും വഅളുമായി പരതക്കാടും സമീപ പ്രദേശങ്ങളും ഈയൊരു കൊല്ലത്തിനിടയിൽ മഹാനവർകൾ കീഴടക്കിയിരുന്നു. ദർസിന്റെ സൗകര്യാർത്ഥം മാത്രമാണ് ഒരു കൊല്ലം കഴിഞ്ഞപ്പോൾ മംഗലാപുരത്തേക്ക് മാറിയത്. വളരെ ദുഃഖത്തോടെയാണ് ഉസ്താദിനെ നാട്ടുകാർ യാത്രയാക്കിയത്. കൊണ്ടോട്ടിയിൽ നിന്ന് നാലു നാഴിക നടന്ന് വരണം. വാഹന സൗകര്യം ഉണ്ടായിരുന്നില്ല. കൂടുതൽ വിദ്യാർത്ഥികൾക്ക് വന്നു ചേരാനുള്ള യാത്രാ സൗകര്യത്തിന്റെ അപര്യാപ്തതയായിരുന്നു അവിടം വിടാൻ പ്രധാന കാരണം.

1954 ലാണിതെന്നാണ് ഞാൻ ഓർക്കുന്നത്. പിന്നീട് പല സ്ഥലത്തും വടക്കും തെക്കും മാറി മാറി ദീർഘ കാലം ദർസ് നടത്തി. അവസാനം പരപ്പനങ്ങാടി പനയത്തിലെ പള്ളിയിലായി സേവനം. പിന്നീട് പ്രമേഹം കൂടുതലായതിനെ തുടർന്ന് വീട്ടിൽ വിശ്രമിക്കുകയായി. അപ്പോഴും ദീനീ പ്രവർത്തനങ്ങൾ പരമാവധി ചെയ്തു കൊണ്ട് തന്നെയാണ് മഹാനവർകൾ ഈ ലോകത്തോട് യാത്ര പറഞ്ഞത്. 1422 മുഹർം നാല് ഈ കൊല്ലത്തെ അക്ഷരക്കണക്കിൽ എടുത്തുനോക്കിയപ്പോൾ ശുഭകരമായ വാചകമാണു കിട്ടിയത്. അർത്ഥമിതാണ്: 'അവർ യോഗ്യരായി അനുഗ്രഹീത സ്വർഗത്തിലേക്കു പറന്നു'. ആ അക്ഷര സംഖ്യകൾ കൂട്ടിയാൽ 1422 എന്നു കിട്ടുന്നതാണ്. അവരുടെ പാതയിൽ ജീവിക്കാനുള്ള ഭാഗ്യം അല്ലാഹു നമുക്ക് നൽകട്ടെ. ആമീൻ

ശൈഖുനയോടൊത്ത്

പടിക്കൽ കെ.വി അബ്ദുറഹ്മാൻ മുസ്‌ലിയാർ

1965 ലൊരു സുപ്രഭാതം. പരപ്പനങ്ങാടി പനയത്തിൽ ജുമുഅത്ത് പള്ളിദർസിൽ ചേർന്നു പഠിക്കാനായി സ്നേഹിതൻ കെ അബ്ദുസ്സമദ് മുസ്‌ലിയാരോടൊന്നിച്ച് പനയത്തിൽ ദർസിലെത്തി. പക്ഷെ പള്ളിയുടെ മുകളിലുള്ള റൂം അടഞ്ഞു കിടക്കുന്നതാണ് ഞങ്ങൾ കണ്ടത്. എങ്കിലും ഏറെ താമസിയാതെ ചൂളം വിളിച്ചു വന്ന മംഗലാപുരം ട്രെയി നിൽ നിന്ന് ശൈഖുന പരപ്പനങ്ങാടി സ്റ്റേഷനിൽ ഇറങ്ങി. നേരിയ വോയിൽ കൊണ്ട് തയ്ച്ച വെളുത്ത ജുബ്ബയായിരുന്നു വേഷം. ഹദീസുകളിൽ പ്രവാചകരുടെ നടത്തം പരിചയപ്പെ ടുത്തുന്നത് പോലെ അല്പം മുന്നോട്ടു കുനിഞ്ഞു കൊണ്ട് ഒരു കുഴിയിൽ നിന്ന് കയറുന്നത് പോലെ ശൈഖുന കയറി വരുന്നു. യൗവ്വനം വിട്ടുമാറിയിട്ടില്ലാത്ത ആ മുഖത്തേക്കു നോക്കി ഒരു ഉൾക്കിടിലത്തോടെ ഞങ്ങൾ സമീപത്തേക്ക ടുത്തു. ഏകദേശം ഒന്നരമണിക്കൂർ നീണ്ട ഉപദേശം. ഒരു മുതഅല്ലിം ശ്രദ്ധിക്കേണ്ട കാര്യങ്ങളൊക്കെയും ഉൾക്കൊള്ളു ന്നതായിരുന്നു അത്. ചില ആനുകാലിക രാഷ്ട്രീയ സംഭവ വികാസങ്ങളും സംസാര വിഷയമായി. ഒരു പ്രത്യേക രാഷ്ട്രീയ വിഭാഗത്തോടുണ്ടായിരുന്ന ചെറിയ ബന്ധം എന്റെ മുഖത്തു നിന്ന് വായിച്ചെടുത്തതു പോലെ, പണിക്കോട്ടും പടിയുടെ കക്ഷിയെന്ന് പറയാൻ തുടങ്ങിയപ്പോൾ ഇതെങ്ങനെ ശൈഖുനക്ക് മനസ്സിലായി എന്നതായിരുന്നു എന്റെ ചിന്ത. വളരെ ഗഹനമായ വിഷയങ്ങളാണെങ്കിലും ചുരുങ്ങിയ

വാക്കിലൊതുക്കുകയാണ് തദ്‌രീസിന്റെ ശൈലി. പക്ഷെ മസ്സിലാക്കുന്നവർക്ക് ഒട്ടേറെ കാര്യങ്ങൾ ആ വാക്കുകളിൽ ഒതുങ്ങിയിട്ടുണ്ടായിരിക്കും. ഇതു പലപ്പോഴും പല മുതഅല്ലി മുകൾക്കും ഗ്രഹിച്ചെന്നു വരില്ല. തന്മൂലം പലരും ഇടക്കാലത്ത് വഴിപിരിയാൻ കാരണമായിട്ടുണ്ട്. ചിലപ്പോൾ 'സബ്ഖിൽ'പാഠ്യ ചർച്ചകളേക്കാളും സമയമെടുക്കുന്നത് മറ്റു ഉപദേശങ്ങൾക്കായിരിക്കും. അവിടുത്തെ ദീർഘവീക്ഷണത്തിലൂടെ പറഞ്ഞ പല കാര്യങ്ങളും വളരെ ശരിയാണെന്ന് പിന്നീടുള്ള അനുഭവങ്ങൾ തെളിയിച്ചിട്ടുണ്ട്. ജീവിതത്തിന്റെ ചെറുതും വലുതുമായ ചലനങ്ങളത്രയും ദീനീ കാഴ്ചപ്പാടിലൂടെ മാത്രം നോക്കിക്കാണുകയും അവയത്രയും സ്വജീവിതത്തിൽ പ്രാവർത്തിമാക്കുകയും ചെയ്യുന്നതിൽ ആരുടെയും ഇഷ്ടാനിഷ്ടങ്ങൾ ശൈഖുനക്ക് വിലങ്ങു തടിയായിരുന്നില്ല. പ്രബോധനം സ്വന്തം പ്രവർത്തനത്തിലൂടെയായിരിക്കണമെന്നും ആദ്യം സ്വവസതിയിൽ നിന്നാരംഭിക്കണമെന്നുമായിരുന്നു പലപ്പോഴും അവിടുന്ന് നൽകിയിരുന്ന ഉപദേശം.

ശിഷ്യന്മാരുടെ ഇടയിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉടലെടുത്താൽ അന്വേഷണ വിധേയമാക്കുകയും ശറഈ കാഴ്ചപ്പാടിലൂടെ മാത്രം പരിഹാരം കൈകൊള്ളുകയും ചെയ്തിരുന്നു. ഒരിക്കൽ ഒരു മുതഅല്ലിം ഒരു കുപ്പി പാൽ ദർസ് ഹാളിൽ വെച്ചിരുന്നു. അത് മറ്റൊരു മുതഅല്ലിമിന്റെ അശ്രദ്ധ കൊണ്ട് വീണുടഞ്ഞു. പ്രശ്നം ഉസ്താദിന്റെ മുമ്പിലെത്തിയപ്പോൾ പാൽ കൊണ്ടു വന്നു വെച്ചവൻ കുറ്റക്കാരൻ! കാരണം, അബദ്ധ (ഖത്വഅ്)വശാലാണ് കുപ്പി പൊട്ടിയത്. അതിനു ശിക്ഷയില്ല. എന്റെ ഉമ്മത്തിനെ തൊട്ട് ഖത്വഅ് നിസ്‌യാൻ നീക്കപ്പെട്ടിരിക്കുന്നു. പാൽ കൊണ്ടു വന്നു വെച്ചവന്റെ സ്ഥിതി അതല്ല. അവൻ പാലിനെ അതിന്റെ 'ഹിർസ്മിസ്‌ല്' (സൂക്ഷിക്കേണ്ട സ്ഥലം) അല്ലാത്തതിൽ സൂക്ഷിച്ചു. ഇത് അവന് റുശ്ദ് (തന്റേടം) ഇല്ല എന്നതിന്റെ തെളിവാണ്. ഇത് ഒരു ഉദാഹരണം മാത്രം.

ഒരിക്കൽ ഈ ലേഖകൻ ബസ് യാത്രക്കിടയിൽ ഷർട്ടിൽ അഴുക്ക് പിടിക്കേണ്ട എന്നു കരുതി കൈ അല്പം

ഉയർത്തി. ഇതു കണ്ടപ്പോൾ വളരെ ശക്തമായി ശാസിച്ചു. മറ്റൊരു മുതഅല്ലിം സൈക്കിളിൽ യാത്ര ചെയ്യുമ്പോൾ ഒരു വൃദ്ധയുടെ ശരീരത്തിലിടിച്ചു പരിക്കേൽപ്പിച്ചു. വിഷയം ഉസ്താദിന്നടുത്തെത്തിയപ്പോൾ കാര്യം വളരെ നിസ്സാരം. സൈക്കിളിൽ യാത്ര ചെയ്യൽ ഹറാമല്ല. വൃദ്ധയുടെ ശരീരത്തിൽ തട്ടിയത് ഖത്വഅ്. ഇവ്വിധമായിരുന്നു ഉസ്താദിന്റെ കാഴ്ചപ്പാട്.

സമസ്തകേരള ജംഇയ്യത്തുൽ ഉലമ തബ്ലീഗ് ജമാഅത്തിനെ കുറിച്ച് തീരുമാനം കൈക്കൊള്ളുന്നതിനു മുമ്പാണെന്ന് തോന്നുന്നു, പരപ്പനങ്ങാടി പനയത്തിൽ പള്ളിയിൽ തബ്ലീഗിന്റെ ഒരു സംഘം അവരുടെ ഗസ്തും ബയാനും ആരംഭിച്ചു. തുടക്കത്തിൽ ശൈഖുന ഒന്നും പറഞ്ഞില്ല. പരിപാടി തുടങ്ങി കുറച്ചു കഴിഞ്ഞപ്പോൾ മന്ത്രത്തെപ്പറ്റി അതിക്ഷേപം ധ്വനിപ്പിക്കുന്ന ചില കാര്യങ്ങൾ പറഞ്ഞു. ഉടൻ ശൈഖുന ചാടിയെഴുന്നേറ്റ് പ്രസംഗം നിർത്താൻ ആവശ്യപ്പെട്ടു. പിന്നെ നടന്നത് ശൈഖുനയുടെ ദീർഘമായ ഒരു പ്രസംഗമായിരുന്നു. വിവരമില്ലാതെ തബ്ലീഗ് നടത്തുന്നതിന്റെ അനൗചിത്യമായിരുന്നു വിഷയം. അവസാനം തബ്ലീഗുകാർ മാപ്പ് പറഞ്ഞപ്പോൾ ഞാൻ മാപ്പു ചെയ്യുകയല്ല വേണ്ടത് നിങ്ങൾ തൗബ ചെയ്ത് മടങ്ങുകയാണ് വേണ്ടതെന്നോർമിപ്പിച്ചപ്പോൾ അവർ പിരിഞ്ഞുപോയി. പലരും ക്ഷണിച്ചിരുന്നെങ്കിലും സംഘടനകളിലൊന്നും അംഗത്വം സ്വീകരിച്ചിരുന്നില്ല. എങ്കിലും 1966 ൽ ബഹു. ശൈഖ് ഹസൻ ഹസ്റത്തി(ന.മ)ന്റെ നേതൃത്വത്തിൽ അഖില കേരള ജംഇയ്യത്തുൽ ഉലമ രൂപം കൊണ്ടപ്പോൾ കേരളത്തിലെ പല പ്രമുഖ പണ്ഡിതന്മാരും അതിലണിനിരന്നു. കൂട്ടത്തിൽ സ്വന്തം ഉസ്താദിന്റെ (ശൈഖ് ഹസൻ ഹസ്റത്തിന്റെ) പ്രേരണക്കു വഴങ്ങി ശൈഖുനയും അതിൽ അംഗമായി. അതിന്റെ മുഖപത്രമായ 'ജംഇയ്യത്ത്' മാസികയിൽ ഇഖ്ലാസ് എന്ന സ്ഥിരം പംക്തി കൈകാര്യം ചെയ്തിരുന്നത് ശൈഖുനയായിരുന്നു. അബുൽ ഹസൻ കെ അബ്ദുല്ല മുസ്ലിയാർ എന്നായിരുന്നു തൂലികാ നാമം. പിന്നീട് ജംഇയ്യത്തിന്റെ താളുകളിൽ ചില പൗരാണിക ദർസീ

കിതാബുകൾക്കെതിരിൽ ഉന്നതവ്യക്തികളിൽ നിന്നു തന്നെ പരാമർശം വന്നപ്പോൾ അതിനെതിരെ ശൈഖുന ശക്തമായി പ്രതികരിച്ചു.

തബ്‌ലീഗ് ഗ്രന്ഥങ്ങൾ പരിശോധിക്കാനായി തന്റെ നേതൃത്വത്തിൽ രൂപീകൃതമായ സമിതി നൽകിയ റിപ്പോർട്ടിനെതിരെ അഖിലഃയുടെ പ്രതികരണം വേണ്ടത്ര തൃപ്തികരമല്ലെന്നതിനാൽ സംഘടനയുടെ ജനറൽ സെക്രട്ടറിയും കാസർഗോഡ് ഖാസിയുമായിരുന്ന വെളിമുക്ക് എ പി അബ്ദുറഹ്മാൻ മുസ്‌ലിയാരോടൊപ്പം ഉസ്താദും സംഘടനയിൽ നിന്നു വിരമിച്ചു. അത് അഖിലഃയുടെ അന്ത്യവുമായിരുന്നു.

പരപ്പനങ്ങാടിയിലെ തീരദേശങ്ങളിൽ ഒരു വ്യാജ ശൈഖിന്റെ പ്രവർത്തനം കാരണം പലരും വഴി തെറ്റിപ്പോവുന്നത് അറിഞ്ഞപ്പോൾ അയാൾക്കെതിരെ വളരെ ശക്തമായി തന്നെ അദ്ദേഹം പ്രതികരിച്ചു. മുതലാളിമാരിൽ പലരും ആ ശൈഖിന്റെ വലയത്തിൽപ്പെട്ടു പോയിരുന്നുവെങ്കിലും അവരെ അതിൽ നിന്നു പിന്തിരിപ്പിക്കാൻ ശൈഖുനക്ക് സാധിച്ചു. 1965 മുതലാണ് ഈ ലേഖകൻ സ്മര്യപുരുഷനുമായി ബന്ധപ്പെടുന്നത്. ഈ കാലഘട്ടങ്ങളിൽ പലപ്പോഴും വ്യക്തിപരവും മറ്റുമായ പല കാര്യങ്ങളിലും ശൈഖുനയോട് മുശാവറ ചെയ്യാറുണ്ട്. ചിലപ്പോൾ അപ്രതീക്ഷിതമായ പ്രതികരണമാണ് അവിടുന്നു നൽകുക. പക്ഷെ പ്രസ്തുത നിർദ്ദേശം വളരെ ശരിയും ഫലപ്രദവുമാണെന്ന് പിന്നീടുള്ള അനുഭവങ്ങൾ തെളിയിക്കും. 1971ൽ വെല്ലൂർ ബാഖിയാത്തിൽ നിന്നു മുത്വവ്വൽ കഴിഞ്ഞ് നാട്ടിൽ വന്നപ്പോൾ പരപ്പനങ്ങാടിക്കടുത്ത ചിറമംഗലത്തേക്കും ഒളവട്ടൂരിലേക്കും ഒരേ സമയം എന്നെ ദർസിനു ക്ഷണിച്ചു. ചിറമംഗലം ഒരു കുഴപ്പം പിടിച്ച പ്രദേശമായതു കൊണ്ട് ഒളവട്ടൂരിലേക്കു പോകാനായിരുന്നു എന്റെ ആഗ്രഹം. പക്ഷെ ശൈഖുനയുടെ നിർദ്ദേശം ചിറമംഗലത്തേക്കു പോകാനായിരുന്നു. ഒരു ദർസിനുള്ള പ്രാഥമിക സൗകര്യം പോലുമില്ലാത്ത ആ പ്രദേശത്ത് വളരെ പാടുപെട്ടാണ് രണ്ടര വർഷം കഴിച്ചു കൂട്ടിയതെങ്കിലും ആ

നിർദ്ദേശത്തിനു പിന്നിൽ ഒരുപാട് വസ്തുതകൾ മറഞ്ഞു കിടന്നിരുന്നെന്ന് പിന്നീടുള്ള അനുഭവങ്ങളിൽ നിന്ന് എനിക്ക് നന്നായി ബോധ്യപ്പെട്ടു.

ശൈഖുനയുടെ ദർസിൽ താമസിച്ച മൂന്നു വർഷക്കാലയളവിൽ രാഷ്ട്രീയ ബന്ധത്തിനെതിരിൽ ശിഷ്യന്മാരോട് പൊതുവെയും എന്തുകൊണ്ടെന്നറിയില്ല എന്നോടു പ്രത്യേകിച്ചും മുന്നറിയിപ്പ് നൽകാറുണ്ടായിരുന്നു. എന്റെ അഭ്യുദയകാംക്ഷിയും ഏറ്റവുമടുത്ത സുഹൃത്തുമായിരുന്നു സഹപാഠിയായ പി.വി മുഹമ്മദ് കുട്ടി മുസ്ലിയാർ. അദ്ദേഹവും എന്നോട് ഉസ്താദിന്റെ നിർദ്ദേശം പലപ്പോഴും ഓർമിപ്പിക്കാറുണ്ടായിരുന്നു. ആ ഉപദേശത്തിന്റെ വ്യാപ്തി എത്രമാത്രമുണ്ടെന്ന് എനിക്കു മനസ്സിലാക്കാൻ കൊല്ലങ്ങൾ തന്നെ വേണ്ടി വന്നു.

പരപ്പനങ്ങാടിയിലെ ഉസ്താദിന്റെ ദീർഘകാല സേവനം സ്മരിക്കുമ്പോൾ ഉസ്താദുമായി വളരെയടുത്ത ബന്ധം പുലർത്തിയിരുന്ന പൗരപ്രമുഖൻ മർഹൂം കുട്ടിക്കമ്മു ഹാജിയെ വിസ്മരിക്കാവതല്ല. ഉലമാഇനെ വളരെയധികം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്ന ഒരു വ്യക്തിയായിരുന്നു അദ്ദേഹം. ദിവസവും വൈകുന്നേരം പള്ളിയിൽ വന്ന് ഉസ്താദുമാരോടൊപ്പം കുറച്ചു സമയം ചില വഴിക്കുകയെന്നത് അദ്ദേഹത്തിന്റെ മുറതെറ്റിക്കാത്ത ഒരു പതിവായിരുന്നു. അല്ലാഹു അദ്ദേഹത്തിന് മഅ്ഫിറത്തും മർഹമത്തും നൽകട്ടെ. ആമീൻ.

സഹപാഠിയും ഉറ്റമിത്രവുമായിരുന്ന ചെറുശ്ശോല കുഞ്ഞഹമ്മദ് മുസ്ലിയാരുടെ വിയോഗം ശൈഖുനയെ വളരെയധികം ദുഃഖിതനാക്കിയിരുന്നു. കർമശാസ്ത്ര പടുക്കളുടെ വിയോഗത്തോടു കൂടി കർമശാസ്ത്ര രംഗത്ത് സംജാതമായ ശൂന്യത വളരെ വലുതാണ്. വിജ്ഞാനം ഉയർത്തപ്പെടുന്നത് പണ്ഡിതരുടെ ദേഹവിയോഗത്തിലൂടെയായിരിക്കുമെന്ന നബിവചനം ഇതിനോടു ചേർത്തി വായിക്കുമ്പോൾ ഏതൊരു വിശ്വാസിയുടെയും മനോമുകുരം കിടിലം കൊള്ളാതിരിക്കില്ല. ഒരു പണ്ഡിതൻ നമുക്ക് നഷ്ടപ്പെടുമ്പോൾ തൽസ്ഥാനം ശൂന്യമായി തന്നെ കിടക്കുന്നുവെന്നതാണ്

വളരെ കാലമായുള്ള നമ്മുടെ അനുഭവം. കഴിഞ്ഞ കാല പണ്ഡിതന്മാരുടെ തഹ്ഖീഖാത്തുകൾ, വിശിഷ്യാ കർമ ശാസ്ത്ര രംഗത്ത് നഷ്ടപ്പെട്ടു പോവാതിരിക്കാൻ പണ്ഡിത സംഘടനകൾ എന്തെങ്കിലും പരിപാടി ആവിഷ്കരിച്ചു നടപ്പിലാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

മുൻകാല പണ്ഡിതന്മാരുടെ തഹ്ഖീഖാത്തുകൾ കാത്തു സൂക്ഷിക്കുന്നതും അവരുടെ ദർസിന്റെ ശൈലി അവലംബിക്കുന്നതും ശൈഖുനയുടെ ഒരു പ്രത്യേകതയായിരുന്നു. ഇർശാദുൽ യാഫിഈ, മിൻഹാജ്, ഇഹ്‌യാ ഉലൂമിദ്ദീൻ എന്നീ തസ്വവ്വുഫിന്റെ കിതാബുകൾക്ക് തന്റെ ദർസിൽ വലിയ പ്രാധാന്യം നൽകിയിരുന്നു. ഇൽമുൽ അറൂളയിൽ മത്നുൽ കാഫിയും ലുഗത്തിൽ മഖാമാത്ത് ഹരീരിയും തജ്‌വീദിൽ ജസ്‌രിയും നിർബന്ധമായും പഠിക്കാൻ ആവശ്യപ്പെടുമായിരുന്നു. ഇൽമും അമലും ഒരു പോലെ സമ്മേളിച്ച ആ ദീപം നമ്മിൽ നിന്നും അണഞ്ഞു. അല്ലാഹു അവിടുത്തെ ഖബറിനെ പ്രകാശിതമാക്കട്ടെ. ആമീൻ.

കൃത്യനിഷ്ഠയുടെ പ്രതീകം

കക്കിടിപ്പുറം മുഹമ്മദ് മുസ്‌ലിയാർ

അഞ്ചു വർഷത്തോളം ആ വിജ്ഞാന സാഗരത്തിൽ നിന്ന് അല്പം തുള്ളികളെങ്കിലും കോരിയെടുക്കാനും അതു ജീവിതത്തിൽ ആസ്വദിക്കാനും മഹാഭാഗ്യം ലഭിച്ചുവെന്നതിൽ ഞാൻ അതിരറ്റ് സന്തോഷിക്കുന്നു. അദ്ദേഹം മംഗലാപുരത്ത് ദർസ് നടത്തുമ്പോഴാണ് ശിഷ്യത്വം സ്വീകരിക്കാൻ ഭാഗ്യം കിട്ടിയത്. അതിനിടയിൽ മാസങ്ങളോളം നീണ്ടു നിന്ന ഒരസുഖം കാരണം ഇടക്കൽപം മുടങ്ങിയെങ്കിലും മംഗലാപുരത്തു നിന്നു പോന്നതിനു ശേഷം രാമന്തളിയിൽ ദർസ് ആരംഭിച്ചപ്പോൾ അവിടെയും എന്റെ പഠനം തുടർന്നു. അവിടെ നിന്നാണ് ഉപരിപഠനാർത്ഥം വെല്ലൂരിലേക്കു യാത്ര തിരിക്കുന്നത്. അഗാധമായ ഇൽമുള്ള മഹാ പണ്ഡിതനായിരുന്നു മഹാനവർകൾ.

ഉസ്താദിന്റെ സ്വഭാവമാണ് അദ്ദേഹത്തിലേക്ക് എന്നെ ആകർഷിച്ചത്. വിദ്യാർത്ഥികളോട് വളരെ നല്ല രീതിയിലുള്ള പെരുമാറ്റം. എങ്കിലും കർശന നിയന്ത്രണം. ജമാഅത്ത് നിസ്കാരത്തിന്റെ വിഷയത്തിൽ ഒരു വിട്ടുവീഴ്ചയും ഇല്ല. ഒന്നാം തക്ബീറിൽ തന്നെ സ്വഫ്ഫിൽ എത്തണം. ഒരു റക്അത്തു പോലും ഞങ്ങൾ പിന്തുന്നത് ഉസ്താദ് തീരെ ഇഷ്ടപ്പെട്ടിരുന്നില്ല. ജനങ്ങളോട് കൂടുതൽ അടുത്ത ബന്ധമുണ്ടായിരുന്നില്ലെങ്കിലും അവർക്ക് ആവശ്യമായ കാര്യങ്ങൾ ഇടക്കിടെ ഉപദേശിക്കുമായിരുന്നു. ഭൗതികമായ

എന്തെങ്കിലും നേട്ടങ്ങളാഗ്രഹിക്കുമ്പോഴാണല്ലോ ജനങ്ങളുമായി ഇടയ്ക്കിടെ ബന്ധപ്പെടേണ്ടി വരുന്നതും അവരുടെ ഇംഗിതത്തിനനുസൃതമായി പ്രവർത്തിക്കുകയും സംസാരിക്കുകയും ചെയ്യേണ്ടി വരുന്നതും. എന്നാൽ അത്തരം ആനുകൂല്യങ്ങൾ നേടിയെടുക്കുക എന്ന ഉദ്ദേശ്യത്തോടെ ജനങ്ങളെ സമീപിക്കുകയെന്നത് അദ്ദേഹത്തിന്റെ സ്വഭാവമേ ആയിരുന്നില്ല.

ശരീഅത്തിന്റെ വിഷയത്തിൽ ഒരു വിട്ടുവീഴ്ചയും അദ്ദേഹം സ്വീകരിക്കുമായിരുന്നില്ല. അതു സ്വന്തം ജീവിതത്തിലായാലും മറ്റുള്ളവരുടെ വിഷയത്തിലായാലും മാറ്റമുണ്ടായിരുന്നില്ല. രോഗവും ക്ഷീണവും കാരണം വീട്ടിൽ വിശ്രമ ജീവിതം നയിക്കുമ്പോഴും ശരീഅത്ത് ഒരണുമണി പോലും വിട്ടുകളിക്കുമായിരുന്നില്ല. ഒരിക്കൽ റൂമിൽ ചെന്നപ്പോൾ വളരെ ക്ഷീണിതനായി കാണപ്പെട്ടു. അപ്പോഴും നിസ്കാരം അവ്വലു വഖ്തിൽ തന്നെ നിർവ്വഹിക്കാനുള്ള തയ്യാറെടുപ്പിലാണ്. ഇതു കണ്ടു വിഷമം തോന്നിയ ഞാൻ മഹാനവർകളോടു ചോദിച്ചു.

'നിസ്കാരത്തിന്റെ വിഷയത്തിൽ അൽപം വിട്ടു വീഴ്ചയൊക്കെ ചെയ്തു കൂടെ. ഇങ്ങനെ കണിശത പുലർത്തുന്നത് ശരീരത്തെ ബുദ്ധിമുട്ടിക്കലല്ലേ'?.

ഇതു കേൾക്കേണ്ട താമസം അദ്ദേഹത്തിന്റെ മുഖം ദേഷ്യത്താൽ ചുവന്നു തുടുത്തു. അദ്ദേഹം പറഞ്ഞു:

'ഹും... നിങ്ങളായിപ്പോയി. അല്ലെങ്കിൽ ഇറങ്ങിപ്പോവാൻ പറയുമായിരുന്നു ഞാൻ. ശരീഅത്തിന്റെ വിഷയത്തിൽ വിട്ടുവീഴ്ച ചെയ്യാൻ കൽപ്പിക്കാനാണോ ഇങ്ങോട്ട് കയറി വന്നത്'.

അദ്ദേഹം ദേഷ്യത്താൽ ജ്വലിക്കുകയായിരുന്നു. പിന്നെയും പലതും പറയണമെന്നുണ്ടായിരുന്നുവെങ്കിലും ശേഷം ഒന്നും പറയാൻ എനിക്കു ധൈര്യം വന്നില്ല. ഇതായിരുന്നു മഹാനവർകളുടെ സ്വഭാവം. ഇതേ നിലപാടു തന്നെയായിരുന്നു അദ്ദേഹം ബന്ധപ്പെടുന്ന മേഖലകളിൽ മുഴുവൻ സ്വീകരിച്ചിരുന്നത്. പരിശുദ്ധ റമളാനിന്റെയോ ശവ്വാലിന്റെയോ പൊന്നമ്പിളി പശ്ചിമ ചക്രവാളത്തിൽ ഉദയം ചെയ്ത

വിവരം റേഡിയോയിലൂടെയോ ഫോണിലൂടെയോ ലഭിച്ചാൽ അദ്ദേഹം അതു സ്വീകരിക്കുമായിരുന്നില്ല. മറിച്ച് എവിടെയാണോ മാസപ്പിറവി ദൃശ്യമായത് ആ സ്ഥലത്തു പോയി അന്വേഷിച്ച് പരിപൂർണ ഉറപ്പു വരുത്തിയ ശേഷമേ അദ്ദേഹം പ്രഖ്യാപിക്കുകയുള്ളൂ.

സംഘടനകൾക്കതീതൻ

കുഞ്ഞിമുഹമ്മദ് മുസ്‌ലിയാർ നിറമരുതൂർ

വൈജ്ഞാനിക രംഗത്ത് സമുജ്ജ്വലതയോടെ വാഴാൻ വഴിയൊരുക്കിയ പ്രിയ ഗുരുവര്യർ വിടപറഞ്ഞിരിക്കുന്നു. എങ്കിലും ആ ധന്യജീവിതത്തിന്റെ ഒളിമങ്ങാത്ത ഓർമകൾ എന്നും തികട്ടിവരും. അത്രക്കു സ്നേഹമായിരുന്നു വിദ്യാർത്ഥികളായിരിക്കുമ്പോൾ തന്നെ ഉസ്താദിനു ഞങ്ങളോടുണ്ടായിരുന്നത്. ഏതു സംശയങ്ങളും വീണ്ടും വീണ്ടും ചോദിക്കുന്നതിലും ആ വിഷയം ദൃഢമാക്കുന്നതിലും ഉസ്താദിനു സന്തോഷമേ ഉണ്ടായിരുന്നുള്ളൂ. പരപ്പനങ്ങാടി പനയത്തിലെ പള്ളിയിൽ വെച്ചാണ് ഞാൻ ഉസ്താദിന്റെ ശിഷ്യത്വം സ്വീകരിക്കുന്നത്.

ജാമിഅഃയിൽ നിന്നു ബിരുദമെടുത്ത് ദർസ് ആരംഭിച്ചതിനു ശേഷം ഉസ്താദിനെ സമീപിച്ചപ്പോൾ ഉസ്താദ് നൽകിയ ഉപദേശം ഇന്നും ഓർമയിൽ തങ്ങിനിൽക്കുന്നു. സൂക്ഷ്മതയോടെയായിരുന്നു വന്ദ്യരായ കുറ്റിപ്പുറം ഉസ്താദിന്റെ ജീവിതം. ഇഖ്ലാസുള്ള പെരുമാറ്റം. എപ്പോഴും ഞങ്ങളെ ഉപദേശിച്ചിരുന്നത് സൂഫികളുടെയും മറ്റു മഹാന്മാരുടെയും ചരിത്രങ്ങൾ പറഞ്ഞായിരുന്നു. സച്ചരിതരായ പൂർവ്വീകരുടെ പാത പിന്തുടരാനും അതനുസരിച്ച് ജീവിതം ധന്യമാക്കാനും അവിടുന്ന് കൽപ്പിച്ചിരുന്നു. ശൈഖുന ഒ കെ ഉസ്താദ് ചാലിയത്ത് ദർസിൽ നിന്നു നാട്ടിലേക്കു വരുമ്പോൾ ഇടയ്ക്കിടെ പരപ്പനങ്ങാടിയിൽ വരികയും ഉസ്താദിനോട് സംസാരിക്കുകയും ചെയ്യാറുണ്ടായിരുന്നു. ഒരിക്കൽ ഞാൻ

പരപ്പനങ്ങാടിയിലുള്ളപ്പോൾ ശൈഖ് ഹസൻ ഹസ്റത്തും അവിടെ വന്നു. എന്തോ സംഘടനാ കാര്യങ്ങൾ ചർച്ച ചെയ്യാനാണെന്ന് പിന്നീട് മനസ്സിലായി. പക്ഷെ ഉസ്താദ് ഇതുവരെയും ഒരു സംഘടനയിലും ചേർന്നതായി എന്റെ അറിവിൽ പെട്ടിട്ടില്ല. സംഘടനകളിൽ അംഗത്വമില്ലെങ്കിലും പഠിച്ചതു പറയാൻ ഉസ്താദിനു ആരുടെയും ഔദാര്യം ആവശ്യമുണ്ടായിരുന്നില്ല. ഇടയ്ക്കിടെ വീട്ടിൽ ചെല്ലുമ്പോൾ ഓരോ സംഘടനകളിലെയും വ്യക്തികളെ കുറിച്ച് ചർച്ച ചെയ്യുമായിരുന്നു. 'എന്തിനാ അതു പറഞ്ഞത്. എന്തിനാ ഇങ്ങനെ പറഞ്ഞത്. അവർക്കു കിതാബിലുള്ളതു പറഞ്ഞാൽ പോരേ' മഹാനവർകൾ ഗൗരവത്തോടെ ചോദിക്കുമായിരുന്നു. പക്ഷെ ആ ഉപദേശം ഇനി ഒരിക്കലും നാം കേൾക്കുകയില്ലല്ലോ?

പ്രായത്തിൽ കവിഞ്ഞ ബന്ധം

ഓമച്ചപ്പുഴ ഹൈദ്രോസ് ഹാജി

പ്രായം കൊണ്ട് ഉസ്താദിനേക്കാൾ രണ്ടു വയസ്സു കൂടുതലാണെങ്കിലും ഏഴുമാസം അദ്ദേഹത്തിൽ നിന്നും കിതാബുകൾ ഓതിപ്പഠിക്കാൻ ഭാഗ്യം ലഭിച്ച ഒരു മുതഅല്ലിമാണ് ഞാൻ. 1919 ലാണ് എന്റെ ജനനം. രണ്ടു വർഷം കഴിഞ്ഞ് 1921 ലാണ് ഉസ്താദിന്റെ ജനനം. വിദ്യാർത്ഥിയായി ഉസ്താദിനു കീഴിൽ ഏഴുമാസം മാത്രമാണുണ്ടായിരുന്നതെങ്കിലും ഇരുപതു വർഷം ഓതിപ്പഠിച്ച ഒരു വിദ്യാർത്ഥിയുടെ ബന്ധമായിരുന്നു ഞങ്ങൾ തമ്മിലുണ്ടായിരുന്നത്. പ്രായാധിക്യം മൂലം ദർസ് നിർത്തിയ എന്റെ ഉസ്താദ് മലയിൽ ബീരാൻ കുട്ടി മുസ്‌ലിയാരുടെ അടുക്കൽ നിന്നാണ് അന്ന് പരതക്കാട് മുദരിസായിരുന്ന കുറ്റിപ്പുറം ഉസ്താദിന്റെ അടുക്കൽ ഞാൻ എത്തുന്നത്. എന്തു വിഷയത്തിലും എന്നെ വലിയ വിശ്വാസമായിരുന്നു. ഏതു വിഷയങ്ങളും ഞങ്ങൾ പരസ്പരം ചർച്ച ചെയ്ത ശേഷമേ അന്തിമ തീരുമാനമെടുക്കുമായിരുന്നുള്ളൂ. രണ്ടു മാസത്തിലൊരിക്കലെങ്കിലും ഞാൻ ഉസ്താദിന്റെ അടുക്കൽ പോവും. സംസാരിക്കും. പരസ്പരം അറിയാതെ ഞങ്ങൾ ഒരു കാര്യവും ചെയ്യാറില്ല. നല്ല സ്വഭാവത്തിന്റെ ഉടമയാണ് ഉസ്താദ്. എത്ര സുഖമില്ലാത്ത അവസ്ഥയിലാണെങ്കിലും സന്തോഷിപ്പിച്ചേ പറഞ്ഞയക്കൂ. ഉസ്താദിന്റെ വാക്കുകളും പ്രവർത്തികളും മനസ്സിനു സന്തോഷം പകരുന്നതായിരുന്നു. എപ്പോൾ വീട്ടിൽ ചെന്നാലും ഭക്ഷണം കഴിക്കാതെ പറഞ്ഞയക്കില്ല. ഒരു ചായയെങ്കിലും കുടിക്കാതെ

പോരുന്നത് ഉസ്താദിനും കുടുംബത്തിനും ഇഷ്ടമുള്ള കാര്യമായിരുന്നില്ല.

ഇസ്ലാമിക ദർശനത്തെ നിശിതമായി വിമർശിക്കുന്ന പുത്തൻപ്രസ്ഥാനക്കാരുടെ ആജന്മശത്രുവായിരുന്ന ഉസ്താദ് ആവുന്ന വിധത്തിലൊക്കെയും അവരെ എതിർക്കുമായിരുന്നു.'അരച്ചു കൊടുത്താൽ കുമ്പിൾ കൂടി നക്കും'എന്നു പറയും പോലെ ശക്തമായ വിദ്വേഷമായിരുന്നു വഹാബികളോട്. ഹഖിനുമപ്പുറം ഒന്നും സ്വീകാര്യമായിരുന്നില്ല. ഹഖിനു വിരുദ്ധമായി കണ്ടാൽ 'എന്റോനൊന്ന് പോ' എന്നു പറയും. അത് ആരായാലും ശരി. സ്വന്തം കുടുംബക്കാരോടു പോലും ദീനിന്റെ വിഷയത്തിൽ വീട്ടിൽ നിന്നു ഇറങ്ങിപ്പോവാൻ പറഞ്ഞ വ്യക്തിയാണദ്ദേഹം.

ലഭിക്കാത്ത കിതാബ്

ആലിക്കുട്ടി കാളാച്ചാൽ

മുതവല്ലി ഭരണത്തിലായിരുന്ന പന്താവൂർ മഹല്ലിലെ കമ്മിറ്റി രൂപീകരണത്തിനാണ് 1963 ൽ ആദ്യമായി കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ പന്താവൂരുമായി ബന്ധപ്പെടുന്നത്. നേരത്തെയുണ്ടായിരുന്ന ശിഷ്യബന്ധം ഇതോടെ സുദൃഢമായി. കമ്മിറ്റി രൂപീകരണാനന്തരം ഉസ്താദ് നടത്തിയ ഉദ്ബോധനം ഏറെ ഫലപ്രദമായി. നല്ല ഭാഷയിൽ ജനഹൃദയങ്ങളിൽ പതിയും വിധത്തിലുള്ള പ്രഭാഷണം ഇന്നും മനസ്സുകളിൽ മായാതെ കിടക്കുന്നു.

1963 ൽ മഹല്ലുമായുണ്ടായ ബന്ധം വളർന്നു. പിന്നീടതു കുടുംബ ബന്ധം പോലെയായി മാറി. കക്കിടിപ്പുറം ഉസ്താദുമായി അദ്ദേഹത്തിനുണ്ടായിരുന്ന ബന്ധം സുദൃഢമായിരുന്നു. 'കക്കിടിക്കൻ ഓർ' എന്നാണ് ഉസ്താദ് സാധാരണ പറഞ്ഞിരുന്നത്. കുറ്റിപ്പുറം ഉസ്താദിന്റെ എല്ലാ മക്കളുടെയും വിവാഹാഘോഷങ്ങളിൽ പങ്കെടുക്കാൻ കഴിഞ്ഞത് വലിയ ഭാഗ്യമായി കരുതുന്നു.

1991 ൽ ഈയുള്ളവൻ ഒരു യാത്രാ അനുമതിക്കായി ഉസ്താദിനെ സന്ദർശിക്കവെ പ്രാർത്ഥനയും അനുഗ്രഹാശിസ്സുകളും നേർന്ന് എന്നെ യാത്രയാക്കിയപ്പോൾ ഒരു കിതാബ് കൊണ്ടു വരാൻ പറഞ്ഞിരുന്നു. പക്ഷെ, കിതാബ് കൊണ്ടു വരാൻ കഴിഞ്ഞില്ലയെന്ന് ഉസ്താദിനെ അറിയിച്ചപ്പോൾ ഉസ്താദ് തൃപ്തനാവുകയായിരുന്നു. ആയുസ്സിന്റെ അന്ത്യാവസരങ്ങളിലും വൈജ്ഞാനിക തൃഷ്ണ കൈവിടാ

ത്ത ഉസ്താദിനെക്കുറിച്ചോർക്കുമ്പോൾ അന്ന് ആ കിതാബ് നൽകാൻ കഴിയാത്തതിൽ വിഷമം തോന്നുകയാണ്. 1994-ലും 1998-ലും യു.എ.ഇ സന്ദർശനത്തിനു പോകുമ്പോഴും അനുഗ്രഹം തേടി ഞാൻ പോയത് ഉസ്താദിന്റെ അടുത്തേക്കായിരുന്നു. പള്ളി പുനർനിർമ്മാണാർത്ഥം 1998 ൽ യു.എ. ഇയിൽ പോയി ലക്ഷ്യം വിജയകരമായി പൂർത്തീകരിക്കുന്നതിൽ ഉസ്താദിന്റെ ഉപദേശ നിർദ്ദേശങ്ങൾ ഏറെ സഹായകരമായിരുന്നു. 98 ൽ തന്നെ സകുടുംബം മറ്റൊരു യാത്രക്കു വേണ്ടി ഉസ്താദിന്റെ വീട്ടിൽ ചെന്നപ്പോൾ എന്റെ ശിരസ്സിൽ കൈവെച്ചു പ്രാർത്ഥിക്കുകയും ബറകത്തിനായി ഒരു തുക ഏൽപിക്കുകയും ചെയ്തു.

ഒരിക്കൽ കരുവൻതിരുത്തിയിലെ ഒരു മരണവീട്ടിൽ ചെന്നപ്പോൾ സമീപത്തെ പള്ളിയിൽ പോയി. അവിടെ നിന്ന് ഒരാൾ എന്നെ പേരു വിളിച്ചഭിവാദ്യം ചെയ്തു. 'ഞാൻ വാസ്വിഅ് മോനാണ്. എന്നെ മറന്നോ'എന്നു സ്വയം പരിചയപ്പെടുത്തിയപ്പോൾ കാൽനൂറ്റാണ്ടോളം പഴക്കമുള്ള പലതും സ്മൃതിപഥത്തിൽ എത്തി. ആഗതന്മാരുടെ അടുക്കലേക്ക് ഉസ്താദ് അയച്ചിരുന്ന വാസ്വിഅ് മോനും സ്നേഹ നിധിയായ പിതാവും കമ്പാലവീട് പരിസരവുമെല്ലാം ഓർമയിൽ തെളിയുകയായിരുന്നു.

രോഗം മൂർച്ഛിച്ച് വളാഞ്ചേരി നേഴ്സിങ് ഹോമിൽ കിടക്കുമ്പോൾ നടത്തിയ കൂടിക്കാഴ്ചയിലും ഉസ്താദ് നൽകിയത് സാന്ത്വന വാക്കുകളായിരുന്നു. കുലീനതയും എളിമയും ഒത്തിണങ്ങിയ ഒരു മാതൃകാ പണ്ഡിതനാണ് നമ്മോട് വിട പറഞ്ഞത്.

റജുലുൻ ശരീഫ്

അബുൽ ഫള്ൽ മുസ്‌ലിയാർ മൊഗ്രാൽ

വിദ്യാർത്ഥികൾക്കുവേണ്ടി ജീവിക്കുകയും ശിഷ്യ സ്നേഹം പ്രകടിപ്പിക്കുകയും ചെയ്ത ഒരു മഹാ പണ്ഡിതനായിരുന്നു വന്ദ്യരായ കുറ്റിപ്പുറം ഉസ്താദ്. കിതാബുകളിലെ ആഴങ്ങളിലേക്കിറങ്ങി അറിവിന്റെ അക്ഷരങ്ങൾ ചികഞ്ഞെടുത്ത് വിജ്ഞാനദാഹികൾക്ക് പകർന്നു കൊടുക്കാനും തന്റെ വിശ്രമ ജീവിതത്തിലും മഹാനവർകൾ സമയം കണ്ടെത്തി. അതിരറ്റ സ്നേഹത്തിന്റെയും ആത്മാർത്ഥതയുടെയും വാടാത്ത മനസ്സിന്റെയും ഉടമയായിരുന്നു വന്ദ്യരായ ഉസ്താദ്.

രാമന്തളി, ബീരിച്ചേരി എന്നിവിടങ്ങളിൽ നാലു വർഷം മഹാനവർകളുടെ ശിഷ്യനാകാൻ ഭാഗ്യം ലഭിച്ചു. എല്ലാ വിഷയത്തിലും ഒരു പോലെ ദർസ് നടത്താൻ കഴിഞ്ഞിരുന്ന മഹാനവർകൾ ഹദീസിന്റെ വിഷയത്തിൽ കൂടുതൽ നിപുണനായിരുന്നു.

വീട്ടിൽ ഇടയ്ക്കിടെ സന്ദർശനത്തിനെത്താറുണ്ടായിരുന്നു. വഫാത്തിന്റെ പത്തു ദിവസം മുമ്പ് ഞാൻ വീട്ടിൽ ചെന്നു. അപ്പോൾ വളാഞ്ചേരി ഹോസ്പിറ്റലിലായിരുന്നു. അവിടെ ചെന്നു സംസാരിക്കുന്നതു ബുദ്ധിമുട്ടാകുമെന്നു മനസ്സിലാക്കി ഞാൻ വീട്ടിലേക്കു തന്നെ തിരിച്ചു പോരാൻ ഉദ്ദേശിക്കുമ്പോൾ ഉസ്താദിന്റെ ഭാര്യ പറഞ്ഞു.
'നിങ്ങൾ ഹോസ്പിറ്റലിൽ ചെന്നു കാണുന്നതാണ് നല്ലത്'. അന്നും മഹാനവർകൾ സുഖവിവരങ്ങൾ അന്വേഷിച്ചു. 'ഈ സമയത്ത് വീട്ടിലേക്കു പോകാൻ പറ്റുമോ?' മഹാനവർകളുടെ

നിഷ്കളങ്കമായ ചോദ്യം. ഞാൻ പറഞ്ഞു: 'അതൊന്നും പ്രയാസമില്ല'. പിന്നീട് ദിവസങ്ങൾക്കു ശേഷം വഫാത്ത് വാർത്തയാണ് അറിയാൻ കഴിഞ്ഞത്. ശിഷ്യരോട് എന്തൊരു സ്നേഹത്തിലായിരുന്നു പെരുമാറിയിരുന്നത്. ആ സ്നേഹം ഇനിയൊരിക്കലും ലഭിക്കില്ലല്ലോ? എല്ലാം നാഥന്റെ വിധി.

ഏതു വിഷയത്തിലും വളരെ കണിശതയുണ്ടായിരുന്നു. ബീരിച്ചേരിയിൽ മഹാനവർകൾ ദർസ് ഏറ്റതിനു ശേഷം ഒരു ബുധനാഴ്ച ദർസ് ആരംഭിക്കാമെന്നു പറഞ്ഞിരുന്നു. ദർസിലേക്കു കൂട്ടികൊണ്ടു പോകാൻ വി.പി.പി മുഹമ്മദ് കുഞ്ഞി പട്ടേൽ പയ്യന്നൂരിൽ വരാമെന്നും പറഞ്ഞിരുന്നു. പക്ഷെ, എന്തോ കാരണവശാൽ അദ്ദേഹത്തിന് എത്താൻ കഴിഞ്ഞില്ല. ദർസ് തുടങ്ങേണ്ട സമയം ആയപ്പോൾ ഉസ്താദ് തന്നെ പയ്യന്നൂരിൽ നിന്നും ഒരു ടാക്സി വിളിച്ച്(അന്നു കാർ അധികമാരും ഉപയോഗിക്കാത്ത കാലം) ബീരിച്ചേരിയിൽ വന്ന് പറഞ്ഞ സമയത്തു തന്നെ ദർസ് ആരംഭിച്ചു. അപ്രകാരം മൂന്നോ നാലോ ആഴ്ച കൂടുമ്പോഴായിരുന്നു വീട്ടിലേക്കു പോയിരുന്നത്. ഇന്ന ദിവസം വരാമെന്നു പറഞ്ഞാൽ ആ ദിവസം തന്നെ വരും. വിദ്യാർത്ഥികൾക്കും നിബന്ധനകൾ കർശനമായിരുന്നു. ഇബാദത്തുകൾ,വേഷം,അനുസരണം എന്നിവയിലെല്ലാം കർശന നിലപാടായിരുന്നു ഉസ്താദിന്റേത്. അതിലൊന്നും ഞങ്ങൾ, വിദ്യാർത്ഥികൾക്ക് യാതൊരു വൈമനസ്സ്യവുമുണ്ടായിരുന്നില്ല. കാരണം നല്ല സ്നേഹമുള്ള പെരുമാറ്റമായിരുന്നു ഉസ്താദിന്റേത്. ഞങ്ങൾ മുതഅല്ലിമുകളായിരിക്കുമ്പോൾ സോപ്പും മറ്റും വാങ്ങാനുള്ള പൈസ ഉസ്താദ് തരുമായിരുന്നു. നാട്ടുകാരോടും നല്ല പെരുമാറ്റമായിരുന്നു. ദർസ് നടക്കുന്ന സമയത്ത് ആരെങ്കിലും സംസാരിക്കാൻ വന്നാൽ ദർസ് കഴിഞ്ഞതിന്റെ ശേഷമേ അവരോട് സംസാരിക്കുകയുള്ളൂ. ദർസിനിടയിൽ ആരോടും സംസാരിക്കുമായിരുന്നില്ല.

ദീനിന്റെ വിഷയത്തിൽ ഒരു വിട്ടുവീഴ്ചയും ആരോടും ചെയ്തിരുന്നില്ല. എത്ര വലിയവനായാലും ഉസ്താദിന് ഒരു വിഷയവുമില്ല. അതു കൊണ്ടാണ് മുതലാളിമാരുടെ

കുത്തക നാടായ മംഗലാപുരത്ത് പോലും ഉസ്താദ് മുദരിസായി നിയമിതനായത്. കാരണം അവിടെ സാധാരണ മുദരിസിനെ പറ്റില്ല. മുതലാളിമാർ പറയുന്നത് അനുസരിക്കേണ്ടിവരും. അതിനപവാദമായ ഒരു പണ്ഡിതനെയാണ് അവിടേക്കാവശ്യം. അന്നത്തെ കാസർഗോഡ് ഖാളി അവറാൻ മുസ്‌ലിയാരാണ് കുറ്റിപ്പുറം ഉസ്താദിനെ നിർദ്ദേശിച്ചത്. നാല് വർഷത്തോളം അദ്ദേഹം അവിടെ ജോലി ചെയ്തു. മരണം വരെ മംഗലാപുരത്തുകാർക്ക് ഏറെ പ്രിയങ്കരനായിരുന്നു കുറ്റിപ്പുറം ഉസ്താദ്. ആരുടെയും പ്രശംസ പിടിച്ചുപറ്റുന്നതായിരുന്നു അദ്ദേഹത്തിന്റെ സ്വഭാവം. ഞാൻ വെല്ലൂരിൽ പഠിക്കുന്ന സമയത്ത് ബാഖിയാത്തിലെ അബൂബക്കർ ഹസ്റത്തിന് (മധുരൈ) സലാം പറഞ്ഞയക്കും. സലാം മടക്കിയ ശേഷം അദ്ദേഹം ഉസ്താദിനെ വിശേഷിപ്പിച്ചിരുന്നത് കുറ്റിപ്പുറം 'റജുലുൻ ശരീഫ്' എന്നായിരുന്നു.

എന്ത് പ്രശ്നങ്ങൾക്കും മഹാനവർകൾ പരിഹാരം നിർദ്ദേശിക്കുമായിരുന്നു. ഒരിക്കൽ ഞാൻ ഹജ്ജിന് പോകാൻ ഉദ്ദേശിച്ചു. കപ്പലിന് അപേക്ഷ കൊടുത്തു. പക്ഷെ ശരിയായില്ല. അങ്ങനെയിരിക്കെ നാട്ടിൽ നിന്ന് ഒരാൾ പറഞ്ഞു. 'നിങ്ങൾ ബോംബെയിൽ വരൂ. ഞാൻ ശരിയാക്കിത്തരാം'. അദ്ദേഹം അങ്ങനെ പലർക്കും യാത്ര ശരിപ്പെടുത്തി കൊടുത്തിട്ടുമുണ്ട്. പക്ഷെ ആ വർഷം ആർക്കും ശരിയായില്ല. ഞാൻ വളരെ വിഷമത്തിലായി. ഉടനെ ഉസ്താദിനെ വിളിച്ചറിയിച്ചു. ഉസ്താദ് കുറേ ദിക്റുകൾ നിർദ്ദേശിച്ചു. ആ വർഷം തന്നെ ഞാൻ ഹജ്ജിന് പോവുകയും ചെയ്തു.

എന്ത് വിഷമങ്ങൾക്കും പരിഹാരം നിർദ്ദേശിച്ചിരുന്ന മഹാനവർകളിൽ നിന്ന് ഖാദിരിയ്യഃ ത്വരീഖത്തിന്റെയും ഹദ്ദാദ് റാത്തീബിന്റെയും ദലാഇലുൽ ഖൈറാത്തിന്റെയും ഇജാസത്ത് എനിക്ക് ലഭിച്ചിട്ടുണ്ട്. മഹാന്റെ പാരിടം അല്ലാഹു സ്വർഗീയമാക്കട്ടെ- ആമീൻ.

കർശന നിലപാടുകൾ

കോക്കിലാൻ മുഹമ്മദ് ഹാജി പരതക്കാട്

45 വർഷങ്ങൾക്കു മുമ്പ് പതിനൊന്നാം വയസ്സിൽ കൊയപ്പ അലിയുദ്ദീൻ മുസ്ലിയാരുടെ കീഴിൽ ഞാൻ പരതക്കാട് ദർസിലെ വിദ്യാർത്ഥിയായിരുന്നു. ഒരു നോമ്പിന് വസൂരി പിടിപെട്ട് അവർ മരിച്ചു. പകരം ഒരു ഉസ്താദിനെ അന്വേഷിക്കുമ്പോഴാണ് കുറ്റിപ്പുറം അബ്ദുല്ല മുസ്ലിയാർ ഫസ്റ്റ് റാങ്ക് വാങ്ങി വെല്ലൂർ ബാഖിയാത്തിൽ നിന്നും വിജയിച്ചുവന്ന വിവരം അറിയുന്നത്. മഹല്ല് കാരണവന്മാർ അവരെ സമീപിച്ചു. അങ്ങനെ ഒരു വർഷം അവരുടെ സേവനം പരതക്കാടിന് ലഭിച്ചു. ഉയർന്ന കിതാബുകൾ ഓതുന്ന ധാരാളം കുട്ടികൾ ഉസ്താദിന്റെ ദർസിൽ ഉണ്ടായിരുന്നു. പട്ടിണി വ്യാപകമായിരുന്ന അക്കാലത്ത് ഉസ്താദിനും കുട്ടികൾക്കും വളരെ പ്രയാസങ്ങൾ സഹിക്കേണ്ടി വന്നിട്ടുണ്ട്.

ലളിത സ്വഭാവക്കാരനായിരുന്നെങ്കിലും നിലപാടുകൾ കർശനമായിരുന്നു. ആരോടും കാര്യം പറയാൻ ഒരു മടിയുമുണ്ടായിരുന്നില്ല. ഒരിക്കൽ പള്ളിയിൽ ജമാഅത്ത് നിസ്ക്കാരത്തിന് ഇഖാമത്ത് കൊടുത്തപ്പോൾ മുകളിലുള്ള വരെ അറിയിക്കാൻ വേണ്ടി ഞാൻ കോണിയിൽ തട്ടി ശബ്ദമുണ്ടാക്കിയതു കേട്ട ഉസ്താദ് പറഞ്ഞു: 'അതുവേണ്ട, അറിയിപ്പിന് വേണ്ടിയാണല്ലോ ഇഖാമത്ത് കൊടുക്കുന്നത്'.

നാട്ടുകാരായ ധാരാളം കുട്ടികൾ ദർസിൽ വരാറുണ്ടായിരുന്നു. ഒരിക്കൽ ഞാനടക്കം കുറച്ചു കുട്ടികൾ മഗ്രിബ്

ജമാഅത്തിന് എത്തിയില്ല. രക്ഷിതാക്കളെ കൂട്ടിവന്നതിന് ശേഷമേ ദർസിൽ കയറാവൂ എന്ന് ഉസ്താദ് ഞങ്ങളോട് പറഞ്ഞു. പിന്നെ രക്ഷിതാക്കളുമായി വന്നതിന് ശേഷം മാത്രമാണ് ദർസിൽ തുടരാൻ അനുവദിച്ചത്. സമൂഹോത്ഥാനത്തിന് വേണ്ടി ആ ജീവിതം ഏറെ സേവനം നൽകിയിട്ടുണ്ട്.

വെള്ളം കോരിയുടെ സങ്കടം

നൈനാൻ മുഹമ്മദ് മുസ്‌ലിയാർ

ഉസ്താദിന്റെ അടുക്കൽ ഓതുന്ന കാലത്ത് കിഴിശ്ശേരി പള്ളിയിലെ വെള്ളം കോരി ഒരിക്കൽ എന്നോട് ഇങ്ങനെ പറഞ്ഞു.
'നിന്റെ ഉസ്താദിനെ കൊണ്ട് ഞാൻ കുടുങ്ങി'.
ഞാൻ കാര്യം അന്വേഷിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'ഉസ്താദിന്റെ വഅള് സദസ്സിൽ പങ്കെടുക്കുന്ന ആളുകൾക്ക് ആത്മീയമായ വലിയ മാറ്റം കാണുന്നു. അവർ പൂർവ്വോപരി ഉത്സാഹത്തോടെ ഇപ്പോൾ പള്ളിയിൽ വരാൻ തുടങ്ങിയിരിക്കുന്നു. അതുകൊണ്ട് ഞാൻ ഹൗളിലേക്ക് എത്ര തവണ വെള്ളം കോരിയൊഴിച്ചിട്ടും വെള്ളം തികയുന്നില്ല'.

ഒരു വർഷം ഉസ്താദിന്റെയടുക്കൽ ഓതാനും അവിടുത്തെ ഖാദിമാവാനും എനിക്ക് ഭാഗ്യം ലഭിച്ചു. പൂർണമായും തഖ്‌വയിലധിഷ്ഠിതമായിരുന്നു ആ ജീവിതം. പഠിച്ച കാര്യങ്ങൾ സ്വയം നടപ്പിലാക്കിയ ശേഷമാണ് മറ്റുള്ളവർക്ക് പറഞ്ഞു കൊടുക്കുക. പ്രബോധന ശൈലി ഇതായതു കൊണ്ട് അദ്ദേഹത്തിന് പൊതുജനസമക്ഷം വലിയ അംഗീകാരമാണ് ലഭിച്ചത്. എല്ലാ കാര്യങ്ങളിലും ഈ രീതി തന്നെയാണ് ഉസ്താദവർകൾ സ്വീകരിച്ചത്.

പ്രബോധകനു വേണ്ട ധൈര്യവും സ്ഥൈര്യവുമെല്ലാം ഉസ്താദിൽ പ്രകടമായിരുന്നു. വിദ്യാർത്ഥികളുടെ ശിക്ഷണം വളരെ കണിശമായിരുന്നുവെങ്കിലും 'വടി' ഉപയോഗിച്ചിരുന്നതായി ഓർക്കുന്നില്ല. ഉസ്താദിന്റെ വഅളിന് ധാരാളം ആളുകൾ പങ്കെടുക്കുമായിരുന്നു. ഒളവട്ടൂർ, കിഴിശ്ശേരി,

വാഴക്കാട്, വിളയിൽ, പറപ്പൂർ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നെല്ലാം ജനങ്ങൾ ഒഴുകി വരും. ആഴ്ചകളോളം നീളുന്നതായിരുന്നു അന്നത്തെ വഅളുകൾ. വിശ്വാസ കാര്യങ്ങൾ മുതൽ കർമ കാര്യങ്ങളടക്കം ജനങ്ങൾക്ക് ഏറെ ഉപകാരപ്പെടുന്ന വിഷയങ്ങളാണ് പ്രതിപാദിക്കുക. വ്യക്തമായ ഭാഷയും സരളമായ ശൈലിയും മധുരമുള്ള ശബ്ദവും ഉസ്താദിന്റെ പ്രത്യേകതകളായിരുന്നു.

ആദർശ നിഷ്ഠയുടെ ആൾരൂപം

എം അബ്ദുറഹ്മാൻ മുസ്‌ലിയാർ കക്കിടിപ്പുറം

വൈജ്ഞാനിക ചക്രവാളത്തിലെ ജോതിർഗോളവും ആദർശ നിഷ്ഠയുടെ ആൾരൂപവുമായിരുന്ന ശൈഖുന കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാരുടെ വിയോഗം സൃഷ്ടിച്ചത് നികത്താനാവാത്ത വിടവാണ്. ത്യാഗവും സൂക്ഷ്മതയും ആ ജീവിതത്തിന്റെ അവിഭാജ്യ ഘടകങ്ങളായിരുന്നു. ഒരു യഥാർത്ഥ പണ്ഡിതന്റെ മാതൃകാ രൂപമാണ് അവിടുത്തെ ജീവിതം. തഖ്‌വയിലും കറ കളഞ്ഞ ഈമാനിലും ഊട്ടപ്പെട്ട ആ വ്യക്തിത്വം ഒരു തുറന്ന പുസ്തകമായിരുന്നു.

അവിടുത്തെ സവിധത്തിൽ നിന്ന് വിജ്ഞാനം നുകരാൻ ഭാഗ്യം സിദ്ധിച്ച ആയിരങ്ങളിലൊരുവനായി അഞ്ചു വർഷം ഈ വിനീതനും അവിടുത്തെ സാമീപ്യം ആസ്വദിക്കാൻ കഴിഞ്ഞു. പതിറ്റാണ്ടുകളുടെ അനുഭവങ്ങളാണ് ഹൃസ്വമായ അഞ്ചു വർഷക്കാലം പകർന്നു നൽകിയത്.

വിദ്യാർത്ഥികളെ അങ്ങേയറ്റം സ്നേഹിക്കുമ്പോഴും അവരെ ആത്മീയമായി പടിപടിയായി ഉയർത്തി കൊണ്ടുവരുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു ശൈഖുന. അതു കൊണ്ടു തന്നെ തന്റെ ചിട്ടവട്ടങ്ങളിൽ നിന്ന് അണുവിട വ്യതിചലിക്കാൻ അവിടുന്ന് തയ്യാറായിരുന്നില്ല.

വൈജ്ഞാനിക രംഗത്ത് ഒരു ഇതിഹാസമായിരുന്നു ശൈഖുന. മിക്ക വിഷയത്തിലും അഗാധ പാണ്ഡിത്യമായിരുന്നു. മനഃപാഠമാക്കാൻ അസാമാന്യ കഴിവുണ്ടായിരുന്നു.

ഹദീസിന്റെ കിതാബുകളിലായിരുന്നു കൂടുതൽ താൽപര്യം. അടങ്ങാത്ത വിജ്ഞാന ദാഹവും അണയാത്ത മനോധൈര്യവും കൈമുതലാക്കിയിരുന്ന ശൈഖുന വാർധക്യവും അനാരോഗ്യവും മൂലം വീട്ടിൽ വിശ്രമ ജീവിതം നയിക്കുമ്പോൾ കൂട്ടിനായി സ്വീകരിച്ചത് കിതാബുകളെയായിരുന്നു.

അതുല്യമായ വാഗ്വിലാസത്തിന്റെ ഉടമയായിരുന്നു അവിടുന്ന്. സുന്ദരമായ ശബ്ദം അതിന് മാറ്റു കൂട്ടി. സുന്നത്ത് ജമാഅത്തിന്റെ ആശയങ്ങളുമായി മത പ്രസംഗ സദസ്സുകളിൽ ജ്വലിച്ചു നിന്നു. ആയിരത്തിത്തൊള്ളായിരത്തി അറുപതുകളിൽ ശമ്പളവും മതപ്രസംഗ രംഗവും സാമ്പത്തിക സ്രോതസ്സായി ശൈഖുന കണ്ടിരുന്നുവെങ്കിൽ തനിക്ക് ഇന്നുള്ളതിനേക്കാൾ വലിയ സാമ്പത്തികാഭിവൃദ്ധി കൈവരിക്കാൻ വിഷമമുണ്ടാവുമായിരുന്നില്ല. വടക്കു ഭാഗത്തു നിന്നും ഒരു വ്യക്തി സകാത്താണെന്നു പറഞ്ഞ് മണിയോർഡർ ചെയ്ത പൈസ തിരിച്ചയച്ചു. ആ വ്യക്തിക്ക് സകാത്ത് കൊടുക്കേണ്ട സമ്പത്തില്ല എന്ന് ശൈഖുനാക്കറിയാമായിരുന്നു. സകാത്ത് കൊടുക്കാൻ കഴിവില്ലാത്ത ഒരാളുടെ പക്കൽ നിന്നും സകാത്താണെന്നു പറഞ്ഞ് തരുന്നത് സ്വീകരിക്കാൻ പാടില്ല ഇതായിരുന്നു ന്യായം.

മഹാന്മാരുമായുള്ള ബന്ധം അവിടുന്ന് ഒരിക്കലും ഉപേക്ഷിച്ചിരുന്നില്ല. വലിയുല്ലാഹി കക്കിടിപ്പുറം അബൂബക്കർ മുസ്‌ലിയാർ പോലും അംഗീകരിക്കുകയും ആദരിക്കുകയും ചെയ്ത വ്യക്തിത്വമായിരുന്നു അദ്ദേഹം. ഒരു ദിവസം ശൈഖുന കക്കിടിപ്പുറത്തെ സന്ദർശിക്കാൻ വന്നപ്പോൾ മഹാനവർകൾ ശൈഖുനയോട് പറഞ്ഞു.

'ഞങ്ങൾക്ക് പ്രഭാഷണം നടത്തി തരണം'

ശൈഖുന പറഞ്ഞു:

'ശരി എപ്പോൾ വേണമെങ്കിലും ആവാം'.

അങ്ങനെ ക്ഷണിക്കുകയും ക്ഷണം സ്വീകരിച്ച് എത്തുകയും ചെയ്തപ്പോൾ തന്റെ സ്വന്തം മെത്തയും തലയിണയും കൊണ്ടു പോയി പള്ളിയിൽ ഇട്ടുകൊടുത്തു. അദ്ദേഹത്തിന് സൗകര്യം ചെയ്തു കൊടുക്കാൻ മഹാനായ കക്കിടിപ്പുറം

നിർദ്ദേശിച്ചത് ഇന്നും മായാതെ ഓർമയിൽ നിൽക്കുന്നു. ആ പ്രഭാഷണത്തിന് ശൈഖുന വലിയ്യിനെ സ്റ്റേജിലേക്ക് ക്ഷണിക്കുകയും ക്ഷണം സ്വീകരിച്ച് സ്റ്റേജിൽ വന്ന് പ്രാരംഭ പ്രാർത്ഥന നിർവ്വഹിക്കുകയും ചെയ്തു. ആ പ്രഭാഷണത്തിലാണ് കക്കിടിപ്പുറത്ത് ആദ്യമായി കമ്മിറ്റി രൂപീകരിക്കുന്നത്. ആ കമ്മിറ്റിയിൽ ശൈഖുന പ്രസിഡന്റായിരുന്നു. പ്രസ്തുത പ്രഭാഷണത്തോടനുബന്ധിച്ചാണ് ഫലാഹുൽ മുസ്‌ലിമീൻ എന്ന നാമകരണത്തിൽ കക്കിടിപ്പുറം മദ്റസ ആരംഭിച്ചത്.

ഇൽമും ഇബാദത്തും സമഞ്ജസമായി സമ്മേളിച്ച ശൈഖുനയുടെ ദീർഘ വീക്ഷണവും ഉറച്ച തീരുമാനങ്ങളും എടുത്തു പറയേണ്ടതു തന്നെയാണ്. നെല്ലിശ്ശേരി കുണ്ടുറുമ്മ പള്ളിയിൽ ഞാൻ ദർസ് നടത്തുന്ന കാലം. മുത്തുപ്പേട്ട സിയാറത്തിനു അനുമതി വാങ്ങാൻ ശൈഖുനയുടെ വീട്ടിൽ ചെന്നപ്പോൾ ശൈഖുന പറഞ്ഞു:

'നീ അവിടെ നിന്ന് രാജിവെച്ച് പൊയ്ക്കോ. നിനക്കവിടെ പറ്റുകയില്ല. സിയാറത്ത് കഴിഞ്ഞെത്തുമ്പോൾ രാജിക്ക് സമയം കിട്ടുകയില്ല'.

ശൈഖുന പറഞ്ഞതു പോലെ തന്നെ ഞാൻ ചെയ്തു. സിയാറത്ത് കഴിഞ്ഞു വന്നപ്പോൾ നല്ലൊരു ജോലി റെഡി.

സമുദായത്തിന്റെ ധാർമികമായ അധഃപതനത്തിലും ബിദഈ കക്ഷികളുടെ തെറ്റിദ്ധാരണാജനകമായ പ്രചാരണങ്ങളിൽ യുവതലമുറ കുടുങ്ങിപ്പോകുന്നതിലും ശൈഖുന ഉത്കണ്ഠാകുലനായിരുന്നു. സുന്നത്ത് ജമാഅത്തിന്റെ ആശയാദർശങ്ങൾ പ്രകടിപ്പിക്കാൻ നമ്മുടെ ഭാഗത്തു നിന്നുള്ള പ്രവർത്തനങ്ങൾ മതിയായ രീതിയിൽ ഉണ്ടാകേണ്ടതുണ്ടെന്നും അദ്ദേഹം ഇടക്കിടെ അഭിപ്രായപ്പെടാറുണ്ട്. സുന്നത്ത് ജമാഅത്ത് വാക്കുകളിലും പ്രവർത്തനങ്ങളിലും മറ്റെന്തിനേക്കാളും സ്ഥാനം പിടിച്ചെടുക്കേണ്ടതുണ്ടെന്നും അതിനായി വേദികൾ ഒരുക്കേണ്ടത് അനുപേക്ഷണീയമാണെന്നും ശൈഖുന ഉപദേശിക്കാറുണ്ട്.

ഒരു പരീക്ഷണം

മൊയ്തീൻ കുട്ടി ഫൈസി കൊപ്പം

പരപ്പനങ്ങാടി പനയത്തിൽ പള്ളിയിൽ ഉസ്താദ് കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാരുടെ കീഴിലുള്ള ദർസിൽ ഏകദേശം പതിനെട്ട് മാസം വിദ്യാർത്ഥിയാവാൻ ഭാഗ്യം ലഭിച്ചത് 1966 ലായിരുന്നു. പിതാവിന് അസുഖമായതിനാൽ ഇടക്കാലത്ത് താൽകാലികമായി പഠനം നിർത്തേണ്ടി വന്നു.

അവിടുത്തെ ഉപദേശ നിർദ്ദേശങ്ങൾ ഇന്നും മനസ്സിന് ആശ്വാസവും സമാധാനവും പകരുന്നവയായിരുന്നു. ക്ലാസുകൾ മുടങ്ങാതെ നിർവ്വഹിച്ചിരുന്ന ഉസ്താദ് വിദ്യാർത്ഥികളെ ഉഖ്റവിയായ പണ്ഡിതന്മാരായി ഉയർത്തി കൊണ്ടുവരാൻ വളരെയധികം ശ്രദ്ധിച്ചിരുന്നു. അതുകൊണ്ടായിരിക്കാം ഓരോ സബ്ഖിലും ഏറെ ഉപദേശ നിർദ്ദേശങ്ങൾ നൽകിയ ശേഷമാണ് സബ്ഖ് തുടങ്ങിയിരുന്നത്. ചെറുപ്പത്തിൽ സഹിച്ച ത്യാഗങ്ങളും അതുവഴി പിന്നീട് അല്ലാഹു അവർക്ക് ചെയ്തു കൊടുത്ത അനുഗ്രഹങ്ങളെയും എപ്പോഴും ഉസ്താദ് അനുസ്മരിക്കാറുണ്ടായിരുന്നു. ദർസിൽ ചേരാൻ വേണ്ടി വന്ന എന്നോട് നാടും ഓതിയിരുന്ന സ്ഥലവും ഓതുന്ന കിതാബുകളും മറ്റും അന്വേഷിച്ച ശേഷം പറഞ്ഞു: 'ഓതാൻ സൗകര്യമുണ്ട്. ഭക്ഷണത്തിന്റെ കാര്യത്തിൽ ചിലപ്പോൾ ചെറിയ ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടേക്കാം. ക്ഷമിച്ചു നിൽക്കാൻ പറ്റുമോ?'. ഞാൻ പറഞ്ഞു.
'അതു സാരമില്ല. ഓത്തിന് സൗകര്യം ചെയ്തു തന്നാൽ മതി'.
അങ്ങനെ ദർസിൽ ചേർന്ന് സബ്ഖുകൾ തുടങ്ങി. രാത്രി

ഭക്ഷണവും രാവിലെ ചായയും പെട്ടെന്ന് ശരിപ്പെട്ടില്ല. ദിവസങ്ങൾ കഴിഞ്ഞിട്ടും ഭക്ഷണം ശരിയാവാതെ വന്നപ്പോൾ ഞാൻ സ്വയം ചിന്തിച്ചു. ഉസ്താദ് എന്റെ കാര്യം മറന്നു പോയോ എന്തോ! പിന്നീട് എനിക്ക് എല്ലാ ഭക്ഷണങ്ങളും വളരെ തൃപ്തികരമായ നിലയിൽ ഒരു വീട്ടിൽ ഏൽപ്പിച്ചു. പതിനെട്ട് മാസം കഴിഞ്ഞു. ദർസിൽ നിന്ന് പിരിഞ്ഞു പോരുന്നതിന് സമ്മതം ചോദിക്കാൻ ചെന്നപ്പോഴാണ് ഉസ്താദ് എന്റെ കാര്യത്തിൽ വളരെ ശ്രദ്ധിച്ചിരുന്നുവെന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. 'നിങ്ങൾ ഇവിടെ ദർസിൽ ചേരാൻ വന്നപ്പോൾ ഭക്ഷണത്തിന്റെ കാര്യം പ്രശ്നമല്ല എന്നു പറയുകയുണ്ടായല്ലോ. അതു ശരിയാണോ എന്ന് ഒരാഴ്ചയിലധികം റബ്ബ് നിങ്ങളെ ഒന്നു പരീക്ഷിച്ചു. അതിൽ വിജയിച്ചപ്പോൾ ഇവിടെ മറ്റു വിദ്യാർത്ഥികൾക്കൊന്നും ലഭിക്കാത്ത വിധത്തിലുള്ള ഭക്ഷണ സൗകര്യം അല്ലാഹു നിങ്ങൾക്ക് ഏർപ്പെടുത്തി തന്നു. ഇതു നിങ്ങളുടെ ജീവിതത്തിൽ ഒരു പാഠമാവണം'. നമ്മൾ സഹിക്കുന്ന ത്യാഗത്തിന്റെ സ്ഥിതിയനുസരിച്ച് നമുക്ക് അല്ലാഹുവിന്റെ സഹായം ഉണ്ടാകും. ശേഷം മുതഅല്ലിമുകളുടെയും മുദരിസ്സുമാരുടെയും മര്യാദകളെക്കുറിച്ചും വിശദീകരിച്ചു. 'തലയിൽ കെട്ടണം, താടി വളർത്തണം, സുന്നത്തുകൾ ഉപേക്ഷിക്കരുത്. ഓരോരുത്തരുടെ വേഷങ്ങൾ അവരവർക്കുണ്ടായിരിക്കണം' തുടങ്ങി ഒരു മണിക്കൂറിലധികം സമയം ഉപദേശങ്ങൾ നൽകിയതിനു ശേഷമാണ് ഉസ്താദ് എന്നെ യാത്രയയച്ചത്. അന്നത്തെ നിർദ്ദേശങ്ങൾ പിന്നീട് എന്റെ ജീവിതത്തിന്റെ വഴികാട്ടിയാവുകയായിരുന്നു. വിഷമഘട്ടങ്ങളിലൊക്കെ കൈക്കൊണ്ട ക്ഷമയും സഹനവും ദൈവീകാനുഗ്രഹത്തിനും കാരണമായതായി ഞാൻ മനസ്സിലാക്കുന്നു.

സുന്നത്ത് ജമാഅത്തിന്റെ പണ്ഡിതന്മാർക്കിടയിലുണ്ടായ ഭിന്നിപ്പിൽ അതീവ ദുഃഖിതനായിരുന്നു ഉസ്താദ്. അദ്ദേഹം പറഞ്ഞു: 'കേരളത്തിന്റെ പലഭാഗത്തും ഭൂമികുലുക്കം ഉണ്ടായതായി കേട്ടിട്ടില്ലേ? എന്നാൽ ഭൂമികുലുക്കമൊന്നും സാരമില്ല. മറിച്ച് പണ്ഡിതന്മാരുടെ ഇടയിലുള്ള

അഭിപ്രായ വ്യത്യാസവും പഴിചാരി സംസാരിക്കുന്നതുമാണ് വലിയ ആപത്ത്. അതിലൊന്നും കുടുങ്ങി പോകരുത്'. സുന്നത്ത് ജമാഅത്തിന്റെ പണ്ഡിതന്മാർ ഒന്നായി കാണാനുള്ള ആഗ്രഹം ആ വാക്കുകളിലുണ്ടായിരുന്നു. ഇപ്രകാരം തന്നെ ശരീഅത്തിന്റെ വിധി വിലക്കുകളൊന്നും ജീവിതത്തിലില്ലാതെ നടക്കുന്ന ഒരു വിഭാഗത്തെ വലിയ ഔലിയാക്കളും മഹാന്മാരുമായി തലയിലേറ്റി നടക്കുന്നതും മഹാനവർകൾ ഇഷ്ടപ്പെട്ടിരുന്നില്ല.

തണലും തുണയും

ആശ്വാസത്തിന്റെ തണൽ
വിരിച്ച ആ മഹാ വൃക്ഷത്തിന്റെ
തണലിൽ അവർ സ്വച്ഛന്ദം
ജീവിച്ചു. കഥകൾ പറഞ്ഞും
കാര്യങ്ങൾ ചർച്ച ചെയ്തും
ജീവിതം കഴിഞ്ഞു.
സ്നേഹത്തിന്റെ തണൽ അവർ
ആവോളം നുകർന്നു.
ജീവിതത്തിലെ സന്തോഷ
ത്തിലും സന്താപത്തിലും ആ
വൃക്ഷം അവർക്ക് തണലി
നൊപ്പം തുണയുമായി.
ആശ്വാസത്തിന്റെ, ആത്മസംതൃ
പ്തിയുടെ, സ്നേഹത്തിന്റെ,
ആത്മസ്പർശിയായ കഥകൾ
അയവിറക്കുകയാണ്
കുളിരണിഞ്ഞ ഓർമകളോടെ
മക്കളും ബന്ധുക്കളും.

സ്നേഹനിധിയായ പിതാവ് മുർശിദായ ഉസ്താദ്

കെ.റശീദ് ബാഖവി കുറ്റിപ്പുറം

പിതാവിനെക്കുറിച്ചുള്ള ധന്യ സ്മരണകളും ആ മാർഗ ദീപത്തെക്കുറിച്ചുള്ള ഹൃദ്യയമായ ഓർമകളും ചൈതന്യ ധന്യമായി മനസ്സിനെ മൂടിപ്പുതച്ചു കിടക്കുകയാണ്. ഇടമുറിയാത്ത സ്മരണകളിൽ മനസ്സിലേക്ക് ഒരു മിന്നായം പോലെ ആദ്യമായി ഓടിയെത്തുന്നത് 'പഠിച്ചോത്താണ്'. തന്റെ സാന്നിധ്യത്തിൽ വെച്ചുള്ള ആ പാഠം ചൊല്ലലിന് ആത്മ നിർവൃതിയോടെ ചില്ലറതുട്ടുകൾ കയ്യിലേൽപ്പിക്കുമായിരുന്നു. അത് കേവല നാണയത്തുട്ടുകളായിരുന്നില്ല. അരുമ വറ്റാത്ത ഒരു സ്നേഹബന്ധത്തിന്റെ ഉരച്ചാൽ മായാത്ത മൂല്യ ബന്ധമായിരുന്നു.

ഞങ്ങൾ ഏഴുമക്കൾക്കും അറിവിന്റെ ആദ്യാക്ഷരം മൊഴിഞ്ഞു തന്നത് പിതാവായിരുന്നു. മൂന്നു പേരെ (ഞാൻ, ജ്യേഷ്ഠൻ അബ്ദുൽ വഹ്ഹാബ് ബാഖവി, അനുജൻ അബ്ദുൽ വാസിഅ് ബാഖവി) മദ്റസയും സ്ക്കൂളും അഞ്ചാം ക്ലാസ് വിദ്യാഭ്യാസത്തിനു ശേഷം ബാപ്പയുടെ ദർസിലേക്ക് (പരപ്പനങ്ങാടി പനയത്തിൽ പള്ളി) കൊണ്ട് പോയി. ഞാനും ജ്യേഷ്ഠനും ബാപ്പയിൽ നിന്നു തന്നെ ദർസ് പഠനം പൂർത്തിയാക്കി. അനുജൻ അബ്ദുൽ വാസിഅ് ബാഖവി ബാപ്പ ദർസ് നിർത്തി വീട്ടിൽ വിശ്രമത്തിലായപ്പോൾ തിരൂരങ്ങാടി ബാപ്പുമുസ്ലിയാരുടെ അടുത്തേക്ക് പോയി. അവിടെ നിന്നാണ് പഠനം പൂർത്തിയാക്കിത്. ഏറ്റവും ഇളയ

സഹോദരൻ അബ്ദുന്നൂർ ബാഖവിക്ക് പിതാവിൽ നിന്ന് ഓതി പഠിക്കാൻ കഴിഞ്ഞിട്ടില്ല. കാരണം അപ്പോൾ ബാപ്പ വീട്ടിൽ വിശ്രമത്തിലായിരുന്നു. സഹോദരികളെയും അത്യാവശ്യത്തിനു മാത്രമേ സ്കൂൾ പഠനത്തിന് അയച്ചുള്ളൂ. മതപരമായ വിഷയങ്ങൾ ബാപ്പ തന്നെ വീട്ടിൽ വെച്ച് പഠിപ്പിച്ചിരുന്നു.

മതത്തിന്റെ മഹിത മൂല്യങ്ങളെ മഹത്തരമായി കാണുകയും മക്കളെ അതിന്റെ ചട്ടക്കൂട്ടിൽ വളർത്താനുമാണ് വന്ദ്യ പിതാവ് ശ്രമിച്ചത്. ഇസ്‌ലാം മതത്തെക്കുറിച്ചുള്ള സമ്പൂർണ്ണ വിവരമാണ് പ്രാധാന്യമെന്നും ഭൗതിക പരിജ്ഞാനം സാഹചര്യത്തിനനുസൃതം നേടിയെടുക്കാവുന്നതെയുള്ളൂ എന്നുമുള്ള നിലപാടായിരുന്നു വന്ദ്യ പിതാവിന്റേത്. മതത്തിലുള്ള കണിശനിലപാട് പിതാവിന് പ്രത്യേകമായൊരു പ്രതിഛായ നൽകി. സമകാലികരിൽ നിന്നും വ്യതിരിക്തനായി ജീവിച്ച പിതാവ് പഠിച്ചറിഞ്ഞ മത പാഠങ്ങളെ പ്രയോഗവൽക്കരിക്കുന്നതിൽ പരമാവധി വിജയിച്ചു. സാഹചര്യങ്ങൾക്കോ വ്യക്തികൾക്കോ വശംവദനായി ശറഇന്റെ ഹുക്മുകളെ മാറ്റിനിർത്താൻ ഒരിക്കലും ശ്രമിച്ചിട്ടില്ല. മതത്തിന്റെ ചിട്ടവട്ടങ്ങളെ സ്വകുടുംബത്തിൽ നിലനിർത്തുന്നതിലും കണിശത പുലർത്തി. പലപ്പോഴും കർക്കശ നിലപാട് പാലിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞിരുന്നില്ല.

ബാപ്പ വീട്ടിലെത്തിയാൽ പിന്നെ നിസ്ക്കാരങ്ങളൊക്കെ ഞങ്ങളൊന്നിച്ച് വീട്ടിൽ വെച്ചാണ് നടത്തുക. വീട്ടിലെ മുഴുവൻ അംഗങ്ങളും ഈ ജമാഅത്തിനു സംബന്ധിക്കണം. വീട്ടിൽ വിശ്രമത്തിലായിരുന്ന പതിനഞ്ചു വർഷവും ഈ ചിട്ട നിലനിന്നു. ആരെങ്കിലും പങ്കെടുക്കാതിരുന്നാൽ വല്ലാത്ത ദേഷ്യമായിരുന്നു. അതു കൊണ്ട് തന്നെ പിതാവിന്റെ നിർദ്ദേശങ്ങൾ ഞങ്ങൾ പരമാവധി അനുസരിച്ചും പാലിച്ചും പോന്നു. മതത്തിന്റെ കാര്യത്തിൽ കണിശത പുലർത്തിയപ്പോഴും സ്നേഹത്തിന്റെ വറ്റാത്തൊരു ഉറവയായിരുന്നു അദ്ദേഹം. വാത്സല്യത്തോടെയുള്ള പെരുമാറ്റവും സമീപനവും ഇന്നും മനോമുകുരത്തിൽ പച്ചപിടിച്ചു നിൽ

ക്കുന്നു. ഞങ്ങളെ ബാധിക്കുന്ന നിസാര പ്രശ്നങ്ങൾ പോലും അവിടുന്ന് ഭംഗിയായി നിറവേറ്റി. കുടുംബത്തിൽ ആർക്കെ ങ്കിലും അസുഖം വന്നാൽ ബാപ്പാക്കു വല്ലാത്ത ആധിയാ യിരുന്നു. മക്കളെ ബാധിക്കുന്ന വേദനകളും അസുഖങ്ങളും സഹിക്കാൻ കഴിഞ്ഞിരുന്നില്ല.

സുഭിക്ഷമായ ജീവിതമായിരുന്നു ഞങ്ങളുടേത്. മക്കൾക്കും കുടുംബത്തിലും ഒന്നിനും കുറവുവരുത്തിയി രുന്നില്ല. എല്ലാം ഭംഗിയോടെ നിർവഹിച്ചിരുന്നു. നിർവിഘ്നം സ്നേഹം ചൊരിഞ്ഞെങ്കിലും അതിരു കടക്കാൻ ഞങ്ങൾക്കു ഭയമായിരുന്നു. ചെറുപ്പകാലത്തുള്ള ചരിത്രങ്ങൾ, അനുഭവ ങ്ങൾ, പഴയകാല പണ്ഡിതന്മാരുടെയും മഹത്തുക്കളുടെയും ചരിത്രങ്ങൾ, മസ്അലകൾ, പഴയകാല ഉലമാക്കൾക്കിടയിൽ വിവാദമായ മസ്അലകൾ ഇതെല്ലാം പലപ്പോഴായി ബാപ്പ പറഞ്ഞു തന്നിട്ടുണ്ട്. പല മസ്അലകളും പറയുമ്പോൾ എതിർ ചോദ്യം ഉന്നയിച്ചിരുന്നു. ചിലപ്പോൾ ദേഷ്യപ്പെടുമെ ങ്കിലും എല്ലാം പറഞ്ഞുതരും അല്ലെങ്കിൽ പ്രസ്തുത മസ്അല പ്രതിപാദിക്കുന്ന കിതാബ് നോക്കാൻ പറയും. ബാപ്പയുമൊ ത്തുള്ള സംവാദം മണിക്കൂറുകൾ നീളാറുണ്ട്.

മതപരവും പാരത്രികവുമായ കാര്യങ്ങളല്ലാതെ ഭൗതികമായ കാര്യങ്ങൾ വളരെ കുറച്ച് മാത്രമേ പറയാറുള്ളൂ. ഐഹിക സുഖാഡംഭരങ്ങളോട് വിരക്തിയായിരുന്നു. സമ്പാദ്യ ശീലം ബാപ്പക്കുണ്ടായിരുന്നില്ല. അതിനു പറ്റിയ അവസരങ്ങൾ എത്രയോ ഉണ്ടായിരുന്നു. പലപ്പോഴും വലിയ സംഖ്യകൾ തന്നെ അവിടുത്തെ ബാഗിലുണ്ടാകും. അതെല്ലാം കുടുംബത്തിനും കുടുംബത്തിൽ വിഷമിക്കുന്നവർക്കും ചെലവഴിക്കുകയല്ലാതെ ഒരിഞ്ചു സ്ഥലം പോലും വാങ്ങിയി ട്ടില്ല. ഞങ്ങളുടെ തറവാടു വീടും അതു നിൽക്കുന്ന 18 സെന്റ് സ്ഥലവും മാത്രമായിരുന്നു ബാപ്പയുടെ സമ്പാദ്യം. മരണപ്പെ ട്ടപ്പോൾ കാശു സൂക്ഷിച്ചിരുന്ന ബാഗിൽ ചികിത്സക്കും മരണാ നന്തര ക്രിയകൾക്കും ചെലവായ സംഖ്യകഴിച്ച് ഞങ്ങൾക്ക് ബറകത്തിനു വേണ്ടി എടുക്കാൻ മാത്രമുള്ള തുച്ഛം സംഖ്യയേ ഉണ്ടായിരുന്നുള്ളൂ.

ഈ സമയത്ത് ഉമ്മ പറഞ്ഞു: ബാപ്പ ഇങ്ങനെ പറയാറുണ്ടായിരുന്നു: 'മക്കളേ, ഞാൻ മരിച്ചാൽ എന്റെ കാശായി അധികമൊന്നും നിങ്ങൾക്ക് എടുക്കാനുണ്ടാവുകയില്ല' പ്രസിദ്ധ തസവ്വുഫ് ഗ്രന്ഥമായ അദ്കിയാഇലും മറ്റും പ്രതിപാദിച്ച യഥാർത്ഥ തസവ്വുഫ് ജീവിതമായിരുന്നു വന്ദ്യരായ പിതാവിന്റേതെന്ന് കുറിക്കുന്നതിൽ സന്തോഷമുണ്ട്.

സ്നേഹ നിധിയായ പിതാവ് മാത്രമായിരുന്നില്ല എനിക്കവർ. മുർശിദായ ഉസ്താദും ശൈഖും കൂടിയായിരുന്നു. ബാപ്പ മാത്രമാണ് എന്റെ ശൈഖ്. അവർ മാത്രമാണ് എന്റെ ഉസ്താദും. ബാപ്പയുടെ ദർസിലെ നിയമങ്ങളും നിബന്ധനകളും മാതൃകാപരമായിരുന്നു. ഓതിക്കൊടുക്കുന്ന കിതാബുകൾ പരിശോധിക്കുന്നതിലുപരി വിദ്യാർത്ഥികൾ ഉഖ്റവിയ്യായ മുതഅല്ലിമുകളുടെ ചിട്ടകളും മര്യാദകളും പാലിക്കുന്നുണ്ടോ എന്നതിലായിരുന്നു ശ്രദ്ധിച്ചിരുന്നത്. വിദ്യാർത്ഥി ജീവിതം വെറുതെ പാഴാക്കാൻ അനുവദിച്ചിരുന്നില്ല. മുഴു സമയവും പഠനത്തിനും ഗ്രന്ഥ പാരായാണത്തിനും ഉപയോഗപ്പെടുത്തണമെന്ന് പലപ്പോഴും ഉപദേശിക്കുമായിരുന്നു.

ദീനി ചിട്ടകൾ വിദ്യാർത്ഥികൾ ജീവിതത്തിൽ കണിശമായും പാലിക്കണമെന്നത് ബാപ്പാക്ക് നിർബന്ധമായിരുന്നു. ജമാഅത്തു നിസ്കാരത്തിൽ വീഴ്ച വരുത്തുന്നത് ഉസ്താദിന്റെ ശിക്ഷക്കു കാരണമായിരുന്നു. എല്ലാ വഖ്തുകൾക്കും മുഴുവൻ മുതഅല്ലിമുകളും പങ്കെടുക്കുന്നുവെന്ന് ഉറപ്പു വരുത്താൻ വേണ്ടി പള്ളിയിലെ കോണിവാതിൽ ഇഖാമത്തു കൊടുക്കുന്നതിനു മുമ്പു അടക്കുക ദർസിലെ നിയമമായിരുന്നു. പഠനത്തിനു വിഘ്നം വരുത്തുന്ന കാര്യം അതു നല്ലതായിരുന്നാൽ പോലും അനുവദിക്കപ്പെട്ടിരുന്നില്ല. ഞങ്ങൾ പരപ്പനങ്ങാടിയിൽ ഓതുന്ന കാലത്ത് തൊട്ടടുത്ത മമ്പുറം മഖാമിലേക്ക് അസ്വറിനു ശേഷം സിയാറത്തിനു പോകാൻ സമ്മതം ചോദിച്ചാൽ സമ്മതം തരാതെ അവിടുന്ന് ഇങ്ങനെ ഉപദേശിക്കുമായിരുന്നു:'നിങ്ങൾ മമ്പുറത്തു പോയി മഹാന്മാരെ സിയാറത്ത് ചെയ്യുന്നതിനേക്കാൾ അവർക്കിഷ്ടം ഇൽമു കൊണ്ടു ജോലിയാവലാണ്'. ഈ വാക്കുകൾ

ഇപ്പോഴും കാതുകളിൽ അല തല്ലുന്നതുപോലെ അനുഭവപ്പെടുന്നു. ഭക്ഷണത്തിനോ മറ്റോ വിദ്യാർത്ഥികൾ പുറത്തു പോയാൽ കൃത്യ സമയത്തു തന്നെ തിരിച്ചെത്തുന്നുണ്ടോ എന്നു പോലും ശ്രദ്ധിക്കുമായിരുന്നു. അങ്ങനെ സമയത്തിനെത്താതെ ടൗണിൽ നടന്നിരുന്ന ഒരു രാഷ്ട്രീയ പ്രസംഗം കേൾക്കാൻ രാത്രി ഭക്ഷണ ശേഷം കുറച്ചു സമയം ചെലവഴിച്ച എന്നേയും മറ്റു രണ്ടു മുതഅല്ലിമുകളെയും രാത്രി കോണിവാതിൽ അടക്കുന്ന സമയമായിട്ടും കാണാതിരുന്നപ്പോൾ മറ്റു വിദ്യാർത്ഥികളോട് പറഞ്ഞു:

'അവർ ഇനി വന്നാൽ വാതിൽ തുറന്നു കൊടുക്കരുത്. തുറന്നു കൊടുക്കുന്നവർക്കു ശിക്ഷയുണ്ടാകും'.

അങ്ങനെ പിറ്റേന്ന് സുബ്ഹിക്കു ശേഷം ഉസ്താദിന്റെ തീരുമാനം വന്നു.

'മൂന്നുപേരും എന്റെ ദർസിൽ നിന്നു പോകണം'.

നിയമത്തിനു മുമ്പിൽ ബാപ്പാക്ക് മക്കളും അല്ലാത്തവരും സമമായിരുന്നു. പിന്നീട് ഞങ്ങൾ നാട്ടിലെ പ്രമുഖരായ ചിലരെ കൊണ്ട് ശുപാർശ ചെയ്യിപ്പിച്ച ശേഷമാണ് തീരുമാനത്തിൽ അയവു വന്നതും ഞങ്ങൾക്കു മാപ്പു ലഭിച്ചതും. ഇങ്ങനെ എത്രയെത്ര സംഭവങ്ങൾ.

ശിഷ്യന്മാരായ മുതഅല്ലിമുകൾ നേരായ മാർഗത്തിൽ ഉറച്ചു നിൽക്കാൻ വേണ്ടി കർശന നിയമങ്ങളും ചിട്ടകളും അവർക്കു മേൽ കൊണ്ടു വരുമ്പോഴും വലിയ സ്നേഹവും വാത്സല്യവുമായിരുന്നു അവരോടു കാണിച്ചിരുന്നത്. മുതഅല്ലിംകൾക്ക് രോഗമോ മറ്റു പ്രയാസങ്ങളോ ഉണ്ടാകുന്ന സമയത്ത് സ്വന്തം പണമുപയോഗിച്ച് അവർക്കു വേണ്ടതു ചെയ്തു കൊടുത്തിരുന്നു. ഞങ്ങൾ മക്കൾ മറ്റു രംഗത്തേക്കു തിരിയാതെ ഇൽമിലൂടെ മാത്രം വളർന്നു വരാൻ ബാപ്പ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഭൗതികമായി കൂടുതൽ പഠിപ്പിച്ചില്ല. ദുൻയവിയായ മറ്റു വിഷയങ്ങളിലേക്കു തിരിച്ചിട്ടില്ല. ദർസിൽ ഉറച്ചു നിൽക്കാനും സ്വന്തം നാട്ടിലെ ദീനിയായ വിഷയങ്ങളിൽ ശ്രദ്ധിക്കണമെന്നും എപ്പോഴും ഉപദേശിക്കുമായിരുന്നു.

ബാപ്പയുടെ അടുത്ത് ദുആ ചെയ്യിപ്പിക്കാനും ചികിത്സക്കുമായി പണ്ഡിത പാമര വ്യത്യാസമന്യേ പലരും വന്നിരുന്നു. ചികിത്സയായി വളരെ ചെറിയ മരുന്നുകളും ലളിതമായ ദിക്റുകളുമായിരുന്നു നിർദ്ദേശിച്ചിരുന്നത്. മരണപ്പെടുന്നതിന്റെ തൊട്ടു മുമ്പുള്ള ഒന്നു രണ്ടു വർഷങ്ങളിൽ ബാപ്പയെ കാണാൻ വന്നവർക്ക് കണക്കില്ലായിരുന്നു. ബാപ്പയുടെ കാലത്തു ജീവിച്ചിരിപ്പുണ്ടായിരുന്ന പണ്ഡിതന്മാരിലും സാദാത്തീങ്ങളിലും ഒട്ടുമിക്ക പേരും ബാപ്പയെ കാണാൻ വരാറുണ്ടായിരുന്നു. മുതഅല്ലിംകളും ധാരാളമായി വന്നിരുന്നു. അവരോട് വലിയ സ്നേഹവും വാത്സല്യവുമായിരുന്നു ബാപ്പാക്ക്. ചിലപ്പോൾ സുദീർഘമായ ഉപദേശങ്ങൾ തന്നെ അവർക്കു നൽകുമായിരുന്നു. ഉഖ്റവിയ്യായ കാര്യങ്ങൾ എത്ര മണിക്കൂറുകൾ സംസാരിക്കാനും ബാപ്പാക്ക് ഒരു മടിയുമുണ്ടായിരുന്നില്ല. എത്ര ക്ഷീണമുള്ള സമയത്തും ഇത്തരം വിഷയങ്ങൾ സംസാരിക്കാൻ വലിയ ഉന്മേഷവും ആവേശവുമായിരുന്നു. പേരക്കുട്ടികളോട് വലിയ സ്നേഹവും വാത്സല്യവും അവരുടെ എല്ലാ കാര്യങ്ങളും നന്നായി ശ്രദ്ധിക്കുകയും ചെയ്തിരുന്നു. ആവശ്യങ്ങൾ നിർവ്വഹിച്ചിരുന്നതും അവരെ തർബിയ്യത്തു ചെയ്തിരുന്നതും ബാപ്പ തന്നെയായിരുന്നു. അവരെ പാഠശാലയിൽ ചേർക്കേണ്ട സമയമാകുമ്പോൾ അതു ചെയ്തും ഓത്തു തുടങ്ങേണ്ട സമയത്ത് അലിഫ് ഓതിക്കൊടുത്തും കിതാബുകളും പഠനോപകരണങ്ങളും വാങ്ങാൻ കാശു കൊടുത്തും ഇടക്കിടെ പ്രോത്സാഹനമായി ചില്ലറ സംഖ്യകൾ നൽകിയും അവർക്ക് ഏറ്റവും പ്രിയപ്പെട്ട വല്യുപ്പയായും അവിടുന്ന് വർത്തിച്ചു.

ചെറുപ്പത്തിൽ തന്നെ രോഗിയായ ബാപ്പയെ അതിസങ്കീർണ്ണങ്ങളായ വിവിധ രോഗങ്ങൾ വർഷങ്ങളായി അവശനാക്കിയിരുന്നു. രോഗങ്ങൾ കൊണ്ടു ക്ഷീണിതനായപ്പോഴാണ് ദർസ് നിർത്തി വീട്ടിൽ സ്ഥിരമായത്. ധാരാളം മരുന്നുകളും വർഷങ്ങളായി കഴിച്ചു കൊണ്ടിരിക്കുകയായിരുന്നു. ആയിടക്കാണ് മരണപ്പെടുന്നതിന്റെ രണ്ടു വർഷം മുമ്പ് മാരകമായ അർബുദ രോഗം ബാപ്പയെ കടന്നാക്രമിച്ചത്.

രോഗത്തെ കുറിച്ച് ബാപ്പ അറിഞ്ഞിരുന്നു. പിതാവിനോട് വിവിധ ചികിത്സാ സമ്പ്രദായങ്ങളെ കുറിച്ച് പറഞ്ഞപ്പോഴും അതെല്ലാം നിരസിക്കുകയാണുണ്ടായത്.

വ്യവസ്ഥാപിതവും രേഖാമൂലവുമുള്ള ചികിത്സ മാത്രമേ സ്വീകരിച്ചുള്ളൂ. മാരക രോഗമാണെന്നറിഞ്ഞിട്ടും ബാപ്പാക്ക് മനോവിഷമമുള്ളതായി തോന്നിയിരുന്നില്ല. ബാപ്പയുടെ ദുഃഖ സ്ഥിതി മറ്റുള്ളവരിൽ വിഷമം പടർത്തുമ്പോൾ ബാപ്പ അവരെ സമാധാനിപ്പിക്കുകയായിരുന്നു. 'രോഗം റബ്ബു തന്നതാണ്. അവനാണ് ശിഫയാക്കുന്നത്. നിയമ പ്രകാരമുള്ള ചികിത്സ ചെയ്യാനാണ് നമ്മോട് കൽപ്പിക്കപ്പെട്ടിട്ടുള്ളത്. നാം ചികിത്സിക്കുക. അവനുദ്ദേശിച്ചാൽ ശിഫയാക്കും'. പിന്നീട് രോഗം വർധിക്കുകയും വേദന അസഹ്യമാവുകയും ചെയ്തു. ഇതോടെ ഞങ്ങളുടെ എല്ലാ പ്രതീക്ഷയും അസ്തമിച്ചു തുടങ്ങി. മരണപ്പെടുന്നതിനു ഒരാഴ്ച മുമ്പ് 'കുടുംബാതുരാലയം' എന്ന് ഞങ്ങൾ വിശേഷിപ്പിക്കുന്ന വളാഞ്ചേരി നിസാർ ഹോസ്പ്പിറ്റലിൽ അഡ്മിറ്റ് ചെയ്തു. നില അതീവ ഗുരുതരമാണെന്ന് ഡോക്ടർമാർ പറഞ്ഞു. എന്തും എപ്പോഴും സംഭവിക്കാം. ഈ ഒരാഴ്ചക്കാലം ആശുപത്രിയിൽ ബാപ്പയെ കിടത്തിയിരുന്ന 213-ാം നമ്പർ മുറി പണ്ഡിതന്മാരെ കൊണ്ടും സയ്യിദുമാരെ കൊണ്ടും സദാ നിബിഡമായിരുന്നു. എപ്പോഴും ഖുർആൻ ഓതാനും മന്ത്രിക്കാനുമായിരുന്നു ബാപ്പയുടെ നിർദ്ദേശം. ഈ ദിവസങ്ങളിൽ മുറിയിൽ വെച്ച് ദിക്റും ഓത്തുമല്ലാത്ത ഒന്നും ഇഷ്ടപ്പെട്ടിരുന്നില്ല. ഒന്നു രണ്ടു ദിവസം കഴിഞ്ഞപ്പോൾ രണ്ടു നേരം ബുർദ ബൈത്ത് മന്ത്രിക്കാൻ ആവശ്യപ്പെട്ടു. അങ്ങനെ ദിവസവും ചെയ്തു പോന്നു. ഓരോ ദിവസവും ബാപ്പയുടെ അവസ്ഥ കൂടുതൽ മോശമായി കൊണ്ടേയിരുന്നു.

2001 മാർച്ച് 29 വ്യാഴാഴ്ച്ച രാത്രി 10 മണിയോടടുത്ത സമയം ശക്തമായ ശ്വാസ തടസ്സം അനുഭവപ്പെട്ടു തുടങ്ങി. ഡോക്ടർ വന്നു. നേരത്തെ കൊടുത്തു കൊണ്ടിരുന്ന ഓക്സിജന്റെ അളവു കൂടുതലാക്കി. അന്നു രാത്രി മുഴുവനും അനുജൻ അബ്ദുൽ വാസിഅ് ബാഖവിയുടെയും എന്റെയും

മടിയിൽ മാറി മാറി തലവെച്ചാണ് കിടന്നിരുന്നത്. ഡോക്ടർ മുജീബ് റഹ്മാൻ സ്വന്തം പിതാവിനെ പരിചരിക്കുന്നതു പോലെ ബാപ്പയെ പരിചരിച്ചു. എത്ര തവണയാണ് അദ്ദേഹം ബാപ്പയുടെ അടുത്ത് വന്നതെന്നറിയില്ല. എപ്പോൾ വിളിച്ചാലും ഓടിയെത്തുമായിരുന്നു. ശ്വാസ തടസ്സം കൂടിയും കുറഞ്ഞും കൊണ്ടിരുന്നു ആൺമക്കളായ നാലു പേരും മൂന്നു ജാമാതാക്കളും നാലു പേരക്കുട്ടികളും ഈ രാത്രി മുഴുവനും ബാപ്പയുടെ സമീപത്തു തന്നെ ഉണ്ടായിരുന്നു. ഖുർആൻ പാരായണവും ബുർദ ആലാപനവും നിരന്തരം തുടർന്നു കൊണ്ടേയിരുന്നു. ശ്വാസ തടസ്സം തുടങ്ങിയതു മുതൽ തന്നെ ബാപ്പ ദിക്റുകൾ ഉറക്കെ ചൊല്ലുന്നുണ്ടായിരുന്നു. ഇതു അവസാനം വരെ തുടർന്നു. 2001 മാർച്ച് 30(1422 മുഹർറം 4) വെള്ളിയാഴ്ച സുബ്ഹിക്കു ശേഷം ബാപ്പയുടെ സ്ഥിതി വളരെ ഗുരുതരമായി. വഫാത്തിന്റെ ലക്ഷണങ്ങൾ കണ്ടു തുടങ്ങി. ഉടനെ ഡോക്ടർ മുജീബ് വന്നു. അവസാന നിമിഷങ്ങളാണെന്നറിയിച്ചു കൊണ്ട് ഓക്സിജനും മറ്റും എടുത്തു മാറ്റി. ഞങ്ങൾ ബാപ്പയെ സംസം വെള്ളം കുടിപ്പിച്ചു. ദിക്റു ചൊല്ലിക്കൊടുത്തു. യാസീനിന്റേയും ബുർദ്ദയുടേയും വരികൾ സൃഷ്ടിച്ച ആത്മീയത മുറ്റി നിന്ന അന്തരീക്ഷത്തിൽ സുസ്മേര വദനനായി ഞങ്ങളുടെ അഭിവന്ദ്യ പിതാവ്, ആദരണീയരായ ഗുരു കൃത്യം 7 മണിക്ക് എന്നന്നേക്കുമായി ഈ ലോകത്തോട് വിടപറഞ്ഞു.......

നാഥാ അവർക്ക് നീ മഗ്ഫിറത്ത് നൽകേണമേ അവരോടൊപ്പം ഞങ്ങളെയും സ്വർഗത്തിൽ ഒരുമിച്ചു കൂട്ടേണമേ- ആമീൻ.

വത്സലനായ പിതാവ്

അബ്ദുൽ വഹ്ഹാബ് ബാഖവി

വന്ദ്യ പിതാവിനെ കുറിച്ചെഴുതാൻ പേനയെടുത്തപ്പോൾ വല്ലാതെ ശങ്കിച്ചു. എവിടെ നിന്നു തുടങ്ങണമെന്ന നിസ്സഹായത എന്നെ തളർത്തി. അദ്ദേഹത്തെപ്പോലെ മാതൃകാ യോഗ്യനായ ഒരു പിതാവ്, കുടുംബനാഥൻ, ഗുരുനാഥൻ.... വർത്തമാന കാലത്ത് അധികം ഉണ്ടാവുകയില്ലെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഏതൊരു കാര്യവും പറയുന്നതിനുമുമ്പ് അദ്ദേഹം ഞങ്ങളുടെ മുമ്പിൽ പ്രവർത്തിച്ച് കാണിച്ചു. ഏത് കാര്യത്തിലും അദ്ദേഹത്തിന് വ്യക്തമായ അഭിപ്രായവും ഉറച്ച തീരുമാനവും ഉണ്ടായിരുന്നു.

പഠിച്ച് വിശ്വസിച്ച ആദർശം ആരുടെ മുന്നിലും തുറന്ന് പറഞ്ഞു. അതുകൊണ്ട് ഭൗതിക നേട്ടം നഷ്ടപ്പെടുന്നത് പ്രശ്നമാക്കിയില്ല. ദീനീകാര്യങ്ങൾ മാത്രമാണ് എപ്പോഴും പറയാനുണ്ടായിരുന്നത്. അനുഭവങ്ങളും ഉദാഹരണങ്ങളും നിരവധി പറയാനുണ്ട്. ബാപ്പയുമായി ഒരു തവണയെങ്കിലും ബന്ധപ്പെട്ടവർക്കെല്ലാം ഇത് മനസ്സിലാകുന്നതാണ്. വ്യാജ ത്വരീഖത്ത്കാരും കള്ള ശൈഖുമാരും ബാപ്പയുടെ ശത്രുക്കളായിരുന്നു. വെള്ളിമാടുകുന്ന് മുഹമ്മദ് കോയ ഒരു ഉദാഹരണമാണ്. അയാളോട് ബാപ്പ സന്ധിയില്ലാ സമരം ചെയ്തതിന്റെ ഫലമായി അദ്ദേഹത്തിനു കുറ്റിപ്പുറത്തു നിന്ന് കെട്ടു കെട്ടേണ്ടി വന്നു.

ബാപ്പയെ സന്ദർശിക്കാനെത്തിയ ശൈഖ് ബാപ്പയു

മായി സംസാരിക്കുന്നതിനിടയിൽ നിസ്ക്കാരം ഉപേക്ഷിക്കുന്നതിനെ ന്യായീകരിച്ച് സംസാരിച്ചപ്പോൾ 'ഇത് ഏത് കിതാബിൽ കണ്ടതാണെ'ന്ന് ബാപ്പ ചോദിച്ചു.
'അദ്കിയയിൽ ഉള്ളതാണ്'.
'ഇതാ അദ്കിയ എന്റെയടുക്കലുണ്ട്. കാണിച്ചു തരൂ'.
'അല്ല അദ്കിയയുടെ ഹാശിയയിലാണ്'.
'ശരി, അദ്കിയയുടെ രണ്ട് ഹാശിയകൾ എന്റെ കൈവശമുണ്ട് താങ്കൾ കാണിക്കൂ'.
അപ്പോൾ അദ്ദേഹത്തിന്റെ പ്രതികരണം -'ഞാനിപ്പോൾ കിതാബുകൾ ഇസ്തിഅ്മാൽ(ഉപയോഗം)ഉള്ള ആളല്ല'.
'എങ്കിൽ നിങ്ങൾ മേലിൽ തോന്നിവാസം പറയരുത്. നിങ്ങളെ പോലുള്ളവർ ഇസ്‌ലാമിന് അപമാനമാണ്. സമുദായത്തെ നിങ്ങൾ ഫിത്നയിലാക്കരുത്. മേലിൽ എന്നെക്കാണാൻ നിങ്ങൾ വരികയും ചെയ്യരുത്'. കുറേ മുരീദുമാരെയും കൂട്ടി ഒരു വാഹനത്തിലായിരുന്നു അദ്ദേഹം വന്നത്.
ആ മുരീദുമാരോട് ബാപ്പ പറഞ്ഞു: 'നിങ്ങൾ ഇനി ഇദ്ദേഹത്തിന്റെ കൂടെ നടക്കരുത്. ഇദ്ദേഹം സ്വയം പിഴച്ചവനും മറ്റുള്ളവരെ പിഴപ്പിക്കുന്നവനുമാണ്.'
ഈ സംഭവം നടക്കുമ്പോൾ കക്കിടിപ്പുറം വി.പി.എം ഫൈസിയും അദ്ദേഹത്തിന്റെ അളിയൻ സ്വാലിഹ് അഹ്സനിയും ബാപ്പയുടെ അടുത്തുണ്ടായിരുന്നു.

മക്കൾ ഇൽമിന്റെ സേവകരാകണം എന്നുമാത്രമേ ബാപ്പ ആഗ്രഹിച്ചിരുന്നുള്ളൂ. മക്കളുടെ സമ്പാദ്യം കൊണ്ട് ജീവിക്കാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. അതുകൊണ്ട് തന്നെ ഞങ്ങളുടെ ശമ്പളക്കാശോ മറ്റോ ജീവിതാവസാനം വരെ അദ്ദേഹം സ്വീകരിച്ചില്ല. ഏത് മസ്അല ചോദിച്ചാലും മനസ്സിനു സമാധാനം ലഭിക്കുന്ന രീതിയിൽ വിശദീകരിച്ച് സംശയം തീർത്തു തരുമായിരുന്നു. സമീപകാലത്തുണ്ടായ പല വിഷയങ്ങളിലും ബാപ്പ ഉറച്ച നയം തന്നെയാണ് സ്വീകരിച്ചത്. അതിൽ ആരുടേയും ഇഷ്ടാനിഷ്ടങ്ങൾ അദ്ദേഹം മുഖവിലക്കെടുത്തില്ല.

മഹാന്മാരായ ഖുതുബി, കണ്ണിയത്ത്, വരക്കൽ മുല്ല

ക്കോയതങ്ങൾ തുടങ്ങി സമീപകാലത്ത് കഴിഞ്ഞുപോയ ഒരുപാട് ആലിമീങ്ങളുടെ ചരിത്രങ്ങൾ ബാപ്പ പറഞ്ഞു തരാറുണ്ട്. മർഹും സി.എച്ച്. അബ്ദുറഹ്മാൻ മുസ്‌ലിയാർ അദ്ദേഹത്തിന്റെ പിതാവായ ഖുതുബി തങ്ങളുടെ ചരിത്രം കേൾക്കാൻ ബാപ്പയെ സമീപിക്കുക പതിവായിരുന്നു. എന്റെ പിതാവിനെക്കുറിച്ച് നിങ്ങളുടെ ബാപ്പയിൽ നിന്നാണ് ഞാൻ കൂടുതൽ മനസ്സിലാക്കിയിട്ടുള്ളതെന്ന് അബ്ദുറഹ്മാൻ മുസ്‌ലിയാർ എന്നോട് പറഞ്ഞിട്ടുണ്ട്. മസ്അല വഅ്ളുകൾ പറയാനാണ് ബാപ്പ നിർദ്ദേശിക്കാറുണ്ടായിരുന്നത്. നാൽ പതും അറുപതും ദിവസങ്ങൾ നീണ്ടുനിൽക്കുന്നതായിരുന്നു ബാപ്പയുടെ വഅ്ള് പരമ്പര. മംഗലാപുരം പട്ടണത്തിന്റെ ഹൃദയഭാഗത്ത് തലയുയർത്തി നിൽക്കുന്ന അൽ അസ്ഹർ എന്ന മഹത്തായ സ്ഥാപനം ബാപ്പയുടെ നാൽപ്പത് ദിവസത്തെ വഅ്ളിന്റെ ഫലമാണ്. അന്നൊക്കെ വഅളിന്റെ വേദിയിലേക്ക് ആനയിക്കുക അശ്റഖൽ ബദ്റു തുടങ്ങിയ നബി മദ്ഹുകൾ ആലപിച്ചു കൊണ്ടായിരുന്നു. ഈ യാത്രയിൽ ഞാനും ബാപ്പയെ അനുഗമിച്ചിട്ടുള്ളത് നിധിപോ ലെ ഇപ്പോഴും മനസ്സിൽ സൂക്ഷിക്കുകയാണ്.

കിതാബ് തുടങ്ങിത്തരുമ്പോൾ 'നീ എന്തിനു വേണ്ടി യാണ് കിതാബ് ഓതുന്നത്' എന്ന് ചോദിക്കുക പതിവാ യിരുന്നു. എന്ത് മറുപടി പറയണമെന്ന് ആലോചിക്കുമ്പോൾ ബാപ്പ തന്നെ മറുപടി പറഞ്ഞു തരും. 'അല്ലാഹുവിന്റെ വജ്ഹിനു വേണ്ടിയാണെന്നു നിയ്യത്ത് ചെയ്യുക'. വലിയൊരു പ്രസംഗകനാവാൻ വേണ്ടിയാണെന്നോ അതുപോലെയുള്ള ഐഹിക ഉദ്ദേശങ്ങൾ ഒന്നും ഉണ്ടാകരുതെന്നും പ്രത്യേകം ഉപദേശിക്കാറുണ്ട്. മുതഅല്ലിമീങ്ങൾ പഠിക്കുന്ന കാലത്ത് പ്രധാനമായും കിതാബ് ഓതിപ്പഠിക്കുന്നതിനാണ് പ്രാധാന്യം നൽകേണ്ടതെന്ന് ബാപ്പക്ക് നിർബന്ധമായിരുന്നു. മറ്റൊന്നി നും ആ സമയത്ത് പ്രോത്സാഹനം നൽകാറില്ല. ഒരു ദർസി ലെ മുദരിസും അദ്ദേഹത്തിന്റെ മുതഅല്ലിമീങ്ങളും ഖതീബും കൂടി ബാപ്പയെ സന്ദർശിക്കാൻ വന്നത് ഞാൻ ഓർക്കുക യാണ്.

ബാപ്പ അവരോട് പറഞ്ഞു: 'ഇന്ന് തിങ്കളാഴ്ചയല്ലേ? കുട്ടികളുടെ ഓത്ത് മുടക്കി അവരെയും കൊണ്ട് ഇന്നു നിങ്ങൾ എന്നെ കാണാൻ വന്നത് ശരിയായില്ല. എന്നെക്കാണാൻ വരുന്നതിനേക്കാൾ നല്ലത് ഇവർ ഒരു വരിയെങ്കിലും ഓതുന്നതല്ലേ? വ്യാഴം, വെള്ളി പോലെയുള്ള ഒഴിവു ദിവസങ്ങളല്ലേ ഇതിനൊക്കെ ഉപയോഗപ്പെടുത്തേണ്ടത്?. എന്നാലും ആ ദിവസങ്ങളിലും മുതഅല്ലിമീങ്ങൾ മുത്വാലഅയിൽ വ്യാപൃതരാവലാണ് നല്ലത്. ഞങ്ങളൊക്കെ വ്യാഴം വെള്ളി ദിവസങ്ങളിലാണ് പഴയപാഠങ്ങൾ നോക്കാറുള്ളത്'. എന്നിട്ട് മുതഅല്ലിംകളോടായി പറഞ്ഞു: 'നിങ്ങളുടെ ഉസ്താദുമാർ നിങ്ങളെ ക്ഷണിച്ചാലും ഇതുപോലെ സിയാറത്തിനും മറ്റും നിങ്ങൾ പോകരുത്. നിങ്ങൾ വരില്ലെന്ന് പറയണം'.

അവസാനമായി എന്നോട് ഇഹ്‌യാഉ ഉലൂമിദ്ദീൻ മുത്വാലഅ ചെയ്യാൻ പറഞ്ഞു. ശേഷം 'എന്റെ സഹോദരാ, ഇമാം ഗസ്സാലിയുടെ ഇഹ്‌യാഉ ഉലൂമിദ്ദീൻ എന്ന കിതാബ് നീ പാരായണം ചെയ്യുക, കഠിനമായ എല്ലാ രോഗത്തിൽ നിന്നുമുള്ള ശമനം അതിൽ നിനക്ക് ലഭിക്കും' എന്ന അദ്കിയാഇലെ വരി ചൊല്ലിത്തരികയും ചെയ്തു. ആദ്യകാലങ്ങളിൽ ചന്ദ്രികയും മലയാള മനോരമയും പതിവായി വായിച്ചിരുന്നു. പിന്നീട് അത് നിർത്തി മുഴുവൻ സമയവും കിതാബുകൾ പാരായണം ചെയ്യുന്നതിൽ തന്നെയാണ് ഉപയോഗപ്പെടുത്തിയത്. അവസാനമായി ദർസു നടത്തിയ പൊന്നാനി വലിയ ജുമുഅത്ത് പള്ളിയിൽ നിന്നും ഒഴിവായതിനു ശേഷമുള്ള ദീർഘകാലം ഒരുപാട് കിതാബുകൾ മുത്വാലഅ ചെയ്തു തീർത്തിട്ടുണ്ട്. ഏതു കാര്യത്തിലും ഉറച്ച തീരുമാനങ്ങളും അഭിപ്രായങ്ങളുമുണ്ടായിരുന്നു. അവസാനം രോഗം അത്യാസന്നമായപ്പോൾ ഞങ്ങളെല്ലാവരും പതറിയ അവസരത്തിൽ പോലും ബാപ്പ കാണിച്ച ധീരമായ മനഃശക്തി ആരെയും അത്ഭുതപ്പെടുത്തുന്നതായിരുന്നു. 'നിങ്ങൾക്കൊന്നും ഈമാനില്ലേ? എന്തിനാണ് നിങ്ങൾ കിതാബ് ഓതിയത്?. രോഗശമനത്തിനു ദുആ

ചെയ്യാൻ ആരോടും പറയേണ്ടതില്ല. അങ്ങേയറ്റത്തെ പ്രയാസ മനുഭവപ്പെട്ടപ്പോൾ പോലും അയ്യൂബ് നബി(അ) ശിഫാഇനു വേണ്ടി ദുആ ചെയ്തില്ലല്ലോ!.' രക്തം കയറ്റാൻ വേണ്ടി ഡോക്ടർ നിർദ്ദേശിച്ചപ്പോൾ തന്റെ ശരീരത്തിൽ നജസു കയറ്ററുതെന്നാണ് ബാപ്പ പറഞ്ഞത്. തന്റെ ജനാസ നിങ്ങൾ പൊതുദർശനത്തിനു വെക്കരുതെന്നും ബാപ്പ പ്രത്യേകം വസ്വിയത്ത് ചെയ്തിരുന്നു. ഞങ്ങളുമായി സംസാരിക്കു മ്പോഴെല്ലാം ദീർഘസമയം വിലപ്പെട്ട അറിവുകൾ ബാപ്പ പറഞ്ഞു തന്നിട്ടുണ്ട്. മനസ്സിൽ സമാധാനം കിട്ടുന്ന നിലക്ക് സംശയങ്ങൾ തീർത്തു തരാൻ ഇനി ഒരു പിതാവില്ലല്ലോ എന്നോർക്കുമ്പോൾ മനസ്സ് പിടയുന്നു.

സ്നേഹ ഗോപുരം

അബ്ദുൽ വാസിഅ് ബാഖവി കുറ്റിപ്പുറം

കുതിരപ്പുറത്ത് സഞ്ചരിക്കുകയും സ്വർണ്ണം നിറച്ച ചാക്കുകൾ സൂക്ഷിക്കുകയും പണം കൊണ്ടും ഹുങ്കു കൊണ്ടും ജനങ്ങളെ കീഴ്പ്പെടുത്തിയും അറിയപ്പെട്ടിരുന്ന തറവാടാണ് കമ്പാല. ഉപ്പയുടെ വംശമഹിമ തത്തിക്കളിക്കുന്ന ഈ തറവാട്ടിൽ നിന്നു സാഹചര്യം പതിച്ചു നൽകിയ വിധിയുമായി മൺകട്ടയും ഓടും കൊണ്ട് നിർമിച്ച ചെറ്റക്കുടിലിലായിരുന്നു പിതാവിന്റെ ജനനവും ബാല്യവും. പ്രശസ്തമായ ഭാരതപ്പുഴയുടെ സാമീപ്യം കൂടിയായപ്പോൾ പലപ്പോഴും പ്രകൃതി ദുരന്തങ്ങളുടെ കടന്നാക്രമണം ദുരിതങ്ങളുടെ മേൽ ദുരിതമുണ്ടാക്കി. പുഴവെള്ളം കയറി കുടിൽ തരിപ്പണമായപ്പോൾ അഭയാർത്ഥികളെ പോലെ കിട്ടിയതും പെറുക്കി സുരക്ഷിത മേഖലയിലെ വീടുകളിൽ അഭയത്തിനായി ചെല്ലുമ്പോൾ ആട്ടിയോടിക്കപ്പെട്ടിരുന്ന സംഭവം പലപ്പോഴും പിതാവ് അനുസ്മരിക്കാറുണ്ടായിരുന്നു.

പ്രയാസങ്ങൾ നിറഞ്ഞ തന്റെ പഠന ജീവിതത്തിൽ നല്ലൊരു ഷർട്ട് പോലും മഹാനവർകൾക്ക് ഇല്ലായിരുന്നു. ഷർട്ടിനോടുള്ള ആഗ്രഹം കൊണ്ട് മദ്രാസിൽ കച്ചവടക്കാരനായിരുന്ന ഒരു മാന്യനോട് അദ്ദേഹത്തിന്റെ പഴയ കുപ്പായം ആവശ്യപ്പെട്ടതിനെ തുടർന്ന് മൂന്നുമാസം കഴിഞ്ഞ് കിട്ടിയത് കൈമുറിയൻ കുപ്പായമായതിന്റെ വേദന രോഗശയ്യയിൽ

കിടക്കുമ്പോഴും തന്നെ സന്ദർശിക്കാൻ വരുന്നവരെ പിതാവ് അനുസ്മരിപ്പിച്ചിരുന്നു.

വീട്ടിലെ പ്രാരാബ്ധങ്ങളും ശാരീരികാസ്വാസ്ഥ്യങ്ങളും അദ്ദേഹത്തെ നിരന്തരം വേട്ടയാടിയിട്ടും 'ഖത്റുന്നദ' യിലെ ഒരു പാഠം മാത്രമേ തന്റെ 20 വർഷക്കാലത്തെ വിദ്യാർത്ഥി ജീവിതത്തിനിടയിൽ തനിക്ക് നഷ്ടപ്പെട്ടിട്ടുള്ളൂ എന്നത് അഭിമാനത്തോടെ പറയുമായിരുന്നു. പിതാവിന്റെ മരണശേഷം മക്കളെ പോറ്റാൻ കഷ്ടപ്പെട്ടിരുന്ന മാതാവ് വളർന്ന് വരുന്ന മക്കളെ നോക്കി ഒരിക്കൽ പറഞ്ഞു:
'വാപ്പോ, ഉമ്മുവിനെ കെട്ടിച്ചയക്കണ്ടേ'?
ഇത് മനസ്സിൽ തട്ടിയ മഹാനവർകൾ ഉസ്താദിനോട് സങ്കടം പറയുകയും മദിരാശിയിലേക്ക് കിണ്ണക്കച്ചവടത്തിനു പോകട്ടെ എന്ന് ചോദിക്കുകയും ചെയ്തു.
'എന്താ ഇണ്ണീ, നീ അതിനൊന്നും പോകണ്ടാ'
എന്ന് ഉസ്താദ് പറഞ്ഞപ്പോൾ അത് അനുസരിച്ചു. പിന്നീട് തഫ്സീറുൽ ജലാലൈനി ഓതിത്തുടങ്ങിയപ്പോൾ ഉസ്താദ് ചോദിച്ചുവത്രെ

'അബ്ദുല്ലാ, നീ അന്ന് കച്ചവടത്തിനു പോയിരുന്നുവെങ്കിൽ നിനക്ക് വിശുദ്ധ ഖുർആന്റെ അർത്ഥം പഠിക്കാൻ കഴിയുമായിരുന്നോ?'
ഉസ്താദിന്റെ ഈ ചോദ്യം തന്റെ എല്ലാ വിഷമങ്ങളെയും ഇല്ലാതാക്കുന്നതായിരുന്നുവെന്ന് അദ്ദേഹം പലപ്പോഴും പറയാറുണ്ടായിരുന്നു.

തലക്കടത്തൂർ മുദരിസ് കമ്മുണ്ണി മുസ്‌ലിയാരുപ്പാപ്പയുടെ ശിഷ്യനായിരുന്ന കാട്ടിപ്പരുത്തി മുദരിസ് രണ്ടത്താണി കിഴക്കെപ്പുറം മൊയ്തീൻകുട്ടി മുസ്‌ലിയാർ അപാര ബുദ്ധിമാനായിരുന്നു. 18-ാം വയസ്സിൽ ദർസ് ജീവിതം ആരംഭിച്ച അദ്ദേഹം മഹല്ലി എന്ന കിതാബ് പഠനം നടത്തിയിട്ടില്ലെങ്കിലും പഠനം നടത്തിയവരെക്കാളും നന്നായി ഓതിക്കൊടുത്തിരുന്നു. മഹല്ലിയുടെ സ്പെഷലിസ്റ്റായി അറിയപ്പെട്ടിരുന്ന മർഹും പുതിയാപ്പിള അബ്ദുറഹ്മാൻ മുസ്‌ലിയാർ പോലും അദ്ദേഹത്തിന്റെ കിതാബിലുള്ള കഴിവിനെ

അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ഉദ്ദരിച്ച് പലപ്പോഴും ഉപ്പ പറയുമായിരുന്നു. 'എല്ലാ കിതാബുകളും ഓതണമെന്നില്ല, ഓതുന്നത് നന്നായി ഓതുക. പഠിച്ചതനുസരിച്ച് അമൽ ചെയ്യുക. കിതാബിനെയും ഉസ്താദിനെയും ബഹുമാനിക്കുക. എന്നാൽ ഏത് കിതാബും തിരിയുകയും ചൊല്ലിക്കൊടുക്കാനും കഴിയും'.

ചതിക്കുഴിയിൽ നിന്നും രക്ഷ

കാട്ടിപ്പരുത്തിയിലെ പഠനകാലത്താണ് ചങ്ങമ്പള്ളി വൈദ്യശാലയിൽ ചികിത്സക്ക് വേണ്ടി സി.എൻ അഹ്മദ് മൗലവി (വഹാബി നേതാവ്) വരുന്നത്. പിതാവിന്റെ പ്രസംഗത്തിലുള്ള കഴിവും കുഞ്ഞി ഹൈദർ മുസ്‌ലിയാരുടെ അറബി സാഹിത്യത്തിലുള്ള കഴിവും സി.എൻ മൗലവിയുടെ എഴുത്തിലുള്ള കഴിവും സമ്മേളിച്ചാൽ അതൊരു സംഘടനയായി കേരളത്തിൽ ചലനം സൃഷ്ടിക്കാൻ കഴിയുമെന്ന് സി എൻ കണക്കു കൂട്ടിയെങ്കിലും ഉസ്താദുമാരുടെ നിർദ്ദേശമനുസരിച്ച് മഹാനവർകളും സഹപാഠിയും അതിൽ നിന്നും ഒഴിഞ്ഞു മാറുകയായിരുന്നു.

കിതാബുകളോടുള്ള ബഹുമാനം

ഓതിയതും നോക്കിയതുമായ എല്ലാ കിതാബുകളും നന്നാക്കിയതായി കാണാം. നഹ്‌വ് കിതാബു മുതൽ ബുഖാരി വരെ വളരെ മനോഹരമായി നന്നാക്കിയിരുന്നു. ചെറുവക കിതാബുകൾ നന്നാക്കിയത് പ്രത്യേക തരത്തിലാണ്. അതുപോലെ കിതാബുകൾ സൂക്ഷിക്കുന്നതിലും പ്രത്യേക ശ്രദ്ധ കാണിക്കാറുണ്ട്. തലയിണയുടെ മുകളിലോ മറ്റു തുണികളുടെ മുകളിലോ അല്ലാതെ കിതാബുകൾ വെക്കാറില്ല. ദർസ് നടത്തുമ്പോൾ കാല് നീട്ടുകയോ ചാരി ഇരിക്കുകയോ ചെയ്യാറില്ല.

എത്ര വലിയ ക്ഷീണമുണ്ടായാലും ചിട്ടയോടെ ഇരുന്നല്ലാതെ ദർസ് നടത്താറില്ല. എഴുതേണ്ടത് എഴുതാനും വെട്ടേണ്ടത് വെട്ടാനും എപ്പോഴും പേന കൂടെയുണ്ടാവും. മുത്വാലഅ എത്ര നടത്തിയാലും മതിവരാത്ത പ്രകൃതമാണ്. മരണപ്പെടുന്നതിന്റെ മൂന്നു മാസം മുമ്പു വരെ മുത്വാലഅ

തുടർന്നിരുന്നു. ഏതു പുസ്തകം വായന നടത്തിയാലും അതിൽ തന്റെ അഭിപ്രായം രേഖപ്പെടുത്തിയിരുന്നു.

അധ്യാപന രീതി

അധ്യാപനത്തിൽ മർഹൂം ശൈഖ് ഹസൻ ഹസ്റത്തിന്റെ ശൈലിയാണ് സ്വീകരിച്ചിരുന്നത്. ഒരു സബ്ഖുമായി ബന്ധപ്പെട്ട എല്ലാം നോക്കി വെച്ച് ചുരുങ്ങിയ വാക്കുകളിൽ എത്ര വലിയ വിഷയവും അവതരിപ്പിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ശൈലി. അതുകൊണ്ട് ശ്രദ്ധിക്കുന്നവർക്ക് കുറഞ്ഞ കാലം കൊണ്ട് കിതാബുകൾ തീർക്കാമായിരുന്നു. ഉസ്താദുമാരിൽ നിന്നും പഠന കാലത്ത് മനസ്സിലാക്കിയത് എപ്പോഴും ഓർമയിൽ വരാറുണ്ടായിരുന്നു.

പരപ്പനങ്ങാടിയിൽ മർഹൂം കാടേരിയുടെ ദർസിൽ ഓതുന്ന കാലത്തുണ്ടായ ഒരു സംഭവം എന്റെ ഉസ്താദു കൂടിയായ പിതാവ് പലപ്പോഴും പറയാറുണ്ട്. ഒരു ദിവസം മർഹൂം ഖുതുബി (നഃമ) പനയത്തിൽ പള്ളിയിൽ വന്നു. ആദരവോടെ ഉസ്താദ് കാടേരി സ്വീകരിച്ചിരുത്തി. സംസാരത്തിനിടയിൽ കാടേരി ഖുതുബി(നഃമ)യോട് ചോദിച്ചു.

'തഹ്കീമിന്റെ മസ്അലയിൽ മജ്ലിസ് ഒക്കേണ്ടതുണ്ടോ'?

ഖുതുബി (നഃമ) പറഞ്ഞു.

'വേണ്ട'

ഇതു മറഞ്ഞു നിന്ന് കേട്ട എന്റെ മനസ്സിലേക്ക് ഉടനെ ഓടി വന്നത് കാട്ടിപ്പരുത്തിയിൽ നിന്നും ഫത്ഹുൽ മുഈൻ ഓതുന്ന കാലത്ത് തഹ്കീമിന്റെ ഭാഗമെത്തിയപ്പോൾ ഉസ്താദ് പറഞ്ഞതായിരുന്നു.

'ഇണ്ണീ, ഇണ്ണീ ഇവിടെ മജ്ലിസ് ഒക്കേണ്ട കേട്ടോ'.

ധീരത

1960 കളിൽ കുറ്റിപ്പുറത്തെ ഇളക്കി മറിച്ച ഒരു സംഭവമുണ്ടായി. വിദേശത്തുള്ള ഒരാളുടെ ഭാര്യയെ മറ്റൊരുത്തൻ വിവാഹം കഴിക്കാൻ ആഗ്രഹിച്ചപ്പോൾ രണ്ടാമന് വിവാഹം ചെയ്ത് കൊടുക്കാൻ വേണ്ടി പ്രസ്തുത സ്ത്രീയെ കാഫിറാക്കി ചിത്രീകരിച്ച് ഒരു പണ്ഡിത വേഷധാരി ഫത്‌വ നൽകുകയുണ്ടായി. പ്രസ്തുത വിഷയത്തിൽ കുറ്റിപ്പുറം മഹല്ല് ഇള

കിമറിഞ്ഞപ്പോൾ മർഹൂം കോട്ടുമല ഉസ്താദും കുറ്റിപ്പുറം ഉസ്താദും കൂടി ഈ സ്ത്രീയെ വിശദമായി ചോദ്യം ചെയ്തു. രണ്ടാമനു വിവാഹം ചെയ്തു കൊടുത്തതിനു പ്രതികൂലമാണ് വിഷയമെന്നു ബോധ്യപ്പെട്ടപ്പോൾ രണ്ടാമനെതിരെ ശരീഅത്തിനനുസൃതമായി കർശന നിലപാട് സ്വീകരിക്കുകയും ബഹിഷ്കരണം ഏർപ്പെടുത്തുകയും ചെയ്തു. പതിമൂന്ന് വർഷത്തോളം ഈ ബഹിഷ്കരണം നീണ്ടുനിന്നു.

പിതാവ് മംഗലാപുരത്ത് ജോലിയിലായിരിക്കെ സ്വന്തം കുടിലിന്റെ മേൽ തെങ്ങു വീണ് തരിപ്പണമായപ്പോൾ ഉസ്താദ് വീട്ടിലേക്കു വരുന്നതിനു മുമ്പ് തന്നെ പ്രസ്തുത വീടിന്റെ സ്ഥാനത്ത് മറ്റൊരു വീട് പണിയാൻ വേണ്ടി കഠിനാധ്വാനം ചെയ്ത ബാപ്പയുടെ സുഹൃത്ത് കൂടിയായിരുന്നു ഈ രണ്ടാമനെന്നും അദ്ദേഹത്തിനെതിരിലാണ് പ്രസ്തുത നടപടി സ്വീകരിച്ചതെന്നും കൂടി മനസ്സിലാക്കുമ്പോഴാണ് ബാപ്പയുടെ ധീരതയും ആദർശ തീവ്രതയും നമുക്ക് ബോധ്യമാകുന്നത്.

ശംസുൽ ഉലമയുടെ സർട്ടിഫിക്കറ്റ്

ഉസ്താദുമാരോട് വളരെയധികം ആദരവും ബഹുമാനവുമായിരുന്നു മഹാനവർകൾക്ക്. എങ്കിലും അത്, തന്റെ ആശയങ്ങളും അഭിപ്രായങ്ങളും അവരോട് തുറന്ന് പറയുന്നതിന് എതിരായിരുന്നില്ല. ബാഖിയാത്തിലെ തന്റെ ഉസ്താദായ ശൈഖ് ഹസൻ ഹസ്റതിന്റെ നിർബന്ധത്തിനു വഴങ്ങി 'അഖിലയിൽ അംഗത്വമെടുത്തെങ്കിലും പല യോഗങ്ങളിലും പ്രമുഖർ തന്നെ സമസ്തക്കെതിരെ സംസാരിച്ചപ്പോൾ അങ്ങനെ സംസാരിക്കരുതെന്നും തബ്‌ലീഗ് ജമാഅത്തുമായി യാതൊരു ബന്ധവുമില്ലെന്ന് പരസ്യമായി പ്രഖ്യപിക്കാൻ ഹസ്റതിനോട് വ്യക്തിപരമായി ആവശ്യപ്പെടുകയും ചെയ്തിരുന്നു. പിന്നീട് അഖിലയുടെ പോക്കിൽ അതൃപ്തനായി എങ്ങനെ ഒഴിവാകണം എന്ന ചിന്തയിലായി. അപ്പോഴാണ് അഖിലയിൽ നിന്നും രാജിവെക്കാൻ തയ്യാറായി നിൽക്കുന്ന കാസർഗോഡ് ഖാളി ടി.കെ.എം ബാവ മുസ്‌ലിയാരെ കാണുന്നത്. ബാവ മുസ്‌ലിയാരോട് മഹാനവർകൾ പറഞ്ഞു.

'നാം രാജിവെക്കുന്നത് ഹസ്റത്തിന് വിഷമമുണ്ടാക്കും. അതിനാൽ രാജിവെക്കേണ്ട. മീറ്റിംഗിൽ പങ്കെടുക്കാതിരുന്നാൽ മതി. അങ്ങനെയായാൽ അഖില തന്നെ ഇല്ലാതാകും.' പിന്നീട് ഒരു സംഘടനയിലും ചേർന്നിട്ടില്ല. കൂട്ടുകാരായ മർഹൂം സി.എച്ച്. ഹൈദ്രോസ് മുസ്ലിയാരും, സി.കെ കുഞ്ഞി മുഹമ്മദ് മുസ്ലിയാരും പലപ്പോഴും സമസ്ത മുശാവറയിലേക്ക് നിർബന്ധിച്ചെങ്കിലും ഒഴിഞ്ഞ് മാറുകയായിരുന്നു.

ഒരിക്കൽ ശംസുൽ ഉലമ ഇ.കെ തന്നെ സി.കെ യോട് പറഞ്ഞുവത്രെ. 'കുറ്റിപ്പുറത്തിന്റെ ത്വരീഖ് ഇതിനൊന്നും പറ്റില്ല. അതുകൊണ്ടാണല്ലോ അഖിലയെ പൊളിച്ച് ഹസ്റത്തിന്റെ കൈയിൽ കൊടുത്തത്.

ജീവിത രീതി

വൃത്തിയുടെ കാര്യത്തിൽ വളരെ കണിശത പുലർത്തിയിരുന്നു. ശരീരം, വസ്ത്രം, ഉപയോഗിക്കുന്ന വസ്തുക്കൾ എല്ലാം വൃത്തിയിൽ സൂക്ഷിക്കാറുണ്ടായിരുന്നു. സുഗന്ധത്തിന്റെ ഒരു ശേഖരം തന്നെ കൂടെയുണ്ടാകും. എത്ര വലിയ ക്ഷീണമുണ്ടെങ്കിലും സുബ്ഹിയുടെ വളരെ മുമ്പ് എഴുന്നേറ്റ് ഇബാദത്ത് ചെയ്യാറുണ്ട്. ഇത് മരണത്തിന്റെ അടുത്ത ദിവസം വരെ തുടർന്നിരുന്നു. നിസ്കാര വിഷയത്തിൽ വളരെ ശ്രദ്ധ പുലർത്തിയിരുന്നു. സമയത്തിന് മുമ്പ് തന്നെ വുളൂ ചെയ്ത് കാത്തിരിക്കും. ദിവസവും ഒരു ജുസ്ഇൽ കുറയാതെ ഖുർആൻ പാരായണവും പതിവായിരുന്നു.

കുടുംബക്കാരോട്

മഹാനവർകളുടെ കുടുംബത്തിൽ നല്ലൊരു ശതമാനം പാവപ്പെട്ടവരായിരുന്നു. അതിനാൽ വിധവകളും നിരാലംബരുമായ പലരെയും സ്വന്തം പുരയിൽ തന്നെ പോറ്റിവളർത്തിയിരുന്നു. വിവാഹാവശ്യത്തിലും പുര നിർമാണത്തിലുമെല്ലാം ഇത്തരക്കാരെ പ്രത്യേകം സഹായിക്കുമായിരുന്നു. ചെറുപ്പത്തിൽ തന്നെ പിതാവ് നഷ്ടപ്പെട്ടതിനാലും മൂത്തമകനായതിനാലും കുടുംബ പ്രാരാബ്ധങ്ങൾ നേരത്തെ തുടങ്ങിയിരുന്നു. പത്തു വയസ്സ് മുതലേ ഞാൻ കുടുംബം പോറ്റാൻ തുടങ്ങിയെന്ന് പലപ്പോഴും പറയുമായിരുന്നു.

മക്കളെ ചിട്ടയോടെ വളർത്തുന്നതിലും വളരെയധികം ശ്രദ്ധിച്ചിരുന്നു. ഭൗതിക വിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകാതെ മതവിദ്യാഭ്യാസത്തിനായിരുന്നു ഊന്നൽ നൽകിയിരുന്നത്.

ഭൗതിക വിജ്ഞാനം 'ഇൽമ്' അല്ലെന്നും അത് 'ജഹ്ല്' ആണെന്നും അതു കൊണ്ടാണ് അബൂജഹ്ലിന് നബി തങ്ങൾ ആ പേര് വെച്ചതെന്നും പറയുമായിരുന്നു. മഹാന്മാരായ ആരെ കണ്ടാലും ദുആ ചെയ്യാൻ വേണ്ടി പറയുമ്പോൾ അവസാനം നന്നാകുവാനും മക്കൾ സ്വാലിഹാകാനും ദുആ ചെയ്യാൻ പറയൽ പതിവായിരുന്നു.

മുതഅല്ലിംകളോട്

"എല്ലാ ചെറിയ കിതാബുകളും ശരിയായി ഓതിയതിനു ശേഷമേ വലിയ കിതാബ് ഓതാവൂ. സംശയങ്ങൾ സ്വന്തം ഉസ്താദുമാരോട് ചോദിച്ച് മനസ്സിലാക്കാതെ മറ്റുള്ളവരെ സമീപിക്കുന്നത് ശരിയല്ല. പഠനകാലത്ത് ഇജാസത്തിനും ത്വരീഖത്തിനും വേണ്ടി ഊരുചുറ്റരുത്. പല ദർസുകളിലും മാറി മാറി ഓതരുത്" എന്നൊക്കെ ഉപദേശിക്കുമായിരുന്നു.

രോഗശയ്യയിൽ

'എന്റെ ഉമ്മ എന്നെ പ്രസവിച്ച അന്നു മുതലേ ഞാൻ രോഗിയാണ്' പിതാവ് പലപ്പോഴും അനുസ്മരിക്കുമായിരുന്നു. പക്ഷെ, പടച്ചവൻ എന്നെ ഈ നിലയിൽ എത്തിച്ചു. ആ വാക്കിൽ ഒരു ആശ്വാസത്തിന്റെ പ്രകടനമുണ്ടായിരുന്നു. ചൊറിയും കരപ്പനും അപസ്മാരവുമായിരുന്നു ചെറുപ്പത്തിലെങ്കിൽ പ്രമേഹം, പ്രഷർ, പൈൽസ്, വാതം, മൂത്ര തടസ്സം, കാഴ്ചക്കുറവ് തുടങ്ങിയവ യുവപ്രായത്തിൽ തന്നെ അനുഭവപ്പെടാൻ തുടങ്ങി. പല ആശുപത്രികളിലും അഡ്മിറ്റായിട്ടുമുണ്ട്.

അങ്കമാലിയിൽ നിന്നും തിമിര ശസ്ത്രക്രിയയും തലശ്ശേരിയിൽ നിന്നും പൈൽസ് ഓപ്പറേഷനും നടത്തി. പത്തിലധികം ഔഷധങ്ങൾ ഓരോ ദിവസവും കഴിക്കാനുണ്ടായിരുന്നു. ഈ അവസ്ഥ നാൽപത് വയസ്സിന് മുമ്പ് തന്നെ

തുടങ്ങിയിരുന്നു. എത്ര വലിയ അസുഖവും മഹാനവർകളുടെ മനക്കരുത്തിനെ ബാധിച്ചിരുന്നില്ല. ശക്തമായ വേദന കടിച്ചിറക്കുമ്പോഴും രോഗം സുഖമാകാൻ ആരോടും ദുആ ചെയ്യാൻ പറഞ്ഞിരുന്നില്ല. മറിച്ച് അവസാനം നന്നാകാൻ പറയുമായിരുന്നു. ആധുനിക വൈദ്യശാസ്ത്രത്തിന് മുമ്പിൽ ഇന്നും ഒരു ചോദ്യ ചിഹനമായി നിൽക്കുന്ന മാരകരോഗമായിരുന്നു പിതാവിന്റെ മരണ കാരണം.

റബ്ബേ, നീ അവരുടെ മർഖദിൽ എന്നെന്നും വിശാലത നൽകണേ; അവരുടെ കാൽപ്പാടുകൾ തുടരാൻ ഞങ്ങൾക്ക് തൗഫീഖ് നൽകണേ. ആമീൻ.

മറക്കാനാവാത്ത പ്രസംഗം

കുഞ്ഞാലൻ കുട്ടി മുസ്‌ലിയാർ കാട്ടിപ്പരുത്തി

വർഷങ്ങളോളം കുറ്റിപ്പുറം ഉസ്താദിന്റെ വിജ്ഞാന മലർവാടിയിൽ നിന്ന് മധുനുകരാൻ എനിക്ക് ഭാഗ്യം ലഭിച്ചു. കാട്ടിപ്പരുത്തിയിൽ ഉസ്താദ് ഓതിപ്പഠിക്കുന്ന സമയത്ത് പത്തു കിതാബുകൊണ്ട് തുടങ്ങിയ ആ ബന്ധം പരതക്കാട്, മംഗലാപുരം തുടങ്ങിയ ദർസിലൂടെ വളർന്നു. അതിനുപുറമെ 1955ൽ ഉസ്താദിന്റെ പെങ്ങളെ ഞാൻ വിവാഹം ചെയ്തതോടെ അളിയന്മാർ എന്ന ബന്ധവും ഞങ്ങളിൽ ഉണ്ടായി.

എത്രയോ ത്യാഗം സഹിച്ചാണ് ഉസ്താദ് ഞങ്ങളുടെ നാട്ടിൽ ഓതിപ്പഠിച്ചിരുന്നത്. എല്ലാവർക്കും ഇഷ്ടപ്പെട്ട മുതഅല്ലിമായിരുന്നു. പ്രത്യേക സന്ദർഭങ്ങളിൽ ദുആ ചെയ്യാനും മറ്റും ഓരോ വീട്ടുകാരും വിളിച്ചിരുന്നത് അബ്ദുല്ല മുസ്‌ലിയാരെയാണ്. വളരെ വിഷമം പിടിച്ച ആ കാലഘട്ടത്തിൽ വഅള് പറഞ്ഞ് കിട്ടുന്ന പൈസ കൊണ്ടായിരുന്നു കിതാബുകൾ വാങ്ങുകയും മറ്റ് അത്യാവശ്യകാര്യങ്ങൾ നടത്തിപ്പോരുകയും ചെയ്തിരുന്നത് .

ഒരിക്കൽ എന്റെ പിതാവ് കുഞ്ഞീൻകാക്ക ഉസ്താദിനെ കൂത്ത് പറമ്പിനടുത്ത് “ഇരിട്ടി” യിൽ വഅളിന് ഏൽപ്പിച്ചു കൊടുത്തു. അത് ഒരു റമളാനിലായിരുന്നു. അതിന്റെ പരിസരപ്രദേശങ്ങളായ ആറളം, ഉളിയിൽ തുടങ്ങിയ സ്ഥലങ്ങളിലും അന്ന് ഉസ്താദ് വഅള് പറഞ്ഞു. പിന്നീട് എല്ലാ വർഷവും ഈ പ്രദേശത്തുകാർ നേരിട്ട് ഉസ്താദിനെ

വഅളിന് ക്ഷണിച്ചിരുന്നു. രണ്ടും മൂന്നും ആഴ്ച വരെ നീണ്ടു നിന്നിരുന്നു ആ വഅളുകൾ. ആരുടെയും ഹൃദയത്തെ കീഴടക്കുന്ന വഅളായിരുന്നു ഉസ്താദിന്റേത്.

വെല്ലൂർ ബാഖിയാത്തുസ്സ്വാലിഹാത്തിൽ നിന്ന് ഫസ്റ്റ് റാങ്കോടെ ബിരുദവുമായി വന്ന് പരതക്കാട് ആദ്യമായി ദർസ് തുടങ്ങിയ സന്ദർഭം. അവിടെ അടുത്തുള്ള ഒരു പ്രദേശത്ത് അന്നത്തെ പ്രഗത്ഭ വാഗ്മിയായിരുന്ന മലയിൽ ബീരാൻ കുട്ടി മുസ്‌ലിയാരുടെ പ്രസംഗം നടക്കുന്നുണ്ടായിരുന്നു. വഅള് കേൾക്കാൻ ഉസ്താദും പുറപ്പെട്ടു. ഞങ്ങളേതാനും മുതഅല്ലിമുകളും ഉസ്താദിന്റെ കൂടെ പോയിരുന്നു. ഞങ്ങൾ കടന്നു ചെല്ലുമ്പോൾ പ്രസംഗകൻ 'വുളൂ'ഇനെ സംബന്ധിച്ചുള്ള 'മസ്അല' കളാണ് ചർച്ച ചെയ്തിരുന്നത്. ഉസ്താദിനെ കണ്ട ഉടനെ അദ്ദേഹം തന്റെ പ്രസംഗം നിർത്തുകയും തനിക്ക് ശാരീരിക സുഖം കുറവാണെന്നും അതിനാൽ കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ സംസാരിക്കുമെന്നും അറിയിച്ചു. നിർബന്ധത്തിന് വഴങ്ങി ഉസ്താദ് പ്രസംഗിക്കാൻ എഴുന്നേറ്റു. തുടങ്ങുമ്പോൾ ബീരാൻ കുട്ടി മുസ്‌ലിയാർ ഓതിയ അതേ ആയത്ത് തന്നെയാണ് ഉസ്താദും ഓതിയത്. തുടങ്ങി വെച്ച മസ്അലകൾ തന്നെ അതിന്റെ തർതീബനുസരിച്ച് ഉസ്താദ് വ്യക്തമായി അവതരിപ്പിക്കുകയും സദസ്യർക്കെല്ലാം വളരെ ഇഷ്ടപ്പെടുകയും ചെയ്തു. ഈ വഅള് മൂലം പരതക്കാട്ടുകാർക്കും പരിസര പ്രദേശങ്ങളിലുള്ളവർക്കും ഉസ്താദിനോട് വളരെ ബഹുമാനവും ആദരവും ആയിരുന്നു. വശ്യവും ഹൃദ്യവുമായിരുന്ന ഉസ്താദിന്റെ പ്രഭാഷണം ഇപ്പോഴും എന്റെ മനസിൽ മായാതെ കിടക്കുന്നു.

പ്രവചനം തെറ്റിച്ച ദർസ്

മുഹമ്മദ് കുട്ടി ബാഖവി ചേകനൂർ

1965 ൽ വളാഞ്ചേരി പള്ളിദർസിൽ പഠിക്കുന്ന കാലം. വളാഞ്ചേരിയിലെ ഉസ്താദ് ഉപരിപഠനാർത്ഥം ദയൂബന്തിൽ പോകുന്നതിന് അവിടെനിന്നും ഒഴിഞ്ഞു. ഈ അവസരത്തി ലാണ് ശൈഖുന അബ്ദുല്ല മുസ്‌ലിയാർ പരപ്പനങ്ങാടി പനയത്തിൽ പള്ളിയിൽ ദർസ് ഏറ്റെടുക്കുന്നത്. എന്റെ ജ്യേഷ്ഠൻ ബാവ മുസ്‌ലിയാരുടെ നിർദ്ദേശപ്രകാരം ഞാൻ പനയത്തിൽ ദർസിൽ ചേർന്നു. അത് ജീവിതത്തിന്റെ ഒരു വഴിത്തിരിവായിരുന്നു. ജൂനിയർ വിദ്യാർത്ഥിയായിരുന്ന ഞാനടക്കം അറുപതോളം പേർ അന്ന് അവിടെ പഠിതാക്കാ ളായുണ്ടായിരുന്നു. ദർസിന്റെ കാര്യത്തിലുള്ള ശൈഖുനയുടെ കർശന നിയന്ത്രണത്തിന്റെ പേരിൽ പനയത്തിൽ ദർസ് അധികമൊന്നും നീണ്ടുനിൽക്കുകയില്ലെന്ന് പ്രവചിച്ചവരെ അത്ഭുതപ്പെടുത്തിക്കൊണ്ട് പതിനെട്ട് വർഷത്തോളം വിജ്ഞാനത്തിന്റെ ജലധാര അഭംഗുരം തുടർന്നു. പരപ്പന ങ്ങാടിക്കാരുടെ സ്നേഹവും സമ്പാദിച്ചു. ഞാനും പടിക്കൽ കെ വി അബ്ദുറഹ്മാൻ മുസ്‌ലിയാരുമാണ് ശൈഖുനയുടെ ദർസിൽ നിന്ന് ആദ്യമായി ബാഖിയാത്തിലേക്ക് പോയത്.

പനയത്തിൽ നിന്ന് വിട്ട ശേഷം ശൈഖുന പൊന്നാനി ക്കാരുടെ ആവശ്യ പ്രകാരം ഒരു വർഷത്തോളം താഴെ വലിയ ജുമുഅത്ത് പള്ളിയിൽ ദർസ് നടത്തി. അതിന് ശേഷം വീട്ടിൽ വിശ്രമ ജീവിതമായിരുന്നു.

ചെറുപ്പത്തിൽ തന്നെ പിതാവ് നഷ്ടപ്പെട്ട എനിക്ക് സ്നേഹനിധിയായ ഭാര്യപിതാവും വഴികാട്ടിയുമായ ഉസ്താദുമായിരുന്നു ശൈഖുന. എല്ലാ കാര്യങ്ങളിലും ഉപദേശം തേടാൻ കുറ്റിപ്പുറത്ത് പോകുമായിരുന്നു. നൽകുന്ന ഉപദേശം സ്നേഹത്തോടെയും ചിലപ്പോൾ ഗൗരവത്തോടെയും ആയിരുന്നെങ്കിലും ആത്മ സംതൃപ്തി ലഭിച്ചിരുന്നു. ഞങ്ങളുടെ കുട്ടികൾക്കെല്ലാം പേര് വെക്കൽ ശൈഖുനയായിരുന്നു. എനിക്കാദ്യമായി പെൺകുഞ്ഞ് പിറന്നപ്പോൾ ഉമ്മുൽ ഖൈർ എന്ന് പേര് വെക്കാൻ എനിക്ക് അതിയായ ആഗ്രഹം ഉണ്ടായിരുന്നു. പക്ഷെ പതിവ് തെറ്റിക്കുന്നത് ശരിയല്ലെന്ന് മനസ്സിൽ കരുതി കുറ്റിപ്പുറത്ത് ചെന്ന് കുട്ടിക്ക് എന്താണ് പേര് വെക്കേണ്ടതെന്ന് ആരാഞ്ഞു. ഒട്ടും ആലോചിക്കാതെ ഉമ്മുൽ ഖൈർ എന്ന് പേര് വെച്ചോ അത് സിദ്ദീഖ്(റ)വിന്റെ ഉമ്മയുടെ പേരും കൂടിയാണ്. ഇത് പറഞ്ഞപ്പോൾ സന്തോഷത്തേക്കാൾ അത്ഭുതമാണുണ്ടായത്.

കേരളത്തിലെ സുന്നി പണ്ഡിതന്മാരുടെ ഇടയിലെ നിർഭാഗ്യകരമായ ചേരിതിരിവിൽ മഹാനായ ശൈഖുനാ അതീവ ദുഃഖിതനായിരുന്നു. അവസാന ദിവസങ്ങളിൽ അത് കൂടുതൽ പ്രകടമായിരുന്നു. വളപുരം ത്വലാഖ് പ്രശ്നത്തിൽ കാന്തപുരം വിഭാഗം പണ്ഡിതന്മാരുടെ ഫത്വക്ക് പണ്ഡിതോചിത പിന്തുണ കൊടുത്ത ശൈഖുന ശംസുൽ ഉലമക്കെതിരെ ഉന്നയിച്ചുവെന്ന് പറയുന്ന 'കഫറ' വിഷയത്തിൽ ദുഃഖിതനായിരുന്നു. ഒരു ദിവസം കുറേ സമയം ചിന്താനിമഗ്നനായി ഇരിക്കുകയും ഒടുവിൽ റസൂലുല്ലാഹിയുടെ ഉമ്മത്തല്ലേ ഈ കഷ്ടപ്പെടുന്നതെന്ന് പറഞ്ഞു കൊണ്ട് പൊട്ടിക്കരഞ്ഞു. ആ രംഗം ഇന്നും ഓർമയിൽ തങ്ങി നിൽക്കുന്നു.

മാറ്റമില്ലാത്ത തീരുമാനം

കെ.അബ്ദുസ്സ്വമദ് മുസ്‌ലിയാർ വെളിമുക്ക്

ഗുരുശിഷ്യ ബന്ധം നിർവ്വചിക്കാൻ കഴിയാത്ത ഒന്നാണ്. എങ്കിലും അതിനൊരു പരിധിയുണ്ട്. എന്നാൽ എന്നെ സംബന്ധിച്ചിടത്തോളം എന്റെ ഉസ്താദും ഭാര്യാ പിതാവും കൂടിയായ അബ്ദുല്ല മുസ്‌ലിയാർ ആ പരിധിക്കുമപ്പുറം എന്റെ സർവ്വസ്വവുമായിരുന്നു. രക്ഷിതാവും മാർഗദർശിയുമൊക്കെ അദ്ദേഹം തന്നെ. നാലു വർഷം ഒരു വിനീത ശിഷ്യനായി മഹാനവർകളുടെ കൂടെ പനയത്തിൽ പള്ളിയിൽ ഓതിത്താമസിച്ചു. 1980ൽ രണ്ടാമത്തെ മകൾ ഉമ്മു സുലൈമിനെ വിവാഹം ചെയ്തതോടെ ആ പണ്ഡിത കുടുംബത്തിലെ ഒരു കണ്ണിയായി എന്നെയും വിളക്കിച്ചേർക്കപ്പെട്ടു.

മുതഅല്ലിമുകളോട് കർശന നിയന്ത്രണത്തിലായിരുന്നു പെരുമാറിയിരുന്നതെങ്കിലും അനിർവചനീയ സ്നേഹത്തിന്റെയും മഹാമനസ്കതയുടെയും പര്യായമായിരുന്നു വന്ദ്യരായ ഉസ്താദ്. മുതഅല്ലിമീങ്ങളെ ബാധിക്കുന്ന ഏതെങ്കിലും പ്രശ്നമുണ്ടാകുമ്പോൾ അവിടെ മുഖം നോക്കാതെ നടപടി എടുക്കുമായിരുന്നു. ഒട്ടനവധി പ്രശസ്ത പണ്ഡിതർക്ക് ജന്മം നൽകിയതാണ് പരപ്പനങ്ങാടി പനയത്തിൽ ദർസ്. നിരവധി വിദേശികളായ വിദ്യാർത്ഥികൾ മഹാനവർകളുടെ വിജ്ഞാന സാഗരത്തിൽ നിന്ന് മുത്തുകൾ വാരിക്കൂട്ടാനെത്തുന്നതോടൊപ്പം ധാരാളം സ്വദേശികളായ

വിദ്യാർത്ഥികളും ഉസ്താദിന്റെ ദർസിലെ അംഗങ്ങളായിരുന്നു. ഒരിക്കൽ നാട്ടുകാരനായ വിദ്യാർത്ഥിയും ഉസ്താദിന് ഭക്ഷണം കൊണ്ടു വന്നിരുന്ന മുതഅല്ലിമും തമ്മിൽ ഒരു പ്രശ്നമുണ്ടായി. വിദ്യാർത്ഥികൾ തമ്മിലുള്ള പ്രശ്നം നാട്ടുകാരനായ വിദ്യാർത്ഥിയുടെ കുടുംബക്കാർ ഏറ്റെടു ക്കുകയും പ്രസ്തുത വിദ്യാർത്ഥിയുടെ ജ്യേഷ്ഠൻ മുതഅല്ലിമിനെ ശാരീരിക ഉപദ്രവം ഏൽപ്പിക്കുകയും ചെയ്തു. തന്റെ മുതഅല്ലിമുകളെ സ്വന്തം മക്കളേക്കാളുപരി സ്നേഹിച്ചിരുന്ന ഉസ്താദിന് ഇത് വളരെ വിഷമമായി. വിദേശികളായ മുതഅല്ലിമുകൾ പ്രസ്തുത വ്യക്തിയോട് പ്രതികാരം ചോദിക്കാൻ തയ്യാറെടുത്തെങ്കിലും നാടിന്റെ പൊതുനന്മ കണക്കിലെടുത്ത് ഉസ്താദ് അതിനു സമ്മതി ച്ചില്ല. എങ്കിലും നാട്ടിലെ പ്രധാനികളെയും കമ്മറ്റി ഭാരവാ ഹികളെയും ക്ഷണിച്ചു വരുത്തി പ്രശ്നത്തിന്റെ ഗൗരവം അവരെ ബോധ്യപ്പെടുത്തുകയും നാട്ടുകാരനായ വിദ്യാർ ത്ഥിയെ ദർസിൽ നിന്ന് പുറത്താക്കുകയും ചെയ്തു. കേരള ത്തിലെ പ്രമുഖ പണ്ഡിതനും സൂഫിവര്യനുമായിരുന്ന ഒരു വ്യക്തി ഈ വിഷയത്തിൽ ശുപാർശ ചെയ്തിട്ടു പോലും കുട്ടിയെ ദർസിൽ തിരിച്ചെടുത്തില്ല എന്നത് പ്രത്യേകം ശ്രദ്ധേയമായിരുന്നു.

കിതാബുകളോട് അദബ് കാണിക്കാൻ മഹാനവർകൾ എപ്പോഴും ഉപദേശിക്കുമായിരുന്നു. ഓതുന്ന സമയത്തും കിതാബ് ഒരു മുണ്ടിലോ മറ്റോ വെച്ചായിരിക്കും ഓതുക. ആ മുണ്ടിൽനിന്ന് കിതാബ് അൽപ്പം നീങ്ങിയാൽ പോലും ശക്തമായ ഭാഷയിൽ അതിനെ ഉണർത്തുമായിരുന്നു.

തന്റെ ഉസ്താദുമാരോട് വളരെയധികം സ്നേഹവും ബഹുമാനവുമായിരുന്നു അദ്ദേഹത്തിന്. എപ്പോഴും ഉസ്താ ദുമാരുടെ മദ്ഹ് പറയുകയും അവർക്ക് വേണ്ടി പ്രാർത്ഥി ക്കുകയും ചെയ്യും. ബാഖിയാത്തിലെ ഉസ്താദായ ശൈഖ് ഹസ്സൻ ഹസ്റത്ത് വരുമ്പോൾ അദ്ദേഹത്തിന്റെ ചെരുപ്പും ബാഗുമെല്ലാം എടുത്തുകൊണ്ട് വന്നിരുന്നതും ഞങ്ങൾ പ്രത്യേകം ശ്രദ്ധിക്കുമായിരുന്നു. തന്റെ വിഷയങ്ങളിൽ

സ്വന്തം മുതഅല്ലിംകളെ ഖാദിമീങ്ങളാക്കി ശീലിപ്പിക്കുമ്പോഴും തന്റെ ഉസ്താദ് വരുമ്പോൾ ഉസ്താദിന്റെ കാര്യങ്ങൾ മഹാനവർകൾ തന്നെ ശ്രദ്ധിച്ചിരുന്നുവെന്നതും ശ്രദ്ധേയമായിരുന്നു. ഉസ്താദുമാരോടുള്ള തന്റെ അനിർവ്വചനീയമായ ബഹുമാനത്തെയാണ് ഇത് വിളിച്ചോതുന്നത്.

വല്യുപ്പയുടെ തണലിൽ

മുഹമ്മദ് അബ്ദുല്ല അൻവർ ബാഖവി ചേകനൂർ

സ്നേഹിക്കുന്നവരുടെ വിയോഗം അവയവങ്ങൾക്ക് ക്ഷതമേൽക്കുന്നതിനു തുല്യമാണ്. വല്യുപ്പയുടെ വിയോഗം ഞങ്ങളുടെ കുടുംബത്തിനെ മുഴുവൻ തളർത്തിയിരുന്നു. പേരക്കുട്ടികളായ ഞങ്ങൾക്ക് നഷ്ടമായത് സ്നേഹത്തിന്റെ തണൽ മരമാണ്. പ്രശ്നങ്ങളും പ്രയാസങ്ങളും നേരിടുമ്പോഴും വിഷമങ്ങളും ബുദ്ധിമുട്ടുകളും അനുഭവിക്കുമ്പോഴും ആ മരത്തിന്റെ തണൽ ഞങ്ങൾക്ക് സാന്ത്വനത്തിന്റെ കുളിർ തെന്നലായിരുന്നു. മദ്റസയിൽ ചേർക്കാൻ പ്രായമാകുമ്പോൾ വല്യുപ്പയുടെ അടുക്കൽ പോകും. അവിടെ നിന്നാണ് ബിസ്മിയോടെ തുടക്കം കുറിക്കുന്നത്. പിന്നെ പഠനത്തിൽ ബറക്കത്തുണ്ടാവാൻ വേണ്ടി ദുആ ചെയ്ത് പുറത്ത് തട്ടി പറഞ്ഞയക്കും. ആഘോഷ ദിനങ്ങൾ വരുമ്പോൾ മക്കളെയും പേരക്കുട്ടികളെയും വിളിച്ച് സദ്യയൊരുക്കുന്നത് വലിയ ഇഷ്ടമായിരുന്നു.

ഒരു പെരുന്നാളിന് ഞങ്ങളെല്ലാവരും വല്യുപ്പയോടുകൂടെ ഭക്ഷണം കഴിക്കുകയാണ്. കൂട്ടത്തിൽ അദ്ദേഹത്തിന്റെ ഒരു ശിഷ്യനുമുണ്ട്. അച്ചടക്കത്തോടെ ഭക്ഷണം കഴുക്കുന്നത് വലിയ സന്തോഷമാണ്. ശിഷ്യനോട് സംസാരിക്കുന്നതിന്റെ ഇടയിൽ കൂട്ടത്തിലെ ഒരു കുട്ടി വലതു കൈ കൊണ്ട് വെള്ളം കുടിക്കുന്നത് വല്യുപ്പയുടെ ശ്രദ്ധയിൽപ്പെട്ടു. അത് ശ്രദ്ധിച്ച് ശിഷ്യനോട് പറഞ്ഞു: 'കണ്ടില്ലേ ഭക്ഷണം കഴിക്കുമ്പോൾ കുട്ടികൾ പോലും മര്യാദ പാലിക്കുന്നു. ഇതാണ് എന്റെ

വീട്ടിലെ ദീനീ തർബിയത്ത്'.

നിസ്ക്കാര സമയമായാൽ ബെല്ലടിച്ച് സമയം അറിയിക്കൽ വല്യുപ്പയുടെ പതിവാണ്. കുട്ടികളെല്ലാം നിസ്കാരത്തിന് എത്തണം. വല്യുപ്പയുടെ പിന്നിൽ സ്വഫ്ഫായി നിന്ന് നിസ്കരിക്കുന്നത് വലിയൊരു അനുഭൂതിയാണ്. നിസ്ക്കരിക്കുന്നതിനു മുമ്പിൽ ഒരു വടി വെച്ചിരിക്കും. ഇതെന്തിനാണെന്ന ജിജ്ഞാസ കുറേ കാലമുണ്ടായി. പിന്നീടൊരിക്കൽ വല്യുപ്പയുടെ കൂടെ നിസ്ക്കരിക്കുന്നതിനിടയിൽ കുട്ടികളിലൊരാൾ ചിരിച്ചു. സലാം വീട്ടിയ ഉടനെ വല്യുപ്പ ചൂരൽ എടുത്ത് ചിരിച്ചവന്റെ നേരെ നീട്ടി നിസ്കാരത്തിൽ ചിരിക്കരുതെന്ന് താക്കീത് ചെയ്തു. വടിയുടെ ഉദ്ദേശ്യം ഇതോടെ തിരിച്ചറിഞ്ഞു.

മുടി കൂടുതൽ വളർത്തുന്നത് അവർക്ക് ഇഷ്ടമുണ്ടായിരുന്നില്ല. മുതഅല്ലിമീങ്ങളായ ഞങ്ങൾക്ക് ആഴ്ച കണക്കാക്കി കാശ് തന്നിരുന്നു. ഇക്കാരണത്താൽ ഒരിക്കലും പഠനകാലത്ത് പൈസക്ക് ബുദ്ധിമുട്ടേണ്ടിവന്നിട്ടില്ല. പേരിനൊപ്പം മോൻ, മോൾ എന്ന് ചേർത്തിയിട്ടായിരുന്നു വല്യുപ്പ വിളിച്ചിരുന്നത്. ആ വിളി ഹൃദ്യമായിരുന്നു. കുറ്റിപ്പുറം തറവാട്ടിൽ വിരുന്നു ചെന്നാൽ ഞങ്ങൾക്ക് ഇഷടപ്പെട്ട ഭക്ഷണം തയ്യാറാക്കാനായി പറയും. യാത്ര പോകുമ്പോൾ ഞങ്ങളെ എല്ലാവരെയും വിളിച്ച് പൈസ തരും. 'സ്വദഖ വിപത്തുകളെ തടയുമെന്ന് നബിവചനമുണ്ടല്ലോ?' യാത്രാക്ലേശങ്ങൾ തരണം ചെയ്യുന്നതിനാകും ഇങ്ങനെ ചെയ്യുന്നത്. എവിടെ പോയി തിരിച്ചുവരുമ്പോഴും മിഠായിയും പഴങ്ങളും കൊണ്ടു വന്നു തരും.

ഒരിക്കൽ ഡോക്ടറെ കണ്ട് തിരിച്ചു വരുമ്പോൾ അങ്ങാടിയിൽ വണ്ടി നിർത്തി അമ്മാവൻ കുറച്ച് മുന്തിരി വാങ്ങിച്ചു. ഉടൻ വല്യുപ്പ ചോദിച്ചു: 'ഇതെന്തിനാണ്'? 'ജ്യൂസടിക്കാൻ' അമ്മാവൻ പറഞ്ഞു. കുട്ടികൾക്ക് മിഠായിയോ പഴമോ വാങ്ങാനായിരുന്നു അന്നേരം വല്യുപ്പ പറഞ്ഞത്.

തന്റെ കുടുംബം തികച്ചും ദീനീചിട്ടയോടെ ജീവിക്കണമെന്ന് നിർബന്ധ ബുദ്ധിയുള്ള ആളായിരുന്നു വല്യുപ്പ.

ദീനീ വിജ്ഞാനം നേടാൻ ഞങ്ങളോട് പറയുമായിരുന്നു. ആ രീതിയിൽ വളരുന്ന ഞങ്ങളുടെ കാര്യത്തിൽ വല്യുപ്പ സന്തോഷവാനായിരുന്നു. ഇത് സന്ദർശകരോട് പറയുകയും ചെയ്യുമായിരുന്നു. 'എന്റെ രണ്ട് പേരക്കുട്ടികൾ ബാഖവി മാരാണ്. ഇപ്പോൾ ഒരാൾ ബാഖിയാത്തിലുണ്ട്. മറ്റുള്ളവരും ആ രംഗത്തുതന്നെ. ഇത് നാഥൻ തന്ന അനുഗ്രഹമല്ലേ!' വല്യുപ്പയുടെ വാക്കുകളാണിത്. ഇതിന്റെ അനന്തരഫലമായി രിക്കാം മരണസമയത്ത് ഞങ്ങളെല്ലാവരും അടുത്തുണ്ടായിരുന്നതും ഖുർആൻ പാരായണം ചെയ്തു കൊണ്ടിരുന്നതും.

തൊട്ടതിനൊക്കെ പ്രതികരിക്കുന്നതിനെ അവിടുന്ന് വിലക്കുമായിരുന്നു. ഒരു ദിവസം ഒട്ടേറെ വിഷമം പറഞ്ഞപ്പോൾ ഗൗരവഭാവത്തിൽ പ്രതികരിച്ചു: 'എടാ, ദുനിയാവ് മുഅ്മിനിന്റെ ജയിലല്ലെ, അതുകൊണ്ട് എല്ലാം സഹിക്കണം. എപ്പോഴും സുഖവും സന്തോഷവും മാത്രമുണ്ടാവാൻ കൊതിക്കരുത്. പ്രയാസങ്ങളെയും സ്നേഹിക്കണം. അത് പ്രതിരോധശക്തി വർദ്ധിപ്പിക്കും'. ഇതാണ് വല്യുപ്പയുടെ ഉപദേശം.

എന്ത് വിഷമം ഉണ്ടെങ്കിലും അവിടെ ചെന്നു പറഞ്ഞാൽ പരിഹാരങ്ങൾ നിർദ്ദേശിക്കാതിരിക്കില്ല. കുടുംബത്തിന്റെ ഒരത്താണിയായിരുന്നു വല്യുപ്പ. എല്ലാ നിലയിലും ഞങ്ങളുടെ തണലായിരുന്നു. വല്യുപ്പ ഉണ്ടായിരുന്നെങ്കിലാശിച്ചു പോകുന്നു. ഹിജാബിന്റെ കാര്യത്തിൽ കർശന നിലപാടായിരുന്നു വല്യുപ്പയുടേത്. മൂന്നാമത്തെ അമ്മാവന്റെ കല്ല്യാണം കഴിഞ്ഞ ഉടനെ ഞാനും ചെറിയ അമ്മാവനും കൂടി വീടിന്റെ അകത്തെ പാസ്സേജിൽ ഇരിക്കുകയായിരുന്നു. ഇതുകണ്ട വല്യുപ്പ ഗൗരവഭാവത്തിൽ പറഞ്ഞു: 'എടാ ഇവിടെ സ്ത്രീകൾ നടക്കുന്ന സ്ഥലമല്ലേ, നിങ്ങളൊക്കെ പ്രായപൂർത്തി എത്തിയവരല്ലേ, ഇവിടെ ഇരിക്കാൻ പാടില്ലെന്നറിയില്ലേ? എണീറ്റ് പോടാ'.

മരണാസന്ന ദിവസങ്ങളിൽ ഞങ്ങളെ വിളിച്ച് മണിക്കൂറുകളോളം ഉപദേശിച്ചിരുന്നു. ഇന്ന് അതെല്ലാം ഓർമകൾ മാത്രം. റസൂലിന്റെ ജീവിതം പിൻപറ്റുന്നതിൽ കണിശത പുലർത്തിയ ഒരു സ്നേഹഗോപുരമായിരുന്നു അദ്ദേഹം.

ജ്ഞാന കിരണം

നൂർ ഫൈസൽ കുറ്റിപ്പുറം

ബഹു: അബ്ദുല്ല മുസ്‌ലിയാർ
പണ്ഡിതരുടെ പ്രിയങ്കരൻ,
വൈജ്ഞാനിക ലോകത്തെ മഹാമനീഷി,
കിരീടം ധരിക്കാത്ത നായകൻ,
വിശ്രമമറിയാത്ത ത്യാഗകർമി,
ധന്യമായ മനസ്സിന്റെയും
സമ്പന്നമായ മതചിട്ടയുടെയും പ്രതീകം.
ശരീഅത്തിലൂടെ ആയുസ്സ് മുഴുവൻ
നിത്യഹരിതമാക്കിയ പുണ്യവാളൻ.
സത്യത്തിന്റെ നിത്യദീപം.
അദ്ധ്യാത്മികത പൂത്തുലഞ്ഞ-
മലയാള മണ്ണിന്റെ മഹാഗുരു.
ബാഖിയാത്തിൽ വിരിഞ്ഞ മലർമുല്ല.
വിജ്ഞാനകുതുകികൾ തേടിവന്ന
അറിവിന്റെ മലർവാടി.
ശൈഥില്യങ്ങൾക്കെതിരെ
കൊടുങ്കാറ്റുയർത്തിയ
ആദർശ സാമ്രാജ്യം.
വൈകല്യങ്ങളുടെ ബദ്ധ വൈരി.
പണ്ഡിത കേരളത്തിന്റെ ചരിത്ര ശേഖരം.
സങ്കീർണതകളിലും സമചിത്തതയുള്ള
അനുകരണീയ വ്യക്തിത്വം.

അങ്ങെത്ര ഉൽകൃഷ്ടനും സമ്പൂർണ്ണനുമാണ്.
വിശ്വാസ ശക്തിയും നൈതികതയും
അങ്ങയെ അതുല്യനാക്കിയില്ലേ?
ആ വിജ്ഞാന സാഗരത്തിൽ നിന്ന്
സമകാല ചരിത്രത്തിന്റെ ഒരായിരം തേനരുവികൾ
സമൃദ്ധമായൊഴുകിയില്ലേ?

അണമുറിയാത്ത ആ കിരണങ്ങളിന്നും
ആയിരങ്ങൾ ആസ്വദിക്കുന്നു.
അങ്ങനെ; ദൈവിക നിർണ്ണയം
തേടിയെത്തി. ഇന്നാലില്ലാ...

ഞങ്ങളുടെ ഹൃദയാന്തരങ്ങളിൽ പരിമളം വീശുന്നു.
സാന്ത്വനം തേടി ആയിരങ്ങൾ ഒഴുകി വരുന്നു
വിശ്രമം അവിശ്രമമാക്കിയ ധന്യമാപാതയിൽ
ചുറു ചുറുക്കിന്റെ യുവത്വം;
ഹാവൂ എത്ര ശക്തമായിരുന്നു.

ഞങ്ങളുടെ ഓർമ്മയുടെ
കർണപുടങ്ങളിൽ
അവയിന്നും അലയടിക്കുന്നു.
സമ്പന്നമാ സുഖസമാധി
മോചനത്തിന്റെ ശാന്തിഗീതം നൽകി
എന്നും ജാജ്വലമായി ജ്വലിക്കട്ടെ.

നിറമിഴികളോടെ

അബ്ദുന്നൂർ ബാഖവി അസ്ഹരി കുറ്റിപ്പുറം

ഞങ്ങൾക്കെല്ലാവർക്കും ഉസ്താദവർകൾ പ്രിയപ്പെട്ട ബാപ്പയായിരുന്നു. എല്ലാ കാര്യവും ബാപ്പയുടെ സമ്മതവും ഇഷ്ടവും സമ്പാദിച്ചാണ് ചെയ്തിരുന്നത്. ചെറിയ മകൻ എന്ന പരിഗണന ഞാൻ ആവോളം ആസ്വദിച്ചു. ഒപ്പം നിർലോഭമായ സ്നേഹവും ഉപ്പയിൽ നിന്ന് ലഭിച്ചു. അതികഠിന ശിക്ഷണത്തിലൂടെ വളർത്തിയതിനോടൊപ്പം നല്ല വാത്സല്യവും നൽകി. മതചിട്ട ബാപ്പയുടെ രക്തത്തിൽ അലിഞ്ഞുചേർന്നിരുന്നു. ശറഈ നിയമങ്ങളുടെ ആകെത്തുകയായിരുന്നു ആ ധന്യജീവിതം. അഞ്ചാം ക്ലാസ് സ്കൂളും മദ്റസയും കഴിഞ്ഞയുടനെ ദർസിലേക്ക് വേണ്ടുന്ന സാമഗ്രികൾ തന്ന് പറഞ്ഞയച്ചു. അന്നെനിക്ക് പത്തുവയസ്സ് തികഞ്ഞിട്ടില്ല. 21 വയസ്സ് തികയുന്നതിന് മുമ്പേ വേലൂർ ബാഖിയാത്തിൽ നിന്ന് പഠനം പൂർത്തിയാക്കുന്നതുവരെ എന്ത് ആവശ്യപ്പെട്ടാലും എത്ര പണം ചോദിച്ചാലും നൽകിയിരുന്നു. പഠനം കഴിഞ്ഞ് ജോലിയിൽ പ്രവേശിച്ചിട്ടും ഇതിന് ഭംഗം വന്നില്ല. വിവാഹത്തിന്റെ അടുത്ത സമയം വരെ പിതാവിന്റെ കാശില്ലാതെ യാത്രയുണ്ടായിട്ടില്ല. ഒരു തവണ മറന്നപ്പോൾ റെയിൽവേ സ്റ്റേഷനിലേക്ക് കൊടുത്തയച്ചു. എപ്പോഴും എന്റെ കാര്യത്തിൽ പ്രത്യേക ശ്രദ്ധയും താൽപര്യവുമായിരുന്നു. ശറഈ കാര്യങ്ങളിൽ മാത്രം അനുകൂലമാണെങ്കിൽ സമ്മതവും ഇല്ലെങ്കിൽ കർശനമായി തന്നെ എതിർക്കുകയും ചെയ്യും. ഏത് വിഷയവുവായി സമീപി

ച്ചാലും അതിന് റാഹത്തായ തീരുമാനം ഉണ്ടാകുമായിരുന്നു.

ഉമ്മ പറഞ്ഞ ഒരു സംഭവം ഓർക്കുന്നു: സാധാരണ മായി പിതാവിന്റെ അടുക്കൽ വിവിധ ആവശ്യങ്ങൾ സാധിക്കാൻ ഉമ്മ മുഖാന്തിരം പല സ്ത്രീകളും വരാറുണ്ട്. വിരിക്കു പുറകിൽ നിന്ന് വിഷയങ്ങൾ പറയും. പലതവണ വന്നിരുന്ന ഒരു സ്ത്രീ ഒരിക്കൽ വലിയ വിഷമത്തോടെയാണ് വന്നത്. കാര്യം തന്റെ ഭർത്താവ് രണ്ടാമത് വിവാഹം ചെയ്ത താണ്. ഭർത്താവിന് അതിന് അർഹതയുണ്ടെന്നറിഞ്ഞ പിതാവ് ആ സ്ത്രീയെ ശക്തമായി ശകാരിച്ചു. അല്ലാഹു ഹലാ ലാക്കിയതിനെതിരിൽ പറയാൻ പാടില്ലെന്ന ശക്തമായ തീരുമാനം ആ സ്ത്രീക്ക് വലിയ വേദനയായി. പിന്നീട് അവർ തീരെ വന്നില്ല പോലും.

എന്റെ നിക്കാഹ് എവിടെ വെച്ച് നടത്തണമെന്ന ചർച്ച നടക്കുകയാണ്. എന്റെ ആഗ്രഹം പിതാവിന്റെ സാന്നിധ്യ ത്തിൽ കുറ്റിപ്പുറത്ത് വേണമെന്നായിരുന്നു. അവർ അവിടെ വെച്ച് നടത്താമെന്ന് പറഞ്ഞപ്പോൾ ഞാൻ എന്റെ ആഗ്രഹം പ്രകടിപ്പിച്ചു. പക്ഷേ, പിതാവിന്റെ മറുപടി: 'അങ്ങനെ നീ എന്തിനാഗ്രഹിക്കണം? അത് ശറഇൽ ഇല്ലാത്തതാണല്ലോ. ശറഇൽ ഇല്ലാത്തത് ആഗ്രഹിക്കാൻ പാടില്ല'. ഞാൻ നിരാശനായി മടങ്ങി. ഇതുപോലെ ഒരുപാടുണ്ട്. എപ്പോഴും എന്നെ വിളിച്ച് ഉപദേശം നൽകും. ഇപ്പോൾ ഇടക്കിടക്ക് സ്വപ്നം കാണുമ്പോഴെല്ലാം ഉപദേശം നൽകുന്നത് പോലെ. പക്ഷേ എന്താണെന്ന് വ്യക്തമാക്കുന്നതിനു മുമ്പ് ഉണരും അതാണ് പതിവ്.

പതിനാല് വയസ്സുള്ളപ്പോൾ ഞാൻ ഒരു സിയാറത്ത് ടൂറിനു പോയി തിരിച്ചു വന്ന് രണ്ടു നാൾ കഴിഞ്ഞപ്പോൾ എന്നെ വിളിച്ചു പറഞ്ഞു: 'നീ എന്തേ സിയാറത്ത് ടൂറിനു പോയപ്പോൾ തലേക്കെട്ടു കെട്ടാതിരുന്നത്'. ഞാൻ അത്ഭുത പ്പെട്ടു പോയി. കാരണം ബീമാപള്ളിയിൽ സിയാറത്ത് ചെയ്യുമ്പോൾ തലേക്കെട്ടു മുഷിഞ്ഞതിനാൽ ഞാൻ ടർക്കി തലയിലിട്ടു. ഈ വിവരം ബാപ്പ എങ്ങനെ അറിഞ്ഞു. അതിനു ശേഷം തലക്കെട്ട് ഉപേക്ഷിക്കാറില്ല. തലക്കെട്ടു ധരിക്കാത്ത

മുതഅല്ലിംകളെയും പണ്ഡിതന്മാരെയും വെറുപ്പാണ്. അവരെ കണ്ടാൽ കണിശമായി പറയുകയും ചെയ്യും.

സഹോദരന്മാരുടെയും സഹോദരിമാരുടെയും സന്താനങ്ങൾക്ക് പേരുവെക്കാനും അവരെ മന്ത്രിക്കാനും പിതാവിനവസരമുണ്ടായി. പക്ഷെ എന്റെ കുഞ്ഞുങ്ങൾക്ക് ആ ഭാഗ്യമുണ്ടായില്ല. അവർക്ക് പിതാവിന്റെ തർബിയത്ത് കിട്ടിയിട്ടില്ലെന്നോർക്കുമ്പോൾ എനിക്കു വലിയ ദുഃഖമാണ്. അറിയാതെ കണ്ണുനീർ ചാലിടും. അവിടുത്തെ നിത്യസ്മരണകൾക്കു മുമ്പിൽ ഈ ചെറിയ പുത്രനും വിനയാന്വിതനായി നിന്നു പോകുന്നു. നാഥാ, പിതാവിനോടൊപ്പം സ്വർഗത്തിൽ ഒരുമിപ്പിക്കണേ. ആമീൻ.

ഓർമക്കുറിപ്പ്

കുറ്റിപ്പുറത്തിന്റെ സ്വന്തം ഉസ്താദ്

(കുറ്റിപ്പുറം മഹല്ല് കമ്മിറ്റി ഭാരവാഹികളായ എൻ വി കുഞ്ഞിമുഹമ്മദ്, അബ്ദുമാസ്റ്റർ, വി പി കുഞ്ഞിമുഹമ്മദ്(കുഞ്ഞുട്ടി) എന്നിവരുടെ ഗതകാല സ്മരണയിൽ നിന്ന്.)

പണ്ഡിതന്റെ മരണം ലോകത്തിന്റെ മരണമാണെന്ന മഹദ്‌വചനം അക്ഷരാർത്ഥത്തിൽ അനുഭവപ്പെട്ടത് അര നൂറ്റാണ്ടു കാലം ഞങ്ങളുടെ അദ്ധ്യക്ഷനും ഖാളിയുമായിരുന്ന അബ്ദുല്ല മുസ്‌ലിയാരുടെ മരണത്തോടെയാണ്. അദ്ദേഹത്തിന്റെ മരണത്തോടെ കുറ്റിപ്പുറത്തുകാർക്ക് എന്തെല്ലാമോ നഷ്ടപ്പെട്ടുവെന്ന് ചിന്തിക്കുകയാണു ഞങ്ങളിപ്പോൾ.

കുറ്റിപ്പുറത്തിന്റെ നാനോന്മുഖ വികസന പ്രവർത്തനങ്ങളിലും ദീനീ വിഷയങ്ങളിലും അതീവ ശ്രദ്ധാലുവായിരുന്നു അബ്ദുല്ല മുസ്‌ലിയാർ. ഇന്നു ഞങ്ങളുടെ മഹല്ലിൽ കണ്ടുകൊണ്ടിരിക്കുന്ന മുഴുവൻ പുരോഗമന പ്രവർത്തനങ്ങളുടെയും ഹേതു മഹാനവർകളായിരുന്നു. മറ്റു മഹല്ലുകാരോട് അനുകരണം കാണിക്കാതെ എന്തിലും വ്യക്തമായ സ്വന്തം അഭിപ്രായമായിരുന്നു മഹാനവർകൾക്ക്. ഒരു വിഷയത്തിലും മറ്റു മഹല്ലുകളെ അനുകരിക്കുന്ന സ്വഭാവം അദ്ദേഹത്തിനുണ്ടായിരുന്നില്ല. നാലു മദ്രസകളും അഞ്ചു നിസ്കാരപ്പള്ളികളും (ഇപ്പോൾ ഏഴ്) രണ്ടു ജുമുഅത്ത്

പള്ളികളും ഇന്നു ഞങ്ങളുടെ മഹല്ല് കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്നു. ഇതിന്റെ മുഴുവൻ നടത്തിപ്പിനുമുള്ള ആസ്ഥി കുറ്റിപ്പുറം ടൗണിന്റെ തിരുനെറ്റിയിൽ തലയുയർത്തി നിൽക്കുന്ന ഷോപ്പിംങ് കോംപ്ലക്സാണ്. ഇതിന്റെ അണിയറ ശിൽപി മഹാനായ അബ്ദുല്ല മുസ്‌ലിയാരായിരുന്നു. സ്വന്തം പോക്കറ്റിൽ നിന്നും കാശെടുത്ത് സംഭാവന നൽകിയാണ് ഷോപ്പിംങ് കോംപ്ലക്സ് നിർമാണത്തിനുള്ള പദ്ധതിക്ക് അദ്ദേഹം തുടക്കം കുറിച്ചത്. മംഗലാപുരം തുടങ്ങിയ സ്ഥലങ്ങളിൽ തന്റെ പ്രസംഗത്തിനിടയിൽ പിരിവ് നടത്തിയിട്ടും പതിനായിരക്കണക്കിനു രൂപ മഹാനവർകൾ കോംപ്ലക്സിനു വേണ്ടി സംഭാവന സ്വരൂപിച്ചിട്ടുണ്ട്. അതുകൊണ്ടു തന്നെ പ്രസ്തുത ഷോപ്പിംങ് കോംപ്ലക്സിനെ ദർശിക്കുമ്പോൾ കുറ്റിപ്പുറത്തുകാർക്ക് അബ്ദുല്ല മുസ്‌ലിയാരെക്കുറിച്ചുള്ള ഓർമകൾ സ്മൃതിപഥത്തിൽ തെളിയും.

എന്തു പ്രശ്നങ്ങളും സത്യസന്ധതയോടെ നേരിടാനുള്ള ആത്മധൈര്യമായിരുന്നു മഹാനവർകളുടെ ജീവിത വിജയത്തിനു നിദാനം. മഹല്ലിന്റെ ഓരോ പ്രവർത്തനങ്ങളിലും അതീവ ശ്രദ്ധാലുവായിരുന്ന അദ്ദേഹം മഹല്ലു പ്രവർത്തനങ്ങളിൽ തന്റെ മക്കൾ ശ്രദ്ധിക്കാതിരുന്നാൽ അവരെ പോലും 'നിങ്ങൾക്ക് ഈ വിഷയത്തിൽ ഉത്തരവാദിത്വമില്ലേ' എന്നു പറഞ്ഞ് ശാസിക്കുമായിരുന്നു. കുറ്റിപ്പുറം മഹല്ലു കമ്മിറ്റിയുടെ(നജാത്തുൽ ഇസ്‌ലാം സഭ) മാസാന്ത യോഗങ്ങളിലെല്ലാം പങ്കെടുക്കുകയും ദീനീ ഉപദേശങ്ങളും ബോധവൽക്കരണം നൽകലും അദ്ദേഹത്തിന്റെ പതിവായിരുന്നു. അതു ജനങ്ങൾക്കു വളരെ ഉപകാരപ്രദവുമായിരുന്നു. ഏതെങ്കിലും വിഷയത്തിൽ സഹായാഭ്യർത്ഥനയുമായി ആരെങ്കിലും സമീപിച്ചാൽ ആദ്യം സ്വന്തം പോക്കറ്റിൽ നിന്നു വലിയൊരു സംഖ്യ സംഭാവന നൽകിയതിനു ശേഷമേ മറ്റുള്ളവരോട് അതിനെപറ്റി പറയുമായിരുന്നുള്ളൂ. വലിയ സംഖ്യകൾ മഹാനവർകൾ സംഭാവന നൽകുന്നതു കണ്ടു മഹല്ലിലെ

സമ്പന്നർ പോലും പലപ്പോഴും ആശ്ചര്യപ്പെടാറുണ്ടായിരുന്നു.

ദീനീ വിഷയങ്ങളിൽ ഒരു വിട്ടുവീഴ്ചക്കും മഹാനവർകൾ തയ്യാറല്ലായിരുന്നു. ഖബർ പൊളിച്ച് പള്ളികൾ വിപുലീകരിക്കുകയെന്നത് ഇന്നു നിത്യ സംഭവമായിരിക്കുകയാണ്. ഇതു മഹാനവർകൾ തീരെ ഇഷ്ടപ്പെട്ടില്ലെന്നു മാത്രമല്ല ഒരിക്കലും അതിനു സമ്മതിക്കുകയും ചെയ്തിരുന്നില്ല. അപ്രകാരം തന്നെ പള്ളിപൊളിക്കുകയെന്നത് അബ്ദുല്ല മുസ്ലിയാരുടെ ഡിക്ഷ്ണറിയിൽ തീരെ ഉണ്ടായിരുന്നില്ല. കാലപ്പഴക്കം കാരണം കുറ്റിപ്പുറം ടൗൺ പള്ളിയുടെ പുനർനിർമ്മാണം അനിവാര്യഘട്ടത്തിൽ എത്തിയിട്ടു പോലും എഞ്ചിനീയറിൽ നിന്നു സർട്ടിഫിക്കറ്റ് എഴുതിവാങ്ങിയതിനു ശേഷമാണ് മഹാനവർകൾ പുനർനിർമാണത്തിനനുവാദം കൊടുത്തത്. അത്രയും സൂക്ഷ്മതയിലായിരുന്നു അദ്ദേഹത്തിന്റെ ഓരോ പ്രവർത്തനങ്ങളും. വഖ്ഫിന്റെ ഓരോ സ്ഥലങ്ങളിൽ യാതൊരു ക്രയവിക്രയങ്ങൾക്കും അദ്ദേഹം ഒരിക്കലും സമ്മതിച്ചിരുന്നില്ല. കുറ്റിപ്പുറം ഓവർ ബ്രിഡ്ജിന്റെ ആവശ്യത്തിന് ഗവൺമെന്റ് സ്ഥലം ആവശ്യപ്പെട്ടപ്പോൾ അതിനു സമ്മതിക്കാതിരിക്കുകയും അവസാനം നിർബന്ധപൂർവ്വം അവർ എടുക്കുകയുമാണുണ്ടായത്.

അരനൂറ്റാണ്ടുകാലത്തെ മഹാനവർകളുടെ സേവനത്തിനിടയിൽ ധാരാളം വികസന പ്രവർത്തനങ്ങൾക്കും ഇസ്ലാമികാന്തരീക്ഷം നിലനിർത്തുന്നതിനും സ്തുത്യർഹമായ നടപടികൾ അദ്ദേഹം സ്വീകരിച്ചിട്ടുണ്ട്. പഴയ പാക്കിസ്ഥാൻ അധീനതയിലുണ്ടായിരുന്ന പത്താം കോട്ടു നിന്നു പരദേശിയായി വന്ന് കുറ്റിപ്പുറത്ത് അന്ത്യനാളുകൾ ചിലവഴിക്കുകയും നാട്ടുകാരുടെ സ്നേഹാദരവുകൾക്കു പാത്രമാവുകയും ചെയ്ത പട്ടാണി ഉപ്പാപ്പയുടേതാണെന്നു പറയപ്പെടുന്ന ഒരു മഖ്ബറ പഴയ ജുമുഅത്ത് പള്ളിയുടെ ചാരത്തു നിലനിൽക്കുന്നുണ്ട്. പട്ടാണി ഉപ്പാപ്പ ഒരു സൂഫീവര്യനാണെന്നു പറയപ്പെട്ട് അദ്ദേഹത്തിന്റെ പേരിൽ

ഒരു നേർച്ച എല്ലാ വർഷവും അവിടെ നടക്കാറുണ്ടായിരുന്നു. ഈ നേർച്ചയുടെ പേരിൽ പരിശുദ്ധ ഇസ്‌ലാമിനു നിലക്കാത്ത രൂപത്തിലുള്ള ആഘോഷങ്ങളും അനാചാരങ്ങളുമായിരുന്നു നടന്നിരുന്നത്. കുറ്റിപ്പുറം മഹല്ല് സംഘടനയായ നജാത്തുൽ ഇസ്‌ലാം സഭയുടെ കീഴിലുള്ള മഹല്ല് ഭരണം നാലു പതിറ്റാണ്ടു മുമ്പു തന്നെ ഈ അനാചാരത്തിലധിഷ്ഠിതമായ ആഘോഷം നിർത്തലാക്കിയത് ഇന്നും ഒരു ചരിത്ര സംഭവമായി നിലനിൽക്കുന്നു. ഈ ധീര നടപടിക്ക് അന്നു നേതൃത്വം നൽകിയത് മഹല്ല് ഖാളിയായ അബ്ദുല്ല മുസ്ലിയാരായിരുന്നു. മഹത്തുക്കളുടെ പേരിലുള്ള നേർച്ചയെന്ന പുണ്യകർമ്മം ഇസ്‌ലാമിക ചൈതന്യം മുറ്റിനിൽക്കുന്നതാവണമെന്ന ശറഈ നിയമത്തിൽ ഒരു വിട്ടുവീഴ്ചക്കും ഞങ്ങളുടെ ഖാളി തയ്യാറായിരുന്നില്ല.

തിന്മയുടെ നാമ്പുകൾ മഹല്ലിന്റെ ഏതെങ്കിലും ഒരു മൂലയിൽ മുളച്ചുപൊങ്ങാൻ തുടങ്ങിയാൽ ശക്തമായ ബോധവൽകരണത്തിലൂടെ പ്രസ്തുത തിന്മയെ മുളയിലെ നുള്ളിക്കളയുന്ന സംവിധാനമായിരുന്നു അബ്ദുല്ല മുസ്ലിയാരുടേത്.

മുബ്തദിഉകളോട് കർശന നിലപാടായിരുന്നു മഹാനവർകൾ സ്വീകരിച്ചിരുന്നത്. കമ്മിറ്റിയിൽ ഒരു മുബ്തദിഇനെ പോലും ഉൾപ്പെടുത്താൻ സമ്മതിച്ചിരുന്നില്ലെന്നു മാത്രമല്ല, അദ്ദേഹം പ്രസിഡന്റ് സ്ഥാനം ഏറ്റെടുത്ത സന്ദർഭത്തിൽ കമ്മിറ്റിയിൽ ഏതാനും മുബ്തദിഉകൾ കുടിയേറിപ്പാർത്തിരുന്നു. സമ്പന്നതയുടെയും തറവാടു മഹിമയുടെയും പിൻബലത്തിലായിരുന്നു അത്. പക്ഷേ അബ്ദുല്ല മുസ്ലിയാർ അവരെയും കമ്മിറ്റിയിൽ നിന്നു പുറത്താക്കി. മുബ്തദിഉകൾ ഭാവിയിൽ കമ്മിറ്റിയിൽ കയറിക്കൂടുന്നതിനെതിരെയും അദ്ദേഹം ദീർഘവീക്ഷണത്തോടെ പ്രവർത്തിച്ചിട്ടുണ്ട്. അതിനനുസൃതമായ ഒരു ഭരണഘടനയാണ് സംഘടനക്കു രജിസ്റ്റർ ചെയ്തിട്ടുള്ളത്. സുന്നത്തു ജമാഅത്തിനെ സംബന്ധിച്ചു വിവരമുള്ള ഒരു പണ്ഡിതൻ കമ്മിറ്റിയിൽ നിർബന്ധവും ദീനീ വിഷയങ്ങളിൽ അദ്ദേഹത്തിന്റെ തീരുമാ

നം അന്തിമവുമായിരിക്കും. ഇതെല്ലാം മഹാനവർകളുടെ ദീർഘവീക്ഷണത്തിന്റെ മകുടോദാഹരണങ്ങളാണ്. എന്തെങ്കിലും ആവശ്യാർത്ഥം ഏതെങ്കിലുമൊരു മുബ്തദിഅ് അദ്ദേഹത്തിന്റെ വീട്ടിൽ ചെന്നു പെട്ടാലും സ്ഥിതി മറിച്ചായിരുന്നില്ല. സുന്നത്തു ജമാഅത്തിനെ സംബന്ധിച്ച് അവനു വ്യക്തമാക്കിക്കൊടുക്കും. സ്വീകരിക്കുന്നില്ലെങ്കിൽ വീട്ടിൽ നിന്ന് ഇറങ്ങിപ്പോകാനും അദ്ദേഹം പറയുമായിരുന്നു. ഇതിനെ സംബന്ധിച്ച് മഹാനവർകളോട് പരാമർശിക്കുമ്പോൾ നിങ്ങളുടെ വീട്ടിൽ നിന്ന് ഇറങ്ങിപ്പോവാൻ പറയാൻ എനിക്കധികാരമില്ലല്ലോ, അതെന്റെ വീട്ടിലാകുമ്പോഴല്ലേ പറ്റുകയുള്ളൂ എന്ന 'വായടപ്പൻ' മറുപടിയായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്.

ഒരിക്കൽ ഒരു മുജാഹിദുകാരൻ കല്യാണം പറയാൻ വേണ്ടി അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു. അവനോടു സുന്നത്ത് ജമാഅത്തിനെ സംബന്ധിച്ച് കുറേ സംസാരിച്ചതിനു ശേഷം തിരിച്ചയച്ചു. ശേഷം അദ്ദേഹം ഞങ്ങളെ കണ്ടപ്പോൾ പറഞ്ഞു:

'ഞാൻ മുസ്‌ലിയാരുടെ വീട്ടിൽ ചെന്നിട്ട് അദ്ദേഹം തീരെ മര്യാദ കാണിച്ചില്ല'.

അപ്പോൾ ഞങ്ങൾ ചോദിച്ചു :

'അദ്ദേഹം നിന്നോട് ഇരിക്കാൻ പറഞ്ഞോ?'

'അതെ'

'കുടിക്കാൻ വെള്ളം തന്നോ?'

'അതെ'

ഞങ്ങൾ ചോദിച്ചു: 'ഇതിലപ്പുറം എന്താണ് ഒരു വീട്ടുകാരൻ മര്യാദ കാണിക്കേണ്ടത്?. സുന്നത്ത് ജമാഅത്തിനെ സംബന്ധിച്ച് സംസാരിച്ചത് നിനക്ക് ഇഷ്ടപ്പെട്ടില്ല അല്ലേ? അത് അദ്ദേഹത്തിന്റെ സ്വഭാവമാണ്. വേണമെങ്കിൽ സ്വീകരിച്ചോ'. എന്നു ഞങ്ങൾ പറഞ്ഞപ്പോൾ യാതൊന്നും പ്രതികരിക്കാതെ അയാൾ വേഗം സ്ഥലം കാലിയാക്കി.

ഇസ്‌ലാമിക ശരീഅത്തിനനുസൃതമായിട്ടായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെല്ലാം. അതിനാൽ തന്നെ

നജാത്തുൽ ഇസ്‌ലാം സഭയുടെ അക്കൗണ്ടുകൾ മുഴുവനും പലിശ രഹിതമാക്കാൻ അദ്ദേഹം മുൻകയ്യെടുത്തു പ്രവർത്തിച്ചു.

നബിദിനാഘോഷ വേളയിൽ മുൻകാലങ്ങളിൽ പെൺകുട്ടികളെയും ഘോഷയാത്രകളിലും മറ്റും പങ്കെടുപ്പിക്കുന്ന പതിവുണ്ടായിരുന്നല്ലോ. അടുത്ത കാലത്താണ് സമസ്ത പണ്ഡിതന്മാർ ഇതിനെ നിരുത്സാഹപ്പെടുത്തിയതും. അവരുടെ ഘോഷയാത്രയും കലാപരിപാടികളും ഒഴിവാക്കിയതും. എന്നാൽ സമസ്ത ഇത്തരം ഒരു തീരുമാനം എടുക്കുന്നതിനു മുമ്പു തന്നെ കുറ്റിപ്പുറത്ത് പെൺകുട്ടികളുടെ ഘോഷയാത്രയും മറ്റും നിരോധിച്ചിരുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ചതും ഞങ്ങളുടെ ഖാളി അബ്ദുല്ല മുസ്‌ലിയാർ തന്നെയായിരുന്നു.

അദ്ദേഹം വരച്ചുകാണിച്ച മാതൃക പിൻപറ്റി ഇനിയും കുറ്റിപ്പുറത്തെ പുരോഗതിയുടെ സോപാനത്തിലേക്കുയർത്താൻ നാഥൻ തൗഫീഖ് നൽകട്ടെ. ആമീൻ .

വാമൊഴിയും വരമൊഴിയും

ഒരു ആത്മീയ പണ്ഡിതന്റെ സർവ്വ ലക്ഷണങ്ങളും ആ വ്യക്തിത്വത്തിൽ പ്രകട മായിരുന്നു. സമൂഹത്തിന്റെ ധാർമികമായ പുരോഗ തിക്കു വേണ്ടി അദ്ദേഹം നിരന്തരം പ്രസംഗിച്ചു. നിർവിഘ്നം തൂലിക ചലി പ്പിച്ചു. സ്നേഹ ജനങ്ങളുടെ വേർപാടിൽ മനം നൊന്ത് കുറിപ്പുകളെഴുതുകയും സമൂഹത്തെ വഞ്ചിക്കുന്ന കപട ആത്മീയ ശക്തികൾ ക്കെതിരെ വാളെടുക്കുക യും ചെയ്തു. അവിടുത്തെ വാമൊഴിയിൽ നിന്നും വരമൊഴിയിൽ നിന്നുമുള്ള ഏതാനും ഭാഗങ്ങളിലൂടെ.

സ്നേഹനിധിയായ സഹപാഠി

പ്രഗത്ഭനും നിഷ്കളങ്കനും പരിശുദ്ധ സുന്നത്ത് ജമാഅത്തിൽ അടിയുറച്ച് നിൽക്കുകയും ചെയ്തിരുന്ന മഹാപണ്ഡിതനുമായ വിശേഷിച്ച് എന്റെ ഏറ്റവും പ്രിയപ്പെട്ട സുഹൃത്തും സഹപാഠിയുമായിരുന്ന ചെറുശ്ശോല അൽഹാജി കുഞ്ഞഹമ്മദ് മുസ്‌ലിയാർ (എം.എഫ്.ബി) നമ്മെ വിട്ടുപിരിഞ്ഞു. അല്ലാഹു അവർക്ക് റഹ്മത്തും മഗ്ഫിറത്തും നൽകി അവരുടെ ഖബറിനെ സ്വർഗപ്പൂന്തോപ്പാക്കി അവരെയും നമ്മെയും ജന്നാത്തുൽ ഫിർദൗസിൽ ഒരുമിച്ചു കൂട്ടിത്തരുകയും ചെയ്യട്ടെ!.

ഞാൻ ആദ്യമായി അദ്ദേഹത്തെ കണ്ടതും പരിചയപ്പെട്ടതും വെല്ലൂർ ബാഖിയാത്തിൽ വെച്ചാണ്. മരണപ്പെടുന്നതിന് ഒരു മാസം മുമ്പ് വരെ ഞങ്ങൾ പരസ്പരം ബന്ധപ്പെടുകയും സംസാരിക്കുകയും ചെയ്തിട്ടുണ്ട്. ബാഖിയാത്തുസ്സ്വാലിഹാത്തിലെ ജീവിതത്തിൽ എന്റെ മറ്റെല്ലാ സഹപാഠികളെക്കാളും സഹവാസം ചെറുശ്ശോലയോടു കൂടെയായിരുന്നു. ഞങ്ങൾ കൂട്ടു കെട്ടിലും സംഘം ചേരുന്നതിലും ഉണ്ടായിരുന്നില്ല. അസറിന്റെ ശേഷമുള്ള നടത്തത്തിലും ഉസ്താദുമാരുടെ വീടുകളിൽ പോയി അവരെ പ്രത്യേകം കാണുന്നതിലും ഞങ്ങൾ രണ്ടുപേരും തനിച്ചായിരുന്നു. മുത്വവ്വൽ ക്ലാസിലെ നിശ്ചയിക്കപ്പെട്ട സബ്ഖുകൾക്ക് പുറമെ ബഹു: ശൈഖ് ഹസൻ ഹസ്റത്ത് എന്നവരെ കൊണ്ട് പ്രത്യേകമായി തിർമുദി രണ്ടാം ഭാഗവും ചഗ്മീനിയും മത്നു

ൽ കാഫിയും ദയൂബന്തിൽ മാത്രം പഠിപ്പിക്കുന്ന ഖിറാഅത്തിനെപ്പറ്റിയുള്ള ഒരു കിതാബും ഞങ്ങൾ ഓതിയിരുന്നു. പ്രിൻസിപ്പ്ൽ ശൈഖ് ആദം ഹസ്റത്ത് എന്നവരെ കൊണ്ട് പ്രത്യേകം ഹനഫി മദ്ഹബിലുള്ള ഹിദായ: എന്ന കിതാബും ശാഹ് വലിയുല്ലാഹിദ്ദഹ്‌ലവിയുടെ ഹുജ്ജത്തുൽ ബാലിഗ എന്ന കിതാബും ഓതാനായി ഞങ്ങൾ സമയം കണ്ടെത്തിയിരുന്നു. ഹസ്റത്തിൽ നിന്ന് ഉറുദു ഭാഷ പഠിക്കുന്നതിലും ഞങ്ങൾ ഒരുമിച്ചായിരുന്നു. ചെറുശ്ശോല, അബൂബക്കർ ഹസ്റത്തിനെ കൊണ്ട് തൗളിഹ് എന്ന കിതാബും ശൈഖ് ഹസൻ ഹസ്റത്ത് എന്നവരെക്കൊണ്ട് ജംഉൽ ജവാമിഅ് രണ്ടാം ഭാഗവും നോക്കിയിരുന്നു. അതിൽ ഞാൻ കൂടിയിട്ടില്ല. ചെറുശ്ശോല ഉസ്താദ് നല്ല ബുദ്ധിയും ഓർമശക്തിയും ആരോഗ്യവുമുള്ളവരുമായിരുന്നു. സാമ്പത്തിക ശേഷി ഉള്ളതിനാൽ ഞാൻ അദ്ദേഹത്തിന്റെ പക്കൽ നിന്നും പണം വായ്പ വാങ്ങുകയും അദ്ദേഹം മറ്റു നിലക്ക് എന്നെ സഹായിക്കുകയും ചെയ്തിരുന്നു.

1954ൽ ബാഖിയാത്തിലെ മുത്വവ്വൽ പരീക്ഷയിൽ ഞാൻ ഒന്നാമനും അവർ രണ്ടാമനും ആയിട്ടാണ് പാസ്സായത്. അങ്ങനെ അദ്ദേഹം നാട്ടിൽ വന്നതിനു ശേഷം പല സ്ഥലങ്ങളിലും ദർസ് നടത്തിയതും നിസ്സങ്കോചം പലരുമായും മുനാളറ (സംവാദം)ചെയ്തതും പ്രസിദ്ധമാണ്. വളരെ ശാന്തനായ നിലയിൽ വിദ്യാർത്ഥികൾക്ക് മനസ്സിലാക്കി കൊടുക്കാൻ പ്രാപ്തനായിരുന്നു അദ്ദേഹം. സത്യം ബോധ്യപ്പെടുത്തിക്കൊടുക്കുവാൻ കേരളത്തിലെ പ്രമുഖ പണ്ഡിതന്മാരുമായും മുനാളറ ചെയ്തിട്ടുണ്ട്. എന്റെ സഹപാഠികളിൽ നിന്ന് ഇത്രയധികം സഹവാസവും ബന്ധവുമുള്ളവർ മറ്റാരും തന്നെ ഇല്ല. ബാഖിയാത്തിൽ നിന്ന് പിരിഞ്ഞതിനു ശേഷം ഞാൻ ഒരിക്കൽ അദ്ദേഹത്തിന്റെ വീട്ടിൽ പോയിട്ടുണ്ട്. അന്ന് അദ്ദേഹത്തിന്റെ പിതാവ് അഹമ്മദ് ഹാജിയുള്ള കാലമായിരുന്നു.

അതിനു പുറമെ ചെറുശ്ശോലയുമായി മറ്റൊരു ബന്ധവും കൂടി എനിക്കുണ്ട്. അതായത് തലക്കടത്തൂർ ആദ്യം

മുദരിസായിരുന്ന രണ്ടത്താണി കിഴക്കേ പുറത്തെ പാറമ്മേൽ മൊയ്തീൻ കുട്ടി മുസ്‌ലിയാർ അവർകളുടെ പെങ്ങളുടെ മകൻ കുഞ്ഞാലൻ കുട്ടി മുസ്‌ലിയാരുടെ (അച്ചിപ്ര പള്ളിയിൽ മുദരിസായിരുന്ന)മകളെയാണ് ചെറുശ്ശോല വിവാഹം ചെയ്തിട്ടുള്ളത്. ആ നിലയിലും എനിക്ക് പ്രത്യേകം ബന്ധമുണ്ട്.

ഇബാദത്തിലും മറ്റു കാര്യങ്ങളും കൃത്യനിഷ്ഠ പുലർത്തിയ വിനയാന്വിതനായ ഒരു പണ്ഡിതനായിരുന്നു ചെറുശ്ശോല. അദ്ദേഹം നമ്മോട് വിടപറഞ്ഞു. വ്യസന ത്തോടെ മാത്രമേ അദ്ദേഹത്തെക്കുറിച്ച് ഓർക്കാൻ കഴിയുക യുള്ളൂ. അദ്ദേഹത്തിന് നാഥൻ പരലോക സൗഖ്യം ചെയ്യട്ടെ എന്ന പ്രാർത്ഥനക്കൊപ്പം എനിക്ക് ആഫിയത്തിനു വേണ്ടി നിങ്ങൾ പ്രാർത്ഥിക്കണമെന്നും വസ്വിയത്ത് ചെയ്യുന്നു.

(മർഹും ചെറുശ്ശോല കുഞ്ഞഹമ്മദ് മുസ്‌ലിയാരെക്കുറിച്ച് കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ എഴുതിയ അനുസ്മരണ ക്കുറിപ്പ്)

ഇഖ്‌ലാസ്

മനുഷ്യൻ ജീവിതത്തിലെ വിവിധ തുറകളിലഖിലവും ആത്മാർത്ഥതയെ ദീക്ഷിക്കണം. പ്രസിദ്ധിയും പ്രകീർത്തനവും ഉദ്ദേശിച്ചു ചെയ്യുന്ന കൃത്യങ്ങളൊന്നും തന്നെ ഇഖ്‌ലാസിന് നിരക്കുകയില്ല. ഓരോ സത്യവിശ്വാസികളും മതഭക്തന്മാരും പുണ്യാത്മാക്കളുമായും സദ്‌വൃത്തരുമായും സഹവസിച്ചാണ് ഇഖ്‌ലാസ് നേടേണ്ടത്. തിരുനബി(സ)യുടെ കൂടെ കഴിഞ്ഞു കൂടുന്നതിൽ പരം അനുഗ്രഹമായി മറ്റൊരു കൃത്യവുമില്ലെന്നാണ് സ്വഹാബത്ത് വിശ്വസിച്ചിരുന്നത്. അത് ഇബാദത്തിൽ പുണ്യമായ തർബിയത്തും (പരിശീലനം) ഇഖ്‌ലാസ്വും (ഉദ്ദേശ്യശുദ്ധി) ലബ്ധമാകേണ്ടതിനായിരുന്നു. മഹാമതികളായ വ്യക്തികളെ ആദരപൂർവം സംവീക്ഷിക്കുകയും അവരുടെ മാർഗദർശനത്തെ അനുകരിക്കുകയും ചെയ്യണം. ഇഖ്‌ലാസ്വുള്ളവർക്ക് അല്ലാഹുവിന്റെ സന്നിധിയിൽ അപാരമായ സ്ഥാനമാണുള്ളത്. അല്ലാഹു ഇങ്ങനെ അരുൾ ചെയ്തിരിക്കുന്നു. 'യാതൊരു ഐഹികോദ്ദേശ്യവും കൂടാതെ അല്ലാഹുവിന്റെ പ്രീതിയെ മാത്രം ഉദ്ദേശിച്ചു കൊണ്ട് പ്രഭാതത്തിലും പ്രദോഷത്തിലും അവരുടെ നാഥനെ ആദരിക്കുന്നവരോടൊപ്പം താങ്കളുടെ ദേഹത്തെ താങ്കൾ ബന്ധിക്കണം. ഐഹികജീവിതാലങ്കാരത്തെ കാംക്ഷിച്ചു കൊണ്ട് താങ്കൾ മേൽ വിവരിക്കപ്പെട്ടവരെ (ഇഖ്‌ലാസ്വുള്ളവരെ വിട്ട്) പിന്തിരിയരുത്. പരിധി ലംഘിക്കപ്പെടുകയും ദേഹേച്ഛയോട് പിൻപറ്റുകയും(ശിർക്കിൽ) നമ്മുടെ ഖുർആ

നിനെ തൊട്ട് നാം ഹൃദയത്തെ പൂട്ടിക്കളയുകയും ചെയ്തവനെ താങ്കൾ അനുസരിക്കരുത്' (സൂറത്തുൽ കഹ്ഫ്).

പ്രസ്തുത പരിശുദ്ധ വാക്യം അവതരിക്കാനുണ്ടായ കാരണം കൂടി ഗ്രഹിക്കുന്നത് ഇവിടെ പ്രസക്തമായിരിക്കും. അബ്ദുല്ലാഹിബ്നു മസ്ഊദ്(റ), ബിലാൽ(റ) മുതലായ നിർധനരായ സ്വഹാബികളോടൊന്നിച്ചിരിക്കാൻ ഖുറൈശീ പൗരനേതാക്കൾ വൈമുഖ്യം പ്രകടിപ്പിച്ചു. അവർ ഇങ്ങനെ പറയുകയുണ്ടായി. 'മുഹമ്മദേ, നീ കേവലം നിസാരന്മാരായ വ്യക്തികളുൾക്കൊള്ളുന്ന സദസ്സിലേക്ക് സംഭാഷണത്തിനായി ഞങ്ങളെ ക്ഷണിക്കരുത്. അവരൊന്നിച്ചിരിക്കുന്നത് ഞങ്ങളുടെ പൗരുഷത്തിനും ആഭിജാത്യത്തിനും നിരക്കുകയില്ല. അവർക്കൊരു സദസ്സും ഞങ്ങൾക്കു മറ്റൊരു സദസ്സും നീ ഏർപ്പെടുത്തണം. അല്ലാതിരുന്നാൽ ഞങ്ങൾ നിന്റെയടുക്കൽ വരികയില്ല'. ഖുറൈശീ നേതൃമാന്യന്മാർ ഇസ്‌ലാമിൽ വരാൻ ഈ നിലപാടു സ്വീകരിച്ചാലും തരക്കേടില്ലെന്ന തോന്നൽ സംജാതമായപ്പോഴാണ് പ്രസ്തുത ആയത്ത് അവതരിച്ചത് (ഇബ്നു കസീർ, ഖാസിൻ, ജമൽ). ഉപരിസൂചിതമായ ഖുർആൻ സൂക്തത്തിൽ നിന്നു തന്നെ ഇഖ്ലാസിന്റെ മഹാത്മ്യവും ഇഖ്ലാസുള്ളവരെ നിരുപാധികം അനുസരിക്കേണ്ടതും വ്യക്തമാക്കുന്നുണ്ടല്ലോ.

(1967-ൽ ജംഇയ്യത്ത് മാസികയിൽ അബ്ദുല്ല മുസ്‌ലിയാർ എഴുതിയ തുടർ ലേഖനത്തിൽ നിന്ന്)

വഞ്ചിതരാവരുത്

അസ്സലാമു അലൈക്കും
മുസ്‌ലിം സഹോദരങ്ങളെ,

പരിശുദ്ധവും പരിപാവനവുമാണ് ഇസ്‌ലാം. അതിന്റെ ചിഹ്നങ്ങളെ ആദരിക്കാനും വന്ദിക്കാനും കൽപ്പിക്കപ്പെട്ടവരാണ് മുസ്‌ലിംകൾ. അല്ലാഹുവിന്റെ ഇഷ്ടദാസന്മാരായ വലിയ്യുകൾ ഇസ്‌ലാമിക ചിഹ്നങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്. കഴിവതും അല്ലാഹുവിനെ മനസ്സിലാക്കി ആരാധനകളിൽ മുഴുകി പാപങ്ങളിൽ നിന്നും ദേഹേച്ഛകളിൽ നിന്നും പൂർണ മായും ഒഴിവായി ഐഹികമായ സുഖാഡംബരങ്ങളോട് താൽപര്യമില്ലാതെ അല്ലാഹുവിലേക്കടുത്തു കഴിയുന്ന ഒരു വിഭാഗം മഹത്തുക്കളാണ് ഇസ്‌ലാമിക വീക്ഷണത്തിൽ വലിയ്യുകൾ. ജീവിച്ചിരിക്കുന്നവരും മരണപ്പെട്ടവരുമായ ധാരാളം വലിയ്യുകളെ നമുക്ക് പരിചയമുണ്ട്. അവരുമായി നാം ബന്ധപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നാൽ യഥാർത്ഥ വലിയ്യുകളുടെ മഹത്വം കുറച്ചുകാണിക്കാനും സ്വാർത്ഥ താൽപര്യങ്ങൾ സംരക്ഷിക്കാനുമായി ചില അഭിനവ വലിയ്യുകളും രംഗത്തിറങ്ങിയിരിക്കുന്നു. ജനങ്ങളെ ചൂഷണം ചെയ്യുകയും കബളിപ്പിക്കുകയുമാണ് ഇവരുടെ തൊഴിൽ. ഇത്തരം അഭിനവ വലിയ്യുകളിൽപെട്ടതാണ് ഈയടുത്ത് നമ്മുടെ നാട്ടിലും രംഗത്തുവന്ന 'മുഹമ്മദ് കോയ'

എന്ന വ്യക്തി. സയ്യിദും വലിയ്യും ശൈഖുമായി നമ്മുടെ നാട്ടുകാരായ ചിലർ ഇദ്ദേഹത്തെ വാഴ്ത്തുന്നതായി കാണുന്നു. എന്നാൽ ഇദ്ദേഹത്തെ സംബന്ധിച്ച് സമഗ്രമായി ഞാൻ അന്വേഷണം നടത്തിയപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞ യാഥാർത്ഥ്യങ്ങൾ നിങ്ങളെ അറിയിക്കുന്നു. ഇദ്ദേഹം സയ്യിദല്ല. വെള്ളിമാട്കുന്ന് അമ്മൂത്ത് കമ്മുകോയയുടെയും ആസിയയുടെയും മകനായ മുഹമ്മദ് കോയയാണ് ഇയാൾ. ഇദ്ദേഹത്തിന്റെ ജീവിതരീതി മനസ്സിലാക്കിയാൽ ഇദ്ദേഹം വലിയ്യല്ലായെന്ന് ബോധ്യമാകും. കുറെ ദിക്റും സ്വലാത്തും സംഘടിപ്പിക്കുകയും ഇല്ലാത്ത മഖ്ബറകൾ സ്ഥാപിക്കുകയും ചെയ്താൽ ഒരു വ്യക്തി മഹാത്മാവാകുന്നില്ല.

മർക്കടമുഷ്ടിയും ദുരഭിമാനവും ഒഴിവാക്കി നല്ല ചിന്തയോടു കൂടി കാര്യങ്ങൾ ഗ്രഹിച്ച് തെറ്റുകൾ തിരുത്തി അനുസരണശീലമുള്ളവരാകണമെന്നും ഞാൻ ഓർമപ്പെടുത്തുന്നു. അല്ലാഹു നമ്മുടെ എല്ലാ കാര്യങ്ങളിലും സമാധാനവും സന്തോഷവും പ്രധാനം ചെയ്യട്ടെ -ആമീൻ

അബുൽഹസൻ കെ.അബ്ദുല്ല മുസ്‌ലിയാർ
ഖാസി, കുറ്റിപ്പുറം മഹല്ല് ജമാഅത്ത്

(പരിസരപ്രദേശങ്ങളിൽ പ്രത്യക്ഷപ്പെട്ട വ്യാജ ശൈഖിനെതിരെ ഉസ്താദ് 4/10/1992 ൽ എഴുതിയ കുറിപ്പ്)

പ്രകാശം ചൊരിഞ്ഞ പ്രഭാഷണം

പ്രിയമുള്ള നാട്ടുകാരേ....

അല്ലാഹുവിന്റെ പവിത്രമായ ഭവനമാണ് പള്ളി. അതിന്റെ ആവശ്യത്തിലേക്ക് നാം എത്ര സംഭാവന ചെയ്താലും അത് അധികമാവില്ല. ഒരിക്കൽ സംഭാവന കൊടുത്തിരിക്കുന്നുവെന്നു കരുതി നാമാരും ഇതിൽ നിന്നൊരിക്കലും പിന്മാറരുത്. കാരണം നബി(സ) ഒരു യുദ്ധാവശ്യാർത്ഥം സംഭാവന ചോദിച്ചപ്പോൾ മഹാനായ ഉസ്മാൻ(റ) മൂന്നു പ്രാവശ്യം സംഭാവന നൽകിയ ചരിത്രം നമുക്കെല്ലാം പാഠമാണ്. ഇത്തരം മഹാന്മാരുടെ പാതയാണ് നാം പിൻപറ്റേണ്ടത്. എങ്കിൽ മാത്രമേ നാളെ റബ്ബിന്റെ മുന്നിൽ നമുക്ക് വിജയിക്കാൻ കഴിയൂ.

എനിക്കിനി നിങ്ങളെ അഭിമുഖീകരിക്കാനോ, സംസാരിക്കാനോ കഴിയണമെന്നില്ല. നമ്മളെപ്പോഴും ഐക്യം കാത്തു സൂക്ഷിക്കുക. ഒരുമയാണ് നമ്മുടെ വിജയം. നമ്മുടെ മഹല്ലിൽ ഇത്രയും പുരോഗമന പ്രവർത്തനങ്ങൾ ചെയ്യാനായത് നമ്മുടെ ഐക്യവും ഒത്തൊരുമയും കൊണ്ടാണ്. ഇതു നാം ഇനിയും കാത്തു സൂക്ഷിക്കണം. പരസ്പരം ഭിന്നിക്കാതെ സാഹോദര്യത്തോടെ നാം ജീവിക്കണം. നാഥൻ അതിനു നമുക്ക് തൗഫീഖ് നൽകട്ടെ. ആമീൻ.

(2001 ഫെബ്രുവരി 25ന് കുറ്റിപ്പുറം ജുമുഅത്ത് പള്ളിയുടെ പുനർനിർമ്മാണത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ച് മർഹൂം കുറ്റിപ്പുറം ഉസ്താദ് നടത്തിയ പ്രസംഗത്തിൽ നിന്ന്)

തഖ്‌വിയതുസ്സുന്ന സംഘം

പ്രകൃതി രമണീയത കൊണ്ട് സമ്പന്നമായ മലപ്പുറം ജില്ലയിലെ കോട്ടക്കലിനടുത്ത കൊച്ചു ഗ്രാമമായ ക്ലാരി ജുമാ മസ്ജിദിലെ മർഹൂം കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാരുടെ മകനും ശിഷ്യനുമായ റശീദ് ബാഖവിയുടെ നേതൃത്വത്തി ലുള്ള വിപുലമായ മൻശഉൽ ഉലൂം ദർസ്.

പ്രസ്തുത ദർസിലെ വിദ്യാർത്ഥികളുടെ നാനോന്മു ഖമായ പുരോഗമന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ 1999 ൽ രൂപീകൃതമായ പൂർവ്വ വിദ്യാർത്ഥി സംഘടനയാണ് തഖ്‌വിയതുസ്സുന്ന സംഘം (ടി.എസ്.എസ്).

സുന്നത്ത് ജമാഅത്തിനെതിരെയുള്ള ശക്തമായ വെല്ലുവിളികളെ പ്രാമാണികവും വസ്തുനിഷ്ഠവുമായി പ്രതിരോധിക്കാനുള്ള ആർജ്ജവം സ്വായത്തമാക്കിയ വിദ്യാർത്ഥി സമൂഹത്തെ മഹിതമായ ഇസ്‌ലാമിക പ്രസ്ഥാന ത്തിന്റെ പ്രചാരക വൃന്ദമാക്കുകയാണ് സംഘടനയുടെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം. പ്രസ്തുത ലക്ഷ്യ സാക്ഷാൽക്കാരത്തിനു വേണ്ടി കാലികവും വിവാദപര വുമായ മസ്അലകളിലുണ്ടാവുന്ന സംശയനിവാരണങ്ങൾ, മാസാന്ത പഠനക്ലാസുകൾ, സംഘാംഗങ്ങളുടെ സാമ്പത്തിക ഭദ്രത ലക്ഷ്യം വെച്ച് ശരീഅത്തിനനുസൃതമായി സംഘടിപ്പി ക്കുന്ന വായ്പാ പദ്ധതികൾ, ഇസ്‌ലാമിക് ബാങ്കിംഗ് മുതലായവയും സംഘം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

പ്രവർത്തനങ്ങൾ വിപുലീകരിക്കാനും പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ച് ഒരു മാതൃകാ സംഘടനയായി ടി.എസ്.എസിനെ ഉയർത്താനും പ്രവർത്തകർക്ക് ആഗ്രഹമുണ്ട്. സഹൃദയരുടെ സഹകരണം ഞങ്ങൾക്ക് കരുത്തേകും. അതുണ്ടാകുമെന്ന ശുഭപ്രതീക്ഷയോടെ.

ജനറൽ സെക്രട്ടറി
യഹ്‌യാ ബാഖവി എടയൂർ

(2003 ൽ പ്രസിദ്ധീകരിച്ച 'കാലത്തിന്റെ കണ്ണാടി'യിൽ നിന്ന്)

പ്രസിദ്ധീകരണ സമിതി
(2003)

ചീഫ് എഡിറ്റർ : കെ.വി.കെ.ബുഖാരി

എഡിറ്റേഴ്സ് : മുഹമ്മദ് യഹ്‌യ ബാഖവി എടയൂർ
സൈതലവി അഹ്സനി വൈ എം നഗർ
ജലീൽ കാമിലി കാളാച്ചാൽ
ഹൈസെനാർ സഖാഫി കിഴക്കേമല
മുഹമ്മദ് ബശീർ ബാഖവി കിഴക്കേമല
മുസ്ത്വഫ ബാഖവി ചെട്ട്യാർമാട്
ഹസൻ ബാഖവി ചേലേമ്പ്ര
ഫൈസൽ അഹ്സനി കുറ്റിപ്പുറം

പുനഃ പ്രസിദ്ധീകരണ സമിതി
(2018)

ചീഫ് എഡിറ്റർ : സൈനുദ്ദീൻ ശാമിൽ ഇർഫാനി

എഡിറ്റേഴ്സ് : മുഹമ്മദ് യഹ്‌യ ബാഖവി എടയൂർ
സൈതലവി അഹ്സനി വൈ എം നഗർ
ആലിക്കോയ അഹ്സനി അരിയല്ലൂർ
അബ്ദുൽ ജലീൽ ബാഖവി വളാഞ്ചേരി
മുഹമ്മദ് സ്വാദിഖ് അഹ്സനി പൊന്നാനി
ഉമർ സഅദി അയങ്കലം
മുസ്സമ്മിൽ സഖാഫി ഈസ്റ്റ് പാങ്ങ്
മുഹമ്മദ് ശാഹിദ് അഹ്സനി ചെറുകര
അബ്ദുൽ മുഇസ്സ് അഹ്സനിഅൽകാമിലി
അഷ്റഫ് സഖാഫി കാടാമ്പുഴ

مدرسة الباقيات الصالحات ويلور

سند تحصيل المولوي الفاضل

بسم الله الرحمن الرحيم

الحمد لله العليم الكريم والصلوة والسلام على رسوله معلم الكتاب والحكمة بالمومنين الرؤف الرحيم
وعلى آله واصحابه الهداة الى الطريق المستقيم اما بعد فيقول العبد الضعيف الواثق برحمة ربه الخالق
العالم المدعو بشيخ آدم المدرس الناظر بالمدرسة المسماة بالباقيات الصالحات الكائنة فى بلدة ويلور
ان اخى فى الدين الصالح الفالح المولوى الفاضل كے، عبد الله صاحب بن محى الدين صاحب كتى پورم
قد حصل كتب تحصيل المولوى الفاضل مطابقا للسلسلة النظامية المشهورة بين المحصلين العظام من الميزان
الى البيضاوى عندى وعند اساتذة مدرسة الباقيات الصالحات وغيرها قراءة وبحثا فاجزته بتدريس
كتب المعقول والمنقول والفروع والاصول وغيرها حسب حصول الاجازة لى عن شيخى ومرشدى محى العلوم
الدينية فى الديار الجنوبية بانى مدرسة المذكورة مولانا المولوى شمس العلماء شاه عبد الوهاب القادرى
قدس الله تعالى سره ونور ضريحه كما حصل له الاجازة عن شيوخه الكرام مولانا المولوى الحكيم
زين العابدين الويلورى ومولانا المولوى غلام قادر المدراسى وبايرحمين شريفين مولانا المولوى
رحمة الله الكرانوى الدهلوى نزيل مكة المشرفة ومولانا المولوى المحدث سيد حسين البشاورى
نزيل مكة المشرفة وشيخه ومرشده حضرة مولانا المولوى سيد شاه عبد اللطيف المعروف به
قطب الويلور شاه محى الدين القادرى الويلورى قدس الله تعالى اسرارهم ورحمة عليهم اجمعين.
اللهم ارزقنا العمل مطابقا للعلم بحرمة شفيع الامم صلى الله تعالى عليه وسلم ووفقه بافاضة العلم
بالطريق الاتم

حرر يوم الاحد الرابع عشر من شهر شعبان المعظم سنة ١٣٧٢ هـ
الامضاء
مطابق ١٩ ابريل ١٩٥٣
شيخ آدم عفى عنه

അറിവിന്റെ സാക്ഷ്യപത്രം (ബാഖിയാതിലെ സനദ്)



പഠനത്തിന്റെ കരസ്പർശം

ശൈഖുനയുടെ ജീവിത ചിത്രം

പേര്	: കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ
ജനനം	: 1922 (ഹിജ്റ 1340)
പിതാവ്	: മുഹ്‌യിദ്ദീൻ സാഹിബ്
മാതാവ്	: ഫാത്വിമക്കുട്ടി
ഉസ്താദുമാർ	: ശൈഖ് ആദം ഹസ്റത്, ശൈഖ് ഹസൻ ഹസ്റത്, ശൈഖ് അബ്ദു റഹീം ഹസ്റത്, ശൈഖ് അബൂബകർ ഹസ്റത്, പകര മുഹമ്മദ് മുസ്‌ലിയാർ, പടിഞ്ഞാറങ്ങാടി രായൻകുട്ടി മുസ്‌ലിയാർ, മൊയ്തീൻ കുട്ടി മുസ്‌ലിയാർ, കൂട്ടിലങ്ങാടി മുഹമ്മദ് കുട്ടി മുസ്‌ലിയാർ, കാടേരി അബുൽ കമാൽ മുഹമ്മദ് മുസ്‌ലിയാർ,
അധ്യാപനം	: പരതക്കാട് ദർസ്, മംഗലാപുരം അൽ അസ്ഹരിയ്യ, രാമന്തളി, മദ്റസത്തുൽ ബിരിച്ചേരി, പാപ്പിനിശ്ശേരി,
പരപ്പനങ്ങാടി	: പനയത്തിൽ പള്ളി, പൊന്നാനി വലിയ ജുമുഅത്ത് പള്ളി
ദർസുകാലം	: 1954– 1984
ശിഷ്യന്മാർ	: മൊഗ്രാൽ അബുൽ ഫള്ൽ മുസ്‌ലിയാർ, വെളിമുക്ക് കെ.വി. അബ്ദുറഹ്മാൻ മുസ്‌ലിയാർ, കെ.എസ്. മുഹമ്മദ് മുസ്‌ലിയാർ, കട്ടിപ്പാറ അഹ്മദ് കുട്ടി മുസ്‌ലിയാർ, മർഹൂം കുട്ടശ്ശേരി സഊദ് മുസ്‌ലിയാർ, യു.എം. അബ്ദുറഹ്മാൻമുസ്‌ലിയാർ, ആനക്കര മുഹമ്മദ് മുസ്‌ലിയാർ, കക്കിടിപ്പുറം അബ്ദുറഹ്മാൻ മുസ്‌ലിയാർ, അബ്ദുൽ വഹ്ഹാബ് ബാഖവി, റശീദ് ബാഖവി, വാസിഅ് ബാഖവി, മരുമക്കളായ ചേകനൂർ മുഹമ്മദ് കുട്ടി മുസ്‌ലിയാർ, വെളിമുക്ക് അബ്ദുസ്വമദ് മുസ്‌ലിയാർ
മരണം	: 2001 മാർച്ച് 30 (1422 മുഹറം 4) വെള്ളി

അവസാനപുറം

ഹസൈനാർ സഖാഫി കിഴക്കേമല

കാലത്തോടൊപ്പം നടന്ന് സമകാലിക സംഭവങ്ങളോട് ക്രിയാത്മകമായി പ്രതികരിച്ചിരുന്ന ഒരു മഹാമനുഷ്യന്റെ വേർപാട്. ഇതൊരു യുഗത്തിന്റെ പര്യവസാനമാണ്. ആദർശ നിഷ്ഠയും ആശയസ്ഫുടതയും ജീവിത മുദ്രയാക്കിയ അപൂർവ്വം പണ്ഡിതരിൽ അഗ്രേസരനായിരുന്നു കുറ്റിപ്പുറം ഉസ്താദ്. ജീവിതത്തിന്റെ വഴിത്താരയിൽ വിജ്ഞാനത്തിന്റെ വെള്ളിവെളിച്ചം വിതറി കടന്നുപോയ ആ വലിയ മനുഷ്യൻ കാലത്തിനു നൽകിയത് അമൂല്യമായ സന്ദേശങ്ങളായിരുന്നു. ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിനിധിയാവുക എന്ന നീതി നിഷ്ഠമായ സന്ദേശം.

മൂല്യശോഷണവും സാംസ്കാരികാപചയവും സംഭവിച്ച വർത്തമാന യുഗത്തിൽ വിജ്ഞാന വിപ്ലവത്തിലൂടെ ധർമ്മ സംസ്കൃതിയെ നട്ടു നനക്കുകയായിരുന്നു കുറ്റിപ്പുറം ഉസ്താദ്. സ്വജീവിതത്തിലൂടെയായിരുന്നു അദ്ദേഹം മാലോകരെ വഴിതെളിച്ചത്. സ്വന്തത്തെ മറന്ന് സമൂഹത്തെ വിധിവിലക്കുകളിൽ തളച്ചിടുന്ന ആധുനിക പാണ്ഡിത്യ ബോധമായിരുന്നില്ല അബ്ദുല്ല ഉസ്താദിന്റേത്. അത് കണിശവും നിയതവുമായിരുന്നു. വ്യക്തിയുടെ സംസ്കൃതിയാണ് സമൂഹത്തിന്റെ നേർനടപ്പിനു നിദാനമെന്നവർ സ്വജീവിതത്തിലൂടെ കാണിച്ചു. പകരം വെക്കാനില്ലാത്ത ആ സംശുദ്ധ ജീവിതത്തിന്റെ നിറജാലകങ്ങളിലൂടെയുള്ള ഒരു സഞ്ചാരമാണ് ‘കാല

ത്തിന്റെ കണ്ണാടി' യായി അനുവാചകർക്ക് നൽകിയിരിക്കുന്നത്. ഇത് അന്വർത്ഥമാണ്.

കുറ്റിപ്പുറം ഉസ്താദ് കാലത്തിനു നേർക്കുപിടിച്ച ശക്തമായ ദർപ്പണമായിരുന്നു. കേടുപാടുകൾ അശേഷം തീണ്ടാത്ത പ്രകാശം പ്രതിഫലിപ്പിക്കുന്ന കണ്ണാടി. അത് ഇന്നും വിജ്ഞാന പ്രസരണം നടത്തുന്നു. ആ വിജ്ഞാന പ്രവാഹത്തിൽ നിന്നും ഒരു തുള്ളി മാത്രമാണ് ഈ ഗ്രന്ഥം. സമ്പൂർണ്ണമല്ലിത്. ആണെന്ന അവകാശവാദത്തിനുപോലും ഞങ്ങൾ പ്രാപ്തരല്ല. വിജ്ഞാനത്തിന്റെ അലകടലിനെ കൈക്കുമ്പിളിലൊതുക്കുക എന്നത് വ്യർത്ഥമോഹമാണ്. ജ്ഞാനസാഗരത്തിന്റെ തീരത്തു നിന്നുള്ള ഒരു മനോഹരക്കാഴ്ച മാത്രമാണിത്. സദയം സ്വീകരിച്ചാലും.